ധനകാര്യം

## 2014–2015 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മി. സ്പീക്കർ: ബഹുമാനപ്പെട്ട ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി ശ്രീ. കെ. സി. ജോസഫ്, താങ്കൾക്ക് ക്ഷീരവികസനം എന്ന XXXII -ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ഡോ. എം.കെ. മുനീർ, താങ്കൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ഡോ. എം.കെ. മുനീർ, താങ്കൾക്ക് പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 7–ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2014–2015 സാമ്പത്തിക വർഷത്തിലെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ക്ഷീരവികസനം എന്ന XXXII -ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഗ്രാമവികസനം എന്ന XXXVI -ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 7–ാം കോളത്തിൽ യഥാക്രമം

കാണിച്ചിട്ടുള്ള തുകകൾ 2014–2015 സാമ്പത്തിക വർഷത്തിലെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പി ക്കുന്നു.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, പഞ്ചായത്ത് എന്ന XXXV–ാം നമ്പർ ധനാഭ്യർത്ഥനയുടെയും സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI–ാം നമ്പർ ധനാഭ്യർത്ഥന യുടെയും പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 7–ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2014–2015 സാമ്പത്തിക വർഷത്തിലെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ബഡ്ജറ്റ് എസ്റ്റിമേറ്റ് 2014–2015 | | | | | | |
|---|---|---|---|---|---|---|
| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | 3–2–2014–ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക. | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ രൂപ. |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| XXXII | ക്ഷീര വികസനം | 53,58,46,000 | -- | 107,16,92,000 | -- | 107,16,92,000 |
| XXXVI | ഗ്രാമ വികസനം | 153,85,17,000 | 33,33,000 | 307,70,35,000 | 66,67,000 | 308,37,02,000 |
| XXXV | പഞ്ചായത്ത് | 124,15,65,000 | 50,00,00,000 | 248,31,29,000 | 100,00,01,000 | 348,31,30,000 |
| XLVI | സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | 909,82,54,000 | 24,53,34,000 | 1819,65,09,000 | 49,06,66,000 | 1868,71,75,000 |

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയേയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയേയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയേയും സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ഇനി പറയുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

**ധനാഭ്യർത്ഥന നമ്പർ –XXXII**

**ക്ഷീരവികസനം**

**നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ**

ശ്രീ. എം. ചന്ദ്രൻ: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 107,16,92,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്. (പാലുൽപ്പാദനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ക്ഷീരമേഖലയെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കാൻ കഴിയാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 107,16,92,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്. (കേരളത്തിൽ പാലിന്റെ വിലയിൽവന്ന വർദ്ധനവിന് അനുസരിച്ച് ക്ഷീരകർഷകർക്ക് പ്രയോജനം ലഭിക്കുന്നില്ലായെന്ന് പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 107,16,92,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.(പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡ നോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീമതി പി. അയിഷാ പോറ്റി
2. ശ്രീ. എ. എം. ആരിഫ്

## ധനാഭ്യർത്ഥന നമ്പർ XXXVI
## ഗ്രാമവികസനം
## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. തോമസ് ചാണ്ടി: സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 308,37,02,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്. (അധിക നിരക്കിലുള്ള ടെണ്ടർ

കൃത്യമായി നൽകാത്തതുമൂലം കുട്ടനാട്ടിലെ പി.എം.ജി.എസ്.വൈ. അഞ്ച് മുതൽ ഏഴു ഘട്ടങ്ങളിലെ റോഡുകൾ ലാപ്സായതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 308,37,02,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്. (മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ സ്ഥായിയായ ആസ്തി നിർമ്മാണ പ്രോജക്ടുകൾ പ്രകാരം അവികസിത സംസ്ഥാനങ്ങൾക്കുവേണ്ടി തയ്യാറാക്കി മാർഗ്ഗ രേഖയിൽ ഉൾപ്പെടുത്തിയ പ്രോജക്ടുകൾ ഒഴിവാക്കി കാർഷിക മേഖയ്ക്ക് ഉപകാരപ്രദമായ കാര്യങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

### സൂചക വെട്ടിക്കുറയ്ക്കൽ

ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 308,37,02,000 ക. ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ട താണ്. (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. സി. ദിവാകരൻ
2. ശ്രീ. ഇ. ചന്ദ്രശേഖരൻ

### ധനാഭ്യർത്ഥന നമ്പർ XXXV

**പഞ്ചായത്ത്**

**നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ**

ഡോ. കെ. ടി. ജലീൽ: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 348,31,30,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്. (സംസ്ഥാനത്ത് ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിൽ പരാജയം സംഭവിച്ചതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഇ. പി. ജയരാജൻ: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 348,31,30,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്. (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങൾക്ക് യഥാസമയം ഫണ്ട് അനുവദിക്കുന്നതിൽ വീഴ്ച വരുത്തിയതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ**

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 348,31,30,000 ക. ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്. (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ

2. ശ്രീമതി പി. അയിഷാ പോറ്റി

**ധനാഭ്യർത്ഥന നമ്പർ XLVI**
**സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും**
**നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ**

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1868,71,75,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്. (കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത ശിശു വികസന പദ്ധതി(ഐ.സി.ഡി.എസ്.)യ്ക്ക് 90 ശതമാനം ഫണ്ടും കേന്ദ്ര സർക്കാർ നൽകുന്നുണ്ടെങ്കിലും അംഗൻവാടികളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിലും ക്ഷേമപദ്ധതികൾ നടപ്പാക്കുന്നതിലും വീഴ്ച വരുത്തിയതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി പി. അയിഷാ പോറ്റി: സർ, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1868,71,75,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്. (സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ വർദ്ധിച്ചു വരുന്ന വിവിധ പീഡനങ്ങൾക്കെതിരെ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുവാൻ കഴിയാത്തതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ

സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1868,71,75,000 ക. ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്. (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. സി. ദിവാകരൻ
2. ശ്രീ. ഇ. ചന്ദ്രശേഖരൻ

മി. സ്പീക്കർ: ഇപ്പോൾ സമയം 11.50 ആയി. ചർച്ച ആരംഭിക്കുന്നു. എല്ലാദിവസവും വൈകുന്നേരം സഭ പിരിഞ്ഞതിനുശേഷം ഇഫ്താർ സംഗമമുണ്ടെന്ന കാര്യം എല്ലാവർക്കും അറിയാവുന്നതാണ്.

**ചർച്ച**

ശ്രീ. ജെയിംസ് മാത്യു: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഈ സഭ ആരംഭിച്ചതിനുശേഷം വിവിധ ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട് പ്രതിപക്ഷം ഉയർത്തിയിട്ടുള്ള വിമർശനങ്ങൾക്കും ആക്ഷേപങ്ങൾക്കുമെല്ലാം ഒരേ മറുപടിയാണ് ഭരണപക്ഷത്തുനിന്ന് കേട്ടുകൊണ്ടിരിക്കുന്നത് – 'ഇതൊന്നും ഞങ്ങളുടെ ഭരണകാലത്ത് ആരംഭിച്ചതല്ല, നിങ്ങൾ ഭരിച്ചപ്പോഴും ഇതൊക്കെ ഇങ്ങനെതന്നെ ആയിരുന്നു' എന്നാണ് പറയുന്നത്. ഇത് ഗവൺമെന്റിന് ഭൂഷണമാണോ? ഗവൺമെന്റ് നടത്തുന്ന പ്രവർത്തനം

സംബന്ധിച്ച് ക്രിയാത്മകമായ വിമർശനങ്ങൾ ഉയർത്തി കാണിക്കുമ്പോൾ മുമ്പും ഇങ്ങനെയായിരുന്നു എന്നുപറഞ്ഞ് ആ ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞുമാറുന്ന സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. പാലിന്റെ കാര്യത്തിൽ, ഒരു ദിവസം 12–13 ലക്ഷം ലിറ്റർ പാലാണ് സംസ്ഥാനത്ത് ആവശ്യമായി വരുന്നത്. 9 ലക്ഷത്തോളം ലിറ്റർ പാലാണ് പ്രതിദിനം സംഭരി ക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നത്. അന്യസംസ്ഥാനത്തുനിന്ന് പാൽ കൊണ്ടുവന്നാണ് കേരളത്തിലെ പാൽക്ഷാമം പരിഹരിക്കുന്നത്. പാൽ ഉല്പാദനത്തിൽ സംസ്ഥാനത്തിന് സ്വയം പര്യാപ്തത ഉറപ്പുവരുത്താൻ സാധിക്കുമോ എന്ന കാര്യം ഗൗരവപൂർവം ചിന്തിക്കേണ്ടതാണ്. ഈ സ്ഥിതി മുമ്പേ ഉണ്ടായിരുന്നതാണ് എന്ന് പറഞ്ഞ് ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞു മാറുന്ന സമീപനം സ്വീകരിക്കരുത്. എന്നുമാത്രമല്ല, മുമ്പ് ഇല്ലാതിരുന്ന ചില കാര്യങ്ങളാണ് ഞാൻ ചൂണ്ടിക്കാണിക്കാൻ ഉദ്ദേശിക്കുന്നത്. ഏകദേശം അറു പതിനായിരത്തോളം കന്നുകാലികൾക്ക് കുളമ്പുരോഗം പിടിപെട്ടു, അതിൽ ആറായിരത്തോളം കന്നുകാലികൾ ചത്തു എന്നതാണ് സർക്കാരിന്റെ ഔദ്യോഗിക കണക്ക്. ഇതിലും കൂടുതൽ കന്നുകാലികൾ കുളമ്പുരോഗം പിടിപെട്ട് ചത്തിട്ടുണ്ട് എന്നതാണ് വസ്തുത. കറവമാടുകൾ കുളമ്പുരോഗം ബാധിച്ച് ചത്തുപോയാൽ ന്യായമായ പ്രതിഫലം ഇൻഷ്വറൻസ് മുഖാന്തരം ലഭിക്കേണ്ടതാണ്. എന്നാൽ 20,000 രൂപ വരെയാണ് സർക്കാർ നൽകിയത്. 40,000 രൂപയിലധികം വില വരുന്ന കറവമാടുകൾ ചത്തുപോയാൽ അതിന്റെ പകുതി വിലപോലും സർക്കാർ കൊടുക്കുന്നില്ല. മാത്രമല്ല, മൃഗങ്ങ ളുടെ രോഗപ്രതിരോധത്തിനുവേണ്ടി നീക്കിവച്ച പ്രോജക്ടിലെ തുകയാണ്

ഇൻഷ്വറൻസ് തുകയുടെ ഭാഗമായി സർക്കാർ കൊടുക്കുന്നത്. ഇത് തെറ്റായ ഒരു കീഴ്‌വഴക്കമാണ്. അതിന്റെ തുടർച്ചയായി അന്യസംസ്ഥാനത്തുനിന്ന് കുളമ്പുരോഗം ബാധിച്ച കന്നുകാലികളെ കേരളത്തിലേയ്ക്ക് കൊണ്ടുവന്നാൽ വ്യാപകമായി വീണ്ടും കുളമ്പുരോഗമുണ്ടാകാൻ ഇടയാകുമെന്ന് മനസിലാക്കി അതിന് നിയന്ത്രണമേർപ്പെടുത്തുകയും ഇപ്പോൾ നിയന്ത്രണം എടുത്തുകളയുകയും ചെയ്തു. ഇറച്ചിയുടെ ആവശ്യത്തിനുവേണ്ടിയാണ് ആ നിയന്ത്രണം നീക്കിയത്. അത് സംബന്ധിച്ച് ആക്ഷേപവും വിമർശനവും ഉണ്ട്. നമ്മുടെ സംസ്ഥാനത്ത് കറവമാടുകളെ വിതരണം ചെയ്യുന്നതിനായി സർക്കാരിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും വിവിധ പദ്ധതികളുണ്ട്. ഈ പദ്ധതി പ്രകാരം കറവമാടുകളെ അന്യസംസ്ഥാനങ്ങളിൽനിന്ന് വാങ്ങണമെന്നാണ് നിർദ്ദേശിച്ചിരുന്നത്. നമ്മുടെ സംസ്ഥാനത്തുനിന്നുതന്നെ പശുക്കളെ വാങ്ങിയാൽ പാലുല്പാദനം വർദ്ധിക്കില്ല എന്നതിനാലാണ് അന്യസംസ്ഥാനത്തുനിന്നുതന്നെ കറവമാടുകളെ വാങ്ങണമെന്ന തീരുമാനമുണ്ടായത്. അന്യസംസ്ഥാനത്തുനിന്ന് കറവമാടുകളെ കൊണ്ടുവരണമെന്ന് നിർദ്ദേശിക്കപ്പെട്ടിരുന്ന തീരുമാനം കുളമ്പുരോഗത്തിന്റെ കാരണം പറഞ്ഞ് പിൻവലിക്കുകയും അന്യ സംസ്ഥാനത്തുനിന്ന് മറ്റ് മാടുകളെ കൊണ്ടുവരാൻ പാടില്ലെന്ന തീരുമാനം ഒഴിവാക്കുകയും ചെയ്തു. അതായത്, ഇറച്ചിയുടെ ആവശ്യത്തിനായി നിയന്ത്രണം ഒഴിവാക്കുകയും കേരളത്തിലെ പാലുല്പാദനം വർദ്ധിപ്പിക്കത്തക്ക തരത്തിലുള്ള തീരുമാനം എടുത്തുകളയുകയും ചെയ്തു. കുളമ്പുരോഗത്തിനുള്ള രോഗപ്രതിരോധ കുത്തിവയ്പ് നടത്തേണ്ടത് മൃഗസംരക്ഷണ വകുപ്പാണ്. കുത്തിവയ്ച്ചുകഴിഞ്ഞാൽ കറവമാടുകളിൽ പാലുല്പാദനം കുറയും എന്നത് വസ്തുതയാണ്. ഇത് കൃഷിക്കാരിൽ വലിയ ആശങ്കയുണ്ടാക്കുന്നതിനാൽ അവർ കന്നുകാലികളെ കുത്തി

വയ്പ്പിക്കാൻ തയ്യാറാകുന്നില്ല. അതുകൊണ്ട് മൃഗസംരക്ഷണ വകുപ്പ് കന്നുകാലികൾക്ക് കുളമ്പുരോഗത്തിനുള്ള രോഗപ്രതിരോധ കുത്തിവയ്പ്പ് എടുക്കുന്നില്ല. കന്നുകാലികൾക്ക് രോഗപ്രതിരോധ കുത്തിവയ്പെടുക്കുന്നതിന് കൃഷിക്കാരിൽ നിന്ന് ഈടാക്കേണ്ട അഞ്ച് രൂപ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ സ്വയം നൽകി കണക്ക് ശരിയാക്കി പ്രതിരോധകുത്തിവയ്പ് നടത്തിയെന്നാണ് ബോധ്യപ്പെടുത്തുന്നത്. ഇതുസംബന്ധിച്ച് ക്ഷീര വകുപ്പിലെയും മൃഗസംരക്ഷണവകുപ്പിലെയും ഉദ്യോഗസ്ഥൻമാർക്ക് അറിയാമെങ്കിലും അവരത് പറയാറില്ല. ക്ഷീരവികസന വകുപ്പും മൃഗസംരക്ഷണ വകുപ്പും ഏകോപിപ്പിച്ചുകൊണ്ട് ബഹുജന അവബോധം വളർത്തി ചെയ്യേണ്ട ഇത്തരം പ്രവർത്തികൾ ഇങ്ങനെ കണക്ക് ഒപ്പിക്കുന്നതിനുവേണ്ടി തീരുമാനിച്ചാൽ വീണ്ടും കുളമ്പുരോഗം കാരണം വലിയ പ്രതിസന്ധിയുണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ല. ഒന്നുരണ്ട് കാര്യങ്ങൾകൂടി ഇവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. എങ്ങനെയാണ് പാൽ ഉല്പാദനം വർദ്ധിപ്പിക്കാൻ സാധിക്കുന്നത്? സർക്കാരിന്റെ പദ്ധതിപ്രകാരം ഒരു പശുവിനെ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള ഒരു ഡയറി യൂണിറ്റിന് 30,000 രൂപ കൊടുക്കാൻ കഴിയും. 30,000 രൂപ തരക്കേടില്ലാത്ത കാശാണ്. തൊഴുത്തുണ്ടാക്കുന്നതിനും കാലിത്തീറ്റയ്ക്കും പണം കൊടുക്കാൻ സാധിക്കും. എന്നാൽ സർക്കാരിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഇങ്ങനെയുള്ള സ്കീമുകളിൽ കൊടുക്കുന്ന തുക വ്യത്യസ്തമാണ്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ എന്നറിയില്ല. അദ്ദേഹം ഗ്രാമവികസന വകുപ്പിന്റെയും പ്ലാനിംഗിന്റെയും ചുമതലയുള്ള ആളാണ്. സർക്കാരിന്റെ സ്കീമിൽ പശുവിനെ വാങ്ങുന്നതിനായി 30,000 രൂപ കൊടുക്കുമ്പോൾ തദ്ദേശ സ്വയംഭരണ

സ്ഥാപനത്തിന് 15,000 രൂപയേ കൊടുക്കാൻ സാധിക്കുകയുള്ളൂ. ഒരു ഗുണഭോക്താവിന് സർക്കാർ സ്കീമിൽ 30,000 രൂപയും മറ്റൊരാൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സ്കീമിൽ 15,000 രൂപയും ലഭിക്കുമ്പോൾ ആരെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സ്കീമിൽ ഉൾപ്പെടാൻ ആഗ്രഹിക്കുമോ; പഞ്ചായത്തിന് ആ സ്കീം നടപ്പിലാക്കാൻ സാധിക്കുമോ? ഇത് പശുവിന്റെ കാര്യത്തിൽ മാത്രമല്ല. സർക്കാർ സ്കീമിൽ കറവയന്ത്രം വാങ്ങുന്നതിന് 25,000 രൂപ നൽകുമ്പോൾ  തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്നത് 10,000 രൂപയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും 25,000 രൂപ സബ്സിഡി വകയിരുത്താനുള്ള അവകാശം നൽകാത്തതെന്താണ്? അതുപോലെ തൊഴുത്ത് നിർമ്മിക്കുന്നതിനായി സർക്കാർ സ്കീമിൽ 50,000 രൂപ നൽകുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്നത് 10,000 രൂപയാണ്. 10,000 രൂപ കൊണ്ട് തൊഴുത്ത് നിർമ്മിക്കണമെന്ന് ക്ഷീരകർഷകനോട് ആവശ്യപ്പെട്ടാൽ ഏത് പഞ്ചായത്തിന്റെ സ്കീമാണ് ഒരു കൃഷിക്കാരൻ വാങ്ങാൻ തയ്യാറാവുക. എന്തുകൊണ്ടാണ് ഇങ്ങനെയൊരു വിവേചനം കാണിക്കുന്നത്; എന്താണ് ഇതിന്റെ പ്രയോജനം; എന്തെങ്കിലുമൊരു പ്രയോജനം ഉണ്ടാകണ്ടേ? ക്ഷീര സഹകരണ സംഘങ്ങൾക്കുവേണ്ടിയുള്ളതാണ് പാൽ സംഭരണ കേന്ദ്രങ്ങൾ. മൂന്നേമുക്കാൽ ലക്ഷംരൂപയാണ് സർക്കാർ സ്കീമിൽ കൊടുക്കാൻ സാധിക്കുന്നത്. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒരുലക്ഷംരൂപയേ കൊടുക്കാൻ സാധിക്കുകയുള്ളൂ. ഏതെങ്കിലും ക്ഷീര സഹകരണ സംഘം പാൽ സംഭരണ കേന്ദ്രം സർക്കാർ സ്കീമി

ലല്ലാതെ വാങ്ങാൻ തയ്യാറാകുമോ? തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതം നീക്കിവയ്ക്കുമ്പോൾ സർക്കാർ പ്രോജക്ടിൽ നിർദ്ദേശിക്കപ്പെട്ട വിധത്തിലുള്ള സബ്സിഡി കൊടുക്കാൻ അനുവാദമില്ലാത്തത് എന്തുകൊണ്ടാണ്? അങ്ങനെ അനുവാദമുണ്ടെങ്കിൽ ഉല്പാദന മേഖലയിലേയ്ക്ക് നീക്കിവയ്ക്കുന്ന തുകയുടെ നിശ്ചിത ശതമാനം പാലുല്പാദന മേഖലയ്ക്ക് നീക്കി വയ്ക്കുകയും അതുവഴി സംസ്ഥാനത്തിന്റെ ക്ഷീരോല്പാദന മേഖല വളരെയേറെ പ്രോത്സാഹിപ്പിക്കപ്പെടാനും സാധിക്കും. ഇവിടെ അത്തരത്തിലുള്ള സ്കീം ഇല്ല. അടുത്ത മാസംമുതൽ മിൽമ പാലിന് മൂന്ന് രൂപ വർദ്ധിപ്പിക്കും എന്ന് ഇന്നത്തെ പത്രത്തിൽ വാർത്തയുണ്ട്. എന്നാൽ വർദ്ധിപ്പിക്കുന്ന തുക ക്ഷീര കർഷകർക്ക് ലഭിക്കാറില്ല. വർദ്ധിപ്പിക്കുന്നതിൽ ഇത്രരൂപ മിൽമയ്ക്കും ഇത്രരൂപ ക്ഷീരകർഷകനും എന്ന് പറയുമെങ്കിലും ക്ഷീര കർഷകർക്ക് വർദ്ധിപ്പിക്കുന്ന തുക ലഭിക്കാറില്ല. ഇതുസംബന്ധിച്ച് ഗവൺമെന്റ് പരിശോധിക്കേണ്ടതല്ലേ? എന്റെ ജില്ലയിലെ ചില്ലിംഗ് പ്ലാന്റ് കണ്ണൂരിലാണ്. 175 കിലോമീറ്ററോളം ദൂരമുള്ള കാസർഗോഡ് ജില്ലയിൽ നിന്നും പാൽ സംഭരിച്ച് കണ്ണൂരിലെ ചില്ലിംഗ് പ്ലാന്റിൽ കൊണ്ടുവന്ന് ചിൽ ചെയ്ത് പായ്ക്ക് ചെയ്ത് വീണ്ടും കാസർഗോഡേയ്ക്ക് കൊണ്ടുപോകുന്നു.

ഒരു ലിറ്റർ പാൽ കാസർഗോഡ് ജില്ലയിൽ നിന്നും കണ്ണൂർ ജില്ലയിൽ കൊണ്ടുവന്ന് പ്രോസ്സസ് ചെയ്ത്, പായ്ക്ക് ചെയ്ത് കാസർഗോഡ് കൊണ്ടുപോയി വിൽക്കുമ്പോൾ ആർക്കാണ് നേട്ടവും നഷ്ടവും ഉണ്ടാകുന്നത്. കൃഷിക്കാരനും ഉപഭോക്താവിനുമാണ് നഷ്ടം വരുന്നത്. മിൽമയ്ക്ക് നഷ്ടമുണ്ടാകുന്നില്ല. ഇത് മാറ്റണ്ടേ? ക്ഷീരവികസന വകുപ്പിൽ ഏതൊക്കെ

തസ്തികകളാണുള്ളത്. ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ (പ്ലാനിംഗ്), അസിസ്റ്റന്റ് ഡയറക്ടർ (ടെക്നിക്കൽ) തുടങ്ങി ധാരാളം പോസ്റ്റിലുള്ള ആളുകളുണ്ട്. എന്നാൽ ഈ പ്രശ്നത്തിന് ഒരു പരിഹാരം എങ്ങനെയാണ് നിർദ്ദേശിക്കാൻ കഴിയുന്നത്? നിരവധി ക്ഷീരസംഘങ്ങളുണ്ട്. എന്റെ ജില്ലയിലെ പല ക്ഷീരസംഘങ്ങളും പാൽ പായ്ക്ക് ചെയ്തുകൊടുക്കുന്നുണ്ട്. നിയമപ്രകാരം പാൽ പായ്ക്ക് ചെയ്തുകൊടുക്കാൻ പറ്റില്ല. പായ്ക്ക് ചെയ്യുന്ന പാലിന് ഒരു ഗുണനിലവാരം അനുശാസിക്കുന്നതുകൊണ്ടാണ് അങ്ങനെ പായ്ക്ക് ചെയ്ത് കൊടുക്കാൻ പറ്റാത്തത്. പുതിയ ഭക്ഷ്യസുരക്ഷാ നിയമം അനുസരിച്ച് കൊഴുപ്പ് 3.5 ശതമാനവും കൊഴുപ്പിതര ഖരപദാർത്ഥം 8.5 ശതമാവും വേണം. ഈ കണക്ക്, നാടൻ പശുക്കൾ മാത്രമുള്ള പണ്ടുകാലത്ത് ഉണ്ടാക്കിയതാണ്. അന്ന് ഒരു ലിറ്റർ പാൽ കിട്ടുന്ന പശുവിന്റെ പാലിന് ഈപ്പറയുന്ന കൊഴുപ്പും കൊഴുപ്പിതര പദാർത്ഥങ്ങളും ഉണ്ടാകും. ഇന്ന് 30 ലിറ്റൽ പാൽ കിട്ടുന്ന പശുക്കളാണുള്ളത്. ഇത്തരം പശുക്കൾക്ക് അതുപോലുള്ള കൊഴുപ്പും കൊഴുപ്പിതര പദാർത്ഥങ്ങളും ഉണ്ടാവില്ലെന്ന് സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ആളുകൾ പറയണ്ടേ? സൊസൈറ്റികളിൽ സംഭരിക്കുന്ന പാലിന് അത്തരത്തിൽ നിശ്ചയിച്ചിട്ടുള്ള സ്റ്റാൻഡേർഡ് കിട്ടുന്നില്ല. ആ സ്റ്റാൻഡേർഡ് മിൽമയ്ക്ക് എങ്ങനെയാണ് കിട്ടുന്നത്; മിൽമ പൊടി കലക്കി ഉണ്ടാക്കും. അതുകൊണ്ടാണ് ‘നാച്ചുറൽ മിൽക്ക്’ എന്നുള്ളത് മാറ്റണമെന്ന് കോടതി പറഞ്ഞത്. ആ അവകാശം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് ധനസഹായം കൊടുക്കുന്ന ക്ഷീരസഹകരണ സംഘങ്ങൾക്ക് ലഭിച്ചിരുന്നെങ്കിലുള്ള പ്രയോജനം, സംഘം നാട്ടിൻ പുറങ്ങളിൽ പാൽ ശേഖരിച്ച്, സംസ്കരിച്ച് പായ്ക്ക് ചെയ്ത് നാട്ടിൻപുറങ്ങ

ളിൽത്തന്നെ കൊടുക്കുമായിരുന്നു എന്നതാണ്. 4 മണിക്കൂർ വരെ ഒരു കുഴപ്പവുമില്ലാതെ പായ്ക്ക് ചെയ്ത പാൽ കൊടുക്കാൻ കഴിയും. 15-18 ലക്ഷത്തോളം രൂപ ചെലവ് വരുന്ന പായ്ക്കിംഗ് സംവിധാനവും ചില്ലിംഗ് സംവിധാനവും ഉണ്ടെങ്കിൽ ഇങ്ങനെ ചെയ്യാൻ സാധിക്കും. അങ്ങനെ ട്രാൻസ്പോർട്ടിംഗ് ചാർജ്ജ് ഗണ്യമായി കുറച്ച്, ആ തുക ക്ഷീര കർഷകന് കിട്ടുന്ന സാഹചര്യമുണ്ടാകും. അങ്ങനെവരുമ്പോൾ, കൂടുതൽ ആളുകൾ ഈ മേഖലയിലേയ്ക്ക് വരും. ഇക്കാര്യം ഗൗരവമായി പരിശോധിക്കണം. ഇതൊന്നും പരിശോധിക്കാൻ നമ്മുടെ വകുപ്പിന് സമയമില്ല. അവരുടെ നില വളരെ പരിതാപകരമാണെന്ന് പറയാതിരിക്കാൻ തരമില്ല. എന്റെ നിയോജകമണ്ഡലത്തിൽ തളിപ്പറമ്പ് ക്ഷീരബ്ലോക്കുണ്ട്. ആ ക്ഷീര ബ്ലോക്കിന്റെ ചുമതലക്കാരായ ആളുകൾക്ക് തൊട്ടടുത്ത രണ്ട് ബ്ലോക്കിന്റെ കൂടി ചുമതല കൊടുത്തിരിക്കുകയാണ്. പുതിയതായി 6 ബ്ലോക്കുകൾ വന്നു. അതിൽ ഒന്നാണ് കല്ല്യാശ്ശേരി. പുതിയ ബ്ലോക്കുകൾ വന്നപ്പോൾ, നിർത്തലാക്കപ്പെടുന്ന 6 ബ്ലോക്കിലേയും ഫയലുകളും വാഹനങ്ങളും ഉദ്യോഗസ്ഥരും എവിടെ പോകണമെന്ന് സർക്കാർ വളരെ കൃത്യമായി സർക്കുലറിൽ പറഞ്ഞു. ക്ഷീരവികസന വകുപ്പ് ഒഴികെ മറ്റെല്ലാ വകുപ്പുകളുടേയും ഓഫീസുകൾ പുതിയതായി ആരംഭിച്ച ബ്ലോക്ക് പഞ്ചായത്തുകളിൽ വന്നു കഴിഞ്ഞു. നിർത്തലാക്കിയ ബ്ലോക്കുകളിലെ ക്ഷീരബ്ലോക്കുകൾ ഇപ്പോഴും നിലനിൽക്കുകയാണ്. എന്ത് ന്യായത്തിന്മേലാണ് കേരളത്തിലെ നിർത്തലാക്കിയ 6 ബ്ലോക്കുകളിലെ ക്ഷീരവികസന ബ്ലോക്കുകൾ നിലനിർത്തിയിരിക്കുന്നത്? പുതിയതായി ആരംഭിച്ച 6 ബ്ലോക്കുകളിൽ ക്ഷീരവികസന ബ്ലോക്ക് ആരംഭിച്ചിട്ടുമില്ല. ഗവൺമെന്റ്, പുതിയതായി 6 ബ്ലോക്ക് ഉണ്ടാക്കുമെന്ന്

പ്രതീക്ഷിക്കുന്നുവെന്നും അതുവരെ തൽസ്ഥിതി തുടരണമെന്നുമുള്ള ഡയറക്ടർ വക സർക്കുലറുമുണ്ട്. ക്ഷീരവികസന ഡയറക്ടർക്ക് ഗവൺമെന്റിൽ നിന്നും ഇത്തരത്തിലുള്ള എന്തെങ്കിലും ഉറപ്പ് കിട്ടിയിട്ടുണ്ടോ? ഈ ഗവൺമെന്റിന്റെ സാമ്പത്തിക പ്രതിസന്ധി എത്ര വലുതാണ്? ആ പ്രതിസന്ധിക്കിടയിൽ അനാവശ്യമായി 6 ക്ഷീരവികസന ബ്ലോക്കുകൾ ആരംഭിക്കുമെന്ന് സ്വമേധയാ കണക്കുകൂട്ടി ഒരു ഡയറക്ടർ സർക്കുലർ അയയ്ക്കുകയാണ്. നിർത്തലാക്കിയ ബ്ലോക്കിൽ ക്ഷീരവികസന ബ്ലോക്ക് നിലനിൽക്കുന്നു, പുതിയതായി വന്ന ബ്ലോക്കുകളിൽ ക്ഷീരവികസന ബ്ലോക്ക് വന്നിട്ടുമില്ല. ഇതുമാത്രമാണോ, ഇത്തവണത്തെ അനുഭവം കേൾക്കണോ; ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ ധാരാളം പദ്ധതികൾ വയ്ക്കുന്നതാണ്. ഇത്തവണ ക്ഷീരവികസന മേഖലയിൽ അവർക്ക് പദ്ധതികൾ വയ്ക്കാൻ കഴിയുന്നില്ല. അതെന്തുകൊണ്ടാണെന്ന് ശ്രദ്ധിക്കണം. ഒരു വരി അതിൽ എഴുതിച്ചേർത്തിരിക്കുകയാണ്. ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾക്ക് പദ്ധതിവിഹിതം വയ്ക്കാം. പക്ഷേ, നിർവ്വഹണ ഉദ്യോഗസ്ഥൻ ഗ്രാപഞ്ചായത്തിന്റെ ചുമതലയിലുള്ള ആളായിരിക്കും. ആരാണ് ക്ഷീരവികസന മേഖലയിൽ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള നിർവ്വഹണ ഉദ്യോഗസ്ഥൻ? ഡയറിഫാം ഇൻസ്ട്രക്ടർ എന്ന തസ്തികയിൽ ജോലി ചെയ്യുന്ന ഒരാൾ 10 പഞ്ചായത്തിന്റെ ചുമതല വഹിക്കണം. 10 പഞ്ചായത്തിന്റെ ചുമതല വഹിക്കുന്ന ഒരു ഡയറി ഫാം ഇൻസ്ട്രക്ടർക്ക്, എങ്ങനെ ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ വകയിരുത്തിയ തുകയ്ക്കനുസരിച്ചുള്ള പദ്ധതി രൂപീകരിക്കുന്നതിനും നിർവ്വഹണ ചുമതല വഹിക്കുന്നതിനും സാധിക്കും? ഡയറി ഡെവലപ്മെന്റിന്റെ ഉയർന്ന തലത്തിരിക്കുന്ന

ആളുകൾക്ക് ഇതെവിടെ നിന്നുള്ള നിർദ്ദേശമാണ്. 35 ലക്ഷം രൂപ പദ്ധതിക്കായി നീക്കിവച്ചെങ്കിലും നിർവ്വഹണ ചുമതല ഗ്രാപഞ്ചായത്തിനായ തുകൊണ്ട് ആ പണം ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നില്ലെന്ന് എന്റെ ജില്ലാ പഞ്ചായത്ത് എഴുതിവച്ചിട്ടുണ്ട്. കണ്ണൂർ ജില്ലാ പഞ്ചായത്ത് 35 ലക്ഷം രൂപ വകയിരുത്തിയത്, ഗ്രാമപഞ്ചായത്തിനാണ് നിർവ്വഹണ ചുമതലയെന്നുള്ളതു കൊണ്ട് അവർ ഒഴിവാക്കുകയാണ്. ഇങ്ങനെ കേരളത്തിൽ എത്ര ജില്ലാ–ബ്ലോക്ക് പഞ്ചായത്തുകൾ ഈ ചുമതലയിൽ നിന്നും പിൻവാങ്ങിയിട്ടുണ്ട്. എങ്ങനെ പാലുൽപ്പാദനം വർദ്ധിപ്പിക്കാൻ സാധിക്കുമെന്നാണ് ഈ ഗവൺമെന്റും വകുപ്പും കരുതുന്നത്? ഇതിലൊന്നും ഒരു താൽപ്പര്യവുമില്ല. ഇക്കാര്യത്തിൽ ഒരു ഓർഡർ ഇറക്കാൻ എന്ത് താമസമാണ്? ഇതുപോലെ, കൃത്യമായി പറയാവുന്ന ഒരു കാര്യംകൂടി ഞാൻ ചൂണ്ടിക്കാണിക്കാം. സർക്കാരിന്റെ എത്രയോ ഭൂമി തരിശായി വെറുതെ കിടക്കുകയാണ്. അവിടെ തീറ്റപ്പുല്ല് കൃഷി നടത്തിയാൽ എത്ര ലാഭകരമായി കൃഷിക്കാരന് പാലുൽപ്പാദനം നടത്താൻ കഴിയും. അതിന് ഒരനുഭവമുണ്ട്. വലിയതുറ യിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ ഒരു ഫാം ആരംഭിച്ചു. ഇപ്പോൾ അത് വഴിയിൽ ഉപേക്ഷിച്ചിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലയിലെ അഞ്ചരക്കണ്ടി ക്ഷീരോൽപ്പാദക സഹകരണസംഘം, ഇത്ര ലിറ്റർ പാൽ പ്രതിദിനം ഉൽപ്പാദിപ്പിക്കുന്നുവെന്നും ഇനിയും കൂടുതൽ പാൽ ഉൽപ്പാദിപ്പി ക്കാൻ താലപ്പര്യമുണ്ടെന്നും അതുകൊണ്ട് പഴശ്ശി ഇറിഗേഷന്റെ വക ഭൂമിയിൽ പുല്ല് കൃഷി ചെയ്യാൻ അനുവദിക്കണമെന്നും കാണിച്ച് സർക്കാരിന് ഒരു കത്ത് അയച്ചു. ഇങ്ങനെയൊരു ആവശ്യം ക്ഷീരസഹകരണ സംഘത്തിന്റെ ഭാഗത്തുനിന്നും ഉയർന്നുവന്നാൽ അതൊന്ന് പരിഗണി

ക്കാൻ കഴിയണ്ടേയെന്നാണ് ഞാൻ ചോദിക്കുന്നത്. രണ്ട് കൊല്ലമായിട്ടും പരിഗണിക്കുന്നില്ല. പിന്നെന്തിനുവേണ്ടിയാണ് ഇവർ ചുമതല വഹിക്കുന്നത്? ഡയറക്ടർ, ജോയിന്റ് ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ, അഡീഷണൽ ഡയറക്ടർ എന്നിങ്ങനെ ധാരാളം ഡയറക്ടർമാരുണ്ട്. കേരളത്തിലെ പാലുൽപ്പാദക മേഖലയിൽ ഇത്രമാത്രം കെടുകാര്യസ്ഥത ഉണ്ടായി. ഈ ഉദ്യോഗസ്ഥർ ഇങ്ങനെയാണ് ചെയ്യുന്നതെന്ന് മനസ്സിലാക്കാൻ വകുപ്പുമന്ത്രിക്ക് സാധിക്കണ്ടേ? ഞാൻ അദ്ദേഹത്തെ കുറ്റം പറയുന്നില്ല. കാരണം എടുത്താൽപൊങ്ങാത്ത ഭാരമാണ് അദ്ദേഹം വഹിക്കുന്നത്. അദ്ദേഹത്തിന് സാംസ്കാരികം, ഗ്രാമവികസനം, പ്ലാനിംഗ് തുടങ്ങിയ വകുപ്പുകളുടെ ചുമതല വഹിക്കണം. ഇറാഖിൽ നഴ്സുമാർ കുടുങ്ങിപ്പോയപ്പോൾ നോർക്ക വകുപ്പല്ലേ അതിന്റെ ചുമതലയും വഹിക്കേണ്ടത്. ഇതെല്ലാംകൂടി ഒരു മന്ത്രിക്ക് എങ്ങനെ സാധിക്കും?

മി. സ്പീക്കർ : അതിനു കുഴപ്പമില്ല. അതൊക്കെ സാധിക്കും.

ശ്രീ. ജെയിംസ് മാത്യു : ഒരുത്തരവെങ്കിലും കൃത്യമായി നടപ്പിലാക്കാൻ സാധിക്കുന്നുണ്ടോ? എന്റെ ഒരനുഭവം കൂടി ഞാൻ പറയുകയാണ്. എം.എൽ.എ. എന്ന നിലയിൽ അസറ്റ് ഡെവലപ്മെന്റ് ഫണ്ടുപയോഗിച്ച് 85 ലക്ഷം രൂപയും കണ്ണൂർ ജില്ലാ പഞ്ചായത്തുമായി സഹകരിച്ച്, 50 ലക്ഷം രൂപ ജില്ലാപഞ്ചായത്തും വിനിയോഗിച്ച് കന്നുകുട്ടി മുതൽ പശുവരെയുള്ള കാലയളവിൽ പോറ്റിവളർത്താനുള്ള 'calf to cow' യൂണിറ്റ് തുടങ്ങാൻ തീരുമാനിച്ചു. പശുവിനെ വാങ്ങിയിട്ട് 30,000, 15,000 രൂപ കൊടുക്കുകയാണോ ശരി, കന്നുകുട്ടിയെ വാങ്ങി പരിപാലിച്ച്, പശുവാക്കി പാലുൽപ്പാദന

ത്തിൽ ആവശ്യമായ വർദ്ധനവ് ഉറപ്പാക്കുന്നതാണോ ശരി. അതിനുവേണ്ടി യാണ് അത്തരമൊരു പ്രോജക്ടിന് മുൻകൈ എടുത്തത്.

മി. സ്പീക്കർ : യെസ്........... ശ്രീ. ജെയിംസ് മാത്യു.

ശ്രീ. ജെയിംസ് മാത്യു : സർ, ഞാൻ നിർത്തുകയാണ്. എനിക്ക് കൂടുതൽ സമയം വേണ്ട. പക്ഷേ, ആ പ്രോജക്ട് ഒന്നേമുക്കാൽ കൊല്ലം ക്ഷീരവികസന വകുപ്പിലും മൃഗസംരക്ഷണ വകുപ്പിലും കൃഷിവകുപ്പിലുമായി പന്തുതട്ടി. ഏകദേശം ഒന്നരകോടി രൂപ ചെലവഴിച്ച്, കന്നുകുട്ടി പരിപാലന കേന്ദ്രം കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ അധീനതിയിലുള്ള കരിമ്പം കൃഷി ഫാമിൽ ആരംഭിക്കുന്നതിനുള്ള കെട്ടിട നിർമ്മാണ സൗകര്യം അസെറ്റ് ഡെവലപ്പ്മെന്റ് ഫണ്ടിലും കന്നുകുട്ടികളെ വാങ്ങാനും പരിപാലിക്കാനുമുള്ള 50 ലക്ഷം രൂപ കണ്ണൂർ ജില്ലാ പഞ്ചായത്തും വകയിരുത്തി, അതിന്റെ പ്രോജക്ട് മൃഗസംരക്ഷണ വകുപ്പ് തയ്യാറാക്കി അഡ്മിനിസ്ട്രേറ്റീവ് സാങ്ഷനുവേണ്ടി ഏകദേശം ഒന്നേമുക്കാൽ വർഷം കാത്തുവെന്നുള്ള കാര്യം ഒന്നാലോചിച്ചുനോക്കണം. അവസാനം ജില്ലാപഞ്ചായത്ത് ആ തുക വകമാറ്റി. വേറെ നിവൃത്തിയില്ലാത്തതുകൊണ്ട് അസെറ്റ് ഡെവലപ്പ്മെന്റ് ഫണ്ടിൽനിന്നും ഞാൻ വകയിരുത്തിയ തുകയും മാറ്റി. അതൊക്കെ അദ്ദേഹം കൈകാര്യം ചെയ്തുകൊള്ളുമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞല്ലോ, ഇങ്ങനെ കൈകാര്യം ചെയ്യാൻ ഒരാളുവേണോ; ആലോചിച്ചാൽ മതി, ഞാൻ കുറ്റം പറയുന്നില്ല. പക്ഷെ ഇതൊന്നും ഒരു ഗവൺമെന്റിന് ഒട്ടും ഭൂഷണമല്ല. കെടുകാര്യസ്ഥത അതിന്റെ പാരമ്യത്തോളം ഉദ്യോഗസ്ഥരുടെ ഭാഗത്തുണ്ടാകുമ്പോൾ ആരാണ് നിയന്ത്രിക്കേണ്ടത്? നിയന്ത്രിക്കാനുള്ള വകുപ്പുമന്ത്രിയും ഗവൺമെന്റും അതിന് സജ്ജമാണോ? ഈ കഴിഞ്ഞ

ദിവസങ്ങളിലെല്ലാം ധനാഭ്യർത്ഥന ചർച്ചകളിൽ നടന്നിട്ടുള്ള വിമർശനം അതാണ്. ഏതുവിമർശനം വന്നാലും ഇതിപ്പോൾ തുടങ്ങിയതല്ല, മുമ്പേ തുടങ്ങിയതാണെന്ന് പറയും. ഞാനിപ്പോൾ ഇവിടെപ്പറഞ്ഞ കാര്യങ്ങളൊക്കെ ഈ ഗവൺമെന്റ് വന്നതിനുശേഷമുള്ളതാണ്. ഈ ഗവൺമെന്റ് വന്നതിനു ശേഷം ക്ഷീരോൽപ്പാദന മേഖലയിൽനിന്ന് കൃഷിക്കാരെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെയും പിന്തിരിപ്പിക്കുന്നതിനും സർക്കാർ തന്നെ പിൻവാങ്ങുന്നതിന് നിരന്തരം നടത്തിക്കൊണ്ടിരിക്കുന്ന ശ്രമത്തിന്റെ പരിണിതഫലമാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. തീർച്ചയായും ഇതിനൊരു മാറ്റം വരുത്തി, ഈ സംസ്ഥാനത്തിനാവശ്യമായ ഏകദേശം 13 ലക്ഷം ലിറ്റർ പാൽ പ്രതിദിനം ഉൽപ്പാദിപ്പിക്കുന്നതിനുള്ള ശേഷി നമുക്ക് കൈവരിക്കാൻ സാധിക്കുന്നില്ലെങ്കിൽ കുറെയാളുകളെ നിറച്ച കെട്ടുകാഴ്ചയായി, ഈ വകുപ്പും അതിന്റെ തലപ്പത്തിരിക്കുന്ന ആളുകളും മാറുകയേയുള്ളൂ. പിന്നെന്തിനാണ് കൂടുതൽ പണം ചോദിക്കുന്നത്? ഒരൊറ്റ പൈസ കൊടുക്കേണ്ട കാര്യമില്ലായെന്നുള്ളതുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തിയായി എതിർക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. ജെയിംസ് മാത്യൂ, അങ്ങേയ്ക്ക് വിഷയത്തിനകത്തുനിന്ന് സംസാരിക്കാനുമറിയാമെന്ന് ബോദ്ധ്യപ്പെട്ടു.

ശ്രീ. എം. എ. വാഹീദ്: സർ, കേരളത്തിലെ ഗ്രാമങ്ങളിലെ ജനങ്ങളുടെ ജനജീവിതവുമായി ബന്ധപ്പെട്ട പ്രധാനവകുപ്പുകളുടെ ധനാഭ്യർത്ഥനകളാണ് ഇന്ന് ചർച്ചയ്ക്ക് വന്നിരിക്കുന്നത്. ഈ ധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി പിന്താങ്ങുകയാണ്. കാര്യക്ഷമമായ ഗ്രാമഭരണത്തിന്റെ 3

വർഷമാണ് കടന്നുപോയത്. പ്ലാൻ ഫണ്ട് വിനിയോഗത്തിൽ സർവ്വകാല റിക്കോർഡാണ് ഈ ഭരണം കാഴ്ചവച്ചിരിക്കുന്നത്. 2013–14 വർഷത്തിൽ 81.99% പ്ലാൻ ഫണ്ട് ചെലവഴിച്ച സംസ്ഥാനമായി നമ്മുടെ സംസ്ഥാനം പഞ്ചായത്ത്തലത്തിലും ഗ്രാമതലത്തിലും മാറിയിരിക്കുകയാണ്. ആ സ്ഥാനത്ത് 2010–2011–ൽ കേവലം 70.77 ശതമാനം ചെലവുമാത്രമാണ് വഹിക്കാൻ കഴിഞ്ഞത്. അവിടെയാണ് ഈ സർക്കാരിന്റെ കാര്യക്ഷമതയെ നാം കാണേണ്ടത്. ധനകാര്യ വർഷത്തിന്റെ അവസാന ദിവസങ്ങളിൽ പ്ലാൻ ഫണ്ട് വിനിയോഗത്തിന്റെ ടാർഗറ്റ് തികയ്ക്കുന്നതിനുവേണ്ടിയുള്ള നെട്ടോട്ടത്തിലാണ് പഞ്ചായത്തുകൾ. അങ്ങനെയുള്ള ഒരു പ്രക്രിയ ഉണ്ടായിരുന്ന കാലഘട്ടത്തിൽനിന്ന് കാലേകൂട്ടിതന്നെ പ്ലാൻ ഫണ്ട് വിനിയോഗം നടത്തത്തക്ക രീതിയിൽ പ്ലാൻ ഫണ്ട് വിനിയോഗത്തിന് ഒരു ദിശാബോധം നൽകുവാൻ ഈ സർക്കാരിന് കഴിഞ്ഞു. അതുകൊണ്ടാണ് 81% പ്ലാൻ ഫണ്ട് വിനിയോഗം നടത്താൻ കഴിഞ്ഞത്. എങ്കിലും ഇപ്പോഴും ചില പഞ്ചായത്തുകൾ പദ്ധതി പ്രവർത്തനം സാമ്പത്തിക വർഷത്തിന്റെ അവസാന വർഷംവരെ നീട്ടികൊണ്ടുപോകുകയും മാർച്ച് മാസത്തിൽ ചെലവ് പൂർത്തിയാക്കുകയും ചെയ്യുന്ന ഒരു പ്രവണത ഇപ്പോഴും കാണുന്നുണ്ട്. അതിനൊരു മാറ്റം വരത്തക്ക രീതിയിൽ ആസൂത്രണത്തിലൊരു വ്യതിയാനം വരുത്തേണ്ടതുണ്ട്. മാത്രമല്ല, ഒരു പഞ്ചായത്തിനുനൽകുന്ന പ്ലാൻ ഫണ്ട് വാർഡുകളുടെ അടിസ്ഥാനത്തിൽ തുണ്ടുതുണ്ടുകളായി വീതിക്കുന്ന ഒരു മോശപ്പെട്ട വികസന പ്രക്രിയ നമ്മുടെ ഗ്രാമപഞ്ചായത്തുകളിൽ നടക്കുന്നുണ്ട്. ഒരു കോടി രൂപ കിട്ടിയാൽ പത്ത് വാർഡുകളിലായി പത്തുലക്ഷം രൂപവീതം വീതിക്കുകയും ആ പത്തുലക്ഷംരൂപകൊണ്ട് ഒരു വാർഡിലുമൊന്നും

ചെയ്യാൻ കഴിയാത്ത ഒരു സ്ഥിതിവിശേഷമുണ്ടാവുകയും ചെയ്യുന്നുണ്ട്. അതുകൊണ്ട് ഈ വികസന വിരുദ്ധ നയത്തിന് മാറ്റം വരുത്തുകയും ഓരോ പഞ്ചായത്തിനും മൊത്തത്തിൽ വേണ്ട വികസന കാര്യങ്ങളെക്കുറിച്ച് അഞ്ചു വർഷത്തേയ്ക്ക് ഒരു ഷെൽഫ് ഓഫ് പ്രോജക്ട്സ് തയ്യാറാക്കുകയും ഒരോ പ്ലാൻ ഇയറിലും ആ പഞ്ചായത്തിന്റെ പ്രയോറിറ്റിയിൽ ഏറ്റവും മുൻഗണന യിൽ നിൽക്കുന്ന പ്രവൃത്തികൾ നടത്താനും കഴിയത്തക്ക രീതിയിൽ ഒരു ഷെൽഫ് ഓഫ് പ്രോജക്ട്സ് വരുന്ന പ്ലാൻ ഇയറിൽ ഉണ്ടാക്കിയാൽ വരുന്ന അഞ്ചുവർഷക്കാലത്തെ നേട്ടം നമ്മുടെ ഗ്രാമഭരണത്തിലുണ്ടാക്കാൻ കഴിയുന്നതാണ്. അതിനുള്ള ക്രമീകരണങ്ങൾ നടത്തിയാൽ നമ്മുടെ ഗ്രാമ പഞ്ചായത്തുകളിൽ ഈ പ്ലാൻ ഫണ്ട് ഉപയോഗിച്ച് സ്ഥായിയായ ആസ്തികൾ സ്ഥാപിക്കാൻ കഴിയും. ആ രീതിയിൽ ഭാവനാപൂർണ്ണമായ ഒരു പ്രവർത്തനം വരുന്ന അഞ്ചുവർഷക്കാലത്തെ പ്ലാൻ ഫണ്ട് വിനിയോഗത്തിലുണ്ടാകണം എന്നുള്ള നിർദ്ദേശമാണ് എനിക്ക് അങ്ങയുടെ മുമ്പിൽ വയ്ക്കാനുള്ളത്. അതിനുവേണ്ടി ഒരു പദ്ധതി, ഒരു പ്രവർത്തനശൈലിതന്നെ ഉണ്ടാക്കേണ്ടിയിരിക്കുന്നു. അതിന് നമ്മുടെ ഗ്രാമ, ബ്ലോക്ക് ജില്ല തലത്തിലുള്ള പഞ്ചായത്തുകൾക്കാവശ്യമായ നിർദ്ദേശം കൊടുക്കുവാൻ നമ്മുടെ വകുപ്പുകൾ തയ്യാറാകണമെന്നുള്ള അഭ്യർത്ഥന ഞാൻ മുന്നോട്ടുവയ്ക്കുന്നു. നിലവിലുള്ള പഞ്ചായത്ത് ഭരണം ഒരു വർഷം കൂടി കഴിയുമ്പോൾ അവസാനിക്കാൻ പോകുകയാണ്. പുതിയ പഞ്ചായത്ത് തെരെഞ്ഞെടുപ്പുണ്ടാകാൻ പോകുന്നു. പഞ്ചായത്ത് തെരെഞ്ഞെടുപ്പുണ്ടാകുമ്പോഴാണ് ഗ്രാമങ്ങളിൽ ധാരാളം പ്രശ്നങ്ങളുണ്ടാകുന്നത്. ആ പ്രശ്നങ്ങളേറ്റവും കൂടുതലുണ്ടാകുന്നത് വാർഡുവിഭജനവും വോട്ടർ പട്ടിക തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ടാണ്. അതുകഴിഞ്ഞ് വരുന്നത് പോളിംഗ് സ്റ്റേഷനുകളുണ്ടാക്കുന്നതുമായി ബന്ധ

പ്പെട്ട തർക്കങ്ങളാണ്. അങ്ങനെ നമ്മുടെ പഞ്ചായത്തുഭരണം അവസാനത്തെ ഒരു വർഷം ഇങ്ങനെ പോകുകയാണ്. ആ വർഷത്തിൽ നമ്മുടെ വികസന പ്രവർത്തനങ്ങൾ പലതും നടക്കാറില്ല. പലതും മുടങ്ങുകയാണ്. ഇലക്ഷൻ വർഷത്തെ പ്ലാൻ ഫണ്ട് വിനിയോഗം നോക്കിയാൽ വളരെ താഴോട്ടു നിൽക്കുന്ന ഒരു സ്ഥിതിവിശേഷമാണ്. എല്ലാ അംഗങ്ങളും എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും പഞ്ചായത്ത് തെരെഞ്ഞെടുപ്പിന്റെ പ്രാഥമിക പ്രവർത്തനത്തി ലായിരിക്കും. അതുകൊണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തെരെ ഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എനിക്ക് ചില നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കാ നുണ്ട്. അത് ഗൗരവപൂർവ്വം ഗവൺമെന്റ് കാണണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. നമ്മുടെ രാജ്യത്തൊരു വോട്ടർ പട്ടികയുണ്ട്. ലോക്സഭാ തെരെഞ്ഞെടുപ്പിന് ഉപയോഗിക്കുന്ന അതേ വോട്ടർ പട്ടികതന്നെയാണ് നിയമ സഭാ തെരെഞ്ഞെടുപ്പിലും ഉപയോഗിക്കുന്നത്. എന്തുകൊണ്ട് ലോക്സഭാ തെരെഞ്ഞെടുപ്പിലും നിയമസഭാ തെരെഞ്ഞെടുപ്പിലും ഉപയോഗിക്കുന്ന വോട്ടർ പട്ടികകൾ നമ്മുടെ പഞ്ചായത്ത് തെരെഞ്ഞെടുപ്പിൽ ഉപയോഗിച്ചു കൂടാ? അതുപയോഗിക്കാൻ കഴിയുമെങ്കിൽ സർക്കാരിന് ധാരാളം സാമ്പ ത്തിക ചെലവ് ഒഴിവാക്കാൻ സാധിക്കും. ഇതിനകത്തുവരുന്ന ഒരു പ്രധാന പ്പെട്ട പ്രശ്നം വാർഡ് വിഭജനമാണ്. നമ്മുടെ പാർലമെന്റ്-നിയമസഭാ തെരഞ്ഞെടുപ്പുകളിൽ ഉണ്ടാക്കിയിരിക്കുന്ന പോളിംഗ് സ്റ്റേഷന്റെ അതിർത്തി കളെ ഗ്രാമപഞ്ചായത്ത് വാർഡുകളാക്കി മാറ്റിയാൽ പോളിംഗ് സ്റ്റേഷൻ പുതിയതായി ഉണ്ടാക്കേണ്ടി വരില്ല, വോട്ടർ പട്ടികയും പുതിയതായി തയ്യാറാ ക്കേണ്ടി വരില്ല, വോട്ടർ പട്ടിക സംബന്ധിച്ച് തർക്കവുമുണ്ടാകില്ല. കാരണം എല്ലാ വർഷവും ജനുവരി ഒന്നാം തീയതി മുതൽ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ വോട്ടർ പട്ടിക പുതുക്കുകയും അതിന്റെ ആക്ഷേപങ്ങൾ കേൾക്കു

കയുമാണ്. ഓരോ വർഷവും തുടക്കത്തിൽ വോട്ടർ പട്ടിക പുതുക്കുന്നതു കൊണ്ട് നമ്മുടെ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ പുതിയ വോട്ടർ പട്ടികയ്ക്കു വേണ്ടിയോ വാർഡു വിഭജനത്തിനുവേണ്ടിയോ പോകേണ്ടി വരില്ല. മുനിസിപ്പാലിറ്റികളിൽ ഒന്നിൽ കൂടുതൽ പോളിംഗ് സ്റ്റേഷൻ അതിർത്തികളെ കൂട്ടിച്ചേർത്ത് മുനിസിപ്പൽ വാർഡുണ്ടാക്കാൻ നമുക്ക് കഴിയും. ആ രീതി യിലായാൽ തർക്കങ്ങൾ ഒഴിവാക്കാൻ കഴിയും. സർക്കാരിന്റെ ചെലവ് ഒഴിവാക്കാൻ കഴിയും. പോളിംഗ് സ്റ്റേഷനെക്കുറിച്ചുള്ള തർക്കവും വോട്ടർ പട്ടികയെക്കുറിച്ചുള്ള തർക്കവും തീർക്കാനും സാധിക്കും. വളരെ എളുപ്പ ത്തിൽ ഒരു തെരഞ്ഞെടുപ്പ് പ്രക്രിയയിലേയ്ക്ക് നമുക്ക് പോകാൻ സാധിക്കും. അതുകൊണ്ട് എന്റെ ഈ നിർദ്ദേശം സർക്കാർ ഗൗരവമായി പരിഗണിക്കു കയും നമ്മുടെ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനുമായി ചർച്ച ചെയ്ത് ഈ തെരഞ്ഞെടുപ്പ് പ്രക്രിയ എളുപ്പമാക്കുവാനുള്ള നടപടി സ്വീകരിക്കണ മെന്നുമുള്ള അഭിപ്രായമാണ് എനിക്ക് മുന്നോട്ടുവയ്ക്കാനുള്ളത്.

മി. സ്പീക്കർ: ശ്രീ. എം. എ. വാഹീദ്, നമ്മുടെ പഞ്ചായത്തിൽ ഡീ–ലിമിറ്റേഷൻ പ്രത്യേകം വരികയല്ലേ; അപ്പോൾ ഇതെങ്ങനെ സാദ്ധ്യമാകും?

ശ്രീ. എം. എ. വാഹീദ്: സർ, ഡീലിമിറ്റേഷൻ വേണ്ട. ഒരു പോളിംഗ് സ്റ്റേഷൻ അതിർത്തിയെ ഒരു വാർഡാക്കിയാൽ മതി. ആയിരം മുതൽ ആയിരത്തിയഞ്ഞൂറുവരെ വോട്ടുള്ള പോളിംഗ് സ്റ്റേഷനുകളാണിപ്പോഴുള്ളത്. ആ പോളിംഗ് സ്റ്റേഷനുകളെ ഒരു ഗ്രാമപഞ്ചായത്ത് വാർഡാക്കി മാറ്റിയാൽ ആ വോട്ടർ പട്ടികയിൽ മാറ്റം വരുത്തേണ്ട, പോളിംഗ് സ്റ്റേഷൻ എവിടെയാ ണെന്ന് തർക്കം വരികയോ അതിനുവേണ്ടി അപ്പീൽ പോകേണ്ടി വരിക യോ തർക്കങ്ങൾക്ക് പോകേണ്ടിവരികയോ ഇല്ല. സർക്കാരിനും ഇലക്ഷൻ

കമ്മീഷനും തെരഞ്ഞെടുപ്പ് നടത്താനും എളുപ്പമാണ്. വേറെയൊരു ബുദ്ധിമുട്ടുമില്ല, വാർഡുകളുടെ എണ്ണം വർദ്ധിക്കുമെന്ന് മാത്രമേയുള്ളൂ.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, അങ്ങ് പറഞ്ഞ നിർദ്ദേശം വളരെ നല്ല താണ്. പക്ഷെ നമ്മുടെ നിലവിലുള്ള ബൂത്തുകളുടെ സ്ഥിതിയെന്നുപറയു ന്നത്, അവ യാതൊരു വിധത്തിലുള്ള ഭൂമിശാസ്ത്രപരമായ അതിരുകളുമില്ലാ തെയാണ് കിടക്കുന്നത്. ആ ബൂത്തുകളെ വാർഡുകളാക്കുകയെന്നത് ആ അർത്ഥത്തിൽ പ്രായോഗികമാണോ ?

ശ്രീ. എം. എ. വാഹീദ് : സർ, ബൂത്തുകളുടെ അതിരുകൾ ഓരോ വോട്ടർപട്ടികയിലും മാപ്പ് സഹിതമാണ് കൊടുത്തിരിക്കുന്നത്. ചില സ്ഥലങ്ങ ളിൽ അങ്ങനെവല്ലതുമുണ്ടോ എന്നെനിക്കറിയില്ല. മലമ്പ്രദേശങ്ങളിൽ ചില പ്പോൾ അപൂർവ്വമായിട്ടുണ്ടാകാം. പക്ഷെ അല്ലാത്ത സ്ഥലങ്ങളിൽ ഉണ്ടാ കാൻ സാധ്യതയില്ല. ഓരോ പോളിംഗ് സ്റ്റേഷന്റെയും വോട്ടർപട്ടികയിൽ ആ പോളിംഗ് സ്റ്റേഷന്റെ അതിർത്തിയുടെ പ്ലാനും സ്കെച്ചുംവരെ കൊടുത്താണ് വോട്ടർപട്ടിക തയ്യാറാക്കിയിരിക്കുന്നത്. ആക്ഷേപരഹിതമായ വോട്ടർപട്ടിക യാണ് പാർലമെന്റ് അസംബ്ലി ഇലക്ഷനിൽ ഉപയോഗിക്കുന്നത്. പോളിംഗ് സ്റ്റേഷൻ അതിർത്തി വാർഡാക്കി മാറ്റുകയാണെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ തെരഞ്ഞെടുപ്പുകൾ എളുപ്പത്തിൽ നടത്താൻ കഴിയും. ആ കാര്യത്തെക്കുറിച്ച് ഗൗരവമായി ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. മുൻ പഞ്ചായത്ത് മെമ്പർമാർക്കുള്ള പെൻഷന്റെ കാര്യം പലപ്പോഴായി ഞാൻ ഈ സഭയിൽ പറഞ്ഞിട്ടുള്ളതാണ്. രണ്ടുമൂന്നുപ്രാവശ്യം രണ്ട് സർക്കാരുകളുടെ മുമ്പിലായി അവതരിപ്പിച്ചിട്ടുള്ളതുമാണ്. എന്റെ കൂടെ പഞ്ചായത്ത് മെമ്പറായിരുന്ന ഒരുപാട് പാവപ്പെട്ട പഞ്ചായത്ത് മെമ്പർമാർ,

വളരെ നല്ലരീതിയിൽ ആക്ഷേപരഹിതമായി പ്രവർത്തിച്ച പഞ്ചായത്ത് മെമ്പർമാർ ഇപ്പോൾ വളരെയേറെ കഷ്ടത്തിലാണ്. മരുന്നുവാങ്ങി കഴിക്കാനുള്ള സാമ്പത്തിക സ്ഥിതിപോലുമില്ലാത്ത ധാരാളം പേരുണ്ട്. രോഗം മൂർച്ഛിച്ച് കടതിണ്ണയിൽകിടന്ന് മരിക്കേണ്ട സ്ഥിതിവിശേഷം ഉണ്ടായിട്ടുള്ളവരുമുണ്ട്. കേരളത്തിൽ ആർക്കെങ്കിലും പെൻഷനില്ലെങ്കിൽ അത് മുൻ പഞ്ചായത്ത് മെമ്പർമാർക്ക് മാത്രമാണ്. ബാക്കി എല്ലാ വിഭാഗത്തിനും ഏതെങ്കിലും പെൻഷൻ ലഭിക്കും. ഒരു പെൻഷനും ലഭിക്കാത്ത പഞ്ചായത്ത് മെമ്പർമാർക്ക് പെൻഷൻ കൊടുക്കുവാനുള്ളൊരു തീരുമാനം ഈ ഡിമാന്റ് ചർച്ചയുടെ മറുപടിയിൽ ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിക്കണമെന്നുള്ള അഭിപ്രായമാണെനിക്കുള്ളത്. സാമൂഹ്യനീതി വകുപ്പ് ശബ്ദമില്ലാത്തവർക്ക് ശബ്ദം നൽകിയ വകുപ്പാണ്. ആ വകുപ്പിനെക്കുറിച്ച് പറയാൻ ധാരാളമുണ്ട്. പക്ഷെ ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഇന്ന് കാലത്ത് ഇവിടെ ചർച്ച ചെയ്ത അംഗൻവാടികളുടെ സ്ഥിതി വളരെ ദയനീയമാണ്. തൊഴുത്തിനു തുല്യമായ സ്ഥലത്താണ് അംഗൻവാടികൾ പ്രവർത്തിക്കുന്നത്. ചില സ്ഥലങ്ങളിൽ തൊഴുത്തിൽതന്നെയാണ് അംഗൻവാടികൾ പ്രവർത്തിക്കുന്നത്. കാലികളെ അഴിച്ച് വെളിയിൽകെട്ടിയതിനുശേഷം ആയമാരും ടീച്ചർമാരും വന്ന് ഈ തൊഴുത്ത് കഴുകി അവിടെ ടാർപ്പോളിൻ ഷീറ്റ് വിരിച്ച് പാവപ്പെട്ട കുട്ടികളെ പഠിപ്പിക്കുന്ന ഒരുപാട് അംഗൻവാടികളുണ്ട്. ഈ അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് എം.എൽ.എ. ഫണ്ടും എം.പി. ഫണ്ടുമൊക്കെ ധാരാളം ലഭിക്കുന്നുണ്ട്. ഫണ്ട് കൊടുക്കാൻ എം.എൽ.എ.മാരും എം.പി.മാരും തയ്യാറുമാണ്. പക്ഷെ ഒരുസെന്റ് ഭൂമി കിട്ടാനില്ലാത്ത സ്ഥിതിയാണ്. ഇവിടെ വേണ്ടത് കെട്ടിടത്തിനുവേണ്ടി പണം നൽകലല്ല,

സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് 5 സെന്റ് ഭൂമി വാങ്ങുവാനുള്ള ഒരു സ്കീം നമ്മുടെ സാമൂഹ്യനീതി വകുപ്പ് ചെയ്യുമെങ്കിൽ അതാണ് ഈ സമൂഹത്തിനോട് ചെയ്യുന്ന ഏറ്റവും വലിയ നീതി എന്ന് വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. എന്റെ നിയോജകമണ്ഡലത്തിൽ സ്വന്തമായി ഭൂമിയുള്ള മുഴുവൻ അംഗൻവാടികൾക്കും എം.എൽ.എ. ഫണ്ടിൽനിന്നും കെട്ടിടം നിർമ്മിക്കുവാനുള്ള പണം കൊടുത്തു. മിക്കവാറുമുള്ള എല്ലാ കെട്ടിടങ്ങളുടെയും പണി തീർന്നു. അതുകൊണ്ട് എനിക്ക് പറയാനുള്ള നിർദ്ദേശമെന്നുപറയുന്നത് അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം കെട്ടാനുള്ള ഭൂമി കൊടുത്താൽ മറ്റേതെങ്കിലും സ്കീമിൽ തീർച്ചയായും ഈ കെട്ടിടം നിർമ്മിക്കാൻ കഴിയും. ഇനി എനിക്ക് പറയാനുള്ളത് ഗ്രാമവികസനവുമായി ബന്ധപ്പെട്ടാണ്. പി.എം.ജി.എസ്.വൈ. പദ്ധതി 5 വർഷക്കാലം മരവിച്ചുകിടന്നു. എന്റെ മണ്ഡലത്തിൽ അറേഴു റോഡുകൾ ഗ്രാമപ്രദേശമായിരുന്ന കാലത്തുണ്ടായിരുന്നു. ഈ സർക്കാർ വന്നതിനുശേഷം ടെൻണ്ടർ എക്സസ് കൊടുക്കാൻ തീരുമാനിച്ചതോടുകൂടി കുറെ റോഡുകൾ ശരിയാക്കിയെടുക്കാൻ കഴിഞ്ഞു. അതിന് ഞാൻ ഈ ഗ്രാമവികസന വകുപ്പിനെ അഭിനന്ദിക്കുകയാണ്. അതേ സമയം നമ്മുടെ തൊഴിലുറപ്പു പദ്ധതി ഇന്നൊരു വലിയ ആക്ഷേപകരമായ രീതിയിൽ തൊഴിലുറപ്പു പദ്ധതിയല്ല, തൊഴിലിരിപ്പു പദ്ധതിയായി മാറിയിരിക്കുകയാണ്. ഗ്രാമങ്ങളിൽ തൊഴിൽ രഹിതരായ ആൾക്കാരെ ഓരോ റോഡുകളിൽക്കൊണ്ടുവന്ന് കാലത്ത് 9 മണിമുതൽ ഒരു മണിവരെ ഇരുത്തിയിട്ട് ഒരുമണി കഴിയുമ്പോൾ അവിടെ നിന്ന് പറഞ്ഞുവിടുകയും വൈകുന്നേരം ശമ്പളം എഴുതിവയ്ക്കുകയും ചെയ്യും. അങ്ങനെ ഇതൊരു തൊഴിലിരിപ്പു പദ്ധതിയായി മാറിപ്പോയി. ഇതൊരു വലിയ കഷ്ടംപിടിച്ച സംഗതിയാ

ണ്. കോടാനുകോടി രൂപ കേന്ദ്രസർക്കാരിൽനിന്ന് ഒരു നിയന്ത്രണവുമില്ലാതെ ലഭിക്കുന്ന ഒരു സ്കീമാണിത്. ഗ്രാമങ്ങളിൽ സ്ഥായിയായ ആസ്ഥികൾ സൃഷ്ടിക്കുകയും അതിന് തൊഴിലാളികളെ പ്രയോജനപ്പെടുത്തുമ്പോൾ തൊഴിൽ രഹിതരായ ഗ്രാമവാസികളെ അതിൽ ഉൾപ്പെടുത്തുകയും ഗ്രാമങ്ങൾക്ക് സ്ഥായിയായ ആസ്ഥിയും പട്ടിണികിടക്കുന്ന കുടുംബങ്ങൾക്ക് ജീവിക്കുവാനാവശ്യമായ സാമ്പത്തിക സൗകര്യങ്ങളും ഏർപ്പെടുത്തിക്കൊടുക്കുക എന്നതാണ് മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ ഉദ്ദേശിച്ചിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ കുറേക്കാലമായി ഇത് വളരെ വികൃതമായിട്ടാണ് നടക്കുന്നത്. ഒരുപാട് നല്ല പ്രോജക്ടുകൾ ഇതിൽ ഏറ്റെടുത്ത് നടത്താൻ കഴിയും. ഞങ്ങൾ ഒരിക്കൽ ആന്ധ്രാ സംസ്ഥാനത്ത് പോയി. അവിടെ തൊഴിലുറപ്പ് പദ്ധതിയിൽ നടത്തുന്നത് കാർഷിക മേഖലയിലെ വികസനത്തിനുവേണ്ടി അവിടത്തെ തൊഴിൽ രഹിതരായ ആളുകളെ കൊണ്ട് ചെറിയ തോടുകളിൽ മണ്ണുകൊണ്ടുള്ള തടയണകൾ സൃഷ്ടിച്ച് ആ തടയണകളിൽ വെള്ളം കെട്ടിനിർത്തി ചെറിയ പമ്പ്സെറ്റുകൊണ്ട് ആ പ്രദേശത്തെ കൃഷിക്കാവശ്യമായ വെള്ളം എത്തിക്കുവാനുള്ള സംവിധാനം ചെയ്യുന്ന ഒരുപാട് പദ്ധതികൾ ആന്ധ്രയിൽ പലയിടത്തും കാണാൻ കഴിഞ്ഞു. നമ്മുടെ സംസ്ഥാനത്ത് ഒരിടത്തും അങ്ങനെയുള്ള ഒരു പദ്ധതിയും കാണുന്നില്ല. ജലസേചന സൗകര്യത്തിനാവശ്യമായ ചാലുകൾ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള പരിപാടിയും ഇതുവഴി നടത്താൻ കഴിയുമായിരുന്നു. ഇതിനൊന്നും പദ്ധതികൾ തയ്യാറാക്കാൻ കഴിയാതെ നമ്മുടെ ഗ്രാമപഞ്ചായത്തുകൾ വളരെ എളുപ്പം ചെയ്യാൻ കഴിയുന്ന പണികളായ കാടുവെട്ടിത്തെളിക്കൽ, പുല്ലുപറയ്ക്കൽ, റോഡ് വൃത്തിയാക്കൽ തുടങ്ങിയ കാര്യങ്ങളിലേയ്ക്കായാണ് ഈ പണം ദുർവിനിയോഗം ചെയ്യുന്നത്. ഒരു ദേശീയ

നഷ്ടമായിട്ടാണ് ഞാനിതിനെ കാണുന്നത്. അതുകൊണ്ട് ഈ ദേശീയ നഷ്ടം ഒഴിവാക്കുവാൻ തീർച്ചയായും നല്ല പദ്ധതികൾ തൊഴിലുറപ്പ് പദ്ധയിൽ ഏറ്റെടുത്ത് നടത്തണമെന്നുകൂടി അഭ്യർത്ഥിക്കുന്നു. ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. എന്റെ പ്രസംഗം അവസാനിപ്പിക്കുന്നതിനുമുമ്പ് മുൻ പഞ്ചായത്ത് മെമ്പർമാരുടെ കാര്യം ഒരിക്കൽകൂടി ഞാൻ ആവർത്തിച്ച് പറയുന്നു. ഇന്ന് ഒരു പ്രഖ്യാപനമുണ്ടായാൽ ധാരാളം മുൻ പഞ്ചായത്ത് മെമ്പർമാർക്ക് ആശ്വാസമാകും. അതൊരു വലിയ നീതിയാണ്. സാമൂഹ്യ നീതി വകുപ്പുകൂടി കൈകാര്യം ചെയ്യുന്ന പഞ്ചായത്ത് വകുപ്പുമന്ത്രി തീർച്ച യായും ആ പ്രഖ്യാപനം നടത്തണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ അവ സാനിപ്പിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ : സർ, ഈ 4 ധനാഭ്യർത്ഥനകളെയും ഞാൻ എതിർക്കുകയാണ്. 2020 ആകുമ്പോഴേയ്ക്കും നമ്മുടെ ലോക ജനസംഖ്യ യുടെ 20 ശതമാനവും വയോജനങ്ങളായിത്തീരും. ഈ സാഹചര്യത്തിൽ വയോജനങ്ങളുടെ ക്ഷേമം എല്ലാ ക്ഷേമരാഷ്ട്രങ്ങളും നല്ല പരിഗണനയോടെ മുന്നോട്ടുകൊണ്ടുപോകണമെന്നാഗ്രഹിക്കുന്ന ഒരു കാലയളവാണിത്. നമ്മുടെ സംസ്ഥാനവും നമ്മുടെ രാജ്യവും ആ നിലയിൽ നല്ല പരിശ്രമം നടത്തി നീങ്ങേണ്ടതുണ്ട്. നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വികലാംഗർ, വയോജനങ്ങൾ, ശിശുക്കൾ ഇവർക്കെല്ലാംകൂടി 5 ശതാമനം തുകയാണ് ചെലവഴിക്കാനായി നീക്കിവച്ചിട്ടുള്ളത്. അതിൽ മാറ്റം വരണം. വയോജനങ്ങൾക്ക് മാത്രമായി ജനസംഖ്യയുടെ ഈ ആനുപാതിക

സാഹചര്യം വച്ചുകൊണ്ടുള്ള മാറ്റം വരുത്തി ബഡ്ജറ്റ് പരിഗണന ലഭിക്കേണ്ട തുണ്ട്. അതോടൊപ്പം വയോജനങ്ങൾക്കായി മെയിന്റനൻസ് ട്രൈബ്യൂണ ലിന്റെ പ്രവർത്തനവുമുണ്ട്. അത് കാര്യക്ഷമമാക്കണം. അതിന്റെ ചുമതല ആർ.ഡി.ഒ.മാർക്കാണ്. അങ്ങനെയൊരു ഓഫീസ് നമുക്ക് എവിടെയും കാണാൻ കഴിയില്ല. അങ്ങനെയൊരു ട്രൈബ്യൂണലുള്ളതായി ഒരു ബോർഡ് ഏതെങ്കിലും ഓഫീസിന്റെ മുമ്പിലും നമുക്ക് കാണാൻ കഴിയില്ല. ആർ.ഡി.ഒ. മാർക്ക് ഒട്ടേറെ ജോലികൾ നമ്മുടെ ജില്ലാ ഭരണവുമായി ബന്ധപ്പെട്ടുണ്ട്. അതുകൊണ്ടുതന്നെ അവർക്ക് കുറ്റമറ്റ രീതിയിൽ ജോലിചെയ്യാനുള്ള സമയ ക്കുറവുണ്ട്. ഈ ആർ.ഡി. ഓഫീസുകളൊക്കെതന്നെ സിവിൽ സ്റ്റേഷനുക ളുമായി ബന്ധപ്പെട്ട് 2, 3, 4 നിലകളിലാണ് പ്രവർത്തിക്കുന്നത്. അവിടെ എത്തിച്ചേരേണ്ടത് ഈ വയോജനങ്ങളാണ്. അവർക്ക് അതിന് കഴിയാത്ത സാഹചര്യമുണ്ട്. അതിനുള്ള സൗകര്യമൊരുക്കുന്ന തരത്തിൽ ഇതിന്റെ ഓഫീസ് പ്രവർത്തനം ക്രമീകരിക്കണം. അതോടൊപ്പം താലൂക്കടിസ്ഥാന ത്തിൽ ഇതിന് ഒരു നോഡൽ ഓഫീസറെ നിയമിച്ച് അതിന്റെ പ്രവർത്തനവും കൂടി കാര്യക്ഷമമാക്കിയാൽ മാത്രമേ മെയിന്റനൻസ് ട്രൈബ്യൂണലിന്റെ പ്രവർത്തനം നാം ഉദ്ദേശിക്കുന്ന തരത്തിൽ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുകയുള്ളൂ. പൊതുവെ പലതരം രോഗങ്ങൾ എല്ലാവരേയും കാർന്നു തിന്നുന്ന കാലമാണെങ്കിൽപ്പോലും ഏറ്റവും ബുദ്ധിമുട്ടനുഭവിക്കുന്നത് രോഗംപിടിപെട്ട വയോജനങ്ങളാണ്. അതിന് ഒരു പ്രത്യേക പാക്കേജ്തന്നെ ഉണ്ടാകേണ്ടതുണ്ട്. പ്രായം കൂടുമ്പോഴാണ് പലരും വീഴേണ്ടതില്ല, വീണു എന്ന് തോന്നുമ്പോൾതന്നെ കാലും കൈയും ഒടിഞ്ഞ്, മറ്റ് എല്ലുകൾക്ക് ക്ഷതം സംഭവിച്ച് ചികിത്സിക്കേണ്ട സാഹചര്യമുള്ളത്. കാൽസ്യത്തി

ന്റെയും പ്രോട്ടീന്റെയും വലിയതോതിലുള്ള കുറവാണ് വയോജനങ്ങൾക്ക് വരുന്നത്. അതിനൊരു പ്രത്യേക ചികിത്സാ സൗകര്യംതന്നെ ഒരുക്കാനുള്ള സംവിധാനമുണ്ടാക്കണം.

ട്രെയിനിലുള്ളതുപോലെ തന്നെ സർക്കാരിന്റെ സബ്സിഡിയോടുകൂടി കെ.എസ്.ആർ.ടി.സി. ബസുകളിൽ യാത്രചെയ്യാനുള്ള സൗകര്യവും വയോജനങ്ങൾക്ക് ഒരുക്കികൊടുക്കേണ്ടതുണ്ട്. നമ്മുടെ മനസ്സാക്ഷി ഉണരേണ്ട ഒരു കാര്യമുണ്ട്. വീടുകളിൽ പ്രായം ചെന്നവർ ഇന്ന് മക്കളുടെ സൗകര്യങ്ങൾ നോക്കുന്ന തരത്തിലേയ്ക്ക് മാറുകയാണ്. പേരക്കുട്ടികളെ സ്കൂളിലെത്തിക്കുക അവരെ തിരിച്ചുകൊണ്ടുവരിക തുടങ്ങിയ ജോലികളാണ് വീടുകളിൽ വയോജനങ്ങൾക്കുള്ളത്. നമ്മുടെ വിദ്യാഭ്യാസ മേഖലയുടെ മാറ്റത്തെത്തുടർന്ന് കുടുംബബന്ധത്തിൽ, രക്തബന്ധത്തിൽ തന്നെ മാറ്റം വരികയും പ്രായമായവരെ നോക്കാൻ കഴിയാത്ത തരത്തിലേയ്ക്ക് നമ്മുടെ ബന്ധങ്ങളിൽ തന്നെ മാറ്റം വന്നിട്ടുണ്ട്. ഒരു പാശ്ചാത്യ സംസ്കാരം നമ്മുടെ സമൂഹത്തിലേയ്ക്ക് കടന്നുവന്നിരിക്കുകയാണ്. പടിഞ്ഞാറൻ നാടുകളിൽ പഞ്ചനക്ഷത്ര ലോഡ്ജുകളിൽ അച്ഛനമ്മമാരെ താമസിപ്പിച്ച് ആയമാരെ വച്ച് നോക്കുന്നുണ്ട്. പിതൃത്വം നൽകിയ അച്ഛന്റെയും പെറ്റമ്മയുടെയും സ്നേഹവാൽസല്യങ്ങൾ ഏറ്റുവാങ്ങിയ മക്കളാണ് ഇന്ന് അവരെ അനാഥരാക്കി മാറ്റുന്ന തരത്തിലുള്ള സമീപനം കാണിക്കുന്നത്. മന:സാക്ഷി ഉണരേണ്ടതാണ്. അതിനനുസരിച്ചുള്ള സഹായങ്ങൾ നമ്മുടെ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതുണ്ട്. പ്രായമായവർക്ക് ആയുർവേദ മരുന്നുകൾ വ്യാപകമായി എത്തിച്ചുകൊടുക്കാനുള്ള സംവിധാനം ആരോഗ്യ വകുപ്പുമായി ബന്ധപ്പെടുത്തിക്കൊണ്ട് ചെയ്യേണ്ടതുണ്ട്. കുഴമ്പ്, എണ്ണ തേച്ചുകുളി

ക്കാനുള്ള സൗകര്യങ്ങൾ തുടങ്ങിയവ ഇവർക്ക് ലഭിക്കേണ്ടതുണ്ട്. ട്രഷറികളിൽ ഇരിക്കാനുള്ള സ്ഥലമില്ലാതെ എങ്ങനെയെങ്കിലും പെൻഷൻ കിട്ടി വീട്ടിലേയ്ക്ക് പോകാൻ ബുദ്ധിമുട്ടുന്നവരെ ട്രഷറിയുടെ മുന്നിൽ കാണാൻ കഴിയും. ട്രഷറികൾ പലപ്പോഴും കെട്ടിടത്തിന്റെ ഒന്നാം നിലയിലോ രണ്ടാം നിലയിലോ ആണ് പ്രവർത്തിക്കുക. ഇപ്പോൾ പെൻഷൻ പറ്റിയ 58–60 വയസ്സുള്ളയാൾക്ക് ബുദ്ധിമുട്ടില്ലെങ്കിൽപ്പോലും പ്രായം ചെന്നവർ വലിയ പ്രയാസം അനുഭവിക്കുന്നൊരു സാഹചര്യം ഇതുകാരണമുണ്ട്. അത് പരിഹരിക്കപ്പെടേണ്ടതാണ്. നമ്മുടെ പഞ്ചായത്തുമായി ബന്ധപ്പെട്ട കാര്യം പറയാം. അവിടെ അസിസ്റ്റന്റ് സെക്രട്ടറിമാരെ നിയമിച്ചിട്ടുണ്ട്. അതൊരു നല്ലകാര്യമാണ് എന്നാൽ അവർക്ക് പ്രത്യേകമായ ജോലി തിട്ടപ്പെടുത്തി കൊടുത്തിട്ടില്ല. പഞ്ചായത്തിന്റെ പ്രവർത്തനത്തിന് സൗകര്യപ്രദമായ രീതിയിൽ ഇന്നതാണ് അവരുടെ ചുമതല എന്ന് തിട്ടപ്പെടുത്തേണ്ടതുണ്ട്. ക്ഷേമപെൻഷനുമായി ബന്ധപ്പെട്ട് പറയുമ്പോൾ വിധവ പെൻഷൻ, വാർദ്ധ്യകാല പെൻഷൻ, അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ എന്നിവ ഏറ്റവും ചുരുങ്ങിയത് ഇന്നത്തെകാലത്ത് ആയിരം രൂപയാക്കേണ്ടതാണ്. അക്കാര്യം ഗൗരവപൂർവ്വം ഗവൺമെന്റ് പരിഗണിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. ക്ഷീര വികസനവുമായി ബന്ധപ്പെട്ട് ശ്രീ. ജെയിംസ് മാത്യു ഇവിടെ സൂചിപ്പിച്ചതുകൊണ്ട് ഞാൻ വിശദമായി പറയുന്നില്ല. പാലിന്റെ ഗുണമേൻമയെക്കുറിച്ച് ഒരു പഠനം ഇവിടെ നടത്തേണ്ടതുണ്ട്. എന്റെ ജീവിതാനുഭവവുമായി ബന്ധപ്പെട്ട് ഞാൻ ഒരു കാര്യം പറയാം. ഞാൻ കുറേ വർഷം രക്തം തുപ്പുമായിരുന്നു. അതിന് എല്ലാവിധ ചികിത്സയും ആർ.സി.സി.യിലുൾപ്പെടെ നടത്തി നട്ടെല്ലിൽ നിന്ന് നീര് കുത്തിയെടുക്കുക തുടങ്ങിയ ഒട്ടേറെ ചികിത്സയ്ക്ക് ഞാൻ വിധേയനായി. അപ്പോൾ നാട്ടിലെ സാധാരണ വൈദ്യൻ എന്നോട് പറഞ്ഞു, ഇതൊരു

നിസ്സാര രോഗമാണ് ആട്ടിൻ പാലിൽ കോലരക്ക് വച്ച് തിളപ്പിച്ച് കുടിച്ചാൽ രോഗം മാറുമെന്ന്. ആട്ടിൻപാലിന്റെ മേന്മ നമ്മൾ മനസ്സിലാക്കേണ്ടതാണ്. കാസർഗോഡൻ, മലബാറിയൻ ആടുകളുടെ പാലിന്റെ മേന്മയാണ് അത് തെളിയിക്കുന്നത്. മിൽമ പാലിന്റെ കൂടെ ഇത് കടത്തിവിടുകയും തമിഴ്നാട്ടിൽ നിന്നുള്ള പാലിൽ കൂടി മിക്സ് ചെയ്ത് വാങ്ങുന്നതിനപ്പുറത്ത് എന്താണ് പാലിന്റെ മേന്മ എന്നറിയിക്കുന്ന ഒരു സംവിധാനത്തെക്കുറിച്ച് ക്ഷീര വികസന വകുപ്പ് ആലോചിക്കേണ്ടേതാണ്. ആയുർവേദത്തിൽ ആട്ടിൻ പാലുൾപ്പെടുത്തിയ ധാരാളം ചികിത്സാ വിധികളെക്കുറിച്ച് നമുക്കറിയാം. ഞാൻ ഇത് സാന്ദർഭികമായി സൂചിപ്പിച്ചതാണ്. അതിന് ശേഷം അത്തരമൊരു രോഗം എനിക്ക് വന്നിട്ടില്ല. ചികിത്സാ സംവിധാനത്തെക്കുറിച്ച് ആട്ടിൻപാലിന്റെ മേൻമയെക്കുറിച്ച് ഒരു റിസർച്ച് നടത്തേണ്ട സംവിധാനം ഉണ്ടാക്കേണ്ടതുണ്ട്. മിൽമ നമുക്കൊരു ബാധ്യതയായി വരികയാണ്. വലിയ തോതിൽ പാലിന്റെ വില കൂട്ടുകയാണ്. എന്നാൽ ക്ഷീര കർഷകന് വില ലഭിക്കുന്നില്ല. ഇടത്തട്ട് എത്രമാത്രം പരിമിതപ്പെടുത്താൻ കഴിയുമെന്നതിനെ ക്കുറിച്ച് നമ്മൾ ആലോചിക്കേണ്ടതുണ്ട്. ഇവിടെ തന്നെ ലഭിച്ച ചോദ്യ ങ്ങൾക്ക് മറുപടിയായി ഇപ്പോഴും ആവശ്യത്തിന് പാൽ കിട്ടുന്നില്ലെന്നാണ് പറഞ്ഞത്. പാലിനും പശുവിനും വേറെ വേറെ മന്ത്രിമാരാണ്. മുന്നണി സംവിധാനത്തിൽ ഇത്തരം പ്രശ്നങ്ങൾ കടന്നു വരുമെങ്കിലും അത് എങ്ങനെ പരിഹരിക്കാൻ കഴിയുമെന്ന് തീർച്ചയായും ആലോചിക്കേണ്ടുണ്ട്. എന്നാൽ മാത്രമേ ഇതിനൊരു പരിഹാരം കാണാൻ സാധിക്കുകയുള്ളൂ. കേരളത്തിലെ പശുകൾക്ക് ടി. ബി രോഗം വർദ്ധിക്കുന്നുവെന്ന പഠനം വന്നിട്ടുണ്ട്. സംസ്ഥാനത്ത് ഈ രോഗം നിയന്ത്രിക്കാൻ ശ്രമിക്കമ്പോൾതന്നെ ഇത്തരത്തി ലുള്ള പാൽ ഉപയോഗിക്കുകയും കുട്ടികൾക്ക് കൊടുക്കയും ചെയ്യുന്നത് വഴി

ക്ഷയ രോഗം വർദ്ധിക്കാനുള്ള സാധ്യതയുണ്ട്. പി.എം.ജി.എസ്.വൈ-യുടെ ടെണ്ടർ നടപടികൾ ത്വരിതഗതിയിൽ നടത്താൻ ഒരു ശ്രമം നടത്തണം. തീർച്ചയായും മന്ത്രി അക്കാര്യത്തിൽ നല്ല ഇടപെടൽ നടത്തിയിട്ടുണ്ട്. ക്ഷീരവികസനവുമായി ബന്ധപ്പെട്ട് നമുക്കുള്ള പോരായ്മ പരിഹരിക്കാനുള്ള സംവിധാനത്തെപ്പറ്റി ആലോചിക്കേണ്ടതുണ്ട്. തമിഴ്നാട്ടിൽ നിന്നും വരുന്ന പാലിനെയും. തൈരിനേയും മോരിനെയുംകുറിച്ച് നമുക്കറിയാം. അത്തരം തൈരിൽ പാലിന്റെ അംശം പോലുമില്ല. ന്യൂസ് പ്രിന്റുപയോഗിച്ച് ഉണ്ടാക്കുന്ന തൈരാണ് ഇങ്ങോട്ട് വരുന്നത്. തെങ്ങിൻ കള്ളില്ലാത്ത കള്ള് വിൽപ്പന നടത്തുന്നത് പോലെ പാലില്ലാത്ത തൈരാണ് നമുക്ക് ലഭിക്കുന്നത്. അതാണ് ഹോട്ടലുകളിലും മറ്റു മേഖലകളിലും ഉപയോഗിക്കുന്നത്. ഇതിനൊരു അവസാനമുണ്ടാക്കിയില്ലെങ്കിൽ മരാക രോഗങ്ങൾ ഇതിന്റെ ഫലമായി ഉണ്ടാകുമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. വികസനവും കരുതലും എന്ന മുദ്രാവാക്യമുയർത്തിക്കൊണ്ടാണ് ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് ഇവിടെ അധികാരമേറ്റത്. വികസനവും കരുതലിനോടൊപ്പം തന്നെ സാമൂഹ്യ നീതി വകുപ്പിന്റെ കീഴിൽ പാവപ്പെട്ട ആളുകൾക്ക് ക്ഷേമപ്രവർത്തനങ്ങൾ നടത്താൻ സാധിച്ചു. എന്റെ ബഹുമാന്യ സുഹൃത്ത് ഡോ.എം. കെ. മുനീർ ഈ വകുപ്പിന്റെ ചുമതലയേറ്റശേഷം സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള പല പദ്ധതികളും പാവപ്പെട്ട ആളുകൾക്ക്... ഉദാഹരണത്തിന് 18 വയസ്സിൽ താഴെയുള്ളവർക്കുള്ള

ക്യാൻസർ സുരക്ഷ പദ്ധതി. ജന്മനായുള്ള ഹൃദയ വൈകല്യങ്ങൾ, ജനിതക രോഗങ്ങളും മറ്റ് ഗുരുതരമായ രോഗങ്ങളുള്ളവർക്കുമുള്ള താലോലംപദ്ധതി– ഈ ഗവൺമെന്റ് വന്നതിന് ശേഷം 8276 ആളുകൾക്ക് ഇതിന്റെ ചികിത്സ ലഭ്യമാക്കുവാൻ സാധിച്ചിട്ടുണ്ട്. പാവപ്പെട്ടവരുടെ സംസാരിക്കാൻ കഴിയാത്ത തും ചെവികേൾക്കാൻ കഴിയാത്തതുമായ മക്കൾക്ക് സംസാരശേഷി തിരിച്ചു കിട്ടുന്ന ശ്രുതി തരംഗം പദ്ധതി. ഈ ഗവൺമെന്റ് വന്നതിന് ശേഷം പത്ത് കോടി രൂപ ചെലവിഴിച്ചുകൊണ്ട് 402 ഓളം ആളുകൾക്ക് വിജയകരമായി ഓപ്പറേഷൻ നടത്തുകയും തുടർന്ന് അതിന്റെ ഫോളോ അപ് സാമൂഹ്യ നീതി വകുപ്പിന്റെ കീഴിൽ നടത്തുകയും ചെയ്യുന്നു. ഇന്ത്യയ്ക്കാകെ മാതൃകയായ ഒരു പദ്ധതിയായി അത് മാറിയിരിക്കുകയാണ്. മാനസിക ശാരീരിക വെല്ലുവി ളികൾ നേരിടുന്നവർക്ക്, ഓട്ടിസം പോലുള്ള രോഗം കൊണ്ട് കിടപ്പിലായ വർക്ക് ആശ്വാസ കിരണം പദ്ധതി. ഈ പദ്ധതി പ്രകാരം ആദ്യം 400 രൂപ യാണ് കൊടുത്തുകൊണ്ടിരുന്നത് പിന്നീട് അത് 525 രൂപയായി വർദ്ധിപ്പിച്ചു. ഇപ്പോൾ 57,000 ത്തോളം ആളുകൾക്ക് ആശ്വാസ കിരണം പദ്ധതിയിൽ നേട്ടങ്ങളുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. സ്നേഹ സ്പർശം പദ്ധതി–അവിവാഹി തരായ അമ്മമാർക്ക് മാസം തോറും 1,000 രൂപ കൊടുക്കുന്ന പദ്ധതി. ഒരു ഗവൺമെന്റ് പാവപ്പെട്ടവർക്ക് വേണ്ടി എന്ത് ചെയ്യുന്നു, എങ്ങനെ അവരുടെ കാര്യങ്ങൾ നോക്കുന്നു എന്നുള്ളതിന് ഉദാഹരണമായാണ് ഞാൻ ഇതിനെ കാണുന്നത്. വയോമിത്രം പദ്ധതി ഇപ്പോൾ കോർപ്പറേഷനിലും മുനിസിപ്പാലി റ്റിയിലും മാത്രമാണ് നടപ്പാക്കികൊണ്ടിരിക്കുന്നത് ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ഇ. കെ. വിജയൻ സൂചിപ്പിച്ചതു പോലെ വയോമിത്രം പദ്ധതി പഞ്ചായ

ത്തുകളിലുംകൂടി വ്യാപിപ്പിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. സമാശ്വാസം പദ്ധതി–വൃക്ക തകരാറുമൂലം ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ. രോഗികൾക്ക് ആദ്യം 525 രൂപയായിരുന്നു ഈ ഗവൺമെന്റ് നൽകിയിരുന്നത്. പിന്നീട് അത് മാസം 900 രൂപയായി വർദ്ധിപ്പിച്ചു. കഴിഞ്ഞ ബഡ്ജറ്റിൽ 1,100 രൂപയായി വർദ്ധിപ്പിച്ചതായി പ്രഖ്യാപനം നടത്തിയിരുന്നു. എന്നാൽ അതിന് അവശ്യമായ തുക കാണുന്നില്ല അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയോട് അതിനാവശ്യമായ നടപടി സ്വീകരിച്ച് പണം ലഭ്യ മാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നുകൂടി പറയാൻ ആഗ്രഹിക്കു കയാണ്.

അതുപോലെ സാമൂഹ്യസുരക്ഷാ മിഷനും മലബാർ ഗോൾഡും 25,000 രൂപ വീതം 50,000 രൂപ കൊടുക്കുന്ന വിവാഹ ധനസഹായ പദ്ധതി, അത് ഒന്നു കൂടി വിപുലീകരിക്കണം. ആ പദ്ധതിയിലൂടെ കൂടുതൽ ആളുകൾക്ക് ധനസഹായം എത്തിക്കുന്നതിനുള്ള നടപടികളുണ്ടാകണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയുവാനുള്ളത്. സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള 41 പദ്ധതികളിൽ 34 പദ്ധതികളെക്കുറിച്ച് ഇതിൽ പറയുന്നുണ്ട്. ഈ സഭയിലിരിക്കുന്ന ഞാനടക്കമുള്ള ജനപ്രതിനിധികൾക്ക് ഈ 34 പദ്ധതി കളിൽ ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെന്ന് അറിയാൻ സാധിക്കു ന്നില്ല. അതുപോലെ ഇത് ജനങ്ങളുടെ കൈയിൽ എത്തുന്നില്ല. നിരവധി പദ്ധതികളിൽ ധാരാളം കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവുമൊക്കെ ചെലവഴിക്കപ്പെടുന്നുണ്ട്. പാവപ്പെട്ടവരുടെ ഉന്നമനത്തിനുവേണ്ടി പല പദ്ധതി കളുണ്ട്. 34 പദ്ധതികൾ ഈ ബുക്ക് പ്രകാരം തന്നെയുണ്ട്. എല്ലാ ഗ്രാമപ

ഞ്ചായത്തുകളിലും പഞ്ചായത്ത് മെമ്പർമാരെയും സന്നദ്ധസംഘടനകളെയും പൊതുജനങ്ങളെയും വിളിച്ചുവരുത്തി സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ഇത്തരം പദ്ധതികളെക്കുറിച്ച്, കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ ചെയ്യുന്ന പദ്ധതികളെക്കുറിച്ച് ബോദ്ധ്യപ്പെടുത്തുവാനുള്ള ക്ലാസുകൾ അല്ലെങ്കിൽ ബോധവത്ക്കരണം നടത്തണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് സൂചിപ്പിക്കുവാനുള്ളത്. പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം വിവാഹ രജിസ്ട്രേഷൻ......, മലബാർ തുടങ്ങിയ പ്രദേശങ്ങളിൽ കല്യാണം കഴിഞ്ഞാൽ ഉടൻ തന്നെ ഗൾഫിലേയ്ക്ക് പോകും. ഭാര്യയെ കൊണ്ടുപോകാൻ വിവാഹ സർട്ടിഫിക്കറ്റ് വേണം. അത് ലഭ്യമാകണമെങ്കിൽ ഭർത്താവുമൊന്നിച്ച് രജിസ്റ്ററിൽ ഒപ്പിടണം. ഭർത്താവ് പെട്ടെന്ന് പോയിട്ടുണ്ടാകും അല്ലെങ്കിൽ ഒന്നു രണ്ടു ദിവസമേ ഉണ്ടാകുകയുള്ളൂ. വ്യാഴാഴ്ച അവിടെ നിന്ന് വന്ന്, വെള്ളിയാഴ്ച കല്യാണം കഴിഞ്ഞ് ശനിയും ഞായറും ഒഴിവുദിവസം കഴിയുമ്പോൾ ഇവർ പോകുകയും ചെയ്യും. പിന്നീട് ഭർത്താവ് വന്ന് രജിസ്ട്രാറുടെ മുമ്പിൽ ഒപ്പിട്ടെങ്കിൽ മാത്രമേ വിവാഹ സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളൂ. അതുമൂലം വളരെ പ്രയാസമനുഭവിക്കുകയാണ്. മാത്രമല്ല അവിടെ നിന്ന് വരാൻ ആളുകൾ സാമ്പത്തികമായി വളരെയധികം പ്രയാസമനുഭവിക്കുന്നുണ്ട്. ആയതുകൊണ്ട് പ്രവാസികൾക്ക് ഇതിനായി ഒരു ബദൽ സംവിധാനം കണ്ടെത്തിയാൽ തരക്കേടില്ല. ഒന്നുകിൽ വീഡിയോ കോൺഫറൻസിംഗ് വഴിയോ അല്ലെങ്കിൽ മറ്റേതെങ്കിലും സംവിധാനത്തിൽകൂടിയോ വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടിയുണ്ടാകണം. ഇത് ഇ-ഗവേണൻസിന്റെ കാലമാണ്. ഇതിനൊക്കെ ഒരു പരിഹാരം കാണുവാൻ സാധിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. വാർഡ് തലങ്ങളിൽ

ഇ–സേവാ കേന്ദ്രം തുടങ്ങണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് നിർദ്ദേശിക്കുവാനുള്ളത്.

ശ്രീ. പി. ഉബൈദുള്ള: സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ വിവാഹ സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് സംസാരിച്ചുകൊണ്ടിരുന്നത്. 6 മാസം കഴിഞ്ഞാൽ വിവാഹ സർട്ടിഫിക്കറ്റ് ലഭിക്കണമെങ്കിൽ ഡി.ഡി.പി. ഓഫീസിൽ പോകണം. ഡി.ഡി.പി. ഓഫീസിൽ എത്തണമെങ്കിൽ തന്നെ ആർ.ഡി. ഓഫീസ് മുഖേന അപേക്ഷ നൽകണം. അങ്ങനെ നിരവധി ദിവസ ങ്ങൾ ഡി.ഡി.പി. ഓഫീസിലും മറ്റും കയറിയിറങ്ങണം. വിവാഹ സർട്ടിഫി ക്കറ്റിന്റെ ഈ ചെറിയ കാര്യത്തിൽപ്പോലും വളരെ സങ്കീർണ്ണമാണ്. ശ്രീ. പി. കെ. ബഷീർ പറഞ്ഞതുപോലെ, എല്ലാം ഇ–ഗവേണൻസ് പദ്ധതിയിലൂടെ നടപ്പിലാക്കിയതോടു കൂടി വിവാഹ സർട്ടിഫിക്കറ്റുകൾക്കു വേണ്ടി ഇത്രയ ധികം ദിവസങ്ങൾ ഓഫീസിൽ കയറിയിറങ്ങേണ്ട സ്ഥിതി ഒഴിവാക്കണം. വിവാഹ സർട്ടിഫിക്കറ്റ് കൊടുക്കാനുള്ള അധികാരം അതാത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും മുനിസിപ്പൽ സെക്രട്ടറിമാർക്കും നൽകു ന്നതിനുവേണ്ടിയുള്ള തീരുമാനമെടുക്കണം. അതിൽ ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായമെന്താണ്?

ശ്രീ. പി. കെ. ബഷീർ: സർ, അതുതന്നെയാണ് ഞാൻ പറഞ്ഞത്. ഈ ഡിലേ ഒഴിവാക്കണം. ബഹുമാനപ്പെട്ട പി. ഉബൈദുള്ള പറഞ്ഞത് വളരെ നല്ല കാര്യമാണ്. അതിനുള്ള നടപടികളുണ്ടാകണം. ചെറിയ കാലതാമസത്തിന്റെ പേരിൽ ആർ.ഡി. ഓഫീസിൽ അപേക്ഷ നൽകി ഡി.ഡി.പി. മുഖാന്തിരം വരു മ്പോഴുള്ള പ്രയാസമധികമാണ്. മുമ്പ് ജനന സർട്ടിഫിക്കറ്റിന്റെ കാര്യവും ഇത് പോലെയായിരുന്നു. ഗവൺമെന്റ് സേവനങ്ങൾ സാധാരണക്കാരന്

വളരെ എളുപ്പത്തിൽ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുന്ന ഈ ഗവൺമെന്റ്, ഇക്കാര്യത്തിൽ കൂടി അടിയന്തിര നടപടിയുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇ–സേവാ കേന്ദ്രം തുടങ്ങാൻ പഞ്ചായത്തുകളെ ഏൽപ്പിച്ചാൽ മതിയാകും. ഇ–സേവാ കേന്ദ്രം ഒരു വാർഡിൽ തുടങ്ങാൻ 50,000 രൂപയേ പഞ്ചായത്തിന് ചെലവ് വരികയുള്ളൂ. അങ്ങനെ വരുമ്പോൾ ഓൺലൈൻ മുഖാന്തിരം റേഷൻ കാർഡ്, പാസ്പോർട്ട്, മറ്റുള്ള എല്ലാ ഗവൺമെന്റ് സംവിധാനങ്ങളും ഓൺലൈനിലൂടെ അപേക്ഷിക്കാം. ഒരു നിശ്ചിത ഫീസ് വാങ്ങിയാൽ മതി. അക്ഷയ കേന്ദ്രങ്ങളിലും മറ്റു കേന്ദ്രങ്ങളിലും തോന്നിയ ഫീസാണ് ഈടാക്കുന്നത്. ഇവിടെ ഒരു നിശ്ചിത ഫീസ് കണക്കാക്കി പഞ്ചായത്തിന്റെ അധീനതയിൽ ഇ–സേവാ കേന്ദ്രങ്ങൾ തുടങ്ങുകയാണെങ്കിൽ വളരെയധികം പ്രയോജനവും അതിൽ നിന്നും കിട്ടുന്ന ഫീസിൽ നിന്ന് അവിടെയുള്ള കുടുംബശ്രീ മെമ്പർമാരെയോ ഐ.ടി. വിദ്യാഭ്യാസ യോഗ്യതയുള്ള ആളുകളെയോ ആ ചുമതല ഏൽപ്പിച്ചാൽ ഇത് വളരെ ഭംഗിയായി നടക്കും. പൈലറ്റ് പ്രോജക്ട് എന്ന നിലയ്ക്ക് ഏറനാട് നിയോജകമണ്ഡലത്തിലെ 7 പഞ്ചായത്തുകളുടെ പഞ്ചായത്ത് പ്രസിഡന്റുമാരും സെക്രട്ടറിമാരും ഇത്തരത്തിൽ ഒരു പദ്ധതി ഏറ്റെടുക്കാൻ തയ്യാറാണ്. അതിന് ഗവൺമെന്റ് അനുമതി കൊടുത്താൽ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്ന് ഒരു വാർഡിലേയ്ക്ക് 50000 രൂപ നീക്കിവച്ച് ഇതുപോലുള്ള സേവാ കേന്ദ്രങ്ങൾ തുടങ്ങാൻ തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ ഒരു അനുകൂല നിലപാട് സ്വീകരിക്കണമെന്നാണ് പറയുവാനുള്ളത്. നമ്മുടെ നാട്ടിൽ കുറേ ചൈൽഡ് വെൽഫയർ കമ്മിറ്റികളുണ്ട്. എന്താണ് ഈ ചൈൽഡ് വെൽഫയർ കമ്മിറ്റികളുടെ അധികാരം?

എന്താണ് സോഷ്യൽ ജസ്റ്റിസ് കമ്മിറ്റികളുടെ അധികാരം? മലപ്പുറത്തെ ഒരു ചൈൽഡ് വെൽഫയർ കമ്മിറ്റി ചെയർമാന്റെ കാറിന്റെ ബോർഡിൽ ചെയർമാൻ, സോഷ്യൽ ജസ്റ്റിസ് കമ്മിറ്റി എന്നാണ് പ്രദർശിപ്പിച്ചിട്ടുള്ളത്. ചൈൽഡ് വെൽഫയർ കമ്മിറ്റിയുടെ ചെയർമാന് എങ്ങനെ സോഷ്യൽ ജസ്റ്റിസ് കമ്മിറ്റിയുടെ ബോർഡ് വയ്ക്കാനാകും? അതിന്റെ ഫോട്ടോ എന്റെ കൈവശമുണ്ട്. അദ്ദേഹം ഒന്നാം ക്ലാസ് മജിസ്ട്രേറ്റിന്റെ അധികാരമുള്ളയാ ളാണെന്ന് പത്രത്തിൽ വാർത്ത കൊടുക്കും. ഏതെങ്കിലും പരാതി സ്വീകരിച്ചിട്ട് പരാതിക്കാരനോട് വരാൻ പറയും അല്ലെങ്കിൽ എതിർകക്ഷിയെയും വിളിച്ച് ഇവരോട് നെഗോഷിയേഷൻ നടത്തുന്ന ഒരു ഏർപ്പാട് ഇപ്പോൾ മലപ്പുറത്ത് നടക്കുന്നുണ്ട്. അതുകൊണ്ട് മലപ്പുറത്തെ ചൈൽഡ് വെൽഫയർ കമ്മിറ്റി യുടെ ചെയർമാന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഒരു സമഗ്ര അന്വേഷണം നടത്തണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് സൂചിപ്പിക്കുവാനുള്ളത്. ഇവർക്ക് എന്തൊക്കെ അധികാരമാണുള്ളത്? ക്വാളിഫിക്കേഷനുള്ള; ഉത്തരവാദിത്വപ്പെട്ടവരെ ഈ സ്ഥാനങ്ങളിൽ നിയമിക്കണമെന്നാണ് ബഹുമാ നപ്പെട്ട മന്ത്രിയോടും ഗവൺമെന്റിനോടും പറയാനുള്ളത്. ഓരോരുത്തർക്കും കിട്ടുന്ന അധികാരം...., എം.എൽ.എ. യ്ക്കാണെങ്കിലും ജനപ്രതിനിധികൾക്കാ ണെങ്കിലും ചോദ്യം ചെയ്യാം. ഇത് ഒന്നാം ക്ലാസ് മജിസ്ട്രേറ്റിന്റെ അധികാര മുണ്ടെന്ന് പത്രത്തിൽ കൊടുക്കുക, ബന്ധപ്പെട്ട കക്ഷികളെ വിളിക്കുക, ആളു കളെ ഓഫീസിൽ വിളിച്ചുവരുത്തുക ഇങ്ങനെ നിരവധി പരാതികൾ സോഷ്യൽ ജസ്റ്റിസ് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ലഭിച്ചിട്ടുണ്ട്. എന്നാൽ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. അതിനാൽ ഇത്തരം സ്ഥാനങ്ങളിൽ ഉത്തരവാദി ത്വപ്പെട്ട; സുതാര്യമായ ആളുകളെ വയ്ക്കണം. മലപ്പുറത്തെ ചൈൽഡ് വെൽഫയർ കമ്മിറ്റിയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഗവൺമെന്റ്

അന്വേഷിച്ച് നടപടിയെടുക്കണമെന്നാണ് പറയുവാനുള്ളത്. ഗ്രാമവികസന വകുപ്പിനെക്കുറിച്ച് ശ്രീ. എം. എ. വാഹീദ് സൂചിപ്പിച്ചതുപോലെ, ശ്രീ. കെ. സി. ജോസഫ് ഈ വകുപ്പിന്റെ മന്ത്രിയായതിനുശേഷം ഒരുപാട് നേട്ടങ്ങളുണ്ടായിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയുടെ പറയുകയാണെങ്കിൽ, കഴിഞ്ഞ ഗവൺമെന്റിന്റെ കാര്യങ്ങളാണ് നിങ്ങൾ വിലയിരുത്തുന്നതെന്ന് ശ്രീ. ജെയിംസ് മാത്യു പറഞ്ഞത്. രണ്ടുകാര്യങ്ങൾ വിലയിരുത്തണമെങ്കിൽ കഴിഞ്ഞ ഗവൺമെന്റിന്റെയും ഈ ഗവൺമെന്റിന്റെയും കാര്യങ്ങൾ വിലയിരുത്തുമ്പോഴല്ലേ നേട്ടങ്ങൾ കണക്കാക്കാൻ പറ്റുകയുള്ളൂ. 2010-11–ൽ 100 ദിവസം തൊഴിൽ ലഭ്യമായ കുടുംബങ്ങൾ 72341 ആയിരുന്നു. 2013-14–ൽ 4,65,000 കുടുംബങ്ങൾക്കാണ് തൊഴിൽ ലഭ്യമായത്. അതുപോലെ പി.എം.ജി. എസ്.വൈ. വർക്കുകൾ, എത്ര വർക്കുകളാണ് ടെണ്ടർ എക്സസ് കൊടുക്കാത്തതുമൂലം നിന്നുപോയത്. ഈ ഗവൺമെന്റ് വന്നതിനുശേഷം 10% ടെണ്ടർ എക്സസ് കൊടുത്തു, പിന്നീട് അത് 30% ആക്കി. മുമ്പ് നൽകിയ പദ്ധതികൾ നടപ്പിലാകാതെ വന്നപ്പോൾ കഴിഞ്ഞ യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് പകരം പുതിയ പദ്ധതി നൽകുകയും അതിന് അംഗീകാരം ലഭ്യമാക്കുകയും ചെയ്ത ബഹുമാനപ്പെട്ട മന്ത്രിയേയും ഗവൺമെന്റിനെയും ഇത്തരുണത്തിൽ അഭിനന്ദിക്കുകയാണ്. ഹാഡ പദ്ധതി കൃത്യമായി മോണിറ്റർ ചെയ്യുന്നതിനുള്ള ഒരു സംവിധാനം ഏർപ്പെടുത്തണം. ഹാഡ പദ്ധതികൾ എങ്ങനെയൊക്കെ നടപ്പിലാക്കുന്നുണ്ട്; ഏതൊക്കെ രൂപത്തിൽ വരുന്നുണ്ട്; അത് ശരിയായ വിധത്തിലാണോ; സമയത്തിന് പദ്ധതി പൂർത്തിയാകുന്നുണ്ടോ എന്ന കാര്യം കൂടി പരിഗണിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് സൂചിപ്പിക്കുവാനുള്ളത്. ഈയടുത്ത കാലത്ത് അനാഥാലയങ്ങളുടെ

കാര്യത്തെ സംബന്ധിച്ച വിഷയമുയർന്നിരുന്നു. നല്ല നിലയിൽ പ്രവർത്തിക്കുന്ന അനാഥാലയങ്ങളുണ്ട്. ആരെങ്കിലും ചെറിയ തെറ്റ് ചെയ്തെന്ന് കരുതി എല്ലാവരേയും അടിച്ചാക്ഷേപിക്കുന്ന ഒരു സംവിധാനം നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ പുതുതായി കണ്ടുവരുന്ന പ്രവണതയാണ്. നല്ല നിലയ്ക്ക് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെയും ഈ കാറ്റഗറിയിൽ ഉൾപ്പെടുത്തുന്ന രീതിയ്ക്ക് മാറ്റമുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രിമാർ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ പിന്താങ്ങിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. തോമസ് ചാണ്ടി: സർ, ഗ്രാമങ്ങളിലേയ്ക്ക് കടന്നുചെല്ലൂ അവിടെയാണ് ഇന്ത്യയുടെ ആത്മാവ് കുടികൊള്ളുന്നതെന്നാണ് മഹാത്മാഗാന്ധി പറഞ്ഞിട്ടുള്ളത്. അങ്ങുതന്നെ ഗ്രാമവികസന വകുപ്പുമന്ത്രിയായതിൽ എനിക്ക് വലിയ സന്തോഷമുണ്ട്. എന്റെ നിയോജക മണ്ഡലത്തിലെ ദയനീയാവസ്ഥ അങ്ങേയ്ക്ക് നേരിട്ട് അറിയാവുന്ന കാര്യമാണ്. ഞാൻ കഴിഞ്ഞ എട്ട് വർഷമായി നേരിടുന്ന ഏറ്റവും വലിയ പ്രശ്നം, മഴപെയ്ത് വെള്ളം ഇറങ്ങിക്കഴിഞ്ഞാൽ കിടക്കുന്ന പൊട്ടിപ്പൊളിഞ്ഞ ഗ്രാമീണ റോഡുകളും കുടിവെള്ളത്തിന്റെ കാര്യവുമാണ്. കുടിവെള്ളത്തിന്റെ കാര്യത്തിൽ ഏതാണ്ട് ഒരു പരിഹാരം ഞാൻ ഉണ്ടാക്കിയിട്ടുണ്ട് വലിയ താമസമില്ലാതെ ആ പ്രശ്നം കുട്ടനാട്ടിൽ പരിഹരിക്കപ്പെടും. ഗ്രാമീണ റോഡിന്റെ ഉത്തരവാദിത്വം ആർക്കാണെന്ന് കഴിഞ്ഞ പ്രാവശ്യം ബഹുമാനപ്പെട്ട കെ. എം. മാണിസാറിനോട് ഞാൻ ചോദിച്ചതാണ്. എം.എൽ.എ.ക്ക് ഒരു കോടി രൂപ ഫണ്ടുണ്ട്. പതിമൂന്ന് പഞ്ചായത്താണ് എന്റെ മണ്ഡലത്തിലുള്ളത്. നൂറ് ലക്ഷത്തെ പതിമൂന്ന് കൊണ്ട് ഭാഗിച്ചാൽ ഏഴോ എട്ടോ ലക്ഷത്തിന് ഇടയ്ക്ക് മാത്രമേ വരികയുള

ളൂ. ഈ പണം ഉപയോഗിച്ച് പഞ്ചായത്തിൽ റോഡ് നിർമ്മിക്കാൻ സാധിക്കുമോ? സ്കൂളുകളിൽ നിന്ന് കമ്പ്യൂട്ടർ വന്ന് ചോദിക്കും, വിദ്യാർത്ഥികൾ വേറെ പലതുംവന്ന് ചോദിക്കും, കുടിവെള്ളത്തിന് പൈപ്പിടാൻ ആള് വരും. ഈ പൈസ ഇതിനൊന്നും കൊടുക്കാൻ പറ്റില്ല. എം.എൽ.എ. ഫണ്ടിൽ നിന്ന് റോഡ് വെട്ടാൻ പറ്റില്ല. എല്ലാവരും എം.എൽ.എ.യെ വന്ന് കണ്ടാൽ മതിയെന്നാണ് പറയുന്നത്. ഈ റോഡുകളെല്ലാം ആരാണ് നന്നാക്കുന്നത്? പഞ്ചായത്ത് മെമ്പറോട് ചോദിച്ചാൽ ഞങ്ങൾക്ക് കിട്ടിയ ഒരു ലക്ഷം രൂപ ഉപയോഗിച്ച് മണ്ണ് ഒരു മൂലയ്ക്കിട്ടെന്ന് പറയും. ഈ തന്തയില്ലാത്ത റോഡുകൾക്ക് അങ്ങ് ഒരു തന്തയുണ്ടാക്കിത്തരണമെന്ന് ഞാൻ ഇവിടെ പറഞ്ഞതാണ്. ഗ്രാമ ഗ്രാമന്തരങ്ങളിൽ പൊട്ടിപ്പൊളിഞ്ഞുകിടക്കുന്ന റോഡുകൾ റിപ്പയർ ചെയ്യുന്നതിന്റെ ഉത്തരവാദിത്വം ഇപ്പോഴും ആർക്കാണെന്ന് അറിയില്ല. അങ്ങ് രാവിലെ ഇവിടെ ഒരു കാര്യം പറഞ്ഞു, തൊഴിലുറപ്പുപദ്ധതി പ്രൊഡക്ടീവല്ലായെന്ന്. ഇവിടെ പ്രസംഗിച്ച എല്ലാവരുടെയും അനുഭവം ഒന്നായിരുന്നു. സൈഡിലിരുന്ന് പുല്ല് ചെത്തി വൈകുന്നേരം കപ്പയും പുഴുങ്ങി മീൻകറിയും വച്ച് കഴിച്ച് അവരവരുടെ പാടുനോക്കി പോകും. പ്ലാനിംഗ് വകുപ്പ് അങ്ങയുടെ കയ്യിലാണല്ലോ? എന്റെ ചോദ്യം, ഈ ഗ്രാമീണ റോഡുകൾ നന്നാക്കുന്നതിന് പ്ലാൻ ചെയ്തുകൊണ്ട്, ഇതിന്റെ  ഇത്ര പെർസെന്റേജ് മെറ്റീരിയൽസ് വാങ്ങിക്കാമെന്നും മെഷിനറി കൂലിക്ക് എടുക്കാമെന്നും നിയമമുണ്ട്. പുതിയ സംവിധാനത്തിലൂടെ ഗ്രാമീണ റോഡുകളൊക്കെ റിപ്പയർ ചെയ്തുകൊണ്ട് ടാർ ചെയ്യുന്ന ജോലികൾ ചെയ്തുകൂടെ. അല്ലെങ്കിൽ ടാർ ചെയ്യണ്ട, ടാർചെയ്യുന്നത് ഞങ്ങൾ എവിടെ നിന്നെങ്കിലും ഫ്ളെഡിൽ നിന്നോ എം.എൽ.എ. ഫണ്ടിൽ നിന്നോ ചെറിയ തോതിൽ പിന്നെ ചെയ്തുകൊള്ളാം. ഈ റോഡുകൾ റിപ്പയർ ചെയ്യുന്ന ജോലികൾ ഒന്ന് പ്ലാൻ ചെയ്ത് നടപ്പിലാ

ക്കിയാൽ കേരളത്തിൽ വലിയ വിപ്ലവം ആയിരിക്കും അതിലൂടെ ഉണ്ടാകാൻ പോകുന്നത്. അതുമാത്രമല്ല, തൊഴിലുറപ്പ് പദ്ധതിയുടെ പ്രൊഡക്ടീവല്ലാത്ത എക്സ്പെൻസ് നിൽക്കുകയും ചെയ്യും. ഇവിടെ പി.എം.ജി.എസ്.വൈ. റോഡിനെക്കുറിച്ച് പലരും പറഞ്ഞു. ഇവിടെ ആ പ്രശ്നമെല്ലാം തീർന്നു ഇനി യൊരു കുഴപ്പവുമില്ലായെന്ന മട്ടിലാണ് ശ്രീ. എം.എ. വാഹിദ് പ്രസംഗിച്ചത് കേട്ടപ്പോൾ തോന്നിയത്. ആലപ്പുഴ ജില്ലയിൽ 28 റോഡുകൾ അനുവദിച്ചതിൽ 12 റോഡും എന്റെ മണ്ഡലത്തിലാണ്. പക്ഷേ, ഒരെണ്ണത്തിനുള്ള കോൺട്രാക്ട് പോലും ആരും പിടിച്ചിട്ടില്ല, ആരും പിടിക്കാനും പോകുന്നില്ല. ഇതിന് എന്താണ് പരിഹാരം? തമിഴ്നാട് 9712 കി.മീ റോഡ് അനുവദിച്ചതിൽ 7488 കി. മീ റോഡ് പൂർത്തിയാക്കി. കർണ്ണാടകയിൽ 16000 കി.മീ. റോഡ് അനുവദിച്ചതിൽ 15700 കി. മീ റോഡ് പൂർത്തിയാക്കി. ആന്ധ്രാപ്രദേശിൽ 17500 കി.മീ റോഡ് അനുവദിച്ചതിൽ 16800 കി.മീ. റോഡ് പൂർത്തിയാക്കി. കേരളത്തിൽ 2900 റോഡ് അനുവദിച്ചതിൽ 1200 കി.മീ. റോഡ് മാത്രമാണ് പൂർത്തിയാക്കിയിട്ടുള്ളത്. ഇതിനൊരു പരിഹാരം ഉണ്ടാകണ്ടേ? 42 ശതമാനം കൂട്ടിപ്പിടിച്ചുവെന്ന് പറഞ്ഞിട്ട് കാര്യമില്ല. എന്തുകൊണ്ട് ഇവിടത്തെ കോൺട്രാക്ടർമാർ വർക്ക് ഏറ്റെടുക്കാൻ മടിക്കുന്നു. പ്രത്യേകിച്ച് കുട്ടനാട് പോലുള്ള പ്രദേശത്ത് കോൺട്രാക്ടർമാർ ഒട്ടും വർക്ക് പിടിക്കില്ല. കാരണം, വെള്ളം പൊങ്ങികഴിഞ്ഞ് ഇറങ്ങിയാൽ റോഡ് പൊട്ടിപ്പൊളിഞ്ഞുപോകും. അതിനാൽ അഞ്ച് കൊല്ലത്തേയ്ക്ക് ഇതിന്റെ മെയിന്റിനൻസൊന്നും ജീവനിൽ കൊതിയുള്ള, കുട്ടികൾക്ക് അരി വാങ്ങിക്കണമെന്ന് ആഗ്രഹമുള്ള ഒരു കോൺട്രാക്ടർമാരാരും ഇത് കയറി പിടിക്കില്ല. അതുകൊണ്ട് അവരെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. എന്താണ് ഇതിനൊരു പരിഹാര മാർഗ്ഗമെന്ന് നമുക്ക് കൂട്ടായി

ചിന്തിക്കണ്ടേ; ഇതൊരു വലിയ സംഭവമല്ലേ; പി.ഡബ്ല്യൂ.ഡി.യുടെ കയ്യിൽ കാശില്ല; നമുക്കെല്ലാവർക്കും ആഗ്രഹമുണ്ട് നമ്മുടെ മണ്ഡലങ്ങളിൽ നല്ല റോഡ് വരണമെന്നുള്ളത്. മറ്റു സംസ്ഥാനങ്ങളിൽക്കൂടി പോകുമ്പോൾ നമ്മുടെ നാട്ടിൽ എന്നാണ് ഇതുപോലുള്ള റോഡ് വരുന്നതെന്നോർത്ത് സങ്കടം വരും. ഇപ്പോൾ ഒറീസ ഗവണമെന്റ് ഈ വർഷം ആവശ്യപ്പെട്ടിരിക്കുന്നത് 2,000 കോടി രൂപയാണ്. ഇത്രയും കാശ് തരാൻ അവിടെ ഫണ്ടുണ്ട്. ഇത് വാങ്ങിക്കാനും ചെലവാക്കാനും ഇത് പ്ലാൻ ചെയ്യാനും നമുക്കറിഞ്ഞുകൂടാതെ പോവുകയാണ്. ജാർഖണ്ഡ് സംസ്ഥാനം അതിനൂതനമായ കോൾഡ് മിക്സ് ടെക്നോളജി റോഡ് നിർമ്മാണത്തിന് അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. വെള്ളം പൊങ്ങിക്കഴിഞ്ഞ് ഇറങ്ങിയാലും റോഡ് പൊട്ടാത്ത ടെക്നോളജിയുണ്ട്. ഞാൻ ശ്രീ. മോൻസ് ജോസഫിന്റെ ഉൾപ്പെടെ പല മണ്ഡലങ്ങളിലും റബ്ബറൈസ്ഡ് ചെയ്ത റോഡുകൾ കണ്ടു. ഇവിടെ അതൊന്ന് പരീക്ഷിച്ചുകൂടെ? അത് ഇതിനകത്ത് ഉൾപ്പെടുത്തി അത് ചെയ്യത്തക്ക രീതിയിൽ നമ്മൾ അങ്ങോട്ട് ആവശ്യപ്പെടണം. നമ്മൾ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ധം ചെലുത്തണം. നേരത്തെ 8 മീറ്റർ വീതി വേണമെന്നുള്ള നിബന്ധനയുണ്ടായിരുന്നു. അത് ആറ് മീറ്ററാക്കി കുറച്ചത്, ഇപ്പോഴത്തെ സ്പീക്കറായ ശ്രീമതി സുമിത്രാ മഹാജന്റെ നേതൃത്വത്തിൽ ഒരു പന്ത്രണ്ടംഗ പാർലമെന്റിന്റെ ഡെലിഗേഷൻ കേരളത്തിൽ വന്നു. ഞാൻ കുട്ടനാട്ടിലൂടെ അവരെ ബോട്ടിലും വള്ളത്തിലും കൊണ്ട് നടന്ന് ഈ ഒരൊറ്റ വിഷയം മാത്രമേ സംസാരിച്ചുള്ളൂ. അന്നേരം ഇക്കാര്യത്തിൽ മാറ്റമുണ്ടാകുമെന്ന് ശ്രീമതി സുമിത്രാ മഹാജൻ പ്രോമിസ് ചെയ്തിട്ട് പോയതാണ്. അങ്ങനെ ആറ് മീറ്ററാക്കി. അങ്ങനെ നമ്മൾ അവരെ കൊണ്ടുവന്ന് ഇക്കാര്യങ്ങളെല്ലാം

കാണിച്ച് ബോധ്യപ്പെടുത്തി ഈ പ്രശ്നത്തിന് അടിയന്തരമായ പരിഹാരം അങ്ങ് ഉണ്ടാക്കണം. പ്ലാനിംഗും ഗ്രാമവികസനവും അങ്ങയുടെ കയ്യിലാണ്, പി.എം.ജി.എസ്.വൈ. റോഡിന്റെ എല്ലാ ഉത്തരവാദിത്വവും അങ്ങേയ്ക്കുള്ള താണ്. എങ്കിലും ഞാൻ അനുഭവിക്കുന്ന ബുദ്ധുമുട്ട് ശ്രീ. കെ. സി. ജോസഫിന് പറയാതെ മനസ്സിലാകുമെന്നുള്ളതുകൊണ്ടാണ് ഞാൻ പറഞ്ഞത്. ലോകത്തിൽ ഏറ്റവും കൂടുതൽ കൃത്രിമ പാൽ ഉത്പാദിപ്പിക്കുന്ന രാജ്യമാണ് ഇന്ത്യ. യൂറിയയും ഡിറ്റർജെന്റ് ഷാമ്പൂ എന്നിവ കലർത്തിയാണ് കൃത്രിമ പാൽ ഉത്പാദിപ്പിക്കുന്നതെന്ന കാര്യം അങ്ങേയ്ക്ക് അറിയാമോ? കേരളത്തിൽ തമിഴ്നാട്ടിൽ നിന്നും വരുന്ന പാലിൽ ഫോർമാലിൻ കലർന്നതു മൂലം ചില സ്വകാര്യ കമ്പനികളുടെ പാലിന് വിലക്ക് ഏർപ്പെടുത്തിയിരുന്നു. നമ്മുടെ അഭിമാനമായിരുന്ന മിൽമ പാലിൽ പാൽപ്പൊടി കലക്കിയതിനാൽ പ്യൂർ ആന്റ് ഫ്രഷ് എന്ന ലേബൽ കവറിൽ നിന്ന് നീക്കം ചെയ്യണമെന്ന് ജസ്റ്റിസ് ശ്രീ. സിരിജഗൻ അദ്ധ്യക്ഷനായ ഹൈക്കോടതി ഡിവിഷൻ ബെഞ്ച് വിധിച്ചിരുന്നു. ഇതിനൊക്കെ പരിഹാരമുണ്ടാക്കി, നമ്മുടെ കുഞ്ഞുങ്ങൾ നല്ല പാൽ കുടിച്ച് വളരാനുള്ള അന്തരീക്ഷം ഉണ്ടാകുകയും വേണം. ഡോ. സ്വാമി നാഥന്റെ കുട്ടനാട് പാക്കേജിന്റെ പേരിൽ ക്ഷീര വികസനത്തിന് ഫണ്ട് നീക്കി വച്ചു. ഏതായാലും കുറേ പശുക്കളെ വാങ്ങി അവിടെഇവിടെയെല്ലാം വിത രണം ചെയ്യുന്നുണ്ട്. ഇക്കാര്യങ്ങളൊന്നും എം.എൽ.എ.ക്ക് പോലും അറി യാൻ കഴിയുന്നില്ല. സ്ഥലത്തെ എം.എൽ.എ. വിതരണത്തിന് വിളിക്കു മ്പോഴാണ് ഇതുസംബന്ധിച്ച അറിയുന്നത്. ആർക്കാണ് വിതരണം ചെയ്യുന്ന ത്, എവിടെ നിന്ന് വാങ്ങിച്ച പശുവാണ്.........നമ്മുടെ നാട്ടിൽ എല്ലാ വകുപ്പുക ളിലും അഴിമതി കൊടികുത്തി വാഴുകയാണ്. നമുക്കൊന്നും ചെയ്യാൻ കഴിയില്ല. ശ്രീ. കെ. പി. മോഹനന്റെ കാലത്തെ കാര്യമൊന്നുമല്ല പറയുന്നത്.

അതിനുമമ്പുള്ള കാര്യമാണ്. ഏതായാലും അന്നും ഇന്നുമുണ്ട് വിതരണ മെല്ലാം. ആടിന്റെ വിതരണമെല്ലാം നടക്കുന്നുണ്ട്. ഇതിനെല്ലാം ഒരു ഉത്തരവാദിത്വം വേണം. എം.എൽ.എ.മാരെങ്കിലും അറിഞ്ഞിരിക്കണ്ടേ ഒരു നിയോജക മണ്ഡലത്തിൽ പശുവിനെ വിതരണം ചെയ്യുന്നത് ആർക്കാണ്, ഇതിന്റെ സിസ്റ്റം എങ്ങനെയാണ്, ഇതിന്റെ സെലക്ഷൻ എങ്ങനെയായിരുന്നു തുടങ്ങിയ കാര്യങ്ങളൊന്നും ഇവിടയിരിക്കുന്ന എം.എൽ.എ.മാർക്ക് അറിയാമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. എന്തായാലും എനിക്കറിയില്ല. കൊടുക്കുന്നൂവെന്ന് പറഞ്ഞ് ഉദ്ഘാടനത്തിന് എന്നെ വിളിച്ചപ്പോഴാണ് ഞാൻ അറിയുന്നത്. അതു കൊണ്ട് അങ്ങ് ഇതിനകത്തെല്ലാം ഇടപെട്ട് നല്ല പാൽ കിട്ടാനുള്ള ശ്രമമുണ്ടാക്കണം. പി.എം.ജി.എസ്.വൈ.യുടെ ആയിരക്കണക്കിന് കോടി രൂപ ചോദിച്ച് വാങ്ങിക്കാനുള്ള അവസ്ഥയുണ്ട്. അങ്ങ് അതിനുവേണ്ടി ശ്രമിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. മോൻസ് ജോസഫ്:</u> സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ബഹുമാനപ്പെട്ട ഗ്രാമവികസന വകുപ്പിന്റെയും ക്ഷീരവികസന വകുപ്പിന്റെയും ചുമതല വഹിക്കുന്ന ശ്രീ. കെ.സി. ജോസഫ് പഞ്ചായത്തിന്റെയും സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും വകുപ്പിന്റെയും ചുമതല വഹിക്കുന്ന ഡോ. എം. കെ. മുനീർ അവർ രണ്ടുപേരും വകുപ്പുകളുടെ പ്രവർത്തനങ്ങളെ നന്നായി പഠിക്കുവാനും വിലയിരുത്തുവാനും അതിന്റെയടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുവാനും ആത്മാർത്ഥമായി പരിശ്രമിക്കുന്നുവെന്നുള്ളത് തന്നെ രാഷ്ട്രീയത്തിനതീതമായി എല്ലാവരും അംഗീകരിക്കുന്ന വസ്തുതയാണ്. അക്കാര്യത്തിൽ പ്രത്യേകമായി അവരെ അഭിനന്ദിക്കുവാൻ അതിൽ ചാരിതാർത്ഥ്യമുണ്ടെന്ന് പറയുവാനും ഞാൻ ആഗ്രഹിക്കുക

യാണ്. എനിക്ക് തൊട്ടുമുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട പ്രിയപ്പെട്ട അംഗം ശ്രീ. തോമസ് ചാണ്ടി ഇവിടെ സൂചിപ്പിച്ച, ഗ്രാമവികസന വകുപ്പിന്റെ കീഴിൽ വരുന്ന റോഡുകളുടെ പ്രശ്നം തന്നെ രാഷ്ട്രീയത്തിനതീതമായി കേരളം ഇന്ന് ഏറ്റെടുക്കേണ്ട പ്രധാന വിഷയമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഗ്രാമവികസന വകുപ്പുമന്ത്രിയായി ശ്രീ. കെ. സി. ജോസഫ് ചുമതലയേറ്റതിനുശേഷം കേരളത്തിൽ ഇതുവരെയുണ്ടാകാത്ത വിധത്തിൽ.... പി.എം.ജി.എസ്.വൈ. പദ്ധതിയുടെ വർക്കിനെക്കുറിച്ച് നമുക്കെല്ലാവർക്കും അറിയാം. അങ്ങ് പറഞ്ഞത് ശരിയാണ് നമ്മൾ ഇപ്പോഴും ആ സ്റ്റേജിൽ നിന്നും മോചനം കിട്ടിയിട്ടില്ല. എങ്കിലും വലിയ ഒരു മാറ്റം കേരളത്തിൽ ഉണ്ടായിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. കഴിഞ്ഞകാലങ്ങളിലെല്ലാം നമുക്ക് വേണ്ടത്ര വിനിയോഗിക്കാൻ കഴിയാതിരുന്ന പി.എം.ജി.എസ്.വൈ. ഫണ്ട് സംസ്ഥാന ഗവൺമെന്റിന്റെ സപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിസാർ അടക്കം ഗ്രാമവികസന വകുപ്പുകളടക്കം, വകുപ്പുകൾ ചർച്ച ചെയ്തുകൊണ്ട്..........കേന്ദ്ര ഗവൺമെന്റ് തരുന്ന പണം കൊണ്ട് മാത്രം ഇവിടെ ടെൻഡർ ചെയ്താൽ ഇവിടെ ആരും വർക്ക് എടുക്കില്ല. ആ സ്ഥിതിക്ക് മാറ്റം വരുത്തികൊണ്ടാണ് സംസ്ഥാന ഗവൺമെന്റ് അഡീഷണലായി വരുന്ന തുകകൂടി കൊടുത്തുകൊണ്ട് ഇപ്പോൾ ഏർപ്പെടുത്തിയ പുതിയ സിസ്റ്റം ഒരുപരിധിവരെ പ്രശ്നപരിഹാരത്തിന് സഹായിച്ചിട്ടുണ്ടെങ്കിലും അങ്ങ് ചൂണ്ടിക്കാണിച്ചത് വസ്തുതയാണ്. ഒരുപിടി റോഡുകൾ ഇപ്പോഴും മുടങ്ങി കിടക്കുകയാണ് അതിനുകൂടി പരിഹാരം ഉണ്ടാക്കുകയെന്നുള്ളത് ഗവൺമെന്റ് പ്രയോറട്ടൈസ് ചെയ്യേണ്ട കാര്യമാണ്. പി.എം.ജി. എസ്.വൈ.യുടെ കാര്യത്തിലും അല്ലെങ്കിൽ എട്ട്മീറ്റർ ആറ് മീറ്റർ എന്ന നിലയിൽ നിൽക്കുന്ന റോഡുകളല്ലാതെ നിരവധിയായ റോഡുകളുടെ പ്രശ്നം

ഇവിടെ അവശേഷിക്കുകയാണ്. പഞ്ചായത്ത് വകുപ്പും ഗ്രാമവികസന വകുപ്പും സംയുക്തമായി പരിശോധിക്കേണ്ട വിഷയമാണ്. ഗവൺമെന്റ് പ്രത്യേകമായി മുൻഗണന കൊടുക്കേണ്ട വിഷയമാണ്. 676 എന്ന നിലയിൽ ഇപ്പോൾ ഗവൺമെന്റ് ഒരു സ്കീം പ്രഖ്യാപിച്ചപ്പോൾ സത്യത്തിൽ കേരള ത്തിൽ പ്രധാനപ്പെട്ട വികസന കാര്യങ്ങളെക്കുറിച്ച് ചിന്തിക്കുമ്പോൾ ഏറ്റവും കൂടുതൽ ഗ്രാമീണ ജനതയുടെ ജീവിതവുമായി ബന്ധപ്പെട്ട് നിൽക്കുന്ന പ്രശ്നങ്ങളിൽ തകർന്നുകിടക്കുന്ന റോഡുകളെന്നത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. അങ്ങ് റബ്ബറൈസ്ഡ് റോഡുകളടക്കമുള്ള കാര്യങ്ങൾ പറഞ്ഞു. നമുക്ക് വീതി കൂടിയ പ്രധാന റോഡുകളിലാണ് അത് ചെയ്യാൻ പറ്റുന്നത്. പക്ഷേ ഗ്രാമീണ റോഡുകൾക്ക് എന്തും ചെയ്യാം. തന്തയില്ലാത്ത റോഡു കളെന്ന പദ പ്രയോഗം അങ്ങ് നടത്തുകയുണ്ടായി. സത്യത്തിൽ അതിന് തന്ത യുണ്ടെന്നുള്ളതാണ്. പഞ്ചായത്ത് രാജ് ആക്ട് പ്രകാരം അതിന് തന്തയുണ്ട്. പഞ്ചായത്തുകൾക്ക് അധികാരം പങ്കുവച്ചിട്ടുണ്ട്. പക്ഷേ, പ്രശ്നം തന്തയുണ്ടെ ങ്കിലും ഫണ്ടില്ലായെന്നുള്ളതാണ് പ്രശ്നം. ഇത് എം.എൽ.എ.യെ കൊണ്ട് പരിഹരിക്കാനോ പഞ്ചായത്തിനെകൊണ്ട് പരിഹരിക്കാനോ പറ്റില്ല. ഈ ഒരു സ്ഥിതിവിശേഷം നിൽക്കുകയാണ്. അങ്ങ് കുട്ടനാടിന്റെ കാര്യം പറഞ്ഞു. എനിക്ക് ആ കാര്യത്തിൽ വൈകാരികമായ ബന്ധം ആ മണ്ഡലവുമായി ബന്ധപ്പെട്ട് നിൽക്കുകയാണ്. എന്റെ ഭാര്യയുടെ വീട് കുട്ടനാടെന്ന നിലയിൽ ആ പ്രദേശത്തിന്റെ വികാരം പൂർണ്ണമായി ഉൾകൊണ്ടുകൊണ്ട് പറയട്ടെ കരഭൂമിയുമായി ബന്ധപ്പെട്ടാണ് നിൽക്കുന്നതെങ്കിലും......എല്ലാ പ്രദേശ ത്തെയും വികാരങ്ങൾ, മണ്ഡലം മാത്രമല്ലല്ലോ ഓരോ പ്രദേശങ്ങളും

പരിശോധിക്കണം. കരഭൂമിയുണ്ട്, കായൽ ഭൂമിയുണ്ട് എല്ലാ പ്രദേശവുമുണ്ട് റോഡ് എല്ലായിടത്തും ഒരുപോലെയാണ്.

എല്ലാ സ്ഥലത്തും റോഡ് തകർന്നുകിടക്കുന്ന സ്ഥിതിവിശേഷമാണ്. ഗവൺമെന്റ് ഇക്കാര്യത്തിൽ ഒരു സ്പെഷ്യൽ പാക്കേജിന് രൂപം കൊടുക്കണമെന്ന ആവശ്യം ഞാൻ മുന്നോട്ടുവയ്ക്കുകയാണ്. നിരവധി കാര്യങ്ങൾക്ക് ഗവൺമെന്റ് മുൻഗണന കൊടുക്കുന്നുണ്ട്. എന്തുകൊണ്ടാണ് ഈ വിഷയം ഇങ്ങനെ അവഗണിക്കുന്നത്? ഇക്കാര്യത്തിൽ നാഥനില്ലാത്ത ഒരവസ്ഥയാണ്. ഫണ്ടിന്റെ കാര്യത്തിൽ ഒരു തീരുമാനമുണ്ടാകുന്നത് ആവശ്യമാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ ഒരു സ്പെഷ്യൽ പാക്കേജ് ക്യാബിനറ്റ് തന്നെ ആലോചിക്കണം. രണ്ട് വകുപ്പുകളിലേയും മന്ത്രിമാർ സംയുക്തമായി ആലോചിച്ച് ഒരു പ്രോജക്ട് മുന്നോട്ടുകൊണ്ടുവരണം. ഇത് കേരളമൊട്ടാകെ ജില്ല തിരിച്ച് പരിശോധിച്ച് വീതി ബാധകമല്ലാത്ത വിധത്തിൽ ഒരു പാക്കേജിന് രൂപം കൊടുക്കണം. യു.ഡി.എഫ്. ഗവൺമെന്റ് കേരളത്തിലെ ജനങ്ങൾക്കുവേണ്ടി ചെയ്യുന്ന ഏറ്റവും വലിയ കാര്യമായിത്തന്നെ വരുമെന്ന കാര്യത്തിൽ സംശയമില്ല. അതുപോലെ ക്ഷീരവികസന വകുപ്പുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ജെയിംസ് മാത്യു ഇവിടെ വിമർശനാത്മകമായി കാര്യങ്ങൾ പറഞ്ഞു. അതുമായി ബന്ധപ്പെട്ട് ഒന്നുരണ്ട് കാര്യങ്ങൾ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ കുളമ്പുരോഗത്തിന്റെ പ്രശ്നമുണ്ടായപ്പോൾ ഗവൺമെന്റ് കാര്യക്ഷമമായി ആ വിഷയത്തിൽ ഇടപെട്ടു. പ്രതിരോധ പ്രവർത്തനങ്ങൾക്കും കൃഷിക്കാരെ സഹായിക്കാനും ആത്മാർത്ഥമായി ഗവൺമെന്റ് മുന്നോട്ടുവന്നിട്ടുണ്ട്. അതിന്റെ ഭാഗമായി കൃഷിക്കാരെ സഹായിക്കാൻ

നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്പോഴും നിരവധി പ്രശ്നങ്ങൾ ഈ രംഗത്ത് നിലനിൽക്കുന്നു എന്നുള്ളത് വസ്തുതയാണ്. ക്ഷീരമേഖലയുടെ പുരോഗതിക്കുവേണ്ടി ഗവൺമെന്റ് പരിശ്രമിക്കുമ്പോഴും പാലിന്റെ ഗുണനിലവാര പരിശോധനയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കൂടുതൽ ഫലപ്രദമായ ഇടപെടലുകൾ ആവശ്യമാണ്. ഫുഡ് സേഫ്റ്റിയുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ ക്ഷീരവികസന വകുപ്പുമായി സംയോജിപ്പിച്ചുകൊണ്ട് പ്രായോഗികമായി ചെയ്യാൻ കഴിയുന്നില്ല. ഈ പ്രശ്നം പരിഹരിക്കേണ്ടത് ആവശ്യമാണ്. ഇവിടെ ഗുണനിലവാരമില്ലാത്ത പാൽ വിൽപ്പന നടത്തിയാൽ ഒരു കുഴപ്പവുമില്ല. ഇതിന് പരിഹാരമുണ്ടാക്കാൻ കഴിയണമെങ്കിൽ ശക്തമായ ഇടപെടൽ വേണം. ഫുഡ് സേഫ്റ്റിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ വകുപ്പിന് ഇടപെടാൻ കഴിയുന്ന വിധത്തിൽ ഗവൺമെന്റ് നടപടി സ്വീകരിക്കേണ്ടതായിട്ടുണ്ട്. മിൽമ 26 രൂപയ്ക്ക് കൃഷിക്കാരന്റെ കയ്യിൽ നിന്ന് പാൽ സമാഹരിച്ചാലും മിൽമ പാൽ വിൽപ്പന നടത്തുന്നത് 35 രൂപയ്ക്കാണ്. ഗവൺമെന്റ് പാലിന്റെ വില വർദ്ധിപ്പിക്കുമ്പോഴും കർഷകന് കാര്യമായിട്ടൊന്നും ലഭിക്കുന്നില്ല. കൃഷിക്കാരനുകൂടി മെച്ചപ്പെട്ട സ്ഥിതിവിശേഷം ഉണ്ടാകുന്ന വിധത്തിലുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകേണ്ടതായിട്ടുണ്ട്. ഗവൺമെന്റ് ഇപ്പോൾ പ്രയോററ്റൈസ് ചെയ്തിരിക്കുന്ന പാലിന്റെ വാർഷിക ഉൽപ്പാദനവും പ്രതിദിന ഉൽപ്പാദനവും വർദ്ധിപ്പിക്കണമെന്നതാണ് കേരളത്തെ സംബന്ധിച്ചിടത്തോളം സ്വയംപര്യാപ്തമാകാൻവേണ്ടിയുള്ള വലിയ കാര്യം. ആ പ്രവർത്തനത്തിൽ നിൽക്കുമ്പോൾ ഡയറി ഫ്രണ്ട്ലി പഞ്ചായത്തുകളെന്ന കൺസെപ്റ്റ് ഗവൺമെന്റ് മുന്നോട്ടുവച്ചിട്ടുണ്ട്.

ഇക്കാര്യത്തിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് വിവിധ ക്ഷീര വികസന ഓഫീസുകൾ. കേരളത്തിലെ 20 വിവിധ സ്ഥലങ്ങളെ സംബന്ധിച്ച് അങ്ങ് പ്രഖ്യാപനം നടത്തിയെങ്കിലും അത് പ്രാവർത്തികമാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. മാഞ്ഞൂർ പഞ്ചായത്തിലുൾപ്പെടെയുള്ള മണ്ഡലങ്ങളിൽ വന്നപ്പോൾ അങ്ങ് സംസ്ഥാന ക്ഷീരമേളയിൽ പ്രഖ്യാപിച്ചതാണ്. ഈ ആഫീസുകൾ കേരളത്തിൽ ആരംഭിക്കേണ്ടത് സംസ്ഥാനത്തിന്റെ പൊതുതാൽപ്പര്യത്തിനാവശ്യമാണ്. പഞ്ചായത്ത് വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളിലേയ്ക്ക് കടന്നുവരുമ്പോഴും തീർച്ചയായും സംസ്ഥാനത്ത് ഏറ്റവും അഭിമാനകരമായ പ്രവർത്തനം ഡോ. എം. കെ. മുനീറിന്റെ നേതൃത്വത്തിൽ നനടക്കുന്നു എന്നുപറയുന്നതിൽ ചാരിതാർത്ഥ്യമുണ്ട്. അദ്ദേഹം മന്ത്രിയായതിനുശേഷം കേരളമൊട്ടാകെ നടത്തിയ ഗ്രാമയാത്രയിലൂടെ കേരളത്തിലെ മുഴുവൻ പ്രദേശങ്ങളിലും എല്ലാ അസംബ്ലി മണ്ഡലങ്ങളിലും വന്ന് എം.എൽ.എ.-മാരുമായും ജനപ്രതിനിധികളുമായും സംസാരിച്ചു. അന്ന് മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ സംസ്ഥാനത്ത് നടപ്പാക്കാനുള്ള ആത്മാർത്ഥത വകുപ്പ് തലത്തിൽ ബഹുമാന്യനായ മന്ത്രി കാണിച്ചു എന്നുള്ളത് എടുത്തുപറയേണ്ട കാര്യമാണ്. അതിന്റെ ഭാഗമായി ഒരു പിടി നേട്ടങ്ങൾ ഇന്ന് സംസ്ഥാനത്തിനുണ്ടായി. ഞാൻ പ്രത്യേകം സൂചിപ്പിക്കാനാഗ്രഹിക്കുന്നത് കുടുംബശ്രീയുടെ പ്രവർത്തനങ്ങളാണ്. കേരളത്തിൽ കുടുംബശ്രീ പ്രവർത്തനങ്ങൾ അഭിമാനകരമാക്കി മാറ്റുന്നതിൽ യു.ഡി.എഫ്. ഗവൺമെന്റ് ഏറ്റവും കൂടുതൽ ശ്രദ്ധകൊടുത്തു. കുടുംബശ്രീയെ മലയാളത്തിന്റെ ഹൃദയശ്രീയാക്കി മാറ്റിയത് ഡോ. എം. കെ. മുനീറാണ് എന്നുപറഞ്ഞാൽ തീർച്ചയായും നമ്മുടെ സംസ്ഥാനത്ത്

രാഷ്ട്രീയത്തിനതീതമായി എല്ലാവരും അംഗീകരിക്കുമെന്ന വിശ്വാസമാണ് എനിക്കുള്ളത്. ഇത് പറയുന്നത് ഭംഗിവാക്കുകളുടെ അടിസ്ഥാനത്തിലല്ല; ആത്മാർത്ഥമായ പ്രവർത്തനങ്ങളെ വിലയിരുത്തിക്കൊണ്ടാണ്. അതിൽ രണ്ട് കാര്യങ്ങൾ ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ഒന്ന്, കുടുംബശ്രീയിൽ നടപ്പാക്കിയ ഇൻക്ലൂസീവ് പ്രോഗ്രാം – സംസ്ഥാനത്തെ മുഴുവൻ വനിതകളെയും കുടുംബശ്രീയിലെ ആംഗമാകാൻ ആഗ്രഹിക്കുന്ന മുഴുവൻ സഹോദരിമാരെയും ആ പദ്ധതിയുടെ ഭാഗമാക്കി മാറ്റാൻ കഴിഞ്ഞതിലൂടെ ഇന്ന് കേരളത്തിൽ കുടുംബശ്രീ ഇന്ത്യയ്ക്കൊട്ടാകെ മാതൃകയാകുന്ന വലിയ സംരംഭമാക്കി മാറ്റാൻ കഴിയും. രണ്ട്, എ.ഡി.എസ്.–കളെ ബാങ്ക് ലിങ്കേജ് പ്രോഗ്രാമിലേയ്ക്ക് സംയോജിപ്പിച്ചുകൊണ്ട് നടത്തിയ സുപ്രധാനമായ പുതിയ ഭരണ പരിഷ്ക്കാരം. അതിലൂടെ ഇന്ന് കുടുംബശ്രീകൾക്ക് അവരുടെ ദൈനംദിന പ്രവർത്തനങ്ങൾ മാത്രമല്ല സ്വന്തമായി പ്രോജക്ടുകൾ ഏറ്റെടുക്കാനും അത് നടപ്പാക്കാനും കഴിയുന്ന വിധത്തിൽ കുടുംബശ്രീ പ്രവർത്തനങ്ങളെ എഫക്ടീവാക്കി മാറ്റാൻ കഴിഞ്ഞു എന്നുള്ളത് അഭിമാനത്തോടെ കാണാൻ കഴിയുന്ന കാര്യമാണ്. ഏറ്റവും അവസാനമായി കുടുംബശ്രീ പ്രവർത്തനങ്ങളുടെ ഭാഗമായി മട്ടുപ്പാവിലെ കൃഷിയുടെ ബ്രാന്റ് അംബാസിഡറായി, ബഹുമാന്യനായ മിനിസ്റ്റർ, കഴിഞ്ഞ ദിവസം ശ്രീമതി മഞ്ജുവാര്യരെ പ്രഖ്യാപിച്ചു. ഹൗ ഓൾഡ് ആർ യു എന്ന സിനിമയിൽ, ജൈവക്കൃഷിയും ഹരിതക്കൃഷിയുമായി ബന്ധപ്പെട്ട്.... വീട്ടമ്മമാർക്ക് കഴിവില്ല; അവരെക്കൊണ്ട് ഒന്നിനും കഴിയില്ല എന്ന ചിന്തയിൽനിന്നുമാറി അവർക്ക് കഴിവുണ്ടെന്നും അവരെക്കൊണ്ട് പ്രവർത്തിക്കാൻ കഴിയുമെന്ന വലിയ മെസ്സേജ് സമൂഹത്തിന് കൊടുക്കാൻ കഴിഞ്ഞ ഒരു കലാതിലകത്തെ

ത്തന്നെ ഈ നിലയിലേക്ക് കൊണ്ടുവന്നതും അർത്ഥപൂർണ്ണമാണ്. ജനങ്ങൾക്കിടയിൽ ഇക്കാര്യങ്ങൾ ചർച്ച ചെയ്യുമ്പോൾ, മട്ടുപ്പാവിൽ ജൈവക്കൃഷിയേ ചെയ്യുകയുള്ളൂ എന്ന് തീർച്ചയായും നമുക്കറിയാം. കാരണം കമ്പിയും സിമെന്റുമൊക്കെ രാസവളം ഉപയോഗിച്ചാൽ നശിച്ചു പോകും എന്നുള്ളതുകൊണ്ട് ജൈവക്കൃഷിയെ പ്രോത്സാഹിപ്പിക്കാൻ വീട്ടമ്മമാർ തന്നെ മുന്നോട്ടുവരുന്നത് നല്ലകാര്യമാണ്. ഇതുപോലെയുള്ള നിരവധി നല്ല കാര്യങ്ങൾ നടപ്പാക്കുന്നതിലൂടെ കുടുംബശ്രീ പ്രവർത്തനങ്ങളെ അർത്ഥപൂർണ്ണമാക്കി മാറ്റാൻ കഴിഞ്ഞത് ഞാൻ പ്രത്യേകം എടുത്തുപറയുകയാണ്. പഞ്ചായത്തുകളുമായി ബന്ധപ്പെട്ട് പരിഹരിക്കപ്പെടാത്ത ഒരു വിഷയം ഞാനിവിടെ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. എം.എൻ. ലക്ഷംവീട് എന്ന നിലയിൽ കേരളത്തിൽ ഇരട്ട വീടുകളായി നിർമ്മിച്ച ലക്ഷംവീടുകൾ ഇപ്പോൾ ഒന്നും ചെയ്യാൻ കഴിയാതെ തകർന്ന് തരിപ്പണമായി കിടക്കുകയാണ്. ഇതിനെന്താണ് ഒരു പരിഹാരമെന്ന് ഗ്രാമപഞ്ചായത്തുകൾ ചോദിക്കുകയാണ്. വളരെ കുറച്ച് വീടുകളാണ് സംസ്ഥാനത്തുള്ളത്. ഗവൺമെന്റിന്റെ ഭാഗമായി അതിനൊരു പദ്ധതി ആവിഷ്ക്കരിച്ചുകൊണ്ട് എം.എൻ. ലക്ഷംവീടുകളുടെ പ്രശ്നം പരിഹരിക്കാനും ആ ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കി ജനങ്ങൾക്ക് താമസിക്കാൻ കഴിയുന്ന ഒരു സ്ഥിതിവിശേഷം ഉണ്ടാക്കാനും നടപടി സ്വീകരിക്കണമെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. വാർദ്ധക്യകാല പെൻഷന്റെ പ്രശ്നം വളരെയേറെ അഭിമാനത്തോടെ മുന്നോട്ടുവച്ച ഒരു കാര്യമാണ്. മൂന്ന് ലക്ഷം രൂപയായി വാർദ്ധക്യകാല പെൻഷന്റെ വരുമാന പരിധി വർദ്ധിപ്പിച്ചു എന്ന പ്രഖ്യാപനത്തെ കേരളത്തിലെ മുഴുവൻ ഗ്രാമപഞ്ചായത്തുകളും വളരെ ചാരിതാർത്ഥ്യത്തോടെ സ്വീകരിച്ചു.

അതിന്റെ വരുമാന പരിധി ഒരു ലക്ഷം രൂപയായി പുനഃക്രമീകരിക്കുന്നു എന്ന വാർത്ത വളരെ ആശങ്കയുണ്ടാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുവാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഇപ്പോൾ പ്രോജക്ടുകൾക്ക് മുൻകൂർ സാംഗ്ഷൻ കൊടുക്കുന്നത് പഞ്ചായത്തിന്റെ ഭരണ രംഗത്തെ ഏറ്റവും നല്ല കാര്യമാണ്. പ്രോജക്ടിന്റെ ഈ പ്രവർത്തങ്ങൾക്ക് മുൻകൂർ സാംഗ്ഷൻ ലഭിക്കുമ്പോൾ പ്രോജക്ടുകളിൽ ഏതെങ്കിലും കാരണവശാൽ ഒരു ഭേദഗതി വേണ്ടിവന്നാൽ അതിന് വലിയ കാലതാമസം വരികയാണ്. അക്കാര്യത്തിൽ ഗവൺമെന്റ് പ്രത്യേകമായി ശ്രദ്ധിച്ചുകൊണ്ട് ഭേദഗതികൾ സമയബന്ധിതമായി നടത്തിക്കൊടുക്കാൻ കഴിയണമെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. സാമൂഹ്യ നീതി വകുപ്പുമായി ബന്ധപ്പെട്ട് കേരളത്തിലെ പുതിയ തലമുറയ്ക്കുവേണ്ടി ഗവൺമെന്റ് ചെയ്ത ഏറ്റവും നല്ല കാര്യമായ സൈക്കോ-സോഷ്യോ കൗൺസിലേഴ്സിന് സംരക്ഷണം കൊടുക്കാനുള്ള നടപടി സ്വീകരിക്കണം. പുതിയ തലമുറ ഇപ്പോൾ വലിയ മാനസിക സംഘർഷത്തിലൂടെയാണ് കടന്നുപോകുന്നത്. അങ്ങനെയുള്ള വിദ്യാർത്ഥികൾക്കുവേണ്ടി സൈക്കോ-സോഷ്യോ കൗൺസിലേഴ്സ് മൂന്നുംനാലും സ്കൂളുകളാണ് ഏറ്റെടുക്കേണ്ടി വരുന്നത്. 7500 രൂപ എന്നത് 12500 രൂപയായി വർദ്ധിപ്പിച്ചുകൊടുക്കാൻ ധനകാര്യ വകുപ്പുമന്തി ശ്രീ. കെ. എം. മാണി സാറും പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി ഡോ. എം.കെ. മുനീറും നേതൃത്വം കൊടുത്ത നടപടിയെ അഭിനന്ദിക്കുന്നു. ഇത് കേരളത്തിൽ സ്ഥിരമായി നിലനിൽക്കേണ്ട ഒരു മേഖലയാണ്. എം.എസ്. ഡബ്ല്യൂ ക്വാളിഫിക്കേഷനുള്ളവരാണ് സൈക്കോ-സോഷ്യോ കൗൺസിലേ

ഴ്സിലുള്ളവർ. അവരെ സംരക്ഷിക്കാൻ കഴിയുന്ന വിധത്തിൽ അവരെ സ്ഥിരപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതൊടൊപ്പം തന്നെ ബുദ്ധിമാന്ദ്യം സംഭവിച്ച, മാനസിക വൈകല്യം നേരിടുന്ന കുഞ്ഞുങ്ങളെ സംരക്ഷിക്കാൻവേണ്ടി ഡോ. ജയരാജ് കമ്മിറ്റി റിപ്പോർട്ട് അടക്കം കൊണ്ടുവന്ന് അവർക്കുവേണ്ടി നടപ്പിലാക്കിയ നല്ല നടപടികളെ പ്രത്യേകമായി അഭിനന്ദിച്ചുകൊണ്ടും ഈ നിലയിലുള്ള നല്ല പ്രവർത്തനങ്ങൾ കാഴ്ചവച്ചിട്ടുള്ള ഈ വകുപ്പുകളുടെ ധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ടും ഞാൻ ചുരുക്കുന്നു.

ശ്രീ. ആർ. സെൽവരാജ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. ഒരു വർഷംകൂടി കഴിഞ്ഞാൽ കേരളത്തിൽ പുതിയ പഞ്ചായത്ത് ഭരണ സമിതിയെ തെരഞ്ഞെടുക്കാനുള്ള മുന്നൊരുക്കങ്ങൾ നടത്തുകയാണ് ത്രിതല പഞ്ചായത്തുകൾ. പഞ്ചായത്തുകളിൽ ധാരാളമായി വന്നുകൂടിയ ജോലിഭാരം കുറയ്ക്കുന്നതിനുവേണ്ടി ആദ്യമായി പുതിയ തസ്തികകൾ സൃഷ്ടിച്ചു എന്നുള്ളതാണ് തദ്ദേശ സ്വയംഭരണ വകുപ്പ് കൈകാര്യം ചെയ്യുന്ന ബഹുമാന്യനായ മന്ത്രി ഡോ. എം.കെ. മുനീർ ചെയ്തത്. അത്തരത്തിൽ പഞ്ചായത്ത് ഭരണ സംവിധാന ത്തിനാവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കുന്നതിനുള്ള ജീവനക്കാരുടെ തസ്തിക വർദ്ധിപ്പിച്ചതിലൂടെയും പുതിയ തസ്തിക സൃഷ്ടിച്ചതിലൂടെയും കേരളത്തിലെ ജനങ്ങൾക്ക് വളരെ സഹായകരമായി എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയം. അതുപോലെ പുതുതായി തെരഞ്ഞെടുക്കപ്പെട്ടുവരുന്ന പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾക്കും ഉദ്യോഗസ്ഥർക്കും ഭരണകാര്യങ്ങളിലും ഔദ്യോഗിക കൃത്യനിർവ്വഹണ

ത്തിലുമുള്ള കാര്യങ്ങളൊക്കെ പഠിക്കുന്നതിന് സ്ഥാപിതമായിട്ടുള്ള 'കില' മാതൃകാപരമായ പ്രവർത്തനമാണ് നടത്തിവരുന്നത്. കേരളത്തിൽ കില യുടെ ഒരു പ്രധാനപ്പെട്ട സ്ഥാപനമെന്നുള്ള നിലയ്ക്ക് തൃശ്ശൂരാണ് അതിന്റെ പ്രവർത്തനം നടത്തിവരുന്നത്. കിലയുടെ ഒരു കേന്ദ്രം തിരുവനന്തപുരം ജില്ലയിൽക്കൂടി സ്ഥാപിക്കണം എന്നൊരു നിർദ്ദേശം കൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. പുതുതായി വരുന്ന പഞ്ചായത്ത് ഭരണ സമിതികൾക്ക് ഗവൺമെന്റ് നടപ്പാക്കുന്ന പദ്ധതികളും പരിപാടികളുമൊക്കെ താഴെത്തട്ടിൽ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനുവേണ്ടി വാർഡ് അടിസ്ഥാ നത്തിൽ അക്ഷയ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്.

കഴിഞ്ഞ പഞ്ചായത്ത് ഭരണകാലത്ത് ത്രിതല പഞ്ചായത്ത് സംവിധാന ത്തിൽ ഒട്ടനവധി സന്നദ്ധസംഘടനകളും സ്വയം പ്രവർത്തനം നടത്തുന്ന സംഘടനകളുമൊക്കെ രൂപീകരിച്ച് പ്രവർത്തിച്ചുകൊണ്ടിരുന്നു. അക്കൂട്ടത്തിൽ തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് നടത്തിയ ലേബർ ബാങ്ക്..... ആ ലേബർ ബാങ്കിന്റെ പ്രവർത്തനം എന്തായിരുന്നുവെന്നും ഇപ്പോൾ ഏത് സ്ഥിതിയിലാണ് പ്രവർത്തിക്കുന്നതെന്നുമുള്ള അന്വേഷണം ബഹുമാനപ്പെട്ട മന്ത്രി മുൻകൈയ്യെടുത്ത് നടത്തണമെന്ന് അഭ്യർത്ഥിക്കുക യാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളോടൊപ്പംതന്നെ ഏറ്റവും മഹനീയമായ പ്രവർത്തനം നടത്തുന്ന രംഗമാണ് സാമൂഹ്യനീതി വകുപ്പ്. സമൂഹത്തിലെ ഏറ്റവും വൈകല്യമാർന്ന ആളുകൾക്കും ഏറ്റവും

കൂടുതൽ അവശതയനുഭവിക്കുന്ന വിഭാഗങ്ങൾക്കുമുണ്ടാകുന്ന വിവിധ ആവശ്യങ്ങൾക്ക് ആവശ്യമായ പരിഹാരം നിർവ്വഹിക്കുന്നതിനായി മന്ത്രി മുൻകൈയ്യെടുത്തുകൊണ്ട് നടത്തിയ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. എന്റെ നിയോജക മണ്ഡലത്തിൽ ഇത്തരത്തിൽ വൈകല്യമാർന്ന പാവപ്പെട്ട ആളുകളുടെ ഒരു വലിയ അദാലത്ത് വിളിച്ചു ചേർക്കുകയുണ്ടായി. ബഹുമാനപ്പെട്ട മന്ത്രിയാണ് ആ അദാലത്ത് ഉദ്ഘാടനം ചെയ്തത്. ഈ അദാലത്തിന് നേതൃത്വം നൽകിയത് വികലാംഗക്ഷേമ കമ്മീഷണറാണ്. അന്ന് വിവിധ വിഭാഗങ്ങളിൽപ്പെട്ട 3000-ഓളം വൈകല്യം സംഭവിച്ച ആളുകൾ അവിടെ വന്നുചേരുകയുണ്ടായി. അവരുടെ വിവിധങ്ങളായ പരിപാടികൾ വിവിധ വകുപ്പുകളുടെ സഹായത്തോടുകൂടി പരിഹരിക്കുന്നതിനും പുതുതായി അവരുടെ ആവശ്യങ്ങൾ അംഗീകരിച്ചു കൊടുക്കുന്നതിനും സാധിച്ചുവെന്നുള്ളത് എറ്റവും പ്രധാനപ്പെട്ട കാര്യമാണ്. അവർ നേരത്തെ നൽകിയിട്ടുള്ള അപേക്ഷകളിന്മേൽ യാതൊരു തീർപ്പും കല്പിക്കാതെ; അവർക്ക് ലഭ്യമാക്കേണ്ട ഉപകരണങ്ങൾപോലും ലഭ്യമാക്കാത്ത വളരെ കഷ്ടതയനുഭവിച്ച അവസ്ഥയായിരുന്നു മുമ്പ് ഉണ്ടായിരുന്നത്. അതിനൊക്കെ പരിഹാരം കാണുന്നതിന് ഈ അദാലത്ത് വളരെയേറെ സഹായിച്ചുവെന്നുള്ളത് മറ്റൊരു പ്രധാനപ്പെട്ട കാര്യമാണ്. വിവിധ തരത്തിലുള്ള വൈകല്യങ്ങൾ സംഭവിച്ച ചെറുപ്പക്കാരെയും കുട്ടികളെയും അംഗീകാരമുള്ളതും അംഗീകാരമില്ലാത്തതുമായ സ്ഥാപനങ്ങളിൽ പാർപ്പിക്കുന്നുണ്ട്. അംഗീകാരമുള്ള സ്ഥാപനങ്ങളിൽ പാർപ്പിക്കുന്ന കുട്ടികൾക്ക് ആവശ്യമായ ഭക്ഷണവും മറ്റ് സൗകര്യങ്ങളുമൊക്കെ ഒരുക്കുന്നതിന് സാമൂഹ്യനീതി വകുപ്പ്

തയ്യാറാകുന്നുണ്ട്. നിരവധി സന്നദ്ധസംഘടനകളും, വ്യക്തികളും നടത്തുന്ന അംഗീകാരമില്ലാത്ത കേന്ദ്രങ്ങളുമുണ്ട്. അത്തരം കേന്ദ്രങ്ങൾക്ക് അവരുടെ വൈകല്യങ്ങൾക്കനുസരിച്ചുള്ള സഹായങ്ങൾ എത്തിക്കുന്നതിനും, പരിശോധന നടത്തി ആവശ്യമായ അംഗീകാരം നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. അത്തരത്തിലുള്ള ഒട്ടനവധി പദ്ധതികളും പരിപാടികളും സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ നടന്നുവരികയാണ്. ഇതെല്ലാം ഗ്രാമീണമേഖലയിൽ പഞ്ചായത്തുകളുടെ സംയുക്തമായ പ്രവർത്തനത്തിന്റെ ഫലമായി നടത്തപ്പെടുന്ന പരിപാടികളാണ്. കഴിഞ്ഞ വർഷങ്ങളെക്കാൾ മുന്തിയ പരിഗണന നൽകിക്കൊണ്ട് വളരെ ശുഷ്ക്കാന്തിയോടുകൂടി മുന്നോട്ടു പോകുന്ന ഒരവസ്ഥയാണ് നമുക്ക് കാണാൻ കഴിയുന്നത്. നമ്മുടെ സമൂഹത്തിൽ മറ്റൊരു വലിയ വിഭാഗമാണ് ക്ഷീരമേഖല. നമുക്കാവശ്യമായ പാൽ കേരളത്തിൽ ഉല്പാദിപ്പിക്കാൻ കഴിയുന്നില്ല. നമുക്കാവശ്യമായ മുട്ടയും, മാസവുമൊക്കെ അന്യസംസ്ഥാനങ്ങളിൽ നിന്നാണ് വരുന്നത്. ഈ മേഖലയിലെ ക്ഷീരകർഷകർ വമ്പിച്ച പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുക യാണ്. അവർക്ക് ഉല്പാദനത്തിനനുസരിച്ച് കാലികളെ വളർത്താനുള്ള തീറ്റ ലഭിക്കുന്നില്ലായെന്നുള്ളത് ഏവർക്കും അറിവുള്ളതാണ്. ഇപ്പോൾ ലഭിക്കുന്ന തീറ്റയുടെ വില ക്രമാതീതമായി വർദ്ധിച്ചുവരികയാണ്. നേരത്തെ മിൽമ ക്ഷീരകർഷകർക്ക് തീറ്റയിന്മേൽ ഏർപ്പെടുത്തിയിരുന്ന സബ്സിഡി പിൻവലിക്കുകയുണ്ടായി. അതും ക്ഷീരകർഷകർക്ക് ഒരു ബുദ്ധിമുട്ടായി. മിൽമ സബ്സിഡി പിൻവലിച്ചതിലൂടെ ഉണ്ടാകുന്ന കഷ്ടതകൾ പരിഹരിക്കുന്നതിന് ഗവൺമെന്റ് അടിയന്തരമായി ക്ഷീരകർഷകരെ സഹായിക്കേണ്ടതുണ്ട്. അത് പരിഹരിക്കാനാവശ്യമായ നടപടി

ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. അതുപോലെ കുറഞ്ഞവിലയ്ക്ക് ക്ഷീരകർഷകർക്ക് തീറ്റ എത്തിക്കുന്നതിനുവേണ്ടി ഗവൺമെന്റ് പുതിയ തീറ്റ ഉല്പാദനകേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ത്രിതലപഞ്ചായത്തുകളുടെ സഹായത്തോടുകൂടി പുതിയ പദ്ധതി എന്നുള്ള നിലയ്ക്ക് കൂടുതൽ കേന്ദ്രങ്ങളിലേയ്ക്ക് തീറ്റ ഉല്പാദിപ്പിക്കാനുള്ള നടപടിയും ഗവൺമെന്റ് ആലോചിക്കേണ്ടതാണ്. ഇതിലൂടെ പാവപ്പെട്ട കർഷകർക്ക് കുറഞ്ഞ വിലയ്ക്ക് കൂടുതൽ കാലിത്തീറ്റ ലഭ്യമാകുന്നതിന് അവസരം ഉണ്ടാക്കുന്നതാണ്. ബഹുമാനപ്പെട്ട മന്ത്രി കെ. സി. ജോസഫ് നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. അതുപോലെ അദ്ദേഹത്തിന്റെ വകുപ്പുമായി ബന്ധപ്പെട്ട്, പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ കണ്ടറിഞ്ഞ് അതു പരിഹരിക്കാൻ നോർക്ക റൂട്ട്സിന് നേതൃത്വം കൊടുക്കുന്ന മന്ത്രിയെ പ്രശംസിക്കാതിരിക്കുവാൻ നിർവ്വാഹമില്ല. പ്രവാസി കേരളീയ ക്ഷേമ ബോർഡുകളും പദ്ധതികളുമൊക്കെ ഇതിന് ഉദാഹരണങ്ങളാണ്. പ്രവാസികൾക്ക് ഒരു ആശാകേന്ദ്രമായി നോർക്ക റൂട്ട്സ് മാറിക്കഴിഞ്ഞിരിക്കുന്നു എന്നുള്ളതാണ് ഏറ്റവും വലിയ വസ്തുത. ഇറാഖിൽ കുടുങ്ങിയ മലയാളി നഴ്സുമാർ..... നമ്മുടെ സഹോദരിമാർ അനുഭവിച്ച ബുദ്ധിമുട്ടുകൾ നേരിട്ട് മനസ്സിലാക്കി അതിന് പരിഹാരം കാണാനും അവരെ തിരിച്ച് കേരളത്തിലേയ്ക്ക് കൊണ്ടുവരാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വകുപ്പ് കൈകാര്യം ചെയ്യുന്ന ശ്രീ. കെ. സി. ജോസഫ് അവർകളും നടത്തിയ പരിശ്രമം ശ്ലാഘനീയമാണ്. വിദേശ രാജ്യങ്ങളിൽപ്പോയി തിരിച്ചുവരുന്ന മലയാളികളുടെ പരിരക്ഷയ്ക്കുവേണ്ടി ഏർപ്പെടുത്തിയ പദ്ധതികളും ശ്ലാഘനീയമാണ്. പ്രവാസികളുടെ വകുപ്പു കൈകാര്യം ചെയ്യുന്ന മന്ത്രിയെ സംബന്ധിച്ച് ഇതൊക്കെ പറയാതെ

പോകുന്നത് ശരിയല്ലായെന്നുള്ളതുകൊണ്ടാണ് പറയുന്നത്. അത്തരത്തിൽ തങ്ങളിൽ അർപ്പിതമായ വകുപ്പുകളുടെ കൃത്യനിർവ്വഹണം വളരെഭംഗിയായി മുന്നോട്ടുകൊണ്ടുപോകുന്നു എന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ കഴിഞ്ഞ മൂന്നു വർഷക്കാലത്തെ പ്രവർത്തനത്തിൽനിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്. ഓരോ വകുപ്പുകളും അവരവരുടെ കഴിവിനൊത്തവണ്ണം ഗവൺമെന്റിന്റെ ഏകീകൃതസ്വഭാവത്തോടുകൂടി മുന്നോട്ടുപോകുന്നു എന്ന് നമുക്ക് കാണാൻ കഴിയും.

സ്വകാര്യ മാനേജുമെന്റ് മെഡിക്കൽ കോളേജുകളുമായി ഏർപ്പെടുത്തിയിട്ടുള്ള കരാറും വിദ്യാർത്ഥികളുടെ പ്രവേശനത്തെ സംബന്ധിച്ചും രാവിലെ നടന്ന ചർച്ച പ്രതിപക്ഷം വളരെ വീറോടും വാശിയോടും കൂടിയാണ് നടത്തിയത്. രണ്ട് ദിവസംമുമ്പ് തിരുവനന്തപുരം ജില്ലയിലെ സി.പി.ഐ.(എം)-ന്റെ പ്രമുഖനായ ഒരു നേതാവ് നടത്തിയ പത്രസമ്മേളനം നിങ്ങളൊക്കെ കണ്ടിരിക്കുമെന്നു കരുതുന്നു. രാഷ്ട്രീയ കക്ഷികൾ കുറ്റവാളികളെ ശിക്ഷിക്കുന്നു എന്നുള്ള ഒരു കുറ്റസമ്മതമായിരുന്നു അത്. കുറ്റവാളികളെ സംബന്ധിച്ചിടത്തോളം അവരെ പ്രോസിക്യൂട്ട് ചെയ്യാനുള്ള നടപടി സ്വീകരിച്ചപ്പോൾ കുറ്റവാളികളെ ഉൾപ്പെടുത്തിയവരെക്കൂടി പ്രോസിക്യൂട്ട് ചെയ്യണമെന്നായിരുന്നു അദ്ദേഹത്തിന്റെ പരാമർശം. മാത്രമല്ല രസകരമായ മറ്റൊരുകാര്യം കൂടി കൂട്ടിച്ചേർത്തു. ഒരു വീട്ടിൽനിന്നും രണ്ട് ഡോക്ടർമാരും രണ്ട് ഐ.എ.എസ്.-കാരും രണ്ട് അദ്ധ്യാപകരുമൊക്കെ സെലക്ഷൻ കിട്ടുന്നതിൽ എന്താണ് അഴിമതിയുള്ളത് എന്നുള്ളതായിരുന്നു. ഡോക്ടർമാരും അദ്ധ്യാപകരും ഐ.എ.എസ്.-കാരുമൊക്കെ ബിരുദം നേടിയതും ജോലിയിൽ പ്രവേശിച്ചതുമൊക്കെ നല്ല രീതിയിൽ പഠിച്ച്

പരീക്ഷയെഴുതി നല്ല റാങ്ക് കരസ്ഥമാക്കിയിട്ടാണ്. ഇവിടെ പ്രോസിക്യൂഷന് വിധേയമായി നിൽക്കുന്നവർ നടത്തിയ കുറ്റകൃത്യമെന്നുപറയുന്നത് അപേക്ഷ സ്വീകരിക്കാതെയും പരീക്ഷ എഴുതിക്കാതെയും ഇന്റർവ്യൂ നടത്താതെയും ജോലിയിൽ പ്രവേശിപ്പിച്ചവരാണ്. കേരളാ യൂണിവേഴ്സിറ്റി യുടെ ചുമതല വഹിക്കുന്ന ഉത്തരവാദിത്തപ്പെട്ട സിൻഡിക്കേറ്റ് മെമ്പർമാർ അവർക്ക് ജോലി കൊടുക്കുകയാണ് ചെയ്തത്. ഉത്തരക്കടലാസ് കാണാനില്ലാത്ത അവസ്ഥയുടെ പേരിൽ അവർ പ്രോസിക്യൂട്ട് ചെയ്യപ്പെടുകയും ജയിലിലടക്കപ്പെടുകയും ചെയ്യുന്നു. ലോക ചരിത്രത്തിൽ കമ്മ്യൂണിസ്റ്റുപ്രസ്ഥാനത്തിന്റെ നേതാക്കളാരും അഴിമതിക്ക് വിധേയമായി ജയിലിൽ പോയിട്ടില്ല. ജനങ്ങളുടെയും രാജ്യത്തിന്റെയും ആവശ്യത്തിനു വേണ്ടി സമരവും പോരാട്ടവുമൊക്കെ നടത്തി ജയിലിൽ പോയിട്ടുള്ള ചരിത്രമാണ് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനുള്ളത്. അതുപോലും മറന്നാണ് അഴിമതിയെ സംബന്ധിച്ചും സ്വകാര്യ മാനേജുമെന്റുകൾ കുട്ടികൾക്ക് അഡ്മിഷൻ നടത്തുന്ന കാര്യത്തെക്കുറിച്ചുമൊക്കെ വളരെ വാചാലമായി ഇവിടെ പ്രസംഗിച്ചത്. ഇത്തരം വിഷയങ്ങളിലൊക്കെ സ്വന്തം നില മറന്നു കൊണ്ട് വികാരം കാണിക്കുന്നത് ബുദ്ധിശൂന്യമാണെന്ന് ഓർമ്മപ്പെടുത്തി ക്കൊണ്ട് ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഒന്നുകൂടി പിൻതാങ്ങിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. ബി. ഡി. ദേവസ്സി: സർ, ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. കേരളത്തിൽ പഞ്ചായത്ത് രാജ് സംവിധാനം പരിപോഷിപ്പിച്ച് ജനകീയാസൂത്രണ പ്രസ്ഥാനത്തിന് രൂപം നൽകി. ഇവിടത്തെ അധികാര വികേന്ദ്രീകരണവും വികേന്ദ്രീകൃത ആസൂത്രണവും

ലോക ശ്രദ്ധ പിടിച്ചുപറ്റിയതാണ്. ഇന്ത്യയിലെ സംസ്ഥാനങ്ങളിൽനിന്ന് ജനപ്രതിനിധികളും ഉദ്യോഗസ്ഥൻമാരുമൊക്കെ അധികാരവികേന്ദ്രീകരണത്തെപ്പറ്റിയും വികേന്ദ്രീകൃത ആസൂത്രണത്തെപ്പറ്റിയും ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ നടത്തിപ്പനെപ്പറ്റിയും പഠിക്കാൻ കേരളത്തിലേയ്ക്ക് വന്നു കൊണ്ടിരിക്കുകയാണ്. അവർ ഇവിടെ വരുമ്പോൾ നമ്മുടെ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായുണ്ടാക്കിയ അധികാര വികേന്ദ്രീകരണം, വികേന്ദ്രീകൃത ആസൂത്രണം, അതിന്റെ നേട്ടങ്ങൾ, നടത്തിപ്പ്, എല്ലാം കണ്ട് അന്തംവിട്ട് നിൽക്കുകയാണ്. കേരളത്തിലെ പ്ലാൻ ഫണ്ടിന്റെ 40 ശതമാനം നീക്കിവച്ച് പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തും ഇത്രയും അധികാരവും ഫണ്ടും പഞ്ചായത്തുകൾക്ക് നൽകിയിട്ടില്ല. വികേന്ദ്രീകൃത ആസൂത്രണം നടക്കുന്നില്ല എന്നുള്ളത് നമ്മൾ മനസ്സിലാക്കണം. ഈ നന്മയെ കൈവിടാതെ മുന്നോട്ട് കൊണ്ടുപോകാൻ കഴിയണം. എന്നാൽ അതിന് സഹായകരമായ ഒരു നിലപാടാണോ ഇപ്പോഴുള്ള ഗവൺമെന്റ് എടുക്കുന്നത് എന്ന് പരിശോധിക്കേണ്ടതുണ്ട്. ഇവിടെ അധികാരവികേന്ദ്രീകരണത്തേയും വികേന്ദ്രീകൃത ആസൂത്രണത്തേയും തകർക്കാനുള്ള പരിശ്രമങ്ങളാണ് നടക്കുന്നത്. ഗ്രാമസഭകളുടെ പ്രവർത്തനം ഫലപ്രദമായി നടപ്പാക്കുന്നില്ല. ഞാൻ ഓർക്കുകയാണ്, ജനകീയാസൂത്രണപ്രസ്ഥാനം വന്നപ്പോൾ ഓരോ പഞ്ചായത്തിലേയും മണ്ണും മൺതരങ്ങളും പ്രത്യേകതകളും സാധ്യതകളും മനസ്സിലാക്കി പ്രോജക്ടുകളുണ്ടാക്കി അതിന്റെയടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കുമെന്നാണ് അന്ന് പറഞ്ഞിരുന്നത്. അത് വലിയ മാറ്റങ്ങളാണ് കേരളത്തിലുണ്ടാക്കിയത്. ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ മറ്റൊരു

സംഭാവനയായിരുന്നു നമ്മുടെ കുടുംബശ്രീ പ്രസ്ഥാനം. അത് കേരളത്തിൽ വലിയ സ്ത്രീമുന്നേറ്റവും സ്ത്രീ ശാക്തീകരണവുമുണ്ടാക്കി. വികസന രംഗത്ത് അദൃശ്യരായിരുന്ന സഹോദരിമാരെ വികസന രംഗത്തേയ്ക്ക്, അതായത് അടുക്കളയിൽനിന്ന് അരങ്ങത്തേയ്ക്ക് കൊണ്ടുവരാൻ സാധിച്ചു. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് യു.പി.എ. സർക്കാർ പറഞ്ഞത് പഞ്ചായത്ത് രാജ് സംവിധാനം പരിപോഷിപ്പിച്ച് സ്ത്രീ മുന്നേറ്റമുണ്ടാക്കിയതെങ്ങനെയാണെന്ന് കേരളത്തെ കണ്ട് പഠിക്കൂ എന്നാണ്. നമ്മൾ നടത്തിയ പ്രവർത്തനത്തിന് സമ്മാനമായി അഞ്ച് കോടി രൂപ അന്ന് കേന്ദ്ര ഗവൺമെന്റ് നൽകിയ കാര്യം ഇത്തരുണത്തിൽ ഓർക്കേണ്ടതാണ്. കൊടുത്ത അധികാരം പിടിച്ചെടുക്കാനുള്ള പരിശ്രമങ്ങൾ ഇന്ന് നടക്കുകയാണ്. ഒരു കൈ കൊണ്ട് ഫണ്ട് നൽകുക മറുകൈ കൊണ്ട് അത് തിരിച്ചെടുക്കുക എന്നുള്ള സമീപനമാണുള്ളത്. ഇപ്പോൾ പഞ്ചായത്ത് തെരഞ്ഞെടുപ്പ് വരാൻ പോവുകയാണ്. വോട്ടിംഗ് യന്ത്രം വാങ്ങാനും പഞ്ചായത്തുകളുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്താനും ത്രിതല പഞ്ചായത്തുകൾ അവരുടെ പ്ലാൻഫണ്ടിൽ നിന്ന് ഫണ്ട് മാറ്റിവയ്ക്കണമെന്ന് പറയുകയാണ്. ഇങ്ങനെ ഓരോ കാര്യങ്ങൾക്കും പഞ്ചായത്തിലേയ്ക്ക് ഫണ്ട് കൊടുത്തുകൊണ്ട് പഞ്ചായത്തുകൾ നടപ്പിലാക്കേണ്ട പ്രോജക്ടുകൾ വെട്ടിച്ചുരുക്കാവുന്ന രീതിയിൽ ഗവൺമെന്റു തന്നെ ഫണ്ട് തിരിച്ചുപിടിച്ചുകൊണ്ടിരിക്കുന്നതായി കാണാൻ കഴിയും. യഥാസമയം പ്രോജക്ടുകൾ തയ്യാറാക്കാൻ കഴിയുന്നില്ല. രണ്ട് കൊല്ലത്തെ പ്രോജക്ട് ഒരുമിച്ച് നടപ്പാക്കണമെന്നാണ് പറയുന്നത്. ഒരു കൊല്ലത്തെ പ്രോജക്ട് നടപ്പാക്കിയാലെന്താണ് കുഴപ്പം? രണ്ട് കൊല്ലത്തെ പ്രോജക്ട് നടപ്പാക്കി അനാവശ്യമായ തടസ്സങ്ങളുണ്ടാക്കുന്നത് ഫണ്ട് ചെലവാക്കാൻ

കഴിയാത്തതുകൊണ്ടല്ലേ? അതിന് തടസ്സങ്ങൾ സൃഷ്ടിക്കുകയാണ് നമ്മൾ ചെയ്യുന്നതെന്ന് മനസ്സിലാക്കണം. ഇപ്പോൾ തയ്യാറെടുപ്പുകൾ വളരെ വൈകിയും നടത്തിപ്പ് ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലുമാണ് നടക്കുന്നത്. മുമ്പ് അങ്ങനെയല്ലായിരുന്നു. കാലേകൂട്ടി പ്രോജക്ടുകൾ തയ്യാറാക്കി സാമ്പത്തിക വർഷത്തിന്റെ ആദ്യംതന്നെ പ്രോജക്ടുകൾ ആരംഭിക്കാനും അതനുസരിച്ച് ഗവൺമെന്റ് ഫണ്ട് കൊടുക്കാനുമുള്ള നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ ഇന്ന് ആ രീതിയിലുള്ള സമീപനമല്ല സ്വീകരിക്കുന്നത്. ഒരു ഘട്ടത്തിൽ തൊഴിലുറപ്പ് കൂലി കൊടുക്കാൻവേണ്ടി പഞ്ചായത്തിലെ മെയിന്റനൻസ് ഫണ്ട് മറ്റു ഫണ്ടുകളിൽ വകമാറ്റുന്ന സ്ഥിതിയുണ്ടായിരുന്നു. ഒരർത്ഥത്തിൽ പഞ്ചായത്തുകളുടെ ഫണ്ട് അങ്ങനെ വകമാറ്റി ട്രഷറിയിലേയ്ക്ക് എത്തിച്ചാണ് ഗവൺമെന്റ് ട്രഷറി പൂട്ടുന്നതിൽനിന്ന്/സാമ്പത്തിക പ്രതിസന്ധിയിൽനിന്ന് രക്ഷപ്പെട്ടതെന്ന് നമ്മൾ കണ്ട കാര്യമാണ്. അതുപോലെ അധികാരവികേന്ദ്രീകരണത്തെ തകർക്കുന്നു. പാശ്ചാത്യ മേഖലയ്ക്കാണിവിടെ കൂടുതൽ ഊന്നൽ നൽകുന്നത്. നമ്മൾ അത് വേണ്ടെന്ന് പറയുന്നില്ല. റോഡുകളെല്ലാം നന്നാക്കണം. പഞ്ചായത്ത് റോഡുകളെല്ലാം തകർന്ന് കിടക്കുകയാണ്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് പി.ഡബ്ല്യു.ഡി. വൺ ടൈം പരിപാടിവച്ച് മോശമായ പഞ്ചായത്ത് റോഡുകൾ നന്നാക്കാൻ കോടിക്കണക്കിന് രൂപ നൽകിയിരുന്നു. ഇപ്പോഴും നൽകുന്നുണ്ടെന്ന് കേൾക്കുന്നുണ്ട്. പക്ഷേ അത് പ്രതിപക്ഷ മെമ്പർമാർക്ക് കൊടുക്കുന്നില്ല. ചില പ്രത്യേക ജില്ലകളിലും ഭരണകക്ഷി എം.എൽ.എ.-മാർക്കുമാണ് അത് കൊടുക്കുന്നത്. അത് പാടില്ല. എല്ലാ പഞ്ചായത്തിലും ഭരണകക്ഷിയും പ്രതിപക്ഷവും ജനങ്ങളുമുണ്ട്. റോഡ് മോശമായിക്കിടന്നാൽ എല്ലാവർക്കും ഒരുപോലെയാണ്. ഇവിടെ

ഉല്പാദന മേഖലയ്ക്ക് ഊന്നൽ നൽകുന്നില്ല. മുമ്പ് ഉല്പാദന മേഖലയ്ക്ക് 40 ശതമാനം നീക്കിവയ്ക്കണമെന്ന് നമ്മൾ നിഷ്ക്കർഷിച്ചിരുന്നു. അതിന്റെ മുന്നേറ്റം കാർഷിക മേഖലയിലുണ്ടായി. തരിശായിക്കിടക്കുന്ന പാടശേഖരങ്ങളിൽ വിത്തിറക്കാനും ജലസേചന സൗകര്യങ്ങളേർപ്പെടുത്താനും ഉല്പാദന ബോണസ് നൽകാനും സബ്സിഡി നൽകാനുമുള്ള പ്രോത്സാഹനങ്ങൾ നൽകിയപ്പോൾ കാർഷിക മേഖലയിൽ വലിയ ഉണർവുണ്ടായി. എന്നാൽ ഇന്നത്തെ സ്ഥിതി എന്താണ്? ഈ നിഷ്ക്കർഷ നിബന്ധന പിൻവലിച്ചതോടുകൂടി പാശ്ചാത്യമേഖലയ്ക്കാണ് കൂടുതൽ ഊന്നൽ നൽകുന്നത്. അതിന്റെ ഭാഗമായി ഉല്പാദന മേഖല പ്രത്യേകിച്ചും കാർഷിക മേഖല അവഗണിക്കപ്പെടുന്ന ഒരവസ്ഥയാണ് നിലനിൽക്കുന്നത്. അതുകൊണ്ട് ഉല്പാദന മേഖലയ്ക്ക് കൂടുതൽ ഊന്നൽ നൽകാൻ കഴിയണം. അതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകണമെന്നാണ് എനിക്ക് പറയാനുള്ളത്. കുടുംബശ്രീ പ്രസ്ഥാനത്തെ ഒരു ഘട്ടത്തിൽ നോഡൽ ഏജൻസിയിൽനിന്നും മാറ്റി ജനശ്രീയെ പ്രോത്സാഹിപ്പിക്കാനുള്ള പരിശ്രമം നടന്നത് കേരളം കണ്ടതാണ്. പക്ഷേ കുടുംബശ്രീയെന്നു പറഞ്ഞാൽ കക്ഷിരാഷ്ട്രീയത്തിനതീതമായി ജാതിമത വ്യത്യാസമില്ലാതെ സ്ത്രീകളുടെ കൂട്ടായ്മയാണ്. ആ ശ്രീ-ക്ക് പകരമായി മറ്റൊരു ശ്രീ ഇല്ല. ഇത് ഏറ്റവും നല്ല ശ്രീ-യാണ്. എല്ലാ വിഭാഗം ആളുകൾക്കും പങ്കാളിത്തം കൊടുത്തുകൊണ്ടുള്ള ഒരു പ്രസ്ഥാനമാണ് കുടുംബശ്രീ പ്രസ്ഥാനം. അതിനെ തകർക്കാനുള്ള പരിശ്രമം നടന്നപ്പോൾ വലിയ തോതിൽ സ്ത്രീകളുടെ പ്രതിഷേധം സെക്രട്ടേറിയറ്റിനുമുന്നിൽ വന്നു. ഒരാഴ്ചക്കാലം നീണ്ടുനിന്ന രാപ്പകൽ സമരം നടത്തിയാണ് കുടുംബശ്രീയെ നോഡൽ

ഏജൻസിയാക്കി അംഗീകരിപ്പിക്കാനുള്ള തീരുമാനം ഈ ഗവൺമെന്റിനെ ക്കൊണ്ടെടുപ്പിക്കാൻ കഴിഞ്ഞത്. ഇപ്പോൾ കുടുംബശ്രീകളിലേയ്ക്ക് തെരഞ്ഞെടുപ്പ് വരികയാണ്.

കുടുംബശ്രീ യൂണിറ്റുകളിലെ തെരഞ്ഞെടുപ്പ് വരാൻ പോകുകയാണ്. നല്ല രീതിയിൽ പ്രവർത്തിക്കുന്ന കുടുംബശ്രീയുടെ നിലവിലുള്ള മാനദണ്ഡ ങ്ങൾ മാറ്റി, കുടുംബശ്രീ യൂണിറ്റിന്റെ എണ്ണം പത്തിൽ നിന്നും അഞ്ചാക്കി ചുരുക്കാൻ പോകുന്നു. അപ്പോൾ ഒരു വീട്ടിൽ അഞ്ച് സ്ത്രീകളുണ്ടെങ്കിൽ അവർക്ക് അംഗത്വം കൊടുത്ത് ഒരു യൂണിറ്റായി പ്രവർത്തിക്കാം. അതുപോ ലെതന്നെ ദൂരപ്രദേശങ്ങളിലുള്ളവർക്കും യൂണിറ്റുണ്ടാക്കാം. ഫലത്തിൽ കുടുംബശ്രീയെ രാഷ്ട്രീയവത്ക്കരിക്കാനുള്ള നീക്കങ്ങളാണ് നടത്തിക്കൊ ണ്ടിരിക്കുന്നത്. സ്ത്രീ ശാക്തീകരണത്തിലൂടെ ഉടലെടുത്ത ഈ നന്മയെ തകർക്കാൻ ഒരിക്കലും ഗവൺമെന്റ് ശ്രമിക്കരുത്, അത് വലിയൊരു പാതകമാ യിരിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്. വിവിധ തലത്തിലുള്ള പഞ്ചായ ത്തുകളെ സംബന്ധിച്ച് പറയുമ്പോൾ, ജില്ലാ പഞ്ചായത്തുകൾക്ക് പൊതു വായൊരു കാഴ്ചപ്പാടില്ല. തൃശ്ശൂർ ജില്ലാ പഞ്ചായത്ത്, ഞാൻ അത് പരിശോധി ച്ചു, ഒരു ജില്ലാ ഔട്ട്‌ലുക്കില്ല. ജില്ലാടിസ്ഥാനത്തിൽ ഒരു പ്രോജക്ടില്ല, ഗ്രാമ പഞ്ചായത്തിലായാലും ബ്ലോക്ക് പഞ്ചായത്തിലായാലും ജില്ലാ പഞ്ചായ ത്തിലായാലും കടലിൽ കായം കലക്കുന്നതുപോലെ ഫണ്ട് വിഭജിക്ക പ്പെടുകയാണ്. പൊതുവായ ഒരു പ്രോജക്ടോ അടിസ്ഥാനപരമായ സൗകര്യ ങ്ങളൊരുക്കാനുള്ള നടപടികളോയില്ല. ഇപ്പോൾ ഡിവിഷനുകൾക്ക് പങ്കുവെച്ച് കൊടുക്കുകയാണ്. ഗ്രാമപഞ്ചായത്തിലോ മറ്റോ അവർ ഡെപ്പോ

സിറ്റ് ചെയ്യുകയാണ് ചെയ്യുന്നത്. ജനപങ്കാളിത്തത്തോടുകൂടി നടക്കാത്ത ഒരു പദ്ധതിയായി ഇതിനെ അധ:പതിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട പഞ്ചായത്തുവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്, തൃശ്ശൂർ ജില്ലാ പഞ്ചായത്ത് ഒരു ജങ്കാർ സർവ്വീസ് നടത്തുന്നുണ്ട്, മുനമ്പ–അഴീക്കോട്. അത് ഇന്ന് നിശ്ചലമായിരിക്കുകയാണ്. നല്ല രീതിയിലുള്ള ഒരു സർവ്വീസായിരുന്നു, ഇപ്പോൾ അത് പ്രവർത്തിക്കുന്നില്ല. പ്രവർത്തിപ്പിക്കാൻ ഗവൺമെന്റ് ഇടപെടുമെന്ന് പറഞ്ഞു. പക്ഷേ ഒരു നടപടിയും ഗവൺമെന്റ് സ്വീകരിക്കുന്നില്ല. ഒട്ടേറെ അഴിമതികൾ അതുമായി ബന്ധപ്പെട്ട് വന്നുകൊണ്ടിരിക്കുകയാണ്. അധികാരവും സമ്പത്തുമാണ് വികേന്ദ്രീകരിക്കാൻ തീരുമാനിച്ചത്. അഴിമതി വികേന്ദ്രീകരിക്കാൻ തീരുമാനിച്ചിട്ടില്ല. ഒരിക്കലും അഴിമതിയുടെ കൂത്തരങ്ങായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാറാൻ പാടില്ല. അതിനെ പ്രോത്സാഹിപ്പിക്കാനും പാടില്ല. ഇവിടത്തെ പഞ്ചായത്തിന്റെ അവസ്ഥയെന്താണ്? നേരത്തെ ഇവിടെ സൂചിപ്പിച്ചു, ഗ്രാമപഞ്ചായത്തുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനമായിരുന്നു. കുരങ്ങന്റെ കയ്യിൽ പൂമാല കൊടുത്തമാതിരി അതിനെ നശിപ്പിക്കുന്ന അവസ്ഥയിലാക്കി. ഇങ്ങനെപോയാൽ കേരളത്തിലെ ജനകീയാസൂത്രണ പ്രസ്ഥാനം, അധികാര വികേന്ദ്രീകരണം കുറുക്കന്റെ കയ്യിൽ കോഴിയെ വളർത്താൻ കൊടുത്ത ഒരവസ്ഥയിലാകും. അതിലൊരു സംശയവും വേണ്ട. നമ്മുടെ പഞ്ചായത്തിന് ഒരു ഡയറക്ടർ ഉണ്ടോ? എത്ര മാസങ്ങളായി പഞ്ചായത്ത് ഡയറക്ടർ സ്ഥാനം ഒഴിഞ്ഞുകിടക്കുന്നു. അവിടെ എന്തുകൊണ്ട് ഡയറക്ടറെ നിയമിക്കുന്നില്ല; എന്തുകൊണ്ട് ഐ.എ.എസ് ഉദ്യോഗസ്ഥരാരും ഡയറക്ടർമാരായി വരാൻ തയ്യാറാകുന്നില്ല?. അതുപോലെ അഡീഷണൽ ഡയറക്ടറുടെ സ്ഥാനം ഒഴിഞ്ഞുകിടക്കുകയാണ്. അതും നികത്തുന്നില്ല, പകരം ജൂനിയറായ ജോയിന്റ് ഡയറക്ടറെയാണ് നിയമിച്ചിട്ടുള്ളത്.

തങ്ങൾക്ക് ഇഷ്ടംപോലെ കാര്യങ്ങൾ നടത്താൻ വേണ്ടി ഇങ്ങനെയൊക്കെ ചെയ്യുന്നതെന്ന് ആരെങ്കിലും സംശയിച്ചാൽ അതിന് തെറ്റുപറയാൽ കഴിയുമോ; എന്തുകൊണ്ടാണ് പഞ്ചായത്ത് ഡയറക്ടറുടെ സ്ഥാനം നികത്താത്തത്; എന്തുകൊണ്ടാണ് അഡീഷണൽ ഡയറക്ടറുടെ സ്ഥാനം നികത്താത്തത്; എന്തുകൊണ്ടാണ് ജൂനിയർ ജോയിന്റ് ഡയറക്ടറെ നിയമിച്ച് ഇക്കാര്യങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്? അത് ദുരുദ്ദേശപരമാണെന്ന് ആരെങ്കിലും പറഞ്ഞാൽ ഒരിക്കലും അത് തെറ്റാണെന്ന് പറയാൻ സാധിക്കുകയില്ല. ഇന്ന് പഞ്ചായത്തുകളിൽ ട്രാൻസ്ഫറുകൾ നടത്തുന്നത് നീതിപൂർവ്വമാണോ? കഴിഞ്ഞ ഗവൺമെന്റിന്റെകാലത്തും ഞാൻ എം.എൽ.എ. ആയിരുന്നു. അന്നത്തെ വകുപ്പുമന്ത്രി ആദരണീയനായ പാലോളി മുഹമ്മദ് കുട്ടിയായിരുന്നു. അദ്ദേഹത്തോട് ട്രാൻസ്ഫറുമായി ബന്ധപ്പെട്ട കാര്യം പറഞ്ഞാൽ അദ്ദേഹം പറയും, അതിന് കൃത്യമായ ചില മാനദണ്ഡങ്ങളുണ്ട്, ആ മാനദണ്ഡങ്ങളനുസരിച്ച് മാത്രമെ കാര്യങ്ങൾ നടക്കുകയുള്ളു എന്നാണ്. വഴിവിട്ട് ഒന്നും ചെയ്യില്ലെന്നുള്ള നിലപാട് സ്വീകരിച്ചിരുന്നു, അത് നീതിപൂർവ്വമായിരുന്നു, അതിന് മാനദണ്ഡങ്ങളുണ്ടായിരുന്നു, അതിന്റെയടിസ്ഥാനത്തിലാണ് കാര്യങ്ങൾ ചെയ്തിരുന്നതെന്ന് മനസ്സിലാക്കണം. പക്ഷേ ഇന്ന് മാനദണ്ഡങ്ങളില്ല. ഈ രീതിയിൽ പോയാൽ കേരളത്തിൽ വലിയ മുന്നേറ്റമുണ്ടാക്കിയ, ലോകശ്രദ്ധയാകർഷിച്ച അധികാര വികേന്ദ്രീകരണവും വികേന്ദ്രീകൃത ആസൂത്രണവും തകർക്കപ്പെടുന്ന സ്ഥിതിയുണ്ടാകും. പഞ്ചായത്തുകളിൽ കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിന് മുൻപ് സമ്പൂർണ്ണ പെൻഷൻ പഞ്ചായത്തുകളായി പ്രഖ്യാപിച്ചു. മൂന്നുലക്ഷം രൂപ വരുമാന പരിധി ഉയർത്തി. ‘പാലം കടക്കുന്നതുവരെ നാരായണ നാരായണ, പാലം കടന്നപ്പോൾ കൂരായണ’, എന്നു

പറയുന്നതുപോലെ പാർലമെന്റ് തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ ആ പരിധി ഒരു ലക്ഷമായി ചുരുക്കി. എന്ത് അനീതിയാണ് ഈ ഗവൺമെന്റ് ചെയ്യുന്നത്? പഞ്ചായത്തുകളുടെ ലിസ്റ്റ് തയ്യാറാക്കി, സമ്പൂർണ്ണ പെൻഷൻ പഞ്ചായത്തുകളായി പ്രഖ്യാപിച്ചു. അതിൻപ്രകാരം ചിലർക്ക് പെൻഷൻ ലഭിച്ചിരുന്നു, പലരും അപേക്ഷ തയ്യാറാക്കി നാളെ കിട്ടുമെന്ന് പ്രതീക്ഷിച്ചിരുന്നു. പക്ഷേ വരുമാന പരിധി താഴ്ത്തിയപ്പോൾ അവർക്ക് പെൻഷൻ കിട്ടുകയില്ല. വളരെ നിരാശാജനകമായ അവസ്ഥയാണുണ്ടായിട്ടുള്ളത്. യഥാർത്ഥത്തിൽ പാവപ്പെട്ടവരെ പറ്റിക്കുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. പാർലമെന്റ് തെരഞ്ഞെടുപ്പിന് മുൻപ് വരുമാന പരിധി മൂന്നുലക്ഷം രൂപയായി ഉയർത്തിയതിനുശേഷം പഞ്ചായത്തുകളോട് അപേക്ഷ ക്ഷണിക്കാൻ പറഞ്ഞു. അവർ അപേക്ഷ ക്ഷണിച്ച്, ലിസ്റ്റുണ്ടാക്കി, അതിന്റെ ഭാഗമായി ചിലർക്ക് പെൻഷൻ കിട്ടി, പലരും ലഭിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നു അവരെയെല്ലാം നിരാശപ്പെടുത്തുന്നയവസ്ഥയാണുണ്ടായിരിക്കുന്നത്. എന്ത് സമാധാനമാണ് ഇക്കാര്യത്തിൽ ഗവൺമെന്റിന് പറയാനുള്ളത്? ഓട്ടിസവും ഹീമോഫീലിയയും ബാധിച്ച കുട്ടികളെ സംബന്ധിക്കുന്ന കാര്യങ്ങളിൽ ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അതുപോലെ സ്ത്രീകളും പ്രായമായവരും കുട്ടികളുമാണ് ഇന്ന് നമ്മുടെ സമൂഹത്തിൽ ഏറ്റവും അധികം പീഡിപ്പിക്കപ്പെടുന്നത്. അവർക്ക് ന്യായമായ പരിഗണന നൽകണം. ഒരു വയോജന കമ്മീഷൻ വയ്ക്കണമെന്ന മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ തീരുമാനം ഇതുവരെ നടപ്പാക്കപ്പെട്ടിട്ടില്ല. ഇവർക്ക് മുന്തിയ പരിഗണന നൽകണം. സ്ത്രീകൾക്കുവേണ്ടിയുള്ള ജാഗ്രതാ സമിതികൾ പഞ്ചായത്തുകളിൽ രൂപീകരിച്ചിട്ടുണ്ടെങ്കിലും അത് ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. അതിനൊരു വിശ്വാസ്യതയുണ്ടാകണമെങ്കിൽ അത് പ്രവർത്തിപ്പിക്കാനും കൃത്യ

മായി യോഗം ചേർന്ന് അവർക്ക് ലഭിക്കുന്ന പരാതികളുടെയടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാനും കഴിയണം. അങ്ങനെയുള്ള യാതൊരു നടപടിയും സ്വീകരിക്കുന്ന സമീപനം ഇവിടെയില്ല. ഗ്രാമ വികസനവുമായി ബന്ധപ്പെട്ട് തൊഴിലുറപ്പുപദ്ധതിയെ ചിലർ പുച്ഛിക്കുന്നത് കേട്ടു. പക്ഷേ ഞങ്ങളുടെ അനുഭവം അതല്ല. എത്രയോ നല്ല പ്രവർത്തനങ്ങളാണ് തൊഴിലുറപ്പുപദ്ധതിയുടെ ഭാഗമായി നടക്കുന്നത്, പ്രത്യേകിച്ചും മഹാ ഭൂരിപക്ഷം വരുന്ന സ്ത്രീത്തൊഴിലാളികൾ പങ്കെടുക്കുന്ന പരിപാടിയിൽ നടത്തിക്കൊണ്ടിരിക്കുന്നത്. ഇപ്പോൾ അവിടെ ആസ്തി വികസന കാര്യങ്ങൾ മാത്രമെ നടത്താൻ പാടുള്ളുവെന്ന നിബന്ധന വന്നിരിക്കുകയാണ്. ഇതിന്റെ ഭാഗമായി കൃഷിയിടങ്ങൾ ഒരുക്കുന്ന കാര്യത്തിൽ തൊഴിൽ സാധ്യതയില്ലാതാകാൻ പോകുന്നു. ഞങ്ങളുടെ ഒരനുഭവം പറയാം. വർഷകാലത്ത് മണ്ണ് മൂടി കിടക്കുന്ന കനാലുകൾ വൃത്തിയാക്കിയിരുന്നതും കാട്ടുതീ തടയാനുള്ള ഫയർ ലൈൻ നടപ്പാക്കിയിരുന്നതും തൊഴിലുറപ്പുപദ്ധതി പ്രകാരമാണ്. കാനകൾ വൃത്തിയാക്കുകയെന്നത് അസെറ്റ് ഡെവലപ്പ്മെന്റിന്റെ ഭാഗമാണ്. കാനയിൽ വെള്ളം കെട്ടിക്കിടന്നാൽ മാലിന്യങ്ങളുണ്ടാകുകയും അതിൽ നിന്നും പകർച്ചവ്യാധികളും അസുഖങ്ങളുംമറ്റും ഉണ്ടാകുകയും ചെയ്യും. അത് ഒഴിവാക്കുന്നു, വെള്ളക്കെട്ട് ഒഴിവാക്കുന്നു. റോഡ് നശിക്കാതിരിക്കാൻ സൂക്ഷിക്കുന്നു. അതൊരു അസെറ്റിനെ സംരക്ഷിക്കലാണ്. അതുപോലെ ഫയർ ലൈൻ സംരക്ഷിക്കുക എന്നുപറയുന്നത് കാടിനെ സംരക്ഷിക്കലാണ്. പക്ഷേ അത് ആസ്തിയുമായി ബന്ധപ്പെട്ട് പരിഗണിക്കപ്പെടുന്നില്ല. കൃഷിയിടങ്ങൾ ഒരുക്കിയെടുക്കുക, ആസ്തി സംരക്ഷണവുമായി ബന്ധപ്പെട്ടുള്ള നമ്മുടെ ഭക്ഷ്യസുരക്ഷയുടെ പ്രശ്നമാണ്. പക്ഷേ ഇക്കാര്യങ്ങളൊക്കെ ഒഴിവാക്കപ്പെടുന്ന ഒരവസ്ഥയാണുണ്ടായിട്ടുള്ളത്.

അതുപോലെ മറ്റൊരുകാര്യം, 978 പഞ്ചായത്തുകളുടെ എല്ലാം അക്കൗണ്ട് തിരുവനന്തപുരത്ത് പട്ടത്തുള്ള എസ്.ബി.ഐ. ബാങ്കിലാണ്. ഇത് എന്തു കൊണ്ട് ജില്ലകളിലേയ്ക്ക് മാറ്റിക്കൂടാ? ഇതിന്റെ ഭാഗമായി പലപ്പോഴും സിസ്റ്റം ജാമാകുന്നു, പഞ്ചായത്തുകളിലുള്ള കംപ്യൂട്ടർ സിസ്റ്റം ജാമാകുന്ന തുപോലെതന്നെ ഇവയും വേണ്ടത്ര പ്രവർത്തിപ്പിക്കാൻ സാധിക്കാതെ വരുന്നു. ഇത് പലവട്ടം സൂചിപ്പിച്ചിട്ടുള്ളതാണ്. ഈ രീതിയിലുള്ള ഒരവസ്ഥ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. തൊഴിലുറപ്പുപദ്ധതി നാട്ടിൻപുറത്തെ പട്ടിണി പാവങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിച്ച് അവരുടെ ജീവിത ത്തിൽ പുരോഗതിയുണ്ടാക്കുന്ന ഒരു നല്ല കാര്യമാണ്. അതിനെ പുച്ഛിക്കുക യല്ല വേണ്ടത്, നല്ല രീതിയിൽ പ്രയോജനപ്പെടുത്തി തൊഴിലാളികളെ കൂടു തൽ ഈ രംഗത്തേയ്ക്ക് കൊണ്ടുവന്ന് ഫലപ്രദമായി നടപ്പാക്കാനുള്ള സാഹ ചര്യമാണ് സൃഷ്ടിക്കപ്പെടേണ്ടത്. ക്ഷീര വികസനവുമായി ബന്ധപ്പെട്ട് യഥാർത്ഥത്തിൽ എന്താണ് സംഭവിക്കുന്നത്? ഇവിടെ സൂചിപ്പിച്ചു കഴിഞ്ഞു. മിൽമ തടിച്ചുകൊഴുക്കുന്നു, പക്ഷേ പാൽ ഉല്പാദിപ്പിക്കുന്ന കർഷകനും പാൽ നൽകുന്ന പശുവും മെലിഞ്ഞു പോകുന്നു. കുളമ്പുരോഗം ബാധിച്ച പശുക്കൾക്ക് നാല്പതിനായിരം രൂപ നഷ്ടപരിഹാരമായി നൽകുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിച്ചിരുന്നു. തൃശ്ശൂർ ജില്ലയുടെ കാര്യമാണ് പറ യുന്നത്. ആഗസ്റ്റ് 2013 മുതൽ മാർച്ച് 2014 വരെ കുളമ്പുരോഗം ബാധിച്ച പശുക്കൾ– 13993, പശുക്കിടാരികൾ– 2152, പശുക്കിടാവുകൾ– 2492, എരുമ, മൂരി–906, ആടുകൾ–1054, പന്നി 140 – ആകെ – 21401. മരണസംഖ്യ: പശു–616, കിടാരി–225, കിടാവുകൾ–857, എരുമ, പോത്ത്–52, ആട്–69, പന്നി–5 ആകെ – 1824. കോംപൻസേഷൻ ലഭിച്ചത് മുപ്പതുലക്ഷം രൂപ.

<u>മി. ചെയർമാൻ:</u> ആറ് മിനിട്ട് കഴിഞ്ഞു, പ്ലീസ് കൺക്ലൂഡ്... പ്ലീസ്....

<u>ശ്രീ. ബി.ഡി ദേവസ്സി:</u> സർ, 224 കർഷകർക്ക് ആനുകൂല്യം നൽകി. ബാലൻസ് നൽകാനുള്ളത്, 1497 മൃഗങ്ങൾക്ക് ഒരു കോടി അൻപത്തിയാറ് ലക്ഷത്തി ഇരുപ്പത്തിയേഴായിരം രൂപ.........

<u>മി. ചെയർമാൻ:</u> പ്ലീസ് കൺക്ലൂഡ് ചെയ്യൂ... പ്ലീസ്....

<u>ശ്രീ. ബി.ഡി ദേവസ്സി:</u> സർ, ക്ഷീര വികസന വകുപ്പിന്റെ കണക്കനുസരിച്ച് കുളമ്പുരോഗം, കുരുളടപ്പൻരോഗം ബാധിച്ച 616 പശുക്കൾക്ക് – അറുപത്തിയൊന്നുലക്ഷത്തിയറുപതിനായിരം രൂപ കൊടുക്കണം, 34 പേർക്ക് മൂന്നു ലക്ഷത്തി നാൽപ്പതിനായിരം രൂപയാണ് നൽകേണ്ടത്. നാൽപ്പതിനായിരം രൂപ വച്ച് ഓരോ പശുവിനും നൽകുമെന്ന് പ്രഖ്യാപിച്ച കാര്യം ഓർക്കുന്നുണ്ടാകും. ഇവിടെ പ്രഖ്യാപനം പോലെയല്ല പ്രവർത്തിയെന്ന് പറയാൻ കഴിയും. അതുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കലും അനുകൂലിക്കാൻ കഴിയില്ല, ഞാൻ ശക്തിയായി എതിർക്കുകയാണ്.

<u>ശ്രീ. സണ്ണി ജോസഫ്:</u> സർ, ഞാൻ ഈ ധനാഭ്യർത്ഥകളെ പൂർണ്ണമായി പിൻതുണയ്ക്കുകയാണ്. നമ്മുടെ ഗ്രാമങ്ങളെ ഏറെ ബാധിക്കുന്ന ഈ വിഷയത്തിന്റെ ചർച്ചയ്ക്കുവരുന്നതിന് മുമ്പ്, എന്റെ നിയോജകമണ്ഡലത്തിലെ പഞ്ചായത്ത് പ്രസിഡന്റുമാരുമായും മെമ്പർമാരുമായും ഈ വകുപ്പിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് അവർക്കുള്ള അഭിപ്രായമെന്തെന്ന് ആരായുകയുണ്ടായി. അവരെല്ലാം ഏറ്റവും നല്ല അഭിപ്രായമാണ് പറഞ്ഞത്. ഇവിടെ ശ്രീ. മോൻസ് ജോസഫ് പറഞ്ഞതുപോലെ, ഈ രണ്ട് വകുപ്പുകളുടെ പ്രവർത്തനങ്ങളെക്കുറിച്ചും മന്ത്രിമാർ നന്നായി പഠിച്ച് പ്രവർത്തിക്കു

ന്നതുകൊണ്ട് ഫലപ്രദമായ റിസൽട്ട് ഈ മേഖലയിലുണ്ടാക്കാൻ സാധിച്ചിട്ടുണ്ടെന്നാണ് എനിക്ക് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. ഇന്ത്യ ജീവിക്കുന്നത് ഗ്രാമങ്ങളിലാണെന്ന് രാഷ്ട്രപിതാവ് പറയാതെ തന്നെ മനസ്സിലാക്കേണ്ട വിഷയമാണ്. ഗ്രാമങ്ങളുടെ വികസനത്തിന് വേണ്ടിയുള്ള അധികാര വികേന്ദ്രീകരണമാണ് പഞ്ചായത്ത് രാജ് ഭരണഘടനാ ഭേദഗതിയിലൂടെ നടപ്പിലാക്കിയതെങ്കിൽ, അതിനനുകൂലമായ സംസ്ഥാന നിയമം നടപ്പിലാക്കി പ്രാവർത്തികതലത്തിൽ കൊണ്ടുവന്നത് കേരളമാണ്. പദ്ധതി വിഹിതം ചെലവ് ചെയ്തതിനെ സംബന്ധിച്ച് ബഹുമാന്യ സുഹൃത്ത് ചോദിച്ചു. ഈ വർഷത്തെ ചെലവ് എത്രയാണ്; പഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണത്തിൽ ഈ വർഷത്തെ ചെലവ് 84%, തെരഞ്ഞെടുപ്പ് സംബന്ധിച്ച പെരുമാറ്റ ചട്ടങ്ങളും മറ്റ് ജോലിഭാരങ്ങളുമെല്ലാമുണ്ടായിരുന്നിട്ടും 84% ചെലവഴിക്കാൻ പഞ്ചായത്തുകൾക്ക് സാധിച്ചു. കഴിഞ്ഞ 8 വർഷത്തിനിടയിൽ ഏറ്റവും നല്ല അച്ചീവ്മെന്റാണിത്. ചില പഞ്ചായത്തുകളിൽ നിബന്ധനകൾ ഏർപ്പെടുത്തിയതുമൂലം ബുദ്ധിമുട്ടുണ്ടായിട്ടുണ്ട്. അതായത് അവർ വളരെ പ്രയാസപ്പെട്ട് ബില്ലുകൾ റെഡിയാക്കി ട്രഷറിയിൽ എത്തിയപ്പോൾ മൂന്ന് മണി കഴിഞ്ഞുപോയിയെന്ന കാരണം പറഞ്ഞ് ചില ട്രഷറി ഓഫീസർമാർ പഞ്ചായത്തു ബില്ലുകൾ മടക്കിയതുകൊണ്ടാണ് ഇല്ലെങ്കിൽ 84% ക്കാൾ കൂടുതൽ യഥാർത്ഥ എക്സ്പെൻഡിച്ചർ വരുമായിരുന്നു. പദ്ധതി നിർവ്വഹണത്തിൽ കാര്യമാത്ര പ്രസക്തമായ പുരോഗതി കൈവരിക്കാൻ പഞ്ചായത്ത് രാജ് സംവിധാനങ്ങൾക്ക് സാധിച്ചു. മന്ത്രി ഡേ–റ്റു–ഡേ മോണിറ്ററിംഗിലൂടെ ആ കാര്യങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ പ്രധാന പ്രശ്നങ്ങളെന്തായിരുന്നു; ജനകീയ ആസൂത്രണത്തിന്റെ പേരിൽ നടപ്പിലാക്കിയ സാങ്കേതിക

കമ്മിറ്റികളായ ബി.എൽ.ഇ.സി., ഡി.എൽ.ഇ.സി തുടങ്ങിയ എക്സ്പെർട്ട് കമ്മിറ്റികളെ ആശ്രയിക്കണം. എന്നോട് ഒരു പഞ്ചായത്ത് പ്രസിഡന്റ് ഇന്നലെ പറഞ്ഞത്, ഞങ്ങൾ മുൻകാലങ്ങളിൽ ഈ ഫയലുമായി ബി.എൽ.ഇ.സി യുടേയും ഡി.എൽ.ഇ.സി. യുടേയും പിറകെ അനുമതിക്കായി കാത്തുകെട്ടി കിടക്കുകയായിരുന്നുവെങ്കിൽ ഇന്ന് ഓൺലൈൻ സംവിധാനത്തിൽ പഞ്ചായത്താഫീസിലിരുന്ന് ഫയൽ സമർപ്പിക്കാനും അതിൽ വരുത്തേണ്ട തിരുത്തലുകൾ വരുത്താനും കൂട്ടിച്ചേർക്കലുകൾ വരുത്താനും സാധിക്കുന്നു എന്നാണ്. ഡി.പി.സി. ലെവലിൽ തന്നെ പദ്ധതികൾ പൂർണ്ണമായി അംഗീകരിച്ച് ഫൈനലൈസ് ചെയ്തതിനുശേഷം ഡി.പി.സി–ക്ക് പഞ്ചായത്തിലേയ്ക്ക് അനുവദിച്ച പദ്ധതികൾ സംബന്ധിച്ച നിർദ്ദേശങ്ങളും വിശദാംശങ്ങളുമെല്ലാം ഓൺലൈനിൽ സമർപ്പിക്കാൻ സാധിക്കുന്നു. ശാസ്ത്ര സാങ്കേതിക വിദ്യകളുടെ വളർച്ച ഭരണ നിർവ്വഹണത്തിൽ കൂടുതൽ കാര്യക്ഷമത വരുത്തിക്കൊണ്ട് ഫലപ്രദമായി നടപ്പിലാക്കാൻ ഈ വകുപ്പിന് സാധിച്ചിരിക്കുന്നുവെന്നുള്ളതാണ് വേറൊരു കാര്യം. അതുപോലെതന്നെ മേഖലാ വിഭജനത്തിൽ വന്ന മാറ്റങ്ങളെക്കുറിച്ച് – പശ്ചാത്തല മേഖലയ്ക്ക് കൂടുതൽ ഊന്നൽ നൽകുന്നുവെന്ന പരാതി പറഞ്ഞുകൊണ്ടുതന്നെ ഇവിടെ പറഞ്ഞ കാര്യം എന്താണ്; റോഡുകൾ കൂടുതൽ നവീകരിക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നവീകരിച്ചു, അതൊരു യാഥാർത്ഥ്യമല്ലെന്ന് എല്ലാവർക്കുമറിയാം. തെരഞ്ഞെടുപ്പ് പരാജയങ്ങളുടെ പ്രധാന കാരണം റോഡുകളുടെ മോശാവസ്ഥയായിരുന്നുവെന്നത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെക്കുറിച്ച് അവർതന്നെ വിശകലനം ചെയ്തതും അംഗീകരിച്ചതുമായ കാര്യമാണ്. റോഡുകൾ നവീകരിക്കണം. എന്നാൽ പശ്ചാത്തലമേഖലയ്ക്ക് മാത്രമായി സംഖ്യ ചെലവഴിക്കണമെന്നല്ല പറഞ്ഞത്, മേഖലാവിഭജനത്തിൽ ഓരോ പഞ്ചായത്തിനും അവരവരുടെ

ആവശ്യങ്ങൾക്കനുസരിച്ച്, ഗ്രാമസഭകളുടേയും കർമ്മ സമിതികളുടെയും നിർദ്ദേശങ്ങൾക്കനുസരിച്ച് പഞ്ചായത്ത് ഭരണസമിതിക്ക് ഉചിതമായ തീരുമാന മെടുക്കാം. അത് ഡി.പി.സി. യുടെ അംഗീകാരത്തിന് വിധേയമാക്കി മേഖലാ വിഭജനത്തിൽ പഞ്ചായത്തുകൾക്ക് കുറച്ചുകൂടി ഫ്രീ ഹാന്റ് കൊടുത്തു വെന്നതല്ലാതെ പശ്ചാത്തല മേഖലയെ മാത്രം പ്രോത്സാഹിപ്പിക്കുകയോ കാർഷിക മേഖലയെ ഏതെങ്കിലും തരത്തിൽ അവഗണിക്കുകയോ അല്ല ഈ ഗവൺമെന്റ് ചെയ്തിട്ടുള്ളതെന്ന് പൂർണ്ണമായി നമുക്ക് മനസ്സിലാക്കാൻ സാധി ക്കും. ലോക്കൽ സെൽഫ് ഗവൺമെന്റ് ഡിപ്പാർട്ട്മെന്റിൽ എഞ്ചിനീയറിംഗ് വിംഗ് ഉണ്ടാക്കി. മാർച്ച് 31-ന് പദ്ധതികൾ പൂർത്തിയാക്കുന്നതിനും ബില്ലുകൾ സമർപ്പിക്കുന്നതിനും പ്രത്യേകമായ സൗകര്യങ്ങളുണ്ടാക്കി. അതുപോലെ വാർഷിക പദ്ധതിയെന്ന സങ്കല്പം മാത്രംപോര, പഞ്ചവത്സരപദ്ധതി എന്നത് നമ്മുടെ അടിസ്ഥാന വികസനത്തിന്റെ ഒരു സങ്കൽപ്പമാണ്. ഓരോ വർഷ ത്തേയും പ്രോജക്ടുകൾക്ക് പകരം ദീർഘകാലാടിസ്ഥാനത്തിലുള്ള പ്രോജ ക്ടുകൾ സമർപ്പിക്കാനും പഞ്ചായത്തുകൾക്ക് അവസരമൊരുക്കത്തക്ക വിധ ത്തിലാണ് അഞ്ച് വർഷത്തേയ്ക്കുള്ള പദ്ധതി എന്ന ദീർഘകാലാടിസ്ഥാന ത്തിലുള്ള നിർദ്ദേശം കൊണ്ടുവന്നിട്ടുള്ളത്. അത് ഏതെങ്കിലുമൊരു ഭാഗത്തു മാത്രമല്ല, പഞ്ചായത്ത് സംവിധാനങ്ങൾ, അത് സംബന്ധിച്ച പഞ്ചായത്ത് അസോസിയേഷൻ അവരെല്ലാം ഐക്യകണ്ഠേന വച്ച നിർദ്ദേശങ്ങളുടെ അടി സ്ഥാനത്തിലാണ്. ഈ മേഖലാ വിഭജനത്തിന്റെ അധികാരങ്ങൾക്കും നിർദ്ദേശങ്ങൾക്കും മാറ്റംവരുത്തിയിട്ടുള്ളതും അതുപോലെ അഞ്ചുവർഷത്തേ യ്ക്കുള്ള പദ്ധതികളുടെ രൂപരേഖ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ അംഗീകരിക്കപ്പെട്ടിട്ടുള്ളതുമെല്ലാം പ്ലാനിംഗ് മന്ത്രിയും പഞ്ചായത്ത് രാജ് മന്ത്രിയുമെല്ലാം നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിലും പല പഞ്ചായത്ത്

പ്രസിഡന്റുമാരും അസോസിയേഷൻ ഭാരവാഹികളുമൊക്കെ ആവർത്തിച്ച് ആവശ്യപ്പെട്ടതിന്റെയുംമറ്റും അടിസ്ഥാനത്തിലുമാണ്. അതുപോലെ മറ്റൊരു കാര്യം, അസിസ്റ്റന്റ് സെക്രട്ടറിമാരുടെ പോസ്റ്റ് ക്രിയേറ്റ് ചെയ്തു. പഞ്ചായ ത്താഫീസുകളിൽ വളരെയധികം ജോലിത്തിരക്കാണ്. ജനങ്ങൾ പല ആവശ്യ ങ്ങൾക്കും മെമ്പർമാർ വികസന പ്രവർത്തനങ്ങളുടെ ആവശ്യങ്ങൾക്കു ംവേണ്ടി സമീപിക്കുന്ന ഓഫീസാണ്. അവിടെ യു.ഡി.സി, എൽ.ഡി.സി പോസ്റ്റുകളൊക്കെ അധികമായി ക്രിയേറ്റു ചെയ്തു. അതെല്ലാം പഞ്ചായ ത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ടതാണ്. അതിനേക്കാൾ പ്രധാനപ്പെട്ട കാര്യം ഫ്രണ്ട് ഓഫീസ് അനുവദിച്ചു എന്നുള്ളതാണ്. ആളുകൾ ഓരോ ആവശ്യങ്ങൾക്കും സർട്ടിഫിക്കറ്റിനുവേണ്ടിയുംമറ്റും തിങ്ങിക്കൂടുന്നതിനുപ കരം ഫലപ്രദമായി അവർക്ക് സൗകര്യങ്ങൾ ലഭിക്കുന്ന, റിസൾട്ട് കിട്ടുന്ന ഫ്രണ്ട് ഓഫീസ് സംവിധാനമേർപ്പെടുത്തി. ജനാധിപത്യശാക്തീകരണത്തിൽ കേരളം വഹിച്ചിട്ടുള്ള പങ്ക് ലോകം അംഗീകരിക്കുന്ന കാര്യമാണ്. അന്തർദ്ദേ ശീയ തലത്തിൽ തന്നെ ശ്രദ്ധിച്ച ജനാധിപത്യശാക്തീകരണത്തിന്റെ ഒരു വിപു ലമായ അന്തർദ്ദേശീയ സെമിനാർ കോവളത്തുവച്ച് വിജയകരമായി നട ത്താൻ സാധിച്ചു. അതെല്ലാം ഈ പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ നേട്ട ങ്ങളാണ്. സാമൂഹ്യ നീതിവകുപ്പ് നടപ്പിലാക്കിയ സ്നേഹ സ്പർശം, താലോലം നിർഭയ, കോക്ലിയർ ഇംപ്ലാന്റേഷൻ തുടങ്ങിയ പദ്ധതികൾ ജന ങ്ങളെ വളരെയധികമാകർഷിച്ചിട്ടുണ്ട്. കോക്ലിയറിന്റെ ഉദ്ദേശ്യം എത്രയോ മഹത്തരമാണ്, അത് എല്ലാവരും അംഗീകരിച്ച കാര്യമാണ്. താലോലം, സ്നേഹ സ്പർശം, നിർഭയ ഈ പേരുകൾ എന്ത് ആശയത്തെ പ്രദാനം ചെയ്യുന്നുവോ അത്തരത്തിൽ സാമൂഹ്യനീതിയെന്ന ലക്ഷ്യത്തെ മുൻനിർത്തി യുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാനും ഈ ഗവൺമെന്റിന്

സാധിച്ചിരിക്കുന്നു. അതിനുവേണ്ടിയുള്ള ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിൻതുണയ്ക്കേണ്ടതാണ്. കുടുംബശ്രീയെ ഒരിക്കലും രാഷ്ട്രീയവൽക്കരി ക്കുകയല്ല ചെയ്തത്. കുടുംബശ്രീയെ ശാക്തീകരിക്കുകയാണ് ചെയ്തത്. ജനശ്രീ വന്നപ്പോൾ വലിയ ആശങ്കയുണ്ടായിരുന്നു. കുടുംബശ്രീയ്ക്ക് വേണ്ടി ആരെങ്കിലും മുതലക്കണ്ണീർ ഒഴുക്കിയെങ്കിൽ അത് അസ്ഥാനത്താണ്. അതിനുവേണ്ടി ആരെങ്കിലും നൃത്തം ചവിട്ടിയെങ്കിൽ അതിന്റെ ആവശ്യമില്ല. ഈ സർക്കാർ കുടുംബശ്രീയെ ശാക്തീകരിച്ച് സമ്പൂർണ്ണ അയൽക്കൂട്ട അംഗ ത്വം, പ്രത്യേകിച്ച് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും ബി.പി.എൽ. കുടുംബങ്ങൾക്കും സമ്പൂർണ്ണ കുടുംബശ്രീ അംഗത്വം വളരെ ആഘോഷമാ യിട്ടാണ് നൽകിയത്. ഞാനടക്കമുള്ള എം.എൽ.എ മാരും മന്ത്രിമാരും പങ്കെ ടുത്ത ചടങ്ങുകളിൽ സമ്പൂർണ്ണ അയൽക്കൂട്ടപ്രവേശനത്തെ പട്ടികജാതി/പട്ടി കവർഗ്ഗ വിഭാഗങ്ങളും ബി.പി.എൽ. കുടുംബങ്ങളുമെല്ലാം വളരെ ആവേശ ത്തോടെ വരവേറ്റു. കുടുംബശ്രീയിൽ അംഗത്വം നിഷേധിക്കുന്നതിനുപകരം സമ്പൂർണ്ണഅംഗത്വമുറപ്പുവരുത്തി കുടുംബശ്രീയെ ശാക്തീകരിക്കുന്നതിനും കുടുംബശ്രീയുടെ പ്രവർത്തനങ്ങളുടെ ലക്ഷ്യം ഫലപ്രാപ്തിയിലെത്തിക്കുന്ന തിനും വേണ്ടിയാണ് ഗവൺമെന്റ് ശ്രമിച്ചിട്ടുള്ളത്. അത്തരം നടപടികളെ ശ്ലാഘിക്കുന്നതിനുപകരം വിമർശിക്കുന്നത് ഒരു കാരണവശാലും ശരിയല്ല.

അതുപോലെ തന്നെ ഗ്രാമവികസന വകുപ്പ് വളരെ ഫലപ്രദമായി മുന്നോട്ടുപോകുന്നു. പഞ്ചായത്ത് രാജ്–നെക്കുറിച്ച് പറയാൻ ഒരുപാട് കാര്യ ങ്ങളുണ്ട്. ഈ രണ്ടുവകുപ്പുകളെക്കുറിച്ചുമുള്ള ചർച്ചയ്ക്ക് സമയം കുറവാണ്. ഏറ്റവും പ്രധാനപ്പെട്ട ഒരുകാര്യം ഇവിടെ ചർച്ച ചെയ്തത് തൊഴിലുറപ്പുപദ്ധ തിയെക്കുറിച്ചാണ്. ആ പദ്ധതിയുടെ പ്രവർത്തനരംഗത്ത് വളരെയേറെ നേട്ട

ങ്ങൾ കൈവരിക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. അതിന്റെ ചെറിയ ഉദാഹരണങ്ങളാണ് 2010-11–ൽ തൊഴിലുറപ്പുപദ്ധതിയിൽ കേരളം ചെലവഴിച്ച സംഖ്യ 701 കോടിരൂപ ആയിരുന്നത് 2013-14–ൽ അത് 1740 കോടിരൂപയായി. 2010-11–ൽ തൊഴിൽ ലഭിച്ചിട്ടുള്ള കുടുംബങ്ങളുടെ എണ്ണം 11.85 ആയിരുന്നുവെങ്കിൽ 2014–ൽ 17.84 ലക്ഷമായി വർദ്ധിപ്പിക്കാൻ സാധിച്ചിരിക്കുന്നു. 2011–ൽ 493 ലക്ഷം തൊഴിൽദിനങ്ങളാണ് സൃഷ്ടിച്ചതെങ്കിൽ 2014–ൽ 865 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിരിക്കുന്നു. ഇതെല്ലാം സംസാരിക്കുന്ന കണക്കുകളാണ്. 2011–ൽ 72,341 കുടുംബങ്ങൾക്കാണ് 100 ദിവസം തൊഴിൽദിനങ്ങൾ ലഭിച്ചതെങ്കിൽ ഇന്നത് 4,06,500 ആയി മാറി, എത്ര കണ്ട് വർദ്ധിപ്പിച്ചിരിക്കുന്നു. എഴുപത്തിരണ്ടായിരത്തിൽ നിന്ന് നാലുലക്ഷമായി തൊഴിൽദിനങ്ങൾ വർദ്ധിപ്പിക്കാൻ സാധിച്ചിരിക്കുന്നു. അതുപോലെ തൊഴിൽ സമയത്തെക്കുറിച്ച് പറയുകയാണെങ്കിൽ പ്രധാനമായും ഗ്രാമപ്രദേശങ്ങളിൽ നമ്മുടെ സഹോദരിമാരാണ് തൊഴിലുറപ്പുപദ്ധതിയിൽ ഏർപ്പെട്ടിട്ടുള്ളത്. ഒരുപക്ഷേ പട്ടണങ്ങളിലുള്ള ആളുകൾക്ക് തൊഴിലുറപ്പുപദ്ധതിയെ വേണ്ടത്ര ഗൗരവത്തിൽ കാണാൻ കഴിയില്ലെങ്കിലും ഗ്രാമങ്ങളിൽ അത് വലിയൊരു തൊഴിൽ സംരംഭമാണ്. അതുപോലെ തന്നെ പട്ടിണിമാറ്റാൻ പര്യാപ്തമായ ഒരു സംവിധാനം തന്നെയാണ് കേന്ദ്രം രാഷ്ട്രപിതാവിന്റെ നാമധേയത്തിൽ നടപ്പിലാക്കിയ ആ സംരംഭം. എട്ടുമണി മുതൽ അഞ്ചുമണിവരെ എന്ന തൊഴിൽ സമയം കുട്ടികളെ സ്കൂളിൽ അയയ്ക്കാനും ഭക്ഷണം പാകം ചെയ്യാനുമൊക്കെ വീട്ടമ്മമാർക്കും സഹോദരിമാർക്കും സാധിക്കാത്ത ഒരു സാഹചര്യത്തിലാണ് തൊഴിൽ

സമയം ഒമ്പതുമണി മുതൽ അഞ്ചുമണിവരെയാക്കി ക്രമീകരിച്ചിരിക്കുന്നത്. അത് പരക്കെ സഹോദരിമാരും വീട്ടമ്മമാരും സ്വാഗതം ചെയ്യുന്ന ഒരു കാര്യ മാണ്. അതുപോലെ തൊഴിലുറപ്പിന്റെ കൂലി വർദ്ധിപ്പിക്കാൻ സാധിച്ചു. 2014-15-ൽ 212 രൂപയാക്കി വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. അതാണ് നമുക്ക് ഈ മേഖലയിൽ കൈവരിക്കാൻ സാധിച്ചിട്ടുള്ള നേട്ടങ്ങൾ. എന്റെ കോൺസ്റ്റിറ്റ്യുവൻസിയിലെ ഒരു ഗ്രാമപഞ്ചായത്തിന്റെ വൈസ് പ്രസിഡന്റും ബ്ലോക്ക് പഞ്ചായത്ത് മെമ്പറും രണ്ട് വനിതകളാണ്. ഒരു പഞ്ചായത്തിൽ അവർ രണ്ടുപേരും തൊഴിലുറപ്പുപദ്ധതിയിൽ പണിയെടുക്കുന്നവരാണ്. തൊഴിലാളികൾക്ക് നേതൃത്വം കൊടുക്കുന്നവർ മാത്രമല്ല, അവർ അവരുടെ ടീമംഗങ്ങളുടെ കൂടെ, actually they are doing work. അവർ ജോലി ചെയ്യുന്നു. ഒരു യോഗത്തിൽ വച്ച് ചോദിച്ചപ്പോൾ പറഞ്ഞ കാര്യമാണ്. ഒരു പഞ്ചായത്ത് വൈസ് പ്രസിഡന്റായിരുന്ന വ്യക്തിക്ക് കഴിഞ്ഞ വർഷം 3000 രൂപ അവർ ജോലി ചെയ്ത് സമ്പാദിച്ചു എന്നുപറയുമ്പോൾ തൊഴിലുറപ്പിൽ വളരെ സജീവമായി പങ്കെടുക്കുന്ന സഹോദരിമാരുണ്ടെന്ന കാര്യം സൂചിപ്പി ക്കുകയാണ്. പുതിയ കേന്ദ്രഗവൺമെന്റ് അധികാരത്തിൽ വന്ന സാഹചര്യ ത്തിൽ ഏറ്റവുമൊടുവിൽ പുറപ്പെടുവിച്ചിട്ടുള്ള ചില നിബന്ധനകളെ സംബ ന്ധിച്ച് ആശങ്കകളുണ്ട്. ആ ആശങ്കകൾ പരിഹരിച്ച് മുന്നോട്ടുപോകേണ്ടതായി ട്ടുണ്ട്. മറ്റൊരു പ്രധാനപ്പെട്ട കാര്യം, കേന്ദ്രാവിഷ്കൃത പദ്ധതിയെന്ന നില യിൽ നമ്മുടെ ഗ്രാമീണ റോഡുകളെക്കുറിച്ചാണ്. ഗ്രാമീണ റോഡുകളുടെ കേരളത്തിലെ അവസ്ഥ എന്തായിരുന്നു; 2010-11-ൽ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ 303 റോഡുകളുടെ പണി മുടങ്ങിക്കിടക്കുകയായിരുന്നു. 303

റോഡുകളുടെ പണി മുടങ്ങാൻ കാരണമെന്താണ്; അന്നത്തെ റേറ്റിനനുസരിച്ച് ഇവിടെ വർക്ക് എടുക്കാൻ കോൺട്രാക്ടർമാർ തയ്യാറായില്ല. ടെണ്ടർ എക്സസ് അംഗീകരിക്കാൻ കേന്ദ്രം തയ്യാറായില്ല. കേന്ദ്രത്തിന് വ്യക്തമായിട്ടുള്ള നോംസ് ഉണ്ട്. കേന്ദ്ര റേറ്റിനപ്പുറത്ത് ടെണ്ടർ എക്സസ് നൽകില്ല. അങ്ങനെ വർക്കുകൾ മുടങ്ങിക്കിടക്കുകയായിരുന്നു. ആ മുടങ്ങിക്കിടന്ന വർക്കുകളിൽ 155 റോഡുകളുടെ പണി പൂർത്തീകരിക്കാൻ സാധിച്ചു. കേന്ദ്രത്തിന്റെ 169 കോടിരൂപയ്ക്ക് പുറമേ ടെണ്ടർ എക്സസായും റേറ്റ് റിവിഷനായും 115.82 കോടിരൂപ കേരള ഗവൺമെന്റ് ചെലവഴിച്ചാണ് മുടങ്ങിക്കിടന്ന 303 റോഡുകളിൽ 155 റോഡുകൾ നവീകരിക്കാൻ സാധിച്ചത്. 42 ശതമാനം എക്സസ് റേറ്റ് സംസ്ഥാനം വഹിച്ചിരിക്കുന്നു. 2003 മുതലുള്ള റേറ്റ് റിവിഷൻ അംഗീകരിച്ചുകൊണ്ടാണ് അങ്ങനെ ചെയ്തത്. 2010-11–ൽ തെക്കൻ സംസ്ഥാനങ്ങളായ തമിഴ്നാടിന് 3225 കോടി രൂപയും കർണ്ണാടകയ്ക്ക് 3706 കോടി രൂപയും ആന്ധ്രാപ്രദേശിന് 5505 കോടിരൂപയും അനുവദിച്ചപ്പോൾ കേരളത്തിന് 813 കോടിരൂപമാത്രമാണ് ലഭിച്ചത്. കാരണം കേരളത്തിന്റെ ഈ രംഗത്തെ പെർഫോമൻസ് വളരെ മോശമായിരുന്നു. പുതിയ ഗവൺമെന്റ് അധികാരത്തിൽ വന്ന് ശ്രീ. കെ. സി. ജോസഫ് ഈ വകുപ്പിന്റെ ചുമതലയേറ്റെടുത്തശേഷം കേന്ദ്രമന്ത്രിയുമായി സംസാരിച്ച് സംസ്ഥാന സർക്കാർ ടെണ്ടർ എക്സസിന് അധികസംഖ്യ ചെലവിട്ട് ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും പല റോഡുകളുടെയും പണിയാരംഭിക്കുകയും ചെയ്തു. എന്റെ കോൺസ്റ്റിറ്റ്യുവൻസിയിൽ മുടങ്ങിക്കിടന്ന രണ്ട് റോഡുകളുടെ പണി പൂർത്തീകരിച്ചിരിക്കുന്നു. അത്തരത്തിലുള്ള പ്രവർത്തന

ങ്ങൾ നടത്തിയതിന്റെ ഫലമായി, പി.എം.ജി.എസ്.വൈ. പദ്ധതി രണ്ടാം ഘട്ടത്തിൽ കേരളം ഒരുപക്ഷേ തഴയപ്പെടുമായിരുന്നു. മുടങ്ങിക്കിടന്ന പദ്ധതി കളുടെ പേരിൽ കേരളം തഴയപ്പെടുന്ന അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കി പി. എം.ജി.എസ്.വൈ. രണ്ടാംഘട്ടത്തിൽ കേരളത്തെ ഉൾപ്പെടുത്തുന്നതിന് സാധി ച്ചിരിക്കുന്നു. ഗ്രാമീണ റോഡുകളുടെ കാര്യത്തിലുള്ള ഈ മുന്നേറ്റവും വളരെയേറെ പ്രശംസാർഹമാണ്. ഇത്തരത്തിൽ മുന്നോട്ടുപോകുന്ന ഈ സർക്കാരിന്റെ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കു കൾ നിർത്തുന്നു.

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. ഇന്ന് രാവിലെ കേരളത്തിലെ ജനങ്ങൾ മുഴുവൻ ഒരേ മനസ്സോടെ പ്രാർത്ഥിച്ച, ഇറാഖിലെ നമ്മുടെ പ്രിയപ്പെട്ട 46 സഹോദരി മാരെ വളരെ നല്ല ആസൂത്രണത്തോടെ, നല്ലമനോഭാവത്തോടെ അപകടസ്ഥലത്തുനിന്ന് തിരിച്ചെത്തിക്കുകയും അവരെ എല്ലാവരെയും സുര ക്ഷിതമായി വീടുകളിൽ എത്തിക്കുകയും ചെയ്തുകൊണ്ട് എല്ലാവരാലും അഭിനന്ദനാർഹമായിട്ടുള്ള ഒരു പ്രവർത്തി കാഴ്ചവച്ച ബഹുമാനപ്പെട്ട കേര ളത്തിന്റെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയെ ഞാൻ പ്രത്യേകമായി അഭിനന്ദി ക്കുകയാണ്. നമ്മെ സംബന്ധിച്ചിടത്തോളം ഇത് കേരളത്തിലെ, മന സ്സാക്ഷികൊണ്ട് പ്രവർത്തിച്ച ഏറ്റവും മഹത്തരമായിട്ടുള്ള ഒരു പ്രവർത്തനമാ ണ്. ഈ പ്രവർത്തിയെ എല്ലാവരും അനുമോദിച്ചുകൊണ്ട് സംസാരിക്കുന്ന താണ് നമ്മൾ കണ്ടത്. പക്ഷേ രാവിലെ ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഇക്കാര്യം സംസാരിച്ചപ്പോൾ അദ്ദേഹം അതിൽ അഭിനന്ദിച്ചത് സദ്ദാം

ഹുസൈനെയാണ്. എന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി സംസാരിച്ചപ്പോൾ, ഈ മുന്നണിയെ പ്രതിനിധീകരിക്കുന്ന വ്യക്തിയല്ല കേന്ദ്രം ഭരിക്കുന്ന ശ്രീമതി സുഷമാ സ്വരാജ് എങ്കിൽപ്പോലും ശ്രീമതി സുഷമാ സ്വരാജിനെ അഭിനന്ദിക്കാനായി കേരളാ മുഖ്യമന്ത്രി കാണിച്ച ഹൃദയവിശാലത കേരളത്തിലെ പ്രതിപക്ഷനേതാവ് കാണിക്കാതിരുന്നത് അങ്ങേയറ്റം ക്രൂരതയായിട്ടുള്ള രാഷ്ട്രീയ അന്ധതയായി മാത്രമേ കാണാൻ കഴിയൂ. ഇത് കേരളത്തെ ബാധിച്ചിട്ടുള്ള ഏറ്റവും വലിയ വിഷമാണ്. ഈ ഒരു മനോഭാവം നമുക്ക് മാറ്റിയെടുക്കേണ്ടതാവശ്യമാണ്. സങ്കുചിതമായ മനോഭാവത്തോടെ രാഷ്ട്രീയ രീതിയിൽ പോകുന്നത് കേരളത്തിന് വലിയ അപകടകരമാണ്. തീർച്ചയായും ഇതിന് രാഷ്ട്രീയമായ ഒരു തിമിര ശസ്ത്രക്രിയ എല്ലാ രാഷ്ട്രീയകക്ഷികൾക്കും ആവശ്യമായിരിക്കുന്ന കാലഘട്ടമാണെന്നു ഞാൻ സൂചിപ്പിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട രണ്ട് മന്ത്രിമാരും നല്ല നിശ്ചയദാർഢ്യത്തോടുകൂടി വളരെ നല്ലനിലയിൽ തന്നെ അവരുടെ വകുപ്പുകൾ കൈകാര്യം ചെയ്തുകൊണ്ടുപോകുന്നവരാണ് – ഗ്രാമവികസന വകുപ്പുമന്ത്രിയും പഞ്ചായത്ത് വകുപ്പുമന്ത്രിയും. അവരെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. നമ്മുടെ ഗ്രാമവികസനത്തെ സംബന്ധിച്ചിടത്തോളം മുൻകാലങ്ങളെ അപേക്ഷിച്ച് ഗ്രാമീണമേഖലയിൽ ശ്രദ്ധേയമായ മാറ്റം നമുക്കുണ്ടാക്കിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. കഴിവിന്റെ പരമാവധി പണം കേന്ദ്രത്തിൽ നിന്ന് വാങ്ങിയെടുക്കുന്നതിനും വാങ്ങിയെടുക്കുന്ന പണം ഫലപ്രദമായി വിനിയോഗിക്കുന്നതിനുമൊക്കെ കാണിക്കുന്ന നിശ്ചയദാർഢ്യത്തെ ഞാൻ അഭിനന്ദിക്കുകയാണ്. തൊഴിലുറപ്പുപദ്ധതിയെ സംബന്ധിച്ച് പറയുകയാണെങ്കിൽ, രണ്ടുകൊല്ലം കൊണ്ട് റെക്കോർഡ് നേട്ടം നമുക്ക് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കാർഷികമേഖലയിലേക്ക് കൂടി തൊഴിലുറപ്പുപദ്ധതി വ്യാപിപ്പി

ക്കണമെന്നുള്ള നിർദ്ദേശം വയ്ക്കുക മാത്രമല്ല അതിനുവേണ്ടി വളരെ കരുത ലോടെ നീങ്ങുന്ന മന്ത്രിയെയാണ് ഇവിടെ കാണാൻ കഴിയുന്നത്. അതു പോലെയാണ് പ്രധാൻമന്ത്രി ഗ്രാമീൺ സഡക് യോജന, ഇന്ദിരാ ആവാസ് യോജന എന്നീ പദ്ധതികൾ. ക്ഷീരവികസന വകുപ്പിനെക്കുറിച്ച് വളരെ വലിയ തെറ്റിദ്ധാരണയുണ്ടാക്കുന്ന നിലയിലുള്ള സംസാരമാണ് ഇവിടെ നട ന്നത്. നമ്മുടെ സംസ്ഥാനത്ത് 85 ലക്ഷം ലിറ്റർ പാലാണ് നമുക്കാവശ്യമായി വരുന്നത്. അതിൽ 83 ലക്ഷം ലിറ്ററോളം പാൽ നമുക്ക് ഇവിടെ ആഭ്യന്തര മായി ഉൽപ്പാദിപ്പിക്കാൻ കഴിയുകയാണ്. ഷോർട്ടേജ് വരുന്നത് 2 ലക്ഷം ലിറ്റർ പാലാണ്. അതിനുമാത്രമാണ് നാം അന്യസംസ്ഥാനങ്ങളെ ആശ്രയിക്കു ന്നതെന്നുപറയുമ്പോൾ ഈ മേഖലയിൽ വലിയ മാറ്റമുണ്ടാക്കാൻ വകുപ്പിന് കഴിഞ്ഞിട്ടുണ്ടെന്നുള്ളത് ശ്രദ്ധേയമാണ്. വിദ്യാഭ്യാസ ലോണിനെ സംബന്ധി ച്ച് ഇവിടെ ഒരു കാര്യം സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. വിദ്യാഭ്യാസ ലോണിനെ സംബന്ധിച്ചിടത്തോളം, 2009-വരെ വിദ്യാഭ്യാസ ലോൺ എടുത്ത കുട്ടികൾക്ക് ലോണിന്റെ പലിശ സഹായമായി ഗവൺമെന്റ് നൽകുമെന്ന് നമ്മുടെ സംസ്ഥാന ഗവൺമെന്റ് കഴിഞ്ഞ ബഡ്ജറ്റിലും പ്രഖ്യാ പിച്ചിരുന്ന ഒരു കാര്യമാണ്. പലിശവേണ്ട എന്നുവയ്ക്കുമെന്ന് പ്രഖ്യാപിച്ചിരു ന്നു. അത് ഇതുവരെ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്നൊരു യാഥാർത്ഥ്യ മുണ്ട്. ഇതിനിടയിൽ 2009-വരെ വിദ്യാഭ്യാസ ലോൺ എടുത്തിട്ടുള്ള ആളുക ളുടെ പലിശ വേണ്ടെന്ന് വയ്ക്കുമെന്ന് കേന്ദ്രഗവൺമെന്റ് പ്രഖ്യാപിക്കുകയു ണ്ടായി. കേന്ദ്രഗവൺമെന്റിലേക്ക് അപേക്ഷ കൊടുക്കുന്ന സന്ദർഭത്തിൽ മറ്റെവിടെയെങ്കിലും വായ്പയുടെ പലിശയിളവിനുവേണ്ടി അപേക്ഷിച്ചിട്ടുണ്ടെ ങ്കിൽ അവർക്ക് കിട്ടാത്ത ഒരു സാഹചര്യമാണ് കേന്ദ്രപദ്ധതിയിൽ ഉൾപ്പെട്ടിട്ടു

ളളത്. അതുകൊണ്ട് ഇതിൽ വളരെ വ്യക്തമായിട്ടുള്ള ഒരു സമീപനം നമുക്കെടുക്കേണ്ടതുണ്ട്. പല കുടുംബങ്ങളിലും ജപ്തിനടപടികൾ വന്നുകൊണ്ടിരിക്കുന്നു. ഇതുസംബന്ധിച്ച് കൊടുത്തിട്ടുള്ള നിർദ്ദേശം എന്നുപറയുന്നത് 2009-ന് മുമ്പ് വിദ്യാഭ്യാസ ലോൺ എടുത്തിട്ടുള്ള കുട്ടികളുടെ കുടുംബങ്ങൾ, മൂന്നുലക്ഷം രൂപയിൽ കൂടുതൽ വരുമാനം കവിയാത്ത ആളുകൾ ജില്ലാകളക്ടർക്ക് അപേക്ഷ കൊടുക്കുകയും ജില്ലാകളക്ടർ അവിടത്തെ പ്രധാനപ്പെട്ട ബാങ്കുകൾക്ക് അതിനുള്ള നിർദ്ദേശം കൊടുക്കുകയും ബാങ്കുകളിൽ നിന്ന് കിട്ടുന്ന അപേക്ഷകൾ സ്വീകരിച്ച് അതെല്ലാം സോർട്ട് ചെയ്ത് ഗവൺമെന്റിലേക്ക് കൊടുക്കുകയും ഗവൺമെന്റ് പണം കൊടുക്കുകയും ചെയ്യുന്ന ഒരു സംവിധാനമാണ് പ്രഖ്യാപിച്ചിരുന്നത്. അത് എത്രത്തോളം പ്രാവർത്തികമാക്കാൻ കഴിഞ്ഞുയെന്നതിനെ സംബന്ധിച്ച് ആശങ്കയുണ്ട്. ആ ആശങ്ക നീക്കണമെന്ന് ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കാൻ ആഗ്രഹിക്കുകയാണ്.

ദേശീയതലത്തിൽ പഞ്ചായത്തുകളുടെ പ്രവർത്തനം വിലയിരുത്തിയതിൽ കേരളത്തിന് രണ്ടാം സ്ഥാനമാണ് ലഭിച്ചിട്ടുള്ളത്, ഒന്നാം സ്ഥാനം മഹാരാഷ്ട്രയ്ക്കാണ്. സംസ്ഥാനത്തെ പഞ്ചയാത്തുകളുടെ മികച്ച പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിലാണ് ഈ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളതെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പഞ്ചായത്തുകൾക്ക് തുക അനുവദിക്കുന്ന കാര്യത്തിലും ഈ ഗവൺമെന്റ് വളരെ നല്ല നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. പഞ്ചായത്ത് മേഖലയെ ശക്തിപ്പെടുത്തേണ്ടത് ഏറ്റവും അത്യാവശ്യമാണ്. ഈ കഴിഞ്ഞ സാമ്പത്തികവർഷത്തെ പഞ്ചായത്തുക

ളുടെ പ്രവർത്തനം വിലയിരുത്തിയപ്പോൾ കാണാൻ കഴിഞ്ഞത് 32 പഞ്ചായത്തുകളും 19 ബ്ലോക്ക് പഞ്ചായത്തുകളും മൂന്ന് മുനിസിപ്പാലിറ്റികളുമാണ് 100 ശതമാനം പദ്ധതി തുക ചെലവഴിച്ചതെന്നാണ്. അതോടൊപ്പംതന്നെ, സംസ്ഥാന വ്യാപകമായി 84 ശതമാനം പദ്ധതി വിഹിതം ചെലവഴിക്കാനും കഴിഞ്ഞു. ഇതൊരു ശ്രദ്ധേയമായ നേട്ടംതന്നെയാണ്. എന്നിരുന്നാലും പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ കുറച്ചുകൂടി നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകേണ്ട സന്ദർഭമാണ് ഇപ്പോഴുള്ളത്. ഗവൺമെന്റ് കാലാകാലങ്ങളിൽ കൃത്യമായി വിഹിതങ്ങൾ കൊടുക്കുകയും അതിൽ ഇടപെടുകയും ചെയ്യുന്നുണ്ട്. എങ്കിൽത്തന്നെയും 978 പഞ്ചായത്തുകൾ ഉള്ളതിൽ 32 പഞ്ചായത്തുകൾ മാത്രമാണ് 100 ശതമാനം വിഹിതം ചെലവഴിച്ചതെന്ന് പറയുമ്പോൾ കാതലായിട്ടുള്ള ഒരു ഇടപെടൽ ഇനിയും ആവശ്യമായി വന്നിരിക്കുന്നു, ശരിയായ രീതിയിലുള്ള ശക്തിപ്പെടുത്തൽ വേണ്ടിവന്നിരിക്കുന്നു എന്നാണ് കാണാൻ കഴിയുന്നത്. ഗ്രാമസേവാ കേന്ദ്രങ്ങൾ സ്ഥാപിച്ചുകൊണ്ട് അധികാര വികേന്ദ്രീകരണം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള ഗവൺമെന്റിന്റെ സമീപനത്തെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. പൊതുശ്മശാനം നിർമ്മിക്കുന്നതിന് 483 പഞ്ചായത്തുകൾക്ക് സ്വന്തമായി സ്ഥലമുണ്ട്. എല്ലാ പഞ്ചായത്തുകളിലും പൊതു ശ്മശാനം നിർമ്മിക്കാൻ കഴിയുമെങ്കിൽ ഏറ്റവും നല്ലതാണ്. കാലം ഒരുപാട് മാറിയിരിക്കുന്നു, പഴയ രീതിയിലുള്ള ഒരു ശ്മശാനം അല്ല നമുക്കിനി ഉണ്ടാകേണ്ടത്. ചൂള കൊണ്ടോ വിറക് കൊണ്ടോ ദഹിപ്പിക്കുന്ന ഒരു സാഹചര്യത്തിൽ നിന്ന് വ്യത്യസ്തമായി ആധുനിക ശ്മശാനങ്ങൾ നിർമ്മിക്കാൻ നമുക്ക് കഴിയണം. ബഹുമാനപ്പെട്ട മന്ത്രി തീർച്ചയായും അക്കാര്യത്തിൽ ഒരു നല്ല സമീപനം സ്വീകരിക്കുമെന്ന് എനിക്ക് ഉറപ്പുണ്ട്. ശ്മശാനത്തിന് സ്വന്തമായി സ്ഥലമുള്ള പഞ്ചായത്തുകളി

ലെങ്കിലും അടിയന്തരമായി ആധുനിക ശ്മശാനങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ കൊടുക്കണമെന്ന് പറയാൻ ഈ അവസരം വിനിയോഗിക്കുകയാണ്. കില-യെ സംബന്ധിച്ചിടത്തോളം, അധികാര വികേ ന്ദ്രീകരണമുണ്ടാക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. നല്ല നിലയിൽത്തന്നെ അധി കാരവും വിഭവവും പഞ്ചായത്തുകൾക്ക് കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ലോകവും ഇൻഡ്യയും കേരളത്തിന്റെ ഇത്തരത്തിലുള്ള അധികാര വികേന്ദ്രീ കരണത്തെ അങ്ങേയറ്റം അഭിനന്ദിക്കുകയും ഗൗരവത്തോടെ വീക്ഷിക്കു കയും ചെയ്യുന്ന ഈ സന്ദർഭത്തിൽ, വളരെ ക്രിയേറ്റീവായി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നിർവ്വഹണം നടത്തുന്നതിനുമായി പഞ്ചായ ത്തുകളെ സജ്ജമാക്കുന്നതിന് പഠനങ്ങളും ഗവേഷണങ്ങളും ഏറ്റവും ആവശ്യമായിട്ടുള്ള ഒരു കാലഘട്ടമാണിത്. അതിനായി കില-യെ ഒരു യൂണി വേഴ്സിറ്റി ആക്കി മാറ്റുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ബഹുമാനപ്പെട്ട പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി ഡോ. എം. കെ. മുനീറിന്റെ നേതൃത്വത്തിൽ നടക്കുന്ന നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങൾ അങ്ങേയറ്റം അഭിനന്ദനാർഹമാണ്. ബഹുമാനപ്പെട്ട മന്ത്രി അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിലൂടെ മനുഷ്യനെ നല്ല നിലയിൽ പരിശോധിക്കാൻ കഴിവുള്ള, കേരളത്തിലെ ജനങ്ങളുടെ ഹൃദയ സ്പന്ദനങ്ങളെ മനസ്സിലാക്കാൻ കഴിയുന്ന ഒരു നല്ല ഡോക്ടർ കൂടിയാണെന്ന് തെളിയിച്ചുകൊണ്ട് മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. അദ്ദേഹത്തെ ഞാൻ അങ്ങേയറ്റം അഭിനന്ദിക്കുകയാണ്. സാമൂഹ്യ സുരക്ഷാ മിഷന്റെ ആഭിമുഖ്യത്തിൽ 17-ൽപരം പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ക്യാൻസർ സുരക്ഷാ പദ്ധതി - 18 വയസ്സിൽത്താഴെയുള്ള വ്യക്തികൾക്ക് പൂർണ്ണമായും സൗജന്യമായി എല്ലാത്തരത്തിലുമുള്ള ശുശ്രൂഷ കൊടുക്കാനും

പരിശോധിച്ച് മരുന്നുകൊടുക്കാനും വലിയ ക്രമീകരണം നടത്തിരിക്കുകയാണ്. നമ്മുടെ നാട് ക്യാൻസർ രോഗം കൊണ്ട് വല്ലാതെ വിഷമിക്കുന്ന ഒരു കാലഘട്ടത്തിലാണ് ഇത്തരത്തിൽ ഒരു വലിയ പദ്ധതിക്ക് ബഹുമാനപ്പെട്ട മന്ത്രി രൂപം കൊടുത്തിട്ടുള്ളത്. അതോടൊപ്പംതന്നെ താലോലം പദ്ധതി – ജന്മനാതന്നെ ഹൃദയ വൈകല്യമുള്ള ആളുകൾക്ക്, ജനിതക രോഗമുള്ള കുട്ടികൾക്ക് സൗജന്യമായി ചികിത്സകൊടുക്കുന്ന ഒരു പദ്ധതിയാണ് ഇവിടെ നടപ്പിലാക്കിയിട്ടുള്ളത്. ആശ്വാസ കിരണം പദ്ധതി, സ്നേഹസ്പർശം പദ്ധതി, എൻഡോസൾഫാൻ പാക്കേജ് പദ്ധതി, വയോമിത്രം പദ്ധതി, വിശപ്പ് രഹിത നഗര പദ്ധതി, ശ്രുതിതരംഗ പദ്ധതി, വൈകല്യ നിർണ്ണയ ക്യാമ്പ് നടത്തി ക്യാമ്പിൽവച്ചുതന്നെ വൈകല്യ സർട്ടിഫിക്കറ്റ് കൊടുക്കുന്ന പദ്ധതി ഇവയെല്ലാംതന്നെ ഈ ഗവൺമെന്റിന്റെ എടുത്തുപറയേണ്ട പദ്ധതികളാണ്. ഏറ്റവും ശ്രദ്ധേയമായ മറ്റൊരു പദ്ധതിയാണ് സ്നേഹപൂർവ്വം പദ്ധതി. അച്ഛനോ അമ്മയോ മരിക്കുന്ന സന്ദർഭത്തിൽ അവരുടെ കുട്ടികൾ അനാഥമാകുമ്പോൾ അവരെ നോക്കാൻ ഒരു സമൂഹമുണ്ട്, ഒരു ഗവൺമെന്റ് ഉണ്ട് എന്നുള്ള ഏറ്റവും വലിയ ആഹ്വാനമാണ് ഈ പദ്ധതി. എന്റെ നിയോജക മണ്ഡലത്തിലെ സ്നേഹപൂർവ്വം പദ്ധതിയിൽ ക്യാഷ് കൊടുക്കുന്നതിന്റെ ഉദ്ഘാടനം അടുത്ത ദിവസം ബഹുമാനപ്പെട്ട മന്ത്രി നടത്തുകയാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, സനേഹപൂർവ്വം പദ്ധതിയെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞു. രാവിലെ ചോദ്യോത്തരവേളയിലും ഏറ്റവും നല്ല പദ്ധതിയാണെന്ന് എല്ലാ മെമ്പർമാരും പറയുകയുണ്ടായി. അനാഥക്കുട്ടികൾക്കുവേണ്ടിയാണ് സ്നേഹപൂർവ്വം പദ്ധതി നടപ്പിലാക്കിയത്. എന്നാൽ അനാഥകളെപ്പോലെ പരിഗണനയർഹിക്കുന്ന മറ്റൊരു വിഭാഗമുണ്ട്. പിതാവ് ഉപേക്ഷിക്കുകയും മാതാവിനോടൊപ്പം കഷ്ടപ്പെട്ട് കഴിയുകയും

ചെയ്യുന്ന നിരവധി കുട്ടികൾ നമ്മുടെ സമൂഹത്തിലുണ്ട്. അത്തരം കുട്ടികളെക്കൂടി ഈ സ്നേഹപൂർവ്വം പദ്ധതിയിൽ ഉൾപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാകുമോ; അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഹൃദയാലുവായ മന്ത്രി അത്തരത്തിലുള്ള കാര്യങ്ങൾ ശ്രദ്ധാപൂർവ്വംതന്നെ ചെയ്യുമെന്ന് എനിക്ക് ഉറപ്പുണ്ട്. ഞാൻ അവസാനിപ്പിക്കുകയാണ്. മുൻ ജന പ്രതിനിധികൾക്ക് പെൻഷൻ കൊടുക്കണമെന്നുള്ള ആവശ്യം വളരെ വലിയ നിലയിൽ ഉയർന്നുവന്നിട്ടുണ്ട്. തീർച്ചയായും പെൻഷൻ കൊടുക്കമെന്നുതന്നെ ഞാനും പ്രതീക്ഷിക്കുകയാണ്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ ഒരു പ്രഖ്യാപനം അദ്ദേഹത്തിന്റെ മറുപടി പ്രസംഗത്തിൽ ഉണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അതുപോലെതന്നെ എനിക്ക് സൂചിപ്പിക്കാനുള്ള മറ്റൊരു കാര്യമാണ് ക്ലീൻ പഞ്ചായത്ത്, ഗ്രീൻ പഞ്ചായത്ത് പദ്ധതി. നമ്മുടെ പഞ്ചായത്തുകളിലെ തോടുകൾ, പുഴകൾ, കുളങ്ങൾ, കിണറുകൾ ഇവയൊക്കെ മലിനമാകാൻ നമ്മൾ ഒരിക്കലും അനുവദിക്കരുത് ക്ലീൻ പഞ്ചായത്ത്, ഗ്രീൻ പഞ്ചായത്ത് എന്ന പദ്ധതിയുടെ നല്ല രീതിയിലുള്ള പ്രവർത്തനങ്ങളുമായി അദ്ദേഹം മുന്നോട്ടുപോകണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഒരിക്കൽകൂടി ഞാൻ ധനാഭ്യർത്ഥനകളെ പിൻതുണയ്ക്കുന്നു.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തിയായി എതിർക്കുകയാണ്. ഭരണഘടനയുടെ 73, 74 ഭേദഗതി പ്രകാരം അധികാരവും പണവും താഴെത്തട്ടിലേയ്ക്ക് എത്തിക്കാൻ ലക്ഷ്യമിട്ടുകൊണ്ടുവന്ന ത്രിതല പഞ്ചായത്ത് സംവിധാനത്തെ വെട്ടിമുറിച്ച് മൂന്നാക്കി പണം കൊടുക്കാതെ ഞെക്കിക്കൊല്ലുന്ന ഒരു സ്ഥിതിയാണ് ഈ സർക്കാരിന്റെ

കാലത്ത് നമുക്ക് കാണാൻ കഴിയുന്നത്. അപ്പുറത്തിരിക്കുന്ന ആൾക്കാരൊക്കെ വളരെ സ്നേഹത്തോടെ ഒരുപാട് കാര്യങ്ങൾ പറഞ്ഞു. ചില നല്ല കാര്യങ്ങളൊക്കെ ചെയ്തു, അതൊന്നും ഇല്ലെന്ന് പറയുന്നില്ല. ചെയ്ത നല്ല കാര്യങ്ങളെ അംഗീകരിക്കുന്നു. പക്ഷെ പൊതുവിലെടുത്ത് പരിശോധിച്ചാൽ, ആസൂത്രണം ചെയ്യുന്ന പ്രവർത്തനങ്ങൾ ഫീൽഡിലേയ്ക്ക് നടപ്പാക്കാൻ കഴിയാത്ത തരത്തിൽ, ത്രിതല പഞ്ചായത്തുകളെ പ്രവർത്തിക്കാൻ കഴിയാത്തവിധം ശ്വാസം മുട്ടിക്കുന്ന ഒരു നയ സമീപനമാണ് ഈ സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നതെന്ന് കാണാം. ഈ അപചയം വികേന്ദ്രീകൃതാസൂത്രണ പ്രവർത്തനങ്ങളെ നന്നായി ബാധിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കാൻ കഴിയും. പ്രദേശിക വികസനത്തിന് ചുക്കാൻ പിടിക്കുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ പണം നൽകുന്നില്ല. അതാണ് ഞാൻ ഇവിടെ സൂചിപ്പിച്ചത്. സർക്കാരിന്റെ കെടുകാര്യസ്ഥത മൂലം സംസ്ഥാനത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞ വർഷം നഷ്ടപ്പെട്ടത് 2000 കോടി രൂപയാണ്. അതുപോലെ ഗ്രാമീണ മേഖലയുടെ അടിസ്ഥാന സൗകര്യത്തിനും സേവന മേഖലകളുടെ ശാക്തീകരണത്തിനും സ്ഥാപനങ്ങളുടെ സംരക്ഷണത്തിനുമായി വകയിരുത്തിയ പണം സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ തടഞ്ഞതും വകമാറ്റിയതും നമുക്ക് കാണാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ വർഷം 5403 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നേടി നിർവ്വഹണ ഘട്ടത്തിലേയ്ക്ക് പോയപ്പോഴാണ് സർക്കാർ സാമ്പത്തിക പ്രതിസന്ധിയിലായത്. സാമ്പത്തിക വർഷത്തിന്റെ നാലാം പാദത്തിൽ പൂർണ്ണമായ ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് തിരിച്ചടിയായി മാറി. ഓരോ പദ്ധതികൾ നടപ്പാക്കാൻ ശ്രമിക്കുമ്പോൾ അതിനുള്ള പണം വകമാറ്റി മറ്റേതെങ്കിലും പദ്ധതിക്ക് കൊടു

ക്കാൻ പറയുന്ന സ്ഥിതി. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടും മെയിന്റിനൻസ് ഫണ്ടും വകമാറ്റിച്ചു.

ഐ.എ.വൈ. സ്കീം അനുസരിച്ച് സർക്കാർ കൊടുക്കേണ്ടുന്ന പണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് അവരുടെ ഫണ്ടിൽനിന്നോ ലോണെടുത്തോ നൽകണമെന്ന് പറഞ്ഞ് അവരെ ശ്വാസം മുട്ടിച്ചു. ഇതെല്ലാം ഒരു പ്രശ്നമാണ്. തദ്ദേശ ഭരണസ്ഥാപനങ്ങളിലെ പാസ്സാക്കിയ ബിൽ ട്രഷറി സേവിംഗ്സിലേയ്ക്ക് മാറ്റുകയല്ലേ ചെയ്തത്; മാർച്ച് ആരംഭത്തിൽത്തന്നെ പദ്ധതി വിഹിതത്തിൽ അവശേഷിക്കുന്ന തുക സാമൂഹ്യ സുരക്ഷാമിഷനും വാട്ടർ അതോറിറ്റിക്കും വകമാറ്റാൻ നിർദ്ദേശം നൽകി. അതുപോലെതന്നെ ഇ.എം.എസ് ഭവനപദ്ധതിക്ക് ഫണ്ട് വയ്ക്കണമെന്ന നിർദ്ദേശം നടപ്പിലാക്കിയില്ല. വീട് അനുവദിച്ചതിനുശേഷം ആ സ്കീം നിർത്തലാക്കിയപ്പോൾ ബാക്കി പണം ലഭിക്കാത്തതിനാൽ വീട് പണി പൂർത്തിയാക്കാനാവാതെ ആയിരക്കണക്കിന് ആളുകൾ ഗതികേടിലായി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിതരണത്തിന് ഇത്തരത്തിൽ കടുത്ത നിയന്ത്രണങ്ങൾ വരുത്തിയതിനു പുറമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വികസന ഫണ്ട് പകുതിയാക്കി വെട്ടിക്കുറച്ച് ഉത്തരവിറക്കി. 50 ശതമാനം ഫണ്ട് ക്യാരി ഓവർ ചെയ്യുമെന്നാണ് ഉത്തരവിൽ പറഞ്ഞത്, പക്ഷെ ചെയ്തില്ല. എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ലഭിച്ച ഫണ്ടിന്റെ വിഹിതവും വിനിയോഗവും 80 ശതമാനമായിരുന്നു. 2012-13 കാലയളവിൽ ഫണ്ട് വിനിയോഗിക്കാൻ അനുവദിച്ചത് 60 ശതമാനം മാത്രമാണ്. അതുപോലെ 2013-14 കാലയളവിൽ 65 ശതമാനം വിനിയോഗിക്കാമെന്ന് അറിയിപ്പ് വന്നെങ്കിലും സാമ്പത്തിക പ്രതി

സന്ധിമൂലം ഫണ്ട് വിനിയോഗം കുത്തനെ കുറയ്ക്കുകയാണ് ചെയ്തിട്ടുള്ള ത്. ഈ സർക്കാർ പൊതുമരാമത്ത് വകുപ്പുകളെ നിശ്ചലമാക്കി. എന്റെ മണ്ഡ ലത്തിലെ ഒരു സ്വപ്ന പദ്ധതിയായിരുന്നു സിവിൽ സ്റ്റേഷൻ. അത് നല്ല രീതി യിൽ പണിതുകൊണ്ടിരുന്നതായിരുന്നു. 2 കോടി രൂപ അതിന്റെ കരാറുകാ രന് കൊടുക്കാതിരുന്നതു കാരണം അത് നിശ്ചലമായി. അതുപോലെതന്നെ പഞ്ചായത്തുകളുടെ റോഡ് പണികളിൽ പലതും പണം കൊടുക്കാൻ കഴി യാതെ കരാറുകാർ ഇട്ടിട്ടു പോകുന്ന സ്ഥിതിയുണ്ട്. ത്രിതല പഞ്ചായത്തുക ളുടെ ഇത്രയധികം പണം വകമാറ്റി വികസന പ്രവർത്തനങ്ങളെ തടസ്സപ്പെടു ത്തിയത് ആദ്യമായിട്ടാണ്, ഇതുപോലെ ഇതിനുമുമ്പുണ്ടായിട്ടില്ല. ആദ്യം 1550 കോടി വകമാറ്റിയതിനു പുറമെ പിന്നീട് 428 കോടി രൂപ കൂടി വകമാറ്റി. കഴിഞ്ഞ ഒന്നാം യു.പി.എ ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്ന തൊഴിലു റപ്പു പദ്ധതി നല്ലൊരു പദ്ധതിയാണ്. എങ്ങനെയാണ് ഇത് വന്നതെന്ന് നമു ക്കൊക്കെ അറിയാം. അതിന്റെ പിതൃത്വം ആര് ഏറ്റെടുത്താലും, ഇടതുപക്ഷ പ്രസ്ഥാനങ്ങൾ ശക്തമായി ആവശ്യപ്പെട്ടതിന്റെയടിസ്ഥാനത്തിൽ കൂട്ടായി ആലോചിച്ച് വന്ന ഒരു പദ്ധതിതന്നെയാണിത്. പക്ഷേ, ഇപ്പോഴതിന്റെ മാനദ ണ്ഡങ്ങളെല്ലാം മാറ്റിക്കൊണ്ട് വേണ്ട സ്ഥലത്ത് ഉപയോഗിക്കാൻ കഴിയാത്ത തരത്തിലേക്ക് ആ പദ്ധതി വെട്ടിക്കുറച്ചത് അങ്ങേയറ്റം കഷ്ടമായിപ്പോയി എന്നുള്ളതു മാത്രമേ പറയാനുള്ളൂ. തൊഴിലുറപ്പു പദ്ധതി നടപ്പിലാക്കി യെങ്കിലും തൊഴിലാളികൾക്ക് തൊഴിൽ കൊടുക്കാൻ കഴിയുന്നുണ്ടോ? 100 ദിനം തൊഴിൽ നൽകാമെന്ന് പ്ലാൻ ചെയ്തിട്ട് കൊടുക്കാൻ കഴിയുന്നില്ല, അവരുടെ വേതനം നൽകാൻ സമയത്ത് കഴിയുന്നില്ല. അതിനല്ലേ പഞ്ചായ ത്തിന്റെ പണം വകമാറ്റിക്കൊടുക്കാൻ അല്ലെങ്കിൽ ലോണെടുത്ത് കൊടു

ത്തോളാൻ പറഞ്ഞത്? അങ്ങനെ പഞ്ചായത്തുകൾക്ക് വലിയൊരു ഭാരംകൂടി ഉണ്ടാക്കിക്കൊടുത്തു. പിന്നെ എങ്ങനെയാണ് പഞ്ചായത്തുകൾ പ്രവർത്തിക്കുന്നത്; ഇതല്ലേ ഇപ്പോഴത്തെ അവസ്ഥ? ഭൂവികസനവും കൃഷിയും ഇപ്പോൾ തൊഴിലുറപ്പു പദ്ധതിയിൽനിന്ന് ഒഴിവാക്കിയിരിക്കുകയാണ്. ഉൽപ്പാദന മേഖല മെച്ചപ്പെടുത്തിയാലല്ലേ സ്വയംപര്യാപ്തതയിലേയ്ക്ക് പോകാൻ കഴിയുകയുള്ളൂ; കൃഷി മേഖല മെച്ചപ്പെട്ടാൽ മാത്രമേ നമുക്കാവശ്യമായിട്ടുള്ള ഭക്ഷണ സാധനങ്ങളും പച്ചക്കറികളും ഉണ്ടാക്കാൻ പറ്റുകയുള്ളൂ. ഇതിനുമുഴുവൻ മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന കേരളത്തിൽ കൃഷി, ഭൂവികസനം, മാലിന്യ നിർമ്മാർജ്ജനം നിർമ്മാണ പ്രവർത്തനം തുടങ്ങിയവ ഉൾപ്പെടെയുള്ള സർവ്വ മേഖലകളിലേയ്ക്കും തൊഴിലുറപ്പു പദ്ധതിയെ വ്യാപിപ്പിച്ചു കൊണ്ടുവരാനുള്ള ഒരു ചങ്കൂറ്റം ഈ സർക്കാരിനുണ്ടാകണം. ഇത്രയും നാൾ യു.പി.എ. സർക്കാർ ഭരിച്ചിട്ടും ഇത് ചെയ്യാൻ കഴിഞ്ഞില്ല. ഇപ്പോൾ കേന്ദ്രത്തിൽ പുതിയ സർക്കാർ വന്നുവെന്ന് ന്യായം പറഞ്ഞാലും തീർച്ചയായിട്ടും ആ കാര്യത്തിൽ നല്ല ഇടപെടൽ നടത്തി, നമ്മുടെ സാഹചര്യങ്ങളെ സംബന്ധിച്ച് പറഞ്ഞു മനസ്സിലാക്കി, ജനങ്ങൾക്ക് തൊഴിൽ കിട്ടുന്നതിനുള്ള ഒരവസരം മുതലാക്കിക്കൊണ്ട് കാർഷിക മേഖലയും മാലിന്യ നിർമ്മാർജ്ജനം ഉൾപ്പെടെയുള്ള മേഖലകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ ശ്രമിക്കണം. എനിക്ക് വ്യക്തിപരമായി ഒരു അഭിപ്രായം പറയാനുള്ളത്, പൊതുവിൽ എല്ലാവരും സമ്മതിക്കുമായിരിക്കും, ഇടത്തരക്കാരായ സ്വകാര്യ വ്യക്തികൾ കൂലി കൊടുത്ത് പണിയിപ്പിക്കാൻ പറ്റാതെയും പണിക്കാരെ കിട്ടാതെയും തരിശായിട്ടിരിക്കുന്ന ഭൂമി മുഴിവൻ തരിശുരഹിതമാക്കി മാറ്റുന്നതിന് ഈ പദ്ധതി പ്രയോജനപ്പെടുത്താൻ കഴിയില്ലേ; ഇപ്പോൾ മണ്ഡല വികസന പദ്ധതി നടപ്പാക്കുന്നുണ്ടല്ലോ. കൊല്ലം ജില്ലയിൽ എന്റെ മണ്ഡല

ത്തിലും നടപ്പാക്കുന്നുണ്ട്. അതിന്റെ സെമിനാർ കൂടി നടന്നാൽ മതി, ഒരുപാട് കാര്യങ്ങൾ മുന്നോട്ടു പോയി. തരിശുരഹിത മണ്ഡലമാക്കുന്നതിന്റെ ഭാഗമായി തൊഴിലുറപ്പു പദ്ധതിയെ വിനിയോഗിക്കണം. ഭൂവിനിയോഗവും കൃഷിയും എല്ലാം അതിൽ ചേർത്തു വരണം. രാവിലെ ശ്രീമതി ജമീലാ പ്രകാശം സൂചിപ്പിച്ച ഒരു കാര്യം, ഇവിടെ ഐ.എ.വൈ. സ്കീമിലും മറ്റു പട്ടികജാതി വികസന വകുപ്പു വഴിയും നൽകുന്ന വീടുകളുടെ പണിപൂർത്തിയാക്കാൻ അനുവദിക്കുന്ന തുക മതിയാകുന്നില്ല. കൂലിപ്പണിക്കുപോയി അന്നന്നത്തെ ഭക്ഷണത്തിനുവേണ്ടി കഷ്ടപ്പെടുന്ന അവർക്ക് ഇതിനുകൂടി കാശ് കൊടുക്കാൻ മാർഗ്ഗമില്ലാത്ത സ്ഥിതിയുണ്ട്. അതുകൊണ്ട് തൊഴിലുറപ്പു പദ്ധതി വിനിയോഗിച്ചുകൊണ്ട് വീട് പണിയാനുള്ള സഹായങ്ങളും നിർമ്മാണ സാധനങ്ങൾ ചുമന്നുകൊണ്ടുപോയി കൊടുക്കാനുമൊക്കെയുള്ള സാഹചര്യംകൂടി വന്നാൽ വലിയ തോതിൽ ജനങ്ങളെ സഹായിക്കാൻ സാധിക്കും. ഇപ്പോൾ വന്നിരിക്കുന്ന നിർദ്ദേശം ഈ പദ്ധതിയിൽ കക്കൂസ്, ധാന്യപ്പുര, കളിസ്ഥലം അങ്ങനെയുള്ള ആസ്തി നിർമ്മിത പദ്ധതികൾ മാത്രം ഏറ്റെടുത്താൽ മതിയെന്നാണ്. അങ്ങനെ ചുരുക്കിക്കഴിഞ്ഞാൽ ഇതിന്റെ പൂർണ്ണ അർത്ഥത്തിൽ മനസ്സിലാക്കാൻ കഴിയാത്ത സ്ഥിതിയിലേയ്ക്ക് വരുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ത്രിതല പഞ്ചായത്ത് സംവിധാനം – സ്പേഷ്യൽ പ്ലാനിംഗിലൂടെ ജില്ലാ–ബ്ലോക്ക്–ഗ്രാമപഞ്ചായത്ത്, അതുപോലെ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി ഉൾപ്പെടെ ചേർത്തുകൊണ്ടുള്ള സമഗ്രമായിട്ടുള്ള ജില്ലാ പദ്ധതികളും പ്രാദേശിക വികസന പദ്ധതികളും ദീർഘകാലാടിസ്ഥാനത്തിൽ ദീർഘവീക്ഷണത്തോടെ, ഗ്രാമസഭകൾ ചേർന്ന് ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകൾക്കനുസരിച്ചുള്ള പദ്ധതികൾ നടപ്പാക്കി മുന്നോട്ടുപോകാൻ കഴിഞ്ഞാൽ, ഇതുപോലെ ഓരോ വർഷവും ധൃതിയിൽ പദ്ധതി തയ്യാറാക്കി

മാർച്ച് മാസം 31–ന് ബില്ല് മാറേണ്ട അവസ്ഥയിലേയ്ക്ക് പോകില്ല. ഇപ്പോൾ ഒരു വർഷം മുൻപേ തന്നെ പദ്ധതി തയ്യാറാക്കാനും 5 വർഷത്തേയ്ക്ക് തയ്യാറാക്കാനുമൊക്കെയുള്ള അനുവാദം കൊടുത്തെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. എന്നിട്ടും 100 ശതമാനം പദ്ധതി വിഹിതം ചെലവഴിച്ചത് വെറും 32 പഞ്ചായത്തുകളാണ്. പക്ഷെ, സ്പേഷ്യൽ പ്ലാനിംഗിലൂടെ ഓരോ പ്രദേശത്തിന്റെ പ്രത്യേകത അനുസരിച്ച് ഓരോ വർഷത്തേയ്ക്കുമുള്ള പദ്ധതികൾ തയ്യാറാക്കി റെക്കോർഡാക്കി വയ്ക്കാൻ കഴിയും. കൊല്ലം ജില്ലാ പഞ്ചായത്ത് ഇതിന് നല്ലൊരു മാതൃകയാണ്. കമ്പ്യൂട്ടർ ബട്ടണമർത്തിയാൽ ഓരോ പ്രദേശത്തും ഓരോ വാർഡിലും എന്താണ് ചെയ്യേണ്ടതെന്ന് അറിയാൻ കഴിയും. അതനുസരിച്ച് പദ്ധതികൾ വേഗത്തിൽ പ്ലാൻ ചെയ്യാൻ കഴിയും. അത്തരത്തിലുള്ള സ്പേഷ്യൽ പ്ലാനിംഗ് സമ്പ്രദായം കൊണ്ടു വരണം. മറ്റൊരു കാര്യം പറയാനുള്ളത്, കേരളം സാമൂഹ്യക്ഷേമ മേഖലയിൽ ഏറ്റവും മാതൃകയായിരുന്ന ഒരു സംസ്ഥാനമാണ്. പക്ഷെ ഇപ്പോഴത് ക്ഷേമമില്ലാത്ത മേഖലയായി മാറി എന്നുള്ളത് പറയാതിരിക്കാൻ വയ്യ.

മി. ചെയർമാൻ: ഇപ്പോൾ സാമൂഹ്യ ക്ഷേമം മാറി സാമൂഹ്യ നീതിയായി.

ശ്രീമതി പി. അയിഷാ പോറ്റി: സർ, നീതി ഒട്ടുമില്ല. സ്ത്രീകൾക്ക് ഇറങ്ങി നടക്കാൻ പറ്റില്ല, കുട്ടികൾക്ക് ജീവിക്കാൻ പറ്റുന്നില്ല, തൊഴിലവസരങ്ങളില്ല. വിലക്കയറ്റം കൊണ്ട് ജീവിക്കാൻ പറ്റുന്നില്ല. ഇവിടെ സാമൂഹ്യനീതി ഇല്ല. ഇതിനെയൊന്നും നിയന്ത്രിക്കാൻ ഈ ഭരണകൂടത്തിന് കഴിയുന്നില്ല. പഞ്ചായത്തുകൾ വഴിതന്നെ സാമൂഹ്യ ക്ഷേമമേഖലയിൽ ഒട്ടേറെ കാര്യങ്ങൾ ചെയ്യാം.

ഇവിടുത്തെ 'താലോലം' പോലുള്ള പദ്ധതികളെയൊന്നും വിമർശിക്കുകയല്ല, നല്ല കാര്യങ്ങളെ അംഗീകരിക്കുന്നുണ്ട്. എന്നാൽ ചെയ്യേണ്ടതായ ഒട്ടേറെ കാര്യങ്ങൾ ചെയ്യുന്നില്ല എന്നുള്ളത് പറയാതിരിക്കാൻ വയ്യ. യു.പി.എ. സർക്കാർ ക്ഷേമപദ്ധതികൾക്കുള്ള ബഡ്ജറ്റ് വിഹിതത്തിൽ 20665 കോടി രൂപ കുറച്ചതിന്റെ ശിക്ഷയാണ് ഇപ്പോൾ അവർക്ക് 44 സീറ്റായി കുറഞ്ഞു പോയത്. ഇപ്പോൾ സംസ്ഥാനത്തെ പെൻഷനുകളുടെ സ്ഥിതിയെന്താണ്? ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരണത്തിൽ വന്നപ്പോഴെല്ലാം എല്ലാ മേഖലകളിലെയും ക്ഷേമപെൻഷനുകൾ കുടിശ്ശികയില്ലാതെ കൃത്യമായി കൊടുത്തിട്ടുണ്ട്. ഏറ്റവും കൂടിപ്പോയാൽ 3 മാസത്തെ കാലതാമസം വന്നേയ്ക്കാം, അതിനപ്പുറമില്ല. എന്നാലിപ്പോൾ ക്ഷേമ പെൻഷനുകൾ വളരെ നാളുകളായി കുടിശ്ശികയാണ്. വാർദ്ധക്യകാല പെൻഷൻ കുടിശ്ശികയായിട്ട് 7 മാസത്തിലേറെയായി. വിധവാപെൻഷനും മറ്റു പെൻഷനുകളും മാസങ്ങളായി കുടിശ്ശികയാണ്. ജോലിയുമില്ല, കാശുമില്ല, സാധനങ്ങൾ വാങ്ങാനും നിവൃത്തിയില്ല. എങ്ങനെ മനുഷ്യന് ജീവിച്ചു പോകാൻ സാധിക്കും; അരോടാണ് ഈ സർക്കാരിന് ബാധ്യതയുള്ളത്? അംഗൻവാടികളുടെ കാര്യം- അംഗൻവാടികൾക്ക് പൂട്ടിയിരിക്കുകയാണ്. ഐ.സി.ഡി.എസ്. എന്നുപറയുന്ന പ്രസ്ഥാനം തന്നെ നിർത്തലാക്കിയിട്ട് ഇപ്പോൾ മൂന്ന് സ്വകാര്യ കമ്പനികൾക്കായി ഇതിന്റെ നടത്തിപ്പും ഭക്ഷണം കൊടുക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങളും ചുമതലപ്പെടുത്തി പുനക്രമീകരിച്ചുകൊണ്ട് വേറൊരു മിഷൻ രൂപികരിച്ചിരിക്കുകയാണ്. ഒരു കാരണവശാലും നഷ്ടപ്പെടില്ലെന്ന് മിനിസ്റ്റർ പറയും. പക്ഷെ, പ്രൈവറ്റ് മേഖലയിലെ കമ്പനിക്കാരെ ഇങ്ങനെ ഏൽപ്പിക്കുമ്പോൾ

പതുക്കെപ്പതുക്കെ നമ്മുടെ അവകാശങ്ങൾ മുഴുവൻ കവർന്നെടുക്കുകയും അവരുടെ നിയന്ത്രണത്തിലാവുകയും ഇതിന്റെ ക്വാളിറ്റി നഷ്ടപ്പെടുകയും ചെയ്യും. സ്ത്രീകൾക്കും കുട്ടികൾക്കും കിട്ടിക്കൊണ്ടിരിക്കുന്ന ആനുകൂല്യ ങ്ങൾ നിറുത്തലാക്കാൻ പോകുന്നതിന്റെ തുടക്കാണ് ഇപ്പോഴിട്ടിരിക്കുന്നത് എന്നുള്ളത് പറയാതിരിക്കാൻ വയ്യ. സ്വകാര്യ മേഖലയെ ഏൽപ്പിക്കുകയും അതോടൊപ്പം സ്വകാര്യ ആളുകളിൽ നിന്നും അതിന്റെ ഫണ്ട് ശേഖരിക്കാ മെന്നും വിനിയോഗിക്കാമെന്നും പറയുമ്പോൾ ഒരു വാതിൽ തുറന്നിട്ട് കൊടു ത്തിരിക്കുകയാണ്. ഇതുപോലെ ചെയ്തിട്ടുള്ള പല കാര്യങ്ങളുടെയും അവ സാനം എങ്ങനെയായെന്ന് നമ്മൾ കണ്ടതാണ്. അത് മാറ്റണമെന്നും പഴയ സിസ്റ്റത്തിൽത്തന്നെ അത് കൊണ്ടുവരാനുള്ള നടപടി വേണമെന്നുമാണ് എനിക്ക് പറയാനായിട്ടുള്ളത്.

ശ്രീ. എ. കെ. ബാലൻ: സർ, കേന്ദ്രത്തിൽ ഗ്രാമവികസനവും പഞ്ചായ ത്തുമെല്ലാം ഒരു മന്ത്രിയുടെ കീഴിലാണ്, ഒരു വകുപ്പിന്റെ കീഴിലാണ്. ഇവിടെ ഗ്രാമവികസനം, പഞ്ചായത്ത്, മുനിസിപ്പാലിറ്റി എന്നിവ മൂന്ന് മന്ത്രിമാരുടെ നിയന്ത്രണത്തിലാണ്. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി രണ്ടു മന്ത്രിമാ രുടെ കീഴിലാണ്. ബഹുമാനപ്പെട്ട മന്ത്രി ഡോ. എം. കെ. മുനീറിന്റെ കീഴി ലുള്ള 25 പഞ്ചായത്തുകൾ മുനിസിപ്പാലിറ്റികളാക്കാൻ പോകുകയാണ്. ഈ ഡിമാന്റ് ചർച്ച കഴിയുമ്പോഴേയ്ക്കും പഞ്ചായത്ത് മന്ത്രിയുടെ കൈയ്യിൽ വകുപ്പ് ഉണ്ടാവുകയില്ല എന്നുള്ളത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീമതി. പി. അയിഷാപോറ്റി: സർ, ഒരാളെ മൂന്നായിട്ട് കീറി വച്ചാൽ എങ്ങനെയുണ്ടാകും; ഒരു കുടക്കീഴിൽ ഇരിക്കേണ്ടത് മൂന്നായിപ്പോയാലുള്ള

പ്രശ്നങ്ങളിവിടെയുണ്ട്. ഒറ്റനേതൃത്വത്തിലായിക്കുമ്പോഴുള്ളത്ര കാര്യക്ഷമ മായി ഇത് കൊണ്ടുപോകാൻ കഴിയുകയില്ല എന്നതാണ് നമ്മൾ കണ്ടുകൊ ണ്ടിരിക്കുന്നത്. മുമ്പ് അംഗൻവാടി ജീവനക്കാരുടെ യൂണിഫോം സാരിയായി രുന്നു. അത് മാറ്റണമെന്നുപറഞ്ഞപ്പോൾ മാറ്റി ഓവർക്കോട്ട് ആക്കി, എല്ലാ വർക്കും സന്തോഷമായി. പക്ഷെ, ഉത്ഘാടനത്തിനായി മുഖ്യമന്ത്രി ചെന്ന പ്പോൾത്തന്നെ പരാതിയുമെത്തി. എങ്ങുമെത്താത്ത, പെറ്റിക്കോട്ടുപോലുള്ള ഒരു കോട്ട് തയ്പിച്ചു കൊടുത്തു. ഇത്രയും മോശമായ ഒരു അപ്പിയ റൻസുള്ള ഈ യൂണിഫോം വാങ്ങിയവർ ഉപയോഗിക്കാതെ തന്നെ തിരിച്ചു കൊടുത്തു. കോടിക്കണക്കിന് രൂപ വെറുതെ പാഴായിപ്പോയി. ഇങ്ങനെയല്ലേ ട്രഷറിയിലെ പണം പോകുന്നത്? ഇതുപോലെതന്നെ കഴിഞ്ഞ വർഷം കോടി ക്കണക്കിന് രൂപ ചെലവഴിച്ച സ്കൂൾയൂണിഫോം സമയത്തിന് കൊടുക്കാതി രുന്നതിനാൽ കോടിക്കണക്കിന് രൂപ നഷ്ടപ്പെട്ടുപോയി. സ്കൂളിൽനിന്നും ഒരു അദ്ധ്യയനവർഷം പഠിച്ച് പുറത്തുപോയ കുട്ടികൾക്ക് തിരിച്ചുവന്ന് ആ യൂണിഫോം ഇടേണ്ട ആവശ്യമില്ല. ഈ സർക്കാരിന്റെ പല കാര്യങ്ങളും ഇങ്ങനെയൊക്കെയാണ്. നമ്മുടെ നാട്ടിലെ അമ്മമാരുടെയും ആൺകുട്ടി കളുടെയും പെൺകുട്ടികളുടെയും ചെറുപ്പക്കാരുടെയുമൊക്കെ കാര്യത്തിൽ സാമൂഹ്യ നീതി വകുപ്പ് വളരെ ജാഗ്രതയോടെ കണ്ണുതുറന്ന് ശക്തമായി ഇട പെടേണ്ട ഒട്ടേറെ വിഷയങ്ങളുണ്ട്. ആഭ്യന്തരവകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് വളരെയേറെ മെച്ചപ്പെട്ട ഒരു സാമൂഹിക ക്രമം ഉണ്ടാക്കുന്നതിനുള്ള നടപടി കൾ സ്വീകരിക്കണം. ഇപ്പോൾ, കൈവിട്ട കളിയുടെ രീതിയിലാണ് നമ്മുടെ സമൂഹം പോയിക്കൊണ്ടിരിക്കുന്നത്. ‘മക്കൾ ആശുപത്രിയിൽ ഉപേക്ഷിച്ച വയോധിക അഗതി മന്ദിരത്തിൽ, ഭൂമിയും പണവും തട്ടി 78 കാരിയെ ആശു

പത്രിയിൽ തള്ളി മരുമകൾ കടന്നു, ഗുരുവായൂർ ക്ഷേത്രത്തിൽ അമ്മയെ കൊണ്ടുവന്ന് നടതള്ളിയിട്ട് പോയി' – ഇങ്ങനെയുള്ള വാർത്തകളാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. മനുഷ്യന്റെ മനസ്സ് എങ്ങോട്ടാണു പോകുന്നത്? നമ്മുടെ കുട്ടികളെ ശരിയായ ദിശയിലേക്ക് നയക്കണമെങ്കിൽ അവർക്ക് നല്ല സന്ദേശം കൊടുക്കണം. ഇപ്പോൾ സരിതാനായർക്ക് ഒരു ബ്രാൻഡ് അംബാസിഡറെപ്പോലെയാകാൻ പത്ര–ദൃശ്യ മാദ്ധ്യമങ്ങൾ കൂട്ടു നിൽക്കുന്നതിൽ എനിക്ക് വേദനയുണ്ട്. ഞാനും ഒരമ്മയാണ്, ഒരു സ്ത്രീയാണ്, ഇതൊന്നുമല്ല ഒരു നല്ല മോഡൽ. ഏറ്റവും നല്ല പെരുമാറ്റത്തിലൂടെ സ്ത്രീ എല്ലാപേർക്കും മോഡലായിരിക്കണം. കുട്ടികളെ വളർത്തുന്നതിന് ഗൈഡൻസു കൊടുക്കേണ്ടവർ സ്ത്രീകൾ തന്നെയാണ്, ഞാൻ അതംഗീകരിക്കുന്നു. എന്തും പ്രവർത്തിക്കുകയും വിളിച്ചു പറയുകയും എത്രവലിയ തട്ടിപ്പു നടത്തുകയും ചെയ്തിട്ടും അതിനെയെല്ലാം പ്രൊജക്ട് ചെയ്യുകയും, അവർ ഒരു ക്ഷേത്രത്തിൽ ചെന്നപ്പോൾ ഓട്ടോഗ്രാഫ് എഴുതിക്കൊടുക്കുന്നത് വലിയ പ്രാധാന്യത്തോടെ അവതരിപ്പിക്കുകയും ചെയ്തു. എന്നെ കേൾക്കുന്ന മുഴുവൻ ആളുകളും, പത്ര–ദൃശ്യ, മാധ്യമ സുഹൃത്തുക്കളും ഇതൊന്നു ശ്രദ്ധിക്കണം, ഇതുവഴി തെറ്റായൊരു സന്ദേശമാണ് നിങ്ങൾ സമൂഹത്തിലേക്ക് കൊടുത്തിരിക്കുന്നത്. സർക്കാരിന്റെ പണം തട്ടിച്ചോ എന്നുള്ളതല്ല, എത്രയോപേരെ വഞ്ചിച്ചിട്ട് എന്തൊക്കെയാണ് അവർ വിളിച്ചു പറയുന്നത്? ആർക്കൊക്കെയോ വേണ്ടി വിളിച്ചുപറയുകയാണ്. വിളിച്ചുപറയുന്നതിൽ മണ്ടത്തരവും പറ്റുന്നുണ്ട്. ഇതൊന്നും ആർക്കും ഭൂഷണമായിട്ടുള്ള കാര്യങ്ങളല്ല, ഇതൊന്നും പ്രോൽസാഹിപ്പിക്കരുത്. ഇതൊക്കെ കുട്ടികളെ തെറ്റായ വഴിക്കു നയിക്കും. അവർ ഓട്ടോഗ്രാഫ് എഴുതുന്ന ചിത്രം മാതൃഭൂമിയിൽ

കണ്ടപ്പോൾ ഞാൻ ഞെട്ടിപ്പോയി, ഇങ്ങനെയാണോ വേണ്ടത്; എത്രയോ നല്ല ആളുകളെ നമുക്ക് മോഡലാക്കാനുണ്ട്. മദ്യത്തിനും മയക്കുമരുന്നിനും അഡിക്ടായി, തട്ടിപ്പും വെട്ടിപ്പുമായിട്ടല്ല നമ്മുടെ സമൂഹം മുന്നോട്ടുപോകേണ്ടത്. വയസ്സാകുമ്പോൾ മാതാപിതാക്കളെ എവിടെയെങ്കിലും കൊണ്ടുപോയി തള്ളാനാല്ല മക്കളെ പഠിപ്പിക്കേണ്ടത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ബഹുമാന്യയായ ശ്രീമതി ടീച്ചർ സ്ത്രീധനത്തിനെതിരായി നല്ല ചിന്തയുണ്ടാക്കുന്ന സി.ഡി. തയ്യാറാക്കി എല്ലാ സ്കൂളുകളിലും കൊടുത്തതുപോലെ ഇവർക്ക് മന:പരിവർത്തനം ഉണ്ടാകുവാൻ കഴിയുന്ന തരത്തിലുള്ള ബ്രോഷറുകളും സി.ഡി.യും തയ്യാറാക്കി, മനുഷ്യരെ നന്നാക്കുന്ന, കുട്ടികളെ ചിന്തിപ്പിക്കുന്ന, അമ്മമാരെ ചിന്തിപ്പിക്കുന്ന, കുടിക്കുന്നവരെ കുടിയിൽ നിന്നും മാറ്റുന്ന തരത്തിലുള്ള ചിന്തയുണ്ടാക്കുന്ന നല്ല സിനിമകളോ, ഡോക്കുമെന്ററികളോ തയ്യാറാക്കി അത് ആവർത്തിച്ചാവർത്തിച്ച് പ്രദർശിപ്പിക്കുന്നതിന് സാമൂഹ്യനീതിവകുപ്പ് തയ്യാറാവണം. എങ്കിൽ മാത്രമേ ഈ സമൂഹത്തിന്റെ മനസ്സ് മാറുകയുള്ളൂ. ഒരു കാര്യം പലതവണ പറയുമ്പോൾ അത് മനസ്സിൽ പതിയും. മലയാള മനോരമയിൽ "പുകയരുത് കുട്ടിത്തം" എന്ന പേരിൽ ഒരു പരമ്പരതന്നെ തയ്യാറാക്കിയിരുന്നു. അതു മുഴുവൻ വായിച്ച ഒരാളാണ് ഞാൻ, സഹിക്കാൻ പറ്റുകയില്ല. ഈ കുഞ്ഞുങ്ങളെ ഇങ്ങനെ മോശമാക്കിയാൽ സമൂഹത്തിൽ തട്ടിപ്പുകാരും വെട്ടിപ്പുകാരും അച്ഛനമ്മമാരെ ഉപേക്ഷിക്കുന്നവരുമേ ഉണ്ടാവുകയുള്ളൂ. കുട്ടികളുടെ മനസ്സിനെ മാറ്റിയെടുക്കാൻ ഇങ്ങനെ കുറെ കരാളഹസ്തങ്ങൾ വരുന്നുണ്ട്. അതിനെതിരെ ജാഗ്രതയുണ്ടാക്കിയെടുക്കാൻ, സ്കൂളുകളിലും കാമ്പസ്സുകളിലും ഒരു പദ്ധതി നടത്തുന്നുണ്ടെന്ന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പ്

പറഞ്ഞിട്ടുണ്ട്. അതുകൊണ്ടൊന്നും മതിയാകില്ല, സാമൂഹ്യനീതി വകുപ്പുതന്നെ ശക്തമായി ഇടപെട്ട് വീടുകളെയും കുടുംബശ്രീകളെയും സ്കൂളുകളെയും ഉൾപ്പെടുത്തിക്കൊണ്ട് നിരന്തരമായ ബോധവൽക്കരണത്തിലൂടെ സമൂഹത്തിനാകെ മാറ്റമുണ്ടാക്കിയെടുക്കുവാൻ ശ്രമിക്കണം. ശ്രീ. സണ്ണി ജോസഫ് സംസാരിച്ചപ്പോൾ കുടുംബശ്രീയെ സർക്കാർ ശാക്തീകരിച്ചൂവെന്ന് പറഞ്ഞു. ജനശ്രീക്ക് 14 കോടിയിലധികം രൂപ അനധികൃതമായി കൊടുത്തപ്പോൾ ഇവിടുത്തെ കുടുംബശ്രീ അംഗങ്ങൾ രാപ്പകൽ സമരം നടത്തിയതുകൊണ്ടാണ് ആ അധികാരം അവർക്ക് കൊടുക്കുവാൻ നിങ്ങൾ തയ്യാറായതെന്ന കാര്യം മനസാക്ഷിയോടുകൂടി ഓർക്കണം. ആ സമരത്തിന്റെ വിജയമാണ് ഇന്ന് കുടുംബശ്രീയെ ഇത്രത്തോളമെത്തിച്ചത്. സാമൂഹ്യനീതി വകുപ്പ് നല്ല ജാഗ്രതയോടുകൂടി കുറേക്കൂടി ഉണർന്ന് പ്രവർത്തിച്ച്, ആഭ്യന്തരവകുപ്പുമായി സഹകരിച്ച് സമൂഹത്തെ നന്മയിലേക്ക് നയിക്കുന്ന കുറെ കാര്യങ്ങൾ ചെയ്യണം, വികേന്ദ്രീകൃതാസൂത്രണം നന്നായി നടപ്പിലാക്കാൻ സാധിക്കണം, അംഗൻവാടികൾ ഫലപ്രദമായിട്ട് കൊണ്ടുവരണം. ഇത്തരം കാര്യങ്ങൾ ശക്തമായി നടപ്പിലാക്കാത്തതിൽ പ്രതിഷേധിച്ചുകൊണ്ട്, ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, ഞാനീ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. സമൂഹത്തിൽ ഏറ്റവും കൂടുതൽ പ്രയാസമനുഭവപ്പെടുന്ന ആളുകളെ ബാധിക്കുന്ന വിഷയങ്ങളുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയാണ് ഇന്നിവിടെ നടക്കുന്നത്. കർഷകരിൽ വച്ച് ഏറ്റവും പ്രയാസമനുഭവപ്പെടുന്നവരാണ് ക്ഷീരകർഷകർ. സാമൂഹ്യനീതിവകുപ്പ് പാർശ്വവൽക്കരി

ക്കപ്പെട്ട ജന വിഭാഗമാണ്. ഗ്രാമവും പഞ്ചായത്തുകളും എന്നു പറയുമ്പോൾ സാധാരണക്കാരനും, പാവപ്പെട്ടവരും, പ്രയാസമനുഭവിക്കുന്നവരുമായ ആളുകൾ തിങ്ങിപ്പാർക്കുന്ന പ്രദേശമാണ്. അതുകൊണ്ടാണ് ഈ ആളുകളെ പരാമർശിക്കുകയും അവരുടെ ഉന്നമനത്തിനുവേണ്ടി പണം നീക്കിവയ്ക്കുകയും ചെയ്യുന്ന ഈ ധനാഭ്യർത്ഥനകളെ ഞാൻ അഭിമാനപൂർവ്വം പിന്തുണയ്ക്കുന്നത്. ഈ ഗവൺമെന്റ് അധികാര വികേന്ദ്രീകരണത്തിനുവേണ്ടി നിലനിൽക്കുന്ന ഒരു ഗവൺമെന്റാണ്. അതുകൊണ്ടാണ് ബൃഹത്തായ ഈ മൂന്ന് വകുപ്പുകളെ ഓരോ മന്ത്രിമാർക്കായി പ്രത്യേകം പ്രത്യേകം ഏൽപ്പിച്ചത്. പഞ്ചായത്ത് വകുപ്പ് പഞ്ചായത്തുവകുപ്പ് മന്ത്രിക്കും, നഗരത്തെ മാത്രം ബാധിക്കുന്ന പ്രശ്നങ്ങൾ പ്രത്യേകം ശ്രദ്ധിക്കുന്നതിനുവേണ്ടി മറ്റൊരു മന്ത്രിക്കും ഏൽപ്പിച്ചുകൊടുത്തു. ഗ്രാമവികസനവും, കേന്ദ്രഫണ്ടുകളുമായി ബന്ധപ്പെട്ട് ധാരാളം പ്രശ്നങ്ങളുണ്ട്. അവയിൽ പ്രത്യേകമായി ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനുവേണ്ടി ഗ്രാമവികസനവകുപ്പ് മറ്റൊരു മന്ത്രിക്ക് ഏൽപ്പിച്ചുകൊടുത്തു. അതുകൊണ്ടുണ്ടായ ഒരുപാട് ഗുണഫലങ്ങൾ നമ്മുടെ മുമ്പിലുണ്ട്. ഉദാഹരണമായി, കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡം അനുസരിച്ച് പി.എം.ജി.എസ്. വൈ. ടെണ്ടർ ചെയ്താൽ എടുക്കാനാളുണ്ടായിരുന്നില്ല. കേന്ദ്ര ഗവൺമെന്റ് മാനദണ്ഡപ്രകാരം ടെണ്ടർ എക്സസ് കൊടുക്കാൻ കഴിയുമായിരുന്നില്ല. ബഹുമാനപ്പെട്ട കെ.സി. ജോസഫ് ആ വകുപ്പ് പ്രത്യേകമായി ശ്രദ്ധിച്ച്, പ്രശ്നം പഠിച്ചു. ബഡ്ജറ്റിൽ സംഖ്യ നീക്കിവച്ച് ടെണ്ടർ എക്സസ് കൊടുക്കുന്നതിന് വകുപ്പുണ്ടാക്കി ആ പ്രശ്നം പരിഹരിച്ചു. ഇപ്പോൾ എല്ലാ വർക്കുകളും ടെണ്ടർ ചെയ്തിരിക്കുകയാണ്. ഇതുവരെ നടപ്പാക്കാൻ കഴിയാതിരുന്ന കോടിക്കണക്കിന് രൂപയുടെ വർക്കുകൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് മൂന്ന് മന്ത്രിമാർക്കായി അധികാര വികേന്ദ്രീകരണം നടത്താൻ കഴിഞ്ഞതിനാ

ലാണ്. മൂന്ന് മന്ത്രിമാർ ഉണ്ടായതുകൊണ്ട് ഒരിക്കലും ഒരു ഭരണ പ്രതിസന്ധി ഉണ്ടായിട്ടില്ല. ഒരു മന്ത്രി സഹകരിച്ചില്ല എന്നു പറഞ്ഞ് ഒരു പഞ്ചായത്തിലും ഒരു പദ്ധതിയും മുടങ്ങിയിട്ടില്ല. ഈ മന്ത്രിമാർ അവരവരുടെ വകുപ്പുകൾ വളരെ ഭംഗിയായിട്ട് നടത്തിക്കൊണ്ടുപോകുന്നുണ്ട്. കേരളത്തിലെ ക്ഷീര കർഷകർ എന്നുപറയുമ്പോൾ, ബഹുഭൂരിഭാഗം ആളുകളും ഒരു പശുവിനെ മാത്രം പരിപാലിക്കുന്നവരാണ്. ഒരു പശുവിന് ലഭിക്കുന്ന പാലിന്റെ അളവ് ശരാശരി ഒന്നര ലിറ്ററിൽ താഴെയാണ്. ഒരു പശുവിനെ മാത്രം വളർത്തുന്ന ദരിദ്രരിൽ ദരിദ്രരായ ആളുകളെ സഹായിക്കുന്നതിനുവേണ്ടി ഒരു പശുവിനെക്കൂടി കൊടുത്തുകൊണ്ട്, രണ്ടോ മൂന്നോ പശുവിനെ വളർത്തുവാൻ വേണ്ടുന്ന രീതിയിലുള്ള ഉദാരമായ സമീപനം ബഹുമാനപ്പെട്ട കെ.സി. ജോസഫിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

സാമൂഹ്യനീതി വകുപ്പിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ ഒരു പാട് പദ്ധതികളുണ്ട്. പാർശ്വവത്കരിക്കപ്പെട്ട, പ്രയാസമനുഭവിക്കുന്ന ആളുകളെ സപ്പോർട്ട് ചെയ്യാനും അവരുടെ കണ്ണീരൊപ്പുവാനും ഒരു ഗവൺമെന്റും മന്ത്രിയുമുണ്ടെന്നുള്ള ഒരു ഫീലിംഗ് ഉണ്ടാക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. ബഡ്ജറ്റിൽ ധാരാളം പണം വകയിരുത്തി ആ പണം വാരിക്കോരി കൊടുക്കുന്നതിനുപകരം അർഹതപ്പെട്ട ആളുകൾക്ക് തക്കസമയത്ത് എത്തിക്കുവാൻ ശ്രമിക്കുന്നത് ഒരു മന്ത്രിയുടെ പ്രവർത്തനമികവായിട്ടാണ് കണക്കാക്കപ്പെടുന്നത്. സ്കൂൾ പ്രവേശനോത്സവം നടക്കുമ്പോൾ പൂന്തുറ സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂളിൽ പഠിക്കുന്ന ബാലുവെന്ന കുട്ടിയെ അച്ഛൻ എടുത്തുകൊണ്ട് സ്കൂളിലേയ്ക്ക് പോകുന്നൊരു കാഴ്ച പത്രങ്ങളിൽ കാണാൻ ഇടയായി. ചലനശേഷി നഷ്ടപ്പെട്ട ആ കുട്ടിയെ ഒൻപത് വർഷ

മായി അച്ഛൻ ചുമന്നാണ് ക്ലാസിൽ കൊണ്ടുപോകുന്നത് എന്നൊരു വാർത്ത ഏതാനും ദിവസംമുമ്പ് മാതൃഭൂമി പത്രത്തിൽ ശ്രീ. രാജൻ പൊതുവാൾ എടുത്തൊരു ഫോട്ടോ സഹിതം വന്നിരുന്നു. മറ്റുകുട്ടികൾ കളിപ്പാട്ടങ്ങളും ബലൂണുകളുമായി വളരെ മനോഹരമായി ഒന്നാം ക്ലാസിലേയ്ക്ക് പോകുമ്പോൾ ഒൻപത് വർഷമായി ഈ കുട്ടിയെയുംകൊണ്ട് നടക്കുന്നൊരച്ഛന്റെ പടം മാതൃഭൂമി പത്രത്തിൽ വന്ന ഉടൻതന്നെ ബഹുമാനപ്പെട്ട മന്ത്രി ആകുട്ടിയുടെ സ്കൂളിലും വീട്ടിലും നേരിട്ടുചെന്ന് എന്തൊക്കെയാണ് പ്രശ്നങ്ങൾ എന്നതിനെപ്പറ്റി ആരായുകയും ഒരു ട്രൈസൈക്കിൾ തന്നാൽ കുട്ടിയുടെ ബുദ്ധിമുട്ടുകൾ മാറുമോയെന്ന് ചോദിച്ചപ്പോൾ തനിക്ക് ലൈസൻസ് എടുക്കാൻ കഴിയില്ലെന്ന് കുട്ടി അറിയിച്ചു. അതിനെത്തുടർന്ന് പ്രത്യേകമായൊരു സംവിധാനമുണ്ടാക്കി ബാറ്ററിയിൽ പ്രവർത്തിക്കുന്ന ട്രൈസൈക്കിൾ കൊടുത്തപ്പോൾ ചന്ദ്രനിൽ ആദ്യമായി കാലുകുത്തിയവരെപ്പോലെയുള്ള അഭിമാനത്തോടുകൂടി സ്കൂൾ അസംബ്ലിയിലേയ്ക്ക് കുട്ടി സൈക്കിളിൽ കടന്നുപോകുന്ന ഒരു മനോഹരമായ ചിത്രമുണ്ട്. ഏറ്റവും ഉദാത്തവും ആർദ്രവുമായ മനസ്സുള്ള ഒരു മന്ത്രിക്കുമാത്രമേ അതിന് കഴിയുകയുള്ളൂ. ആ കുട്ടിയുടെ വീട്ടിൽ പോയി ആ കുട്ടിക്ക് ചലിക്കാൻ ആവശ്യമായ സാങ്കേതിക തടസ്സങ്ങൾ നീക്കി. ഞാനൊരു ഉദാഹരണം പറഞ്ഞുവെന്നേയുള്ളൂ. അങ്ങനെയുള്ള ആളുകൾക്ക് ഒരാത്മവിശ്വാസം ഉണ്ടാക്കിത്തീർക്കുക എന്നുള്ളതാണ് ഒരു ഗവൺമെന്റിന്റെ ഉത്തരവാദിത്തം. ഒൻപത് വർഷക്കാലവും അച്ഛന്റെ ചുമലിൽ പോയ കുട്ടിക്ക് ട്രൈ സൈക്കിളിൽ സഞ്ചരിക്കുവാനായി നിയമത്തെ മറികടക്കുന്ന വിധത്തിലുള്ള സംവിധാനമുണ്ടാക്കുകയും അതിനുവേണ്ട സഹായങ്ങൾ ചെയ്യുകയും ചെയ്തതൊരു വകുപ്പാണിത്. അതുപോലെതന്നെ കേരളത്തിലെ ജനങ്ങളെ മുഴുവൻ കണ്ണീരിലാഴ്ത്തിയ അനുഭവമാണ് ഇടുക്കി ജില്ലയിലെ

ഷഫീഖിനുണ്ടായത്. രണ്ടാനമ്മയും അച്ഛനുംചേർന്ന് കൊലപ്പെടുത്തണമെന്ന ഉദ്ദേശത്തോടുകൂടി അതിക്രൂരമായി ആ കുട്ടിയെ മർദ്ദിച്ചുവെന്ന വർത്ത പത്ര ത്തിൽ വന്നഉടൻ തന്നെ ആ കുട്ടിയെ ജീവിതത്തിലേയ്ക്ക് കൊണ്ടുവരുന്നതി നുള്ള പരിശ്രമം ഈഗവൺമെന്റ് നടത്തി. ബഹുമാനപ്പെട്ട മന്ത്രി ആശുപത്രി യിൽ പോവുകയും ലഭ്യമാക്കാവുന്ന ഏറ്റവും മെച്ചപ്പെട്ട ചികിത്സ സംവി ധാനമുള്ള വെല്ലൂരിലേയ്ക്ക് കേരള ഗവൺമെന്റിന്റെ സഹായത്തോടുകൂടി കൊണ്ടുപോവുകയും ചികിത്സ നൽകുകയും ചെയ്തു. കേവലമൊരു ചട ങ്ങുമാത്രമാണെങ്കിൽ ആ കുട്ടിയെ അങ്ങോട്ട് അയച്ചാൽ മന്ത്രിയുടെ ജോലി തീർന്നു. പക്ഷെ, ബഹുമാനപ്പെട്ട മന്ത്രി ചെയ്തത് അതല്ല. ആ കുട്ടിക്ക് ബോധം വന്നപ്പോൾ അവനെ സന്തോഷിപ്പിക്കുന്നതിനുവേണ്ടി പുത്തൻ ഉടുപ്പും കളിപ്പാട്ടവുമായി കടന്നുചെന്നൊരു മന്ത്രി കേരളത്തിലെ അനാഥരായ കുട്ടികൾക്ക് അവർ അനാഥരല്ലെന്ന തോന്നലുണ്ടാക്കുകയാണ്. അതാണ് ഒരു മന്ത്രിയുടെ മുഖം. അതാണ് ഈ ഗവൺമെന്റിന്റെ മുഖം. സാമൂഹ്യനീതി യെന്നുപറഞ്ഞാൽ അതാണ്. ഇത്തരക്കാരോട് സമ്പൂർണ്ണമായി നീതിപു ലർത്തുക എന്ന ഉദ്ദേശത്തോടുകൂടിതന്നെയാണ് ആ വകുപ്പിന് ഇങ്ങനെ യൊരു പേര് നൽകിയത്. അങ്ങനെ എത്രയെത്ര പദ്ധതികൾ ഈ ഗവൺമെന്റ് നടപ്പിലാക്കി. ക്യാൻസർ സുരക്ഷാ പദ്ധതിയിലൂടെ ക്യാൻസർ ബാധിച്ച കുഞ്ഞുങ്ങൾക്കുള്ള ചികിത്സയും 18 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സാപദ്ധതികളും നടപ്പിലാക്കി. ഇപ്പോൾ ഓർഫനേജുകളെ സംബന്ധിച്ച് ധാരാളം ആക്ഷേപങ്ങൾ വരുന്ന ഈ സന്ദർഭത്തിൽ അച്ഛനും അമ്മയുമില്ലാത്ത കുട്ടികൾക്ക് ഓർഫനേജിൽ പോകാതെ വീടുകളിൽ താമസി ച്ചുകൊണ്ടുതന്നെ ഡിഗ്രി പഠനം പൂർത്തീകരിക്കുന്നതുവരെ നേരിട്ട് പണം

എത്തിക്കുന്നൊരു പദ്ധതിയാണ് 'സ്നേഹപൂർവ്വം പദ്ധതി'. ഇതിലൂടെ അവർ ഓർഫനേജുകളിലേയ്ക്ക് പോകേണ്ടിവരില്ലെന്ന മെസേജ് കൊടുക്കുകയാണ് ചെയ്യുന്നത്. മാത്രമല്ല, ആ കുട്ടിയെ സഹായിക്കാനോ പോറ്റുവാനോ അടുത്ത ബന്ധുക്കളുണ്ടെങ്കിൽ അവർക്ക് പണം അയച്ചുകൊടുക്കും. ഇങ്ങനെ പാവപ്പെട്ടവനും പ്രയാസങ്ങൾ അനുഭവിക്കുന്നവനുംവേണ്ടി ഒരുപാട് കാര്യങ്ങൾ ചെയ്യാൻ പരിശ്രമിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിയുടെ പ്രവർത്തനത്തിനോടൊപ്പം നിൽക്കുവെന്നുള്ളത് ശ്ലാഘനീയം തന്നെയാണ്. ഇങ്ങനെയൊരു ഗവൺമെന്റിനെ എങ്ങനെ എതിർക്കുമെന്നുള്ളതുകൊണ്ടാണ് ബഹുമാനപ്പെട്ട മന്ത്രിക്കെതിരായി പ്രതിപക്ഷാംഗങ്ങൾ ഒന്നും മിണ്ടാത്തത്. അപ്പോൾ ഇങ്ങനെയുള്ള ഒരുപാട് നല്ലകാര്യങ്ങൾ ചെയ്യുന്ന മന്ത്രിയെ മുക്തകണ്ഠം പ്രശംസിക്കാൻ ഈ അവസരം വിനിയോഗിക്കുകയാണ്. പഞ്ചായത്തുകളിൽ ഓൺലൈൻ സംവിധാനമേർപ്പെടുത്തിയത് ചെറിയൊരു കാര്യമല്ല. ഞാനും ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി, ശ്രീമതി അയിഷാ പോറ്റി ഉൾപ്പെടെയുള്ള ധാരാളം അംഗങ്ങൾ പഞ്ചായത്ത് പ്രസിഡന്റുമാരായി സേവനമനുഷ്ഠിച്ചിട്ടുള്ളവരാണ്. അന്നൊക്കെ പദ്ധതികൾ പാസ്സാക്കുന്നതിനുവേണ്ടി കടലാസ്സുകെട്ടുകളുമായി എസ്.എൽ.ഇ.സി.(സ്റ്റേറ്റ് ലെവൽ എക്സ്പെർട്ട് കമ്മിറ്റി) യിൽ കാത്തുകെട്ടിക്കിടക്കുമായിരുന്നു. ഇപ്പോൾ ആ സമ്പ്രദായംതന്നെ അവസാനിപ്പിച്ചുവെന്ന് മാത്രമല്ല, ഇൻഫർമേഷൻ ടെക്നോളജിയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ഗ്രാമ-ജില്ല-ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതി രേഖകളെല്ലാം ഓൺലൈനിലൂടെ പാസ്സാക്കിയെടുക്കാനും സാധിച്ചിട്ടുണ്ട്. മുമ്പുണ്ടായിരുന്ന ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ് (TAG) എന്ന ഏർപ്പാടുതന്നെ അവസാനിപ്പിച്ചു. ഉദ്യോഗസ്ഥന്മാർ പിരിഞ്ഞു

പോയാലും അവരുടെ പിടിയിൽനിന്നും വേർപെടാത്ത വിധത്തിൽ പഞ്ചായത്തിനെയും ജനങ്ങളെയും പിടിച്ചുവയ്ക്കുന്ന ഒരു കൂട്ടരായിരുന്നു ടി.എ.ജി. അങ്ങനെയുള്ള ടി.എ.ജി. സംവിധാനം ഒഴിവാക്കി ഓൺലൈനിലൂടെ നേരിട്ട് അപേക്ഷ കൊടുക്കുവാനും പദ്ധതികൾ പാസ്സാക്കിയെടുക്കുവാനും കഴിഞ്ഞുവെന്നുള്ളത് ചെറിയൊരു കാര്യമല്ല. ഓൺലൈൻ സംവിധാനം വന്നതുകൊണ്ട് വളരെയധികം മാറ്റമുണ്ടായിട്ടുണ്ട്. മുമ്പത്തെ സ്ഥിതിയെന്തായിരുന്നു? ഒൻപത് മാസക്കാലം പദ്ധതിയെഴുതുകയും വെട്ടുകയും വീണ്ടും ഡി.പി.സി.യിലേയ്ക്ക് പോവുകയും ചെയ്യുമായിരുന്നു. ആരെങ്കിലും ചോദിച്ചാൽ ഞങ്ങൾ തിരുവനന്തപുരത്ത് എസ്.എൽ.ഇ.സി.ക്ക് പോവുകയാണെന്ന് പറയും. ഇപ്പോൾ ആ ഏർപ്പാട് നിറുത്തിയെന്ന് മാത്രമല്ല, മൂന്നുമാസത്തിനുള്ളിൽ പദ്ധതികൾ മുഴുവൻ പാസ്സാക്കുകയും ഒൻപതുമാസം പ്രവർത്തിക്കാൻ സമയം കിട്ടുകയും അതുവഴി മാർച്ച് മാസത്തിൽ തട്ടിക്കൂട്ടി പ്രവൃത്തികൾ അവസാനിപ്പിക്കേണ്ടി വരികയും ചെയ്യുമ്പോഴുള്ള ഗുണനിലവാരത്തകർച്ച അവസാനിപ്പിച്ച്, ഗുണമേന്മയുള്ള പ്രവൃത്തികൾ നാട്ടിൻപുറങ്ങളിലും ഗ്രാമങ്ങളിലും കാണാൻ കഴിയുകയും ചെയ്യുന്നു. അന്നൊക്കെ പ്രവൃത്തിതുടങ്ങാൻ ഒൻപതുമാസം കഴിയുമായിരുന്നു. മാർച്ചുമാസംമാത്രം ക്യൂനിൽക്കേണ്ട സാഹചര്യം ഒഴിവാക്കിയപ്പോൾത്തന്നെ നൂറുശതമാനവും ഫണ്ട് ചെലവാക്കിയ പല പഞ്ചായത്തുകളുമുണ്ടായി. ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ കാലഘട്ടത്തിൽ പദ്ധതിവിഹിതം 100 ശതമാനവും ചെലവാക്കിയ പഞ്ചായത്തുകൾ ഉണ്ടോയെന്ന് എനിക്കറിയില്ല. ദീർഘദൃഷ്ടിയോടുകൂടി ഈ മൂന്ന് മന്ത്രിമാരും പലതലങ്ങളിലും സഹകരിച്ച് പ്രവർത്തിച്ചതിന്റെ ഫലമായിട്ടാണ് ഇങ്ങനെ അൺറ്റൈഡായി പ്രവർത്തിക്കുവാൻ പഞ്ചായത്ത് പ്രസി

ഡന്റുമാർക്ക് കഴിഞ്ഞത്. അതുപോലെതന്നെ ഗ്രാമസേവാ കേന്ദ്രങ്ങൾ, ഭാവനാപൂർണ്ണമായൊരു പദ്ധതിയാണ്. ഗ്രാമസഭകൾ കൂടുതൽ ചലനാത്മകമാക്കിത്തീർക്കുന്നതിനും പങ്കാളിത്തമുണ്ടാകുന്നതിനുംവേണ്ടി മന്ത്രി നടത്തിയ യാത്രയെപ്പറ്റി ഓർക്കുകയാണ്. അതിനോടൊപ്പം നിന്നുകൊണ്ടുതന്നെയാണ് ഗ്രാമസേവാ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നത്. ഓരോ വാർഡുതലത്തിലും ഗ്രാമീണജനതയുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി പഞ്ചായത്തിലേയ്ക്ക് പോകുന്നതിനുപകരം അത്യാവശ്യമായ കാര്യങ്ങൾ ചെയ്തുതീർക്കുന്നതിന് ഒരുദിവസം ഒരുമണിക്കൂർ എന്ന രീതിയിൽ അഞ്ച് ദിവസവും പ്രവർത്തിക്കുന്ന ഗ്രാമസേവാ കേന്ദ്രങ്ങൾ പ്രവർത്തിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിച്ചിരിക്കുകയാണ്. അത് നടപ്പിലാക്കുമെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. മാത്രമല്ല, അവിടെ ഉദ്യോഗസ്ഥന്മാരായി പഞ്ചായത്തിലെ ജെ.എച്ച്.ഐ., പബ്ലിക് ഹെൽത്ത് നേഴ്സുമാർ, ആശാവർക്കർമാർ, അംഗൻവാടി പ്രവർത്തകർ, വി.ഇ.ഒ., കൃഷി അസിസ്റ്റന്റ്, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ, എസ്.സി./എസ്.ടി. പ്രൊമോട്ടർമാർ തുടങ്ങിയവരൊക്കെതന്നെ ഒന്നിടവിട്ട ദിവസങ്ങളിൽ ഗ്രാമസേവാ കേന്ദ്രങ്ങളിൽ വരുമെന്ന് പറയുമ്പോൾ മഹാത്മജി സ്വപ്നംകണ്ട യഥാർത്ഥമായ അധികാരവികേന്ദ്രീകരണം ഗ്രാമങ്ങളിൽനിന്ന് വാർഡുകളിലേയ്ക്ക് എത്തിച്ചിരുന്ന ഒരു മഹത്തായ പരിപാടി ആസൂത്രണം ചെയ്തിരിക്കുകയാണ്. ആഴ്ചയിൽ അഞ്ചുദിവസവും പ്രവർത്തിക്കും. അതുപോലെതന്നെ ശാക്തീകരണമെന്ന് വെറുതെ പറഞ്ഞതുകൊണ്ട് കാര്യമില്ല. പഞ്ചായത്തുകളിൽ ഒരു എഞ്ചനീയറെ കാണണമെങ്കിൽ 10-25 കിലോമീറ്റർ പോയാലും കാണില്ല. ഒരു ഓവർസിയർപോലും ഒരു പഞ്ചായത്തിൽ ഉണ്ടായിരുന്നില്ല. എന്നാൽ, ഇന്ന് 400 എഞ്ചിനീയർമാരുടെ പുതിയ തസ്തിക സൃഷ്ടിച്ചുകൊണ്ട് ഓരോ പഞ്ചായത്തിനും ഓരോ എഞ്ചിനീയർ എന്ന രീതി

യിൽ പഞ്ചായത്തിലെ മുഴുവൻ പ്രവൃത്തികൾക്കുമുള്ള എസ്റ്റിമേറ്റെടുക്കുവാനും മെഷർ ചെയ്യുവാനും പൂർണ്ണമായ സംവിധാനത്തോടുകൂടിയ 400 പുതിയ തസ്തികകൾ സൃഷ്ടിച്ചുകൊടുത്തത് ചെറിയൊരു കാര്യമാണോ? ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് ഇത് ആലോചിക്കാൻപോലും കഴിയാത്ത കാര്യമാണ്. വെറുതെ വർത്തമാനം പറഞ്ഞതുകൊണ്ടുമാത്രം കാര്യമില്ല. അധികാരവികേന്ദ്രീകരണമെന്ന് പറയുന്നത് അതാണ്. ഓരോ പഞ്ചായത്തിനും സെക്രട്ടറി പോയാൽ പിന്നെ ചുമതല നിർവ്വഹിക്കാൻ ആളില്ലെന്നുമാത്രമല്ല, കോടിക്കണക്കിന് രൂപ ഇപ്പോൾത്തന്നെ പഞ്ചായത്തുകൾക്ക് കൈമാറിയിരിക്കുകയാണ്. അതിൽ സൂക്ഷ്മതയുണ്ടാകുവാനും സെക്രട്ടറിയെ അസിസ്റ്റ് ചെയ്യുന്നതിനും പഞ്ചായത്ത് ബോർഡിനോട് കൂടുതൽ കമ്മിറ്റ്മെന്റ് ഉണ്ടാകുന്നതിനും പുതിയ അസിസ്റ്റന്റ് സെക്രട്ടറിമാരുടെ തസ്തിക സൃഷ്ടിച്ചു. അതോടൊപ്പംതന്നെ ധാരാളം മറ്റ് സ്റ്റാഫിനെ കൊടുക്കാനും സാധിച്ചു. സ്പിൽഓവർ പ്രോജക്ടിനെ കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഗൗരവത്തോടെ ശ്രദ്ധിക്കണം.അതിപ്പോൾ ഒരു പുതിയ പ്രോജക്ടാക്കി അവതരിപ്പിച്ചുകൊണ്ടു പോവുകയാണ്. അത് സാങ്കേതികമായ പ്രശ്നങ്ങൾ ഉണ്ടാക്കും. അതുപോലെതന്നെയാണ് ബഹുവർഷ പ്രോജക്ടുകൾ. ബഹുവർഷ പ്രോജക്ടും സ്പിൽഓവർ പ്രോജക്ടും പുതിയ പ്രോജക്ടായി കണക്കാക്കാതെ മുമ്പേയുള്ള പ്രോജക്ടായി കണക്കാക്കി പെട്ടെന്ന് പ്രവൃത്തി ആരംഭിക്കുന്നതിന് വേണ്ടിയുള്ള സാങ്കേതികാനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഐ.കെ.എം.-ന്റെ സോഫ്റ്റ്‌വെയർ കുറേകൂടി അപ്ഡേറ്റ് ചെയ്യണം. പ്രസ്തുത സോഫ്റ്റ്‌വെയറിൽ ഇപ്പോൾ ചെറിയൊരു ഭേദഗതി വരുത്തണമെങ്കിലോ ഒരു ഇന്നവേറ്റീവ് പ്രോജക്ട് അവതരിപ്പിക്കണമെങ്കിലോ ഐ.കെ.എം.

–ന്റെ പുതിയ സോഫ്റ്റ്വെയർ ഇല്ലാത്തതുകൊണ്ട് നിലവിലുള്ള സോഫ്ട് വെയറിലുള്ള എൻട്രി മാത്രമേ കിട്ടുകയുള്ളൂ. അതുകൊണ്ട് ഐ.കെ.എം. –ന്റെ സോഫ്ട് വെയർ പഞ്ചായത്തുകളുടെ ആവശ്യമനുസരിച്ച് അപ്ഡേറ്റ് ചെയ്ത് കൂടുതൽ ഭാവനാപൂർണ്ണമായി അതിനെ ശക്തിപ്പെടുത്താൻ ശ്രമിക്ക ണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. വ്യത്യസ്തമായ കോഡുകളിലാണ് ഡേറ്റാ വരുന്നതെന്നുള്ളതുകൊണ്ട് ഐ.കെ.എം.–ന്റെ കോഡില്ലെങ്കിൽ ഒരിക്കലും എൻട്രി കിട്ടുന്നില്ല. അതുകൊണ്ട് ഏത് പുതിയ പ്രോജക്ടുകളാണെങ്കിലും ഐ.കെ.എം.ന്റെ കോഡില്ലെന്നുള്ളതുകൊണ്ട് എൻട്രി കിട്ടാത്തൊരവസ്ഥ ഉണ്ടാവാൻ പാടില്ല. അതുപോലെ തന്നെ, ഇപ്പോൾ ബഡ്ജറ്റ് അവതരിപ്പിക്കുക എന്നത് യഥാർത്ഥത്തിൽ ഒരു ചടങ്ങായി വർഷ ങ്ങളോളം തുടർന്നുവരികയാണ്. പഞ്ചായത്തുകളിൽ ബഡ്ജറ്റും വാർഷിക പദ്ധതിയും തമ്മിൽ യാതൊരു ബന്ധവുമില്ല. ബഡ്ജറ്റ് സാങ്കേതികമായി പാസ്സാക്കിപ്പോരുന്നു. യഥാർത്ഥത്തിൽ കാര്യങ്ങൾ നടപ്പിലാക്കണമെങ്കിൽ വാർഷിക പദ്ധതികൾ വേണം. അതുകൊണ്ട് വാർഷിക പദ്ധതികളും ബഡ്ജറ്റും തമ്മിൽ ഒരേകോപനമുണ്ടാകണമെന്നുകൂടി അഭ്യർത്ഥിക്കുകയാ ണ്. ആ ഏകോപനമുണ്ടായാൽ മാത്രമേ ബഡ്ജറ്റ് കൂടുതൽ അർത്ഥപൂർണ്ണമാ വുകയുള്ളൂ. അതുകൊണ്ട് ബഡ്ജറ്റിൽവന്നിട്ടുള്ള വർക്കുകളും സ്വാഭാവിക മായും വാർഷിക പദ്ധതിയിൽ വരുന്ന വർക്കുകളും ഒരുമിച്ചാക്കിത്തീർക്കു വാൻ നടപടിയുണ്ടാവണം എന്നുഞാൻ അഭ്യർത്ഥിക്കുകയാണ്.

'മനുഷ്യക്കടത്ത്' എന്നുപറയുന്നത് കുറച്ച് കടുത്ത വാക്കാണ്. ആടിനെ കൊല്ലാനും കൊണ്ടുപോകാറുണ്ട്, വളർത്താനും കൊണ്ടുപോകാറു

ണ്ട്. ‘പാത്തുമ്മയുടെ ആട് ’ എന്ന നോവൽ ഒരു ആടിനോട് കിന്നാരം പറയുന്ന പാത്തുമ്മയുടെ കഥയാണ്. അതിലെ ആടിനെ വളർത്താനായി കൊണ്ടുപോകുകയാണ്. ആരാച്ചാർ കൊണ്ടുപോകുന്ന ഒരു ആടും ഇതും തമ്മിൽ വളരെയധികം വ്യത്യാസമുണ്ട്. അനാഥശാലകളിലേയ്ക്ക് കൊണ്ടുപോകുന്ന കുഞ്ഞുങ്ങളെ ‘മനുഷ്യക്കടത്ത്’ എന്നുപറഞ്ഞത് ആരായാലും വളരെ കടുത്തതായിപ്പോയി. ആ വാർത്ത വന്നപ്പോൾ നമ്മൾ എത്രമാത്രമാണ് ആഘോഷിച്ചത്. ആ കുഞ്ഞുങ്ങൾ ഇവിടെ വരാനുണ്ടായ സാഹചര്യം നമ്മൾ മനസ്സിലാക്കണം. അങ്ങേയ്ക്കറിയാം, അങ്ങ് തന്നെ ഈ സഭയിൽ പറഞ്ഞിട്ടുള്ള കാര്യമാണ്, അങ്ങയുടെ നിയോജകമണ്ഡലത്തിലെ മുക്കം ഓർഫനേജിലേയ്ക്ക് 1956-ൽ മോയിൻ ഹാജി എന്നുപറയുന്ന ആൾ 100 ഏക്കർ ഭൂമി 10,000 രൂപയ്ക്ക് അന്ന് കൊടുത്ത് തുടങ്ങിയ ഓർഫനേജാണ്. അവിടെ ഇന്ന് ആയിരത്തിലധികം കുട്ടികൾ പഠിക്കുകയാണ്. അവിടേയ്ക്കുകൊണ്ടുവന്ന കുട്ടികളുടെ നടപടിക്രമത്തിൽ ചെറിയൊരു ദോഷമുണ്ടായിട്ടുണ്ടെങ്കിൽ അത് തിരുത്തുകയല്ലേ വേണ്ടത്? അതല്ലാതെ പണം തട്ടിയെടുത്തു എന്നൊക്കെ പറയുന്നത് ശരിയാണോ? 1956-ൽ 100 ഏക്കർ ഭൂമി 10,000 രൂപയ്ക്ക് കൊടുത്ത ആളുകൾക്ക് ഇവിടെനിന്ന് കിട്ടുന്ന 700 രൂപ, 700 രൂപയ്ക്ക് താഴെയാണ് നമ്മൾ കൊടുക്കുന്ന ഗ്രാന്റ്. 700 രൂപയുടെ ഗ്രാന്റുകൊണ്ട് ഒരു കുട്ടിക്കുള്ള വസ്ത്രമെടുക്കാൻ സാധിക്കുമോ? അവിടെയുള്ള കുട്ടികൾക്ക് കൊടുക്കുന്ന വസ്ത്രവും ഭക്ഷണത്തിന്റെ ക്വാളിറ്റിയും നമ്മൾ പരിശോധിക്കണം. നമ്മുടെ വീടുകളിൽപ്പോലും കിട്ടാത്ത്ര നല്ല ഭക്ഷണമാണ് പല ഓർഫനേജുകളിലും കൊടുക്കുന്നത്. അങ്ങ

നെയുള്ള ഓർഫനേജുകളെ സമൂഹമദ്ധ്യത്തിൽ താറടിച്ച്, അവരുടെ പ്രവർത്തനം ചെറുതായി കാണുന്നവിധത്തിലുള്ള പ്രവർത്തനത്തിലേർപ്പെട്ടതു കൊണ്ട് നമ്മുടെ സമൂഹത്തിന് എന്ത് നേട്ടമാണുണ്ടായിട്ടുള്ളത്? ഒരു പ്രത്യേ കമായ കളറുണ്ടായി, ഒരു പ്രത്യേകമായ സംവിധാനമുണ്ടായി, രാത്രികാലങ്ങ ളിൽ ചർച്ചയുണ്ടായി. ആ കുട്ടികൾ തിരിച്ചുപോയല്ലോ? നമ്മൾ വളരെ വിജ യത്തോടെ ആ കുട്ടികളെ തിരിച്ചയച്ചു. തിരിച്ചുപോയ കുട്ടികളുടെ സ്ഥിതി നമ്മൾ അന്വേഷിക്കുന്നുണ്ടോ? കുട്ടികളെ കൊണ്ടുവരാൻ കുറെ ആളുകൾ വന്നിരുന്നല്ലോ; ആ വന്നിരുന്ന ആളുകൾ, നിയമം അതിന്റെ പാടിന് പോക ട്ടെ, അന്വേഷണാത്മകമായി അന്വേഷിക്കുന്ന ആളുകൾ അതല്ലെങ്കിൽ മാധ്യമപ്രവർത്തകരെങ്കിലും ആ കുഞ്ഞുങ്ങൾക്കുവേണ്ടി എന്തുചെയ്തു എന്നുള്ളത് പോയി അന്വേഷിക്കണം. അതല്ലെങ്കിൽ ഒരു നിയമസഭാ കമ്മി റ്റിയെ അനൗദ്യോഗികമായിട്ടെങ്കിലും അയയ്ക്കുകയാണെങ്കിൽ ആ കുഞ്ഞു ങ്ങളുടെ സ്ഥിതിയെന്തന്നറിയാനായി സ്വന്തം ചെലവിൽ ഞാനുംകൂടി പോകാം. ഝാർഖണ്ഡിലേക്ക് പോയ കുട്ടികൾക്ക് വലിയ സൗകര്യമാണോ? ഇവിടെ വരാനുണ്ടായ കാരണം, അവരുടെ സഹോദരന്മാർ, അനുജത്തിമാർ, മറ്റ് മൂത്ത ആളുകൾ, അയൽപക്കത്തുള്ള ആളുകളൊക്കെത്തന്നെ ഇവിടെവ ന്ന്......... ഇൻഡ്യ എന്റെ രാജ്യമാണ്, ഞാൻ എല്ലാ ഇൻഡ്യക്കാരെയും സ്നേഹിക്കുന്നു. പാസ്പോർട്ടില്ലാതെ വരാൻ സൗകര്യമുള്ള സ്ഥലമല്ലേ; നമ്മൾ ഉത്തരേൻഡ്യയിൽ പോയി നോക്കണ്ടേ? ഉത്തരേൻഡ്യയിൽ പോയാൽ അവിടത്തേയ്ക്കുള്ള ട്രെയിനിലെ ഒരു ബർത്തിൽ ഒരാൾ മാത്രമേ ഉണ്ടായിരിക്കുകയുള്ളോ? എല്ലാവരും ട്രെയിൻ ബുക്ക് ചെയ്തിട്ടാണോ യാത്ര ചെയ്യുന്നത്; ആരും ഉത്തരേൻഡ്യ കാണാത്ത ആളുകളാണോ? അവിടെ പോകുന്നവരൊക്കെത്തന്നെ ഒന്നായും കൂട്ടമായും യാത്ര ചെയ്യും. അവിടെ

നിന്ന് ഇങ്ങോട്ട് വരുന്നവരൊക്കെ എ.സി.–യിൽ ബുക്ക് ചെയ്തിട്ടാണോ വരുന്നത്? കുട്ടികളെ തിരിച്ചങ്ങോട്ട് ഡോ. എം. കെ. മുനീർ എ.സി. യിൽ ബുക്ക് ചെയ്താണ് അയച്ചത്. അത് നമ്മുടെ മര്യാദ, മന്ത്രിയുടേയും മര്യാദ. പക്ഷേ, വന്നത് അവരല്ലേ? ആരും നോക്കാനില്ലാത്തവർ, ഉടുതുണിക്ക് മറുതുണിയില്ലാത്തവർ, പട്ടിണി കിടക്കുന്നവർ, നിരാലംബരായ ആളുകൾ. വില്ലേജ് ഓഫീസിലെ സർട്ടിഫിക്കറ്റിൽ രണ്ട് ഒപ്പുണ്ടോ എന്നതാണോ ഒരു ഓർഫനേജിലേയ്ക്ക് വരുമ്പോൾ പരിശോധിക്കുന്നത്; അങ്ങനെയാണെങ്കിൽ മുഴുവനും പരിശോധിക്കണ്ടേ; ഇവിടെ നമ്മുടെ അഗതി മന്ദിരങ്ങളിൽ എത്ര വിദേശികളായ ആളുകളുണ്ട്? പുറംജില്ലക്കാർ കിടക്കുന്നുണ്ട്. എന്താണ് ആരും ഇത് അന്വേഷിക്കാത്തത്; ഈ അന്വേഷണ ത്വരത അവിടെ കാണാത്തത് എന്തുകൊണ്ടാണ്; എല്ലാവരുമായിച്ചേർന്ന് എല്ലാ മീഡിയാക്കാരെയും വിളിച്ച് ഒരുരാത്രി ചർച്ച നടത്തിക്കൂടേ? ഇങ്ങോട്ട് അഭയാർത്ഥികളായി വന്ന പാവപ്പെട്ട കുട്ടികളെ ഇവിടെനിന്ന് മടക്കി അയച്ചത് നമ്മുടെ ആതിഥ്യമര്യാദയ്ക്ക് ചേർന്നതല്ല, ക്രൂരമായിപ്പോയി. മാത്രമല്ല, ധാരാളം നിസ്വാർത്ഥരായ, എല്ലാ സമുദായത്തിലുംപെട്ട ആളുകൾ നടത്തുന്ന അനാഥശാല, അവരുടെ മഹത്തായ സേവനങ്ങൾ നമ്മൾ വിസ്മരിക്കരുത് എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. നമ്മുടെ ഗ്രാമീണ ജീവിതത്തിന്റെ നന്മയാർന്ന പ്രവർത്തനങ്ങൾക്ക് പണ്ടേ ഉണ്ടായ ഒരു സംവിധാനമാണ് പഞ്ചായത്ത് സംവിധാനം. പണ്ട് അതുണ്ടാകുമ്പോൾ, അഞ്ച് ഉത്തമരായ മനുഷ്യർ ആ സമൂഹത്തിലെ കാർഷികവും കാർഷികാനുബന്ധവുമായ കാര്യങ്ങൾ, സാസ്ക്കാരികമായ

കാര്യങ്ങൾ ഉൾപ്പെടെയുള്ള തർക്കങ്ങൾ പരിഹരിക്കാനും നിയന്ത്രണം നടത്താനുമുള്ള ഒരു സംവിധാനമായിരുന്നു അതിലൂടെ ലക്ഷ്യമിട്ടിരുന്നത്. അതുകൊണ്ടാണ് 'പഞ്ചായത്ത്' എന്ന പേരുതന്നെ ഉത്ഭവിച്ചത്. കൃഷി നടത്തുക എന്നതാണ് അതിന്റെ ഏറ്റവും പ്രധാനപ്പെട്ട കാര്യം. അതിന്റെകൂടെ ഉത്സവവും സംസ്ക്കാരവും ഭാഷയും വിദ്യാഭ്യാസവും കന്നുകാലി വളർത്തലുമൊക്കെ വരും. കൗടില്യന്റെ കാലത്താണെങ്കിൽ കൃഷി ചെയ്യാതിരുന്ന തരിശ് നിലങ്ങൾ ഏറ്റെടുത്ത് കൃഷി ചെയ്യാനുള്ള അവകാശം ഉൾപ്പെടെയുണ്ടായിരുന്നു. അതിൽ ഗവൺമെന്റിന്റെ പങ്കിത്ര അത് ചെയ്യുന്നവരുടെ പങ്കിത്ര എന്നുള്ള തീരുമാനമുണ്ടായിരുന്നു. ആധുനികകാലത്ത് പഞ്ചായത്തിന്റെ ഉത്തരവാദിത്വത്തിൽ കൃഷി എത്രയുണ്ട് എന്നുള്ളത് ഒരു പ്രശ്നമാണ്. ഇത് പഞ്ചായത്തിന്റെ മാത്രം പ്രശ്നമല്ല. ഇന്ന് നമ്മുടെ എല്ലാ പഞ്ചായത്തുകളും നഗരങ്ങളാകാൻ മോഹിക്കുകയാണ്. വടക്കേ ഇൻഡ്യയിലെ ഏതെങ്കിലും പഞ്ചായത്തിലുള്ള ഗ്രാമീണ സംവിധാനമല്ല കേരളത്തിലുള്ളത്. കേരളത്തിലുള്ള ഗ്രാമങ്ങൾപോലും നഗരസ്വഭാവമുള്ളവയാണ്. ഗ്രാമത്തിൽ നഗരസ്വഭാവം വരുമ്പോൾ മനുഷ്യബന്ധങ്ങളിലും കുറവുണ്ടാകും. ഗ്രാമങ്ങളിലെ മനുഷ്യർക്കുപോലും പത്തോ‌മുപ്പതോ വർഷങ്ങൾക്ക് മുമ്പുണ്ടായിരുന്ന ബന്ധമല്ല ഇപ്പോഴുള്ളത്. പണ്ട് ഗ്രാമങ്ങളിൽ ഒരിക്കലും അനാഥ നായയുണ്ടായിരുന്നില്ല, അനാഥ ശിശുവുണ്ടായിരുന്നില്ല, അനാഥരായ മൃഗമുണ്ടായിരുന്നില്ല, എന്തിന് പക്ഷികൾക്കുപോലും ആഹാരമില്ലാത്ത അവസ്ഥയുണ്ടായിരുന്നില്ല. ഇപ്പോൾ പഞ്ചായത്തുകൾക്കും നഗരമുഖങ്ങളായപ്പോൾ കൃഷി ഇല്ലാതെയായി, ഉള്ളത് തരിശായി, കൃഷി ചെയ്യാൻ താൽപ്പര്യമുള്ളവരുടെ കയ്യിൽ ഭൂമി ഇല്ലാതെയായി. നമ്മുടെ ഗ്രാമങ്ങളിൽപ്പോലും വല്ലാത്ത ഒരു അസ്വസ്ഥ

തയും സങ്കീർണ്ണതയുമാണ് ഇന്നുള്ളത്. ഇടുക്കിയിലെയോ വയനാട്ടിലെയോ റിമോട്ടായ ഗ്രാമങ്ങളൊഴിച്ച് മറ്റെല്ലാ ഗ്രാമങ്ങളും നഗരസ്വഭാവമുള്ളവയാണ്. കണ്ണൂർമുതൽ തിരുവനന്തപുരംവരെ എടുത്താൽ ഒറ്റനഗരമെന്നാണ് ചിലർ പറയുന്നത്. ഇങ്ങനെയുള്ള ഒരവസ്ഥയിൽ പഞ്ചായത്തിന് നിശ്ചയിച്ചിട്ടുള്ള അനിവാര്യമായ കടമകളുണ്ട്. ഇന്നത്തെ വാർത്ത, കണ്ണൂരിൽ 16 പേരെ നായ കടിച്ചു, ഹോസ്പിറ്റലിൽ മരുന്നില്ല, കൊല്ലത്ത് ആളുകളെ നായ കടിച്ചു, ഹോസ്പിറ്റലിൽ മരുന്നില്ല, കോഴിക്കോട് ആളുകളെ നായ കടിച്ചു, മരുന്നില്ല. പഞ്ചായത്തിന്റെ അനിവാര്യമായ ഉത്തരവാദിത്വത്തിൽ എഴുതിവച്ചിട്ടുള്ളത് നായകളെ നിയന്ത്രിക്കുക അല്ലെങ്കിൽ അതിനെ വീട്ടിൽ വളർത്തുന്നതിനുപോലും ലൈസൻസ് കൊടുക്കുക എന്നുള്ളതാണ്. ഇവിടെ എന്താണ് ഉത്തരവാദിത്വം; എങ്ങനെയാണ് നമ്മൾ ഇതിനെ സമീപിക്കുന്നത്? ഞാൻ ചോദിക്കുന്നത്, പഞ്ചായത്തിന്റെ അനിവാര്യമായ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാൻ പറ്റിയതരത്തിൽ നമ്മുടെ പഞ്ചായത്തിന് അധികാരമുണ്ടോ; അല്ലെങ്കിൽ പഞ്ചായത്തിനെ ശക്തിപ്പെടുത്തുന്നുണ്ടോ? ഇവിടെ അധികാരവികേന്ദ്രീകരണം നടന്നിട്ടുണ്ട്. അധികാരവികേന്ദ്രീകരണം നടക്കുമ്പോൾ അധികാരം താഴോട്ട് പോകുന്നു. സത്യത്തിൽ പണം താഴോട്ട് പോകുകയും അധികാരം മുകളിലിരിക്കുകയും ചെയ്യുന്ന ഒരു അസാധാരണമായ രീതി ഇവിടെ വളർന്നുവരുന്നുണ്ട്. പണംമാത്രം താഴോട്ടുപോയാൽ അധികാരം താഴോട്ട് പോകുകയില്ല. പണം താഴോട്ട് അൽപ്പം കുറവാണെങ്കിലും അധികാരം താഴോട്ട് മൊത്തം പോയാൽ, അധികാരം മുകളിൽനിന്ന് ഇല്ലാതായാൽ, പഞ്ചായത്തുകൾക്ക് കിട്ടിയാൽ, പല പഞ്ചായത്തുകൾക്കും ഇന്നത്തേക്കാൾ കൂടുതൽ നന്നായി പ്രവർത്തിക്കാൻ കഴിയും. മന്ത്രിക്ക്

അതിനൊക്കെ മോഹമുണ്ടായിരിക്കും. അദ്ദേഹത്തിന്റെ മുഖശോഭ പക്ഷേ വകുപ്പിനില്ല. അദ്ദേഹത്തിന് നല്ല മുഖശോഭയുണ്ട്, ധാരാളം സ്വപ്നങ്ങളുമുണ്ട്. അദ്ദേഹം കലാകാരനായതുകൊണ്ടുതന്നെ പുതിയ പ്രഖ്യാപനങ്ങളൊക്കെ നടത്തുമ്പോൾ 'സ്നേഹസ്പർശം', 'സ്നേഹപൂർവ്വം', 'താലോലം' എന്നൊക്കെപ്പറയുന്നത്. ഇവയൊക്കെ ഒരു കലാകാരന്റെ ഭാവനയിൽനിന്ന് വരുന്ന വാക്കുകളാണ്. അദ്ദേഹത്തിന് സ്നേഹം സഹപ്രവർത്തകരിൽനിന്ന് ധാരാളം കിട്ടാത്തതുകൊണ്ടാണോ എന്തോ സ്നേഹത്തോട് അദ്ദേഹത്തിന് വല്ലാത്ത പ്രതിബദ്ധതയുണ്ട്. അതുകൊണ്ട് ഞാൻ അദ്ദേഹത്തോട് പറയുന്നത്, അദ്ദേഹത്തിന്റെ തൊട്ടടുത്താണ് ശ്രീ. കെ. സി. ജോസഫ് ഇരിക്കുന്നത്. കെ. സി. യുടെ കയ്യിലിരിക്കുന്ന....... അടുത്തടുത്തിരിക്കുന്നതുകൊണ്ട് ഇദ്ദേഹത്തിന്റെ കയ്യിലിരിക്കുന്ന സാമൂഹ്യക്ഷേമം അപ്പുറത്ത് കൊടുത്താലും കുഴപ്പമില്ല. അപ്പുറത്തിരിക്കുന്ന ഗ്രാമവികസനം ഇപ്പുറത്ത് അനിവാര്യമായി വരണം. പഞ്ചായത്തും ജില്ലാ പഞ്ചായത്തും അദ്ദേഹത്തിന്റെ കൈവശം, ബ്ലോക്ക് പഞ്ചായത്ത് മറ്റൊരാളുടെ കൈവശം. ഇത് കേരളത്തിൽ ഒരുപാട് പ്രശ്നങ്ങളുണ്ടാക്കുന്നുണ്ട്. ഞാൻ ആ കാര്യങ്ങളെല്ലാം പറഞ്ഞുപോകുകയല്ല. ചേർന്നുനിൽക്കേണ്ടത് ചേർന്നുനിൽക്കണം, ഇല്ലെങ്കിൽ ചേർന്നുനിൽക്കാൻ പറ്റിയതരത്തിലുള്ള സംവിധാനമുണ്ടാക്കണം. ക്ഷേമപ്രവർത്തനങ്ങളുടെ കാര്യത്തിൽ പഞ്ചായത്തിന്റെ 'സ്നേഹം' എന്നുപറയുന്നത്, പല ചോദ്യത്തിനും ഉത്തരംതരുമ്പോൾ 'സ്നേഹം' എന്ന വാക്കിന്റെ അർത്ഥത്തിന്, അതിന്റെ പൂർണ്ണ അർത്ഥത്തിൽ താഴോട്ട് എത്താൻ സാധിക്കാത്തതരത്തിലുള്ള സാമ്പത്തിക പ്രയാസങ്ങളുണ്ട്, ഏകീകരണത്തിന്റെ പ്രയാസങ്ങളുണ്ട്. നമ്മുടെ പഞ്ചായത്തുകളിലെ ഏതെങ്കിലും ഒരു പഞ്ചായത്ത്

പൈലറ്റായി എടുത്താൽ നമുക്ക് മനസ്സിലാകും, അവിടെയുള്ള വിധവകൾ, വിധവകളല്ലെങ്കിലും വിദൂരത്ത് ഭർത്താക്കന്മാർ നിൽക്കുന്നതിന്റെ പ്രശ്നങ്ങളുള്ളവർ, അനാഥരായ കുട്ടികൾ, രോഗികളായ മനുഷ്യർ, അസ്വസ്ഥകരമായ സാഹചര്യങ്ങൾ, സമാധാനമില്ലാത്തത്, ഒറ്റപ്പെട്ടുജീവിക്കുന്നത്, രോഗികൾ മാത്രമുള്ള വീട്, നോക്കാൻ ആളില്ലാത്തത്– ഇക്കാര്യങ്ങൾക്കായി അങ്ങ് ഏതെങ്കിലും ഒരു പഞ്ചായത്തെടുത്ത് അനിവാര്യമായ ഒരു പഠനം നടത്തിയാൽ പലതും ഏകോപിപ്പിക്കേണ്ടതുണ്ട്. കേരളത്തിൽ വകുപ്പിന്റെ കൈവശം ധാരാളം ക്ഷേമപദ്ധതികളുണ്ട്, ക്ഷേമകോർപ്പറേഷനുകളുണ്ട്. സത്യത്തിൽ ഒരു പഞ്ചായത്ത് ഇത്തരം ക്ഷേമപദ്ധതിയിൽ അർഹതപ്പെട്ടവർക്ക് കിട്ടാൻ, ഇതെല്ലാംകൂടി ഏകാപിപ്പിക്കാൻ വല്ല സംവിധാനവും........ വിധവകൾക്കും വയോജനങ്ങൾക്കും പലയിടത്തുനിന്നും സഹായം കൊടുക്കുന്നുണ്ട്. പലയിടത്തുനിന്നും ഇങ്ങനെ കിട്ടുന്നതുകൊണ്ടുതന്നെ അർഹതപ്പെട്ട ധാരാളംപേർക്ക് ഇത് കിട്ടാതെ പോകുന്നുമുണ്ട്. ഇതൊക്കെയുള്ള ഒരു ഭരണസംവിധാനമെന്നു പറയുന്നത്, സെക്രട്ടേറിയറ്റ് എന്നുപറയുന്നത് ഒരു സാധാരണ ഗ്രാമത്തിൽ ജീവിക്കുന്ന വൃദ്ധനെ സംബന്ധിച്ച് വളരെ അകലെയാണ്, പഞ്ചായത്തുകൾ വളരെ അടുത്താണ്. അയാളുമായി ഏറ്റവും അടുത്തുനിൽക്കുന്നത് ആ പഞ്ചായത്തും പഞ്ചായത്ത് മെമ്പറുമൊക്കെയാണ്.

സർ, എന്തുകൊണ്ടാണ് ഇത്തരം ക്ഷേമപദ്ധതികൾ പലയിടത്ത് പല വകുപ്പിൽ കിടക്കുന്നത്? ആ അധികാരമൊക്കെ സത്യത്തിൽ എവിടെയെങ്കിലും ഇരുന്നോട്ടെ. എന്തുകൊണ്ട് ഇതൊക്കെ പഞ്ചായത്തിൽ ഏകീകരിക്കപ്പെട്ടുകൂടാ; എന്തുകൊണ്ട് ഏകോപിപ്പിക്കപ്പെട്ടുകൂടാ; അർഹതപ്പെട്ടവന് എല്ലാം കിട്ടുമെന്ന് എന്തുകൊണ്ട് ഉറപ്പാക്കികൂടാ? ഒരു പഞ്ചായത്ത്

കൊടുക്കുന്ന സംവിധാനങ്ങളുടെ എല്ലാ അർത്ഥത്തിലുമുള്ള എല്ലാ അധികാരവും കിട്ടിയ ഒരു സംവിധാനമായിക്കൂടാ. അതിനെക്കുറിച്ച് അങ്ങും ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരും ഒരു എക്സ്പേർട്ട് സംവിധാനത്തെക്കുറിച്ച് പഠനം നടത്താൻ പറ്റുമെങ്കിൽ അതിനെക്കുറിച്ച് ആലോചിക്കണം. ഒരു ക്ഷേമ പദ്ധതിയുടെ കാര്യത്തിൽ ഇതുവരെ സഹായം നൽകിയിട്ടുള്ളത് ഒരാൾക്കാണ്. വരുന്ന വർഷം 100 പേർക്ക് കൊടുക്കുമെന്നാണ് പറയുന്നത്. പദ്ധതികൾ പലയിടത്തായി പല വകുപ്പുകളിലായി കിടക്കുമ്പോൾ, പല ക്ഷേമപദ്ധതികളായി വിഭജിക്കപ്പെടുമ്പോൾ വന്നുപോകുന്ന സ്വാഭാവിക പരാധീനതയുണ്ട്. അത് ഏറ്റവും അടുത്ത് കിട്ടാൻ നല്ലത് അതെല്ലാം കൊടുക്കുന്ന സംവിധാനം, സെലക്ട് ചെയ്യാവുന്ന സംവിധാനം, അപേക്ഷ വാങ്ങിക്കുന്ന സംവിധാനം എന്നിവയെല്ലാം പഞ്ചായത്തിൽത്തന്നെ ആക്കുകയാണ്. അങ്ങേയ്ക്ക് ഒരു പാട് മോഹമുണ്ടെങ്കിലും പച്ചരിയും പച്ചവെള്ളവും കിട്ടിയാൽ ശീലാവതിയാണെങ്കിലും പായസം വയ്ക്കാൻ സാധിക്കുകയില്ല. പരമാവധി കഞ്ഞി വയ്ക്കാനേ സാധിക്കൂ. ഇതൊക്കെ കിട്ടിയില്ലെങ്കിൽ അങ്ങേയ്ക്ക് ഒരുപാട് മോഹമുണ്ടെങ്കിലും, മോഹമൊക്കെ ഇവിടെ മനോഹരമായി പറയാം. പക്ഷേ അതൊക്കെ നടപ്പാക്കുന്ന കാര്യം പ്രയാസമായിരിക്കും. അങ്ങയോട് എനിക്കൊരു നന്ദികൂടി പറയാനുണ്ട്. എന്റെ മണ്ഡലത്തിൽ ഇട്ടിവ എന്നൊരു പഞ്ചായത്തുണ്ട്. ആ പഞ്ചായത്തിന്റെ ഏറ്റവും വലിയ പ്രത്യേകത അവിടെ ബാർ ഇല്ലായെന്നതാണ്. രണ്ട്, ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റില്ല എന്നതാണ്. മൂന്ന്, കള്ളുഷാപ്പില്ല എന്നതാണ്. ഇതൊന്നുമില്ലാത്ത ഒരു പഞ്ചായത്താണ്. എന്നാലും ഒരുപാട് കുടിക്കുന്നവരുമുണ്ട്. അത് പുറത്തുപോയി കുടിക്കുന്നവരാണ്. മഴക്കാലത്ത് ആശ്വാസമാണ്, കാരണം പുറത്തുപോകാൻ

വണ്ടിയൊന്നും കിട്ടുകയില്ല. രാത്രി എട്ടുമണി കഴിഞ്ഞാൽ ആ പഞ്ചായത്തിലേയ്ക്ക് വരാൻ സർവ്വീസുമില്ല. ആ പഞ്ചായത്തിലൊരു മദ്യമുക്ത പദ്ധതി ഞങ്ങൾ കഴിഞ്ഞവർഷം ഒക്ടോബർ രണ്ടിന് ഉദ്ഘാടനം ചെയ്തതാണ്. അത് ആ പഞ്ചായത്തിന്റെ ചരിത്രത്തിൽ നടന്ന ഏറ്റവും വലിയ ജനക്കൂട്ടമുള്ള യോഗമായിരുന്നു. അതിൽ അയ്യായിരത്തിലധികം ആളുകൾ പങ്കെടുത്തിരുന്നു. ക്രിസോസ്റ്റം തിരുമേനിയാണ് ആ പരിപാടി ഉദ്ഘാടനം ചെയ്തത്. രണ്ടു വർഷംകൊണ്ട് ആദ്യഫേസിൽ 20 ശതമാനം മനുഷ്യരെ കുടിയിൽനിന്ന് മുക്തമാക്കണമെന്നാണ്, പുതുതായി കുടിയിലേയ്ക്ക് കൊണ്ടുവരുന്ന കുട്ടികളെ അതിൽനിന്ന് തടയണമെന്നാണ്, അതിലെ എല്ലാ കമ്മിറ്റികളിലും 40 ശതമാനംപേരും സ്ത്രീകളായിരിക്കണമെന്നാണ്. ആ പദ്ധതി പല വകുപ്പിൽ കൊടുത്തിട്ടും അംഗീകാരം തന്നതും ചർച്ചയ്ക്ക് വിളിച്ചതും ഡോ. എം. കെ. മുനീറിന്റെ വകുപ്പായതുകൊണ്ട്, അദ്ദേഹത്തിന് അതിന്റെയൊരു നന്ദി ഞാൻ രേഖപ്പെടുത്തുകയാണ്. ഒരുകാര്യം എനിക്ക് അതിൽ നിർദ്ദേശിക്കാനുള്ളത്, മദ്യം കൊടുക്കുന്ന ജോലി എക്സൈസ് വകുപ്പ് ചെയ്താലും മദ്യനിർമ്മാർജ്ജനത്തിന്റെ ഉത്തരവാദിത്വം പഞ്ചായത്ത് വകുപ്പ് ഏറ്റെടുക്കുകയും ആ ഫണ്ട് പഞ്ചായത്തിന് കൊടുക്കുകയും വേണം. കുടിക്കാൻ കൊടുക്കുന്നതും കുടിനിർത്തുന്നതും ഒരു വകുപ്പിനെ ഏൽപ്പിക്കുന്നത് നല്ലതല്ല. അതൊരു നിർദ്ദേശമായി ഞാൻ വയ്ക്കുകയാണ്. അങ്ങ് ചോദിച്ചാൽ കിട്ടണമെന്നില്ല. എന്നാലും, ചോദിച്ച് വാങ്ങിക്കുന്നത് നല്ലതാണ്. അടുത്ത ചോദ്യം, ബഹുമാനപ്പെട്ട കെ. സി. ജോസഫിനോടാണ്. അദ്ദേഹത്തിന്റെ വകുപ്പിൻകീഴിൽ വരുന്നതാണ് ക്ഷീരവികസനം. ക്ഷീരവികസനത്തിന്റെ കാര്യത്തിൽ കേരളത്തിലെ ഏറ്റവും വലിയപ്രശ്നം പാലിന്റെ പരിശുദ്ധി

യാണ്. പരിശുദ്ധി പാലുപോലെ എന്നൊരു പഴമൊഴി ഉണ്ടായിരുന്നു. ഇപ്പോൾ പാലുപോലെ പരിശുദ്ധിയെന്ന് ആരും പറയുന്നില്ല. കേരളത്തിൽ ഏറ്റവും പരിശുദ്ധി കുറഞ്ഞ ഒരുവസ്തു ഇന്ന് പാലാണെന്ന് എല്ലാവർക്കും അറിയാം. എല്ലായിടത്തും പാൽ പാലല്ലാതെ നിൽക്കുകയാണ്. വെളുത്ത ഒരു സാധനം, കുടിക്കാൻവേണ്ടി തരുന്ന സാധനത്തെ നമ്മൾ പാലെന്ന് വിളിക്കുകയാണ്. ഞാൻ മന്ത്രിയായിരുന്ന കാലത്ത് ജപ്പാനിൽ പോയപ്പോൾ അവിടെ അഗ്രി പോലീസ് എന്നുപറയുന്ന ഒരു സിസ്റ്റമുണ്ട്. അതായത് പാൽ, മീൻ, ഇറച്ചി, പച്ചക്കറി, അരി എന്നിവ പരിശോധിച്ച് കുഴപ്പമുണ്ടെങ്കിൽ ആ കട ക്യാൻസൽ ചെയ്ത് അയാൾക്കുള്ള ലൈസൻസ് ഇല്ലാതാക്കുകയാണ് ചെയ്യുന്നത്. അതിന് ഒരുപാട് സാങ്കേതികവിദ്യ വേണം. ആ സാങ്കേതിക വിദ്യയുണ്ടെങ്കിൽ മാത്രമേ ഇതിലൊക്കെയുള്ള കുഴപ്പം എന്താണെന്നും പ്രത്യേകത എന്താണെന്നും കൃത്യമായി കണ്ടെത്താൻ കഴിയുകയുള്ളൂ. കേരളത്തിൽ ഒരു അഗ്രി പോലീസിന്റെ ആവശ്യമുണ്ട്. ആ സാങ്കേതികവിദ്യ എവിടെനിന്നെങ്കിലും പരിശീലിപ്പിച്ച് കുറച്ചുപേരെ കൊണ്ടുവരേണ്ട ആവശ്യമുണ്ട്. പാലിൽ ഇന്ന ഘടകങ്ങൾ ഇല്ലെങ്കിൽ അതിന് ലൈസൻസ് ഇല്ല. കേരളത്തിൽ പാൽ മാത്രമല്ല, പച്ചക്കറിയും പഴവും സർവ്വതും വിറ്റ് നമ്മളെ ക്യാൻസർ രോഗിയും കിഡ്നി അസുഖക്കാരുമാക്കി. ഇന്ത്യയിലെ കണക്കനുസരിച്ച്, ഇന്ത്യയിൽ മൊത്തം ചെലവാകുന്നതിൽ 20 ശതമാനം അലോപ്പതി മരുന്ന് ഉപയോഗിക്കുന്നവരിൽ മൂന്നുശതമാനം ഇവിടെ ജീവിക്കുന്ന മലയാളികളാണ്. ഇങ്ങനെയൊരു അഞ്ചുശതമാനംകൂടി കൂടിയാൽ നമ്മൾ മുഴുവൻ മാനസിക രോഗികളായിപ്പോകും. അതുകൊണ്ട് പാലിന്റെ കാര്യത്തിൽ ഒരു വിശുദ്ധി നിലനിർത്താൻ എന്തെല്ലാം ചെയ്യാമോ അതെല്ലാം അങ്ങ് ചെയ്യണം. അങ്ങനെ

പാലിന്റെ കാര്യത്തിൽ ചെയ്യുമ്പോൾ വിശുദ്ധമായ പാൽ കിട്ടണമെങ്കിൽ കന്നുകാലി ഇവിടെ വളരണം. കൂട്ടുകുടുംബമായിരുന്ന കാലത്താണ് ഏറ്റവും കൂടുതൽ കന്നുകാലികളെ വളർത്തിയിരുന്നത്. കന്നുകാലികളെ വളർത്താനു ള്ള ആളുകൾ കുടുംബങ്ങളിൽ സ്പെയറായിട്ടുണ്ടായിരുന്നു. ഇപ്പോൾ അതി ല്ലാത്തതുകൊണ്ട് ഒരുപാട് പ്രശ്നങ്ങളുണ്ട്. എന്നാലും കന്നുകാലി വളർത്തൽ കർഷകർ നേരിടുന്ന ഏറ്റവും വലിയ ഭീഷണി, കാലിത്തീറ്റയുടെ വിലയാണ്. ബി.പി.എൽ.-കാർക്ക് ഒരു രൂപയ്ക്ക് അരി കൊടുക്കുന്നുണ്ട്. കേരളത്തിൽ പശു, എരുമ, ആട് എന്നിവയൊക്കെ വളർത്തുന്നത് ബി.പി.എൽ.-കാരാണ്. ബി.പി.എൽ.-നേക്കാൾ ബി.പി.എൽ. ആണ് പശു എന്നുള്ളതുകൊണ്ട് ഒരു രൂപയ്ക്ക് അരികൊടുക്കാൻ കഴിയുന്ന സംസ്ഥാനത്തിന് ഒരു രൂപയ്ക്ക് ഒരു കിലോ കാലിത്തീറ്റ കൊടുക്കാൻ തീരുമാനിച്ചാൽ കേരളത്തിലെ കാലിസ മ്പത്ത് വർദ്ധിക്കും. അതിന് വലിയ ചെലവില്ല.

മി. ചെയർമാൻ: ഇപ്പോൾത്തന്നെ ധാരാളം പുതിയ സജഷൻസ് അങ്ങ് കൊണ്ടുവന്ന് കഴിഞ്ഞു.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഞാൻ അങ്ങേയ്ക്കുംകൂടി ഇഷ്ടപ്പെട്ട സജഷൻസല്ലേ പറയുന്നത്. അതുകൊണ്ട് ഒരുരൂപയ്ക്ക് അരികൊടുക്കുന്ന സംസ്ഥാനത്ത് ഒരുരൂപയ്ക്ക് കാലിത്തീറ്റ കൊടുക്കാനുള്ള ഒരു സംവിധാനം കൊണ്ടുവന്നാൽ തീർച്ചയായും അങ്ങയെ അതിന് പ്രശംസിക്കുകയും കേരള ത്തിലെ കാലിസമ്പത്ത് വർദ്ധിക്കുകയും ചെയ്യും. പിന്നെ ഒരുകാര്യം പറയു വാനുള്ളത്, പഞ്ചായത്ത് വകുപ്പുമന്ത്രിയോടാണ്. ഇന്ന് അദ്ദേഹത്തോട് ചോദിച്ച ഒരു ചോദ്യത്തിന് ഈ കേരളത്തിലെ സാമൂഹ്യ അന്തസ്സിൽ ഇപ്പോൾ പൊതുപ്രവർത്തകരില്ലാതെ പോകുന്നുവെന്നുള്ളത് നമ്മളെല്ലാം നേരിടുന്ന ഒരു പ്രശ്നമാണ്. ആ ഉത്തരത്തിൽ അദ്ദേഹം പോസിറ്റീവായിട്ടാണ് പറഞ്ഞി

ട്ടുള്ളത്. കേരളത്തിൽ സത്യസന്ധമായ പഞ്ചായത്ത് പ്രവർത്തനം നടത്തി വയസ്സുകാലത്ത് ഒരു കട്ടൻകാപ്പി വാങ്ങികുടിക്കാൻ നിവൃത്തിയില്ലാതെ നിൽക്കുന്ന കേരളത്തിലെ പഞ്ചായത്ത് മെമ്പർമാരായിരുന്നവർക്ക് അദ്ദേഹം കൊടുക്കാമെന്ന് പറഞ്ഞിട്ടുണ്ട്. അത് മാണി സാറുമായി ആലോചിച്ച് അവരുടെ സാമൂഹ്യ അന്തസ് നിലനിർത്താൻ അല്ലെങ്കിൽ അവരോട് ഈ പൊതുസമൂഹത്തിന്റെ ബഹുമാനം നിലനിർത്താൻ നമുക്ക് മറ്റ് പെൻഷനില്ലെങ്കിൽ അത്തരം ആളുകൾക്ക് ഒരു പെൻഷൻ പ്രഖ്യാപിക്കേണ്ടത് ഈ വളരുന്ന കേരളത്തിന്റെ, വർത്തമാനകാല കേരളത്തിന്റെ പൊതുവായ ആവശ്യമാണ്. അതും അങ്ങ് പ്രഖ്യാപിക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. പാലോട് രവി: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. ശ്രീ. മുല്ലക്കര രത്നാകരൻ ചൂണ്ടിക്കാണിച്ചതുപോലെ ബഹുമാന്യനായ പഞ്ചായത്ത് വകുപ്പുമന്ത്രി ഒരു കലാകാരനാണ്. നമ്മുടെ കേരളത്തിന്റെ പരാമ്പരാഗതമായ ചിന്താധാരയെന്ന് പറയുന്നത് കലാകാരൻമാരാണ് സംസ്കാരത്തിന്റെ സൃഷ്ടാക്കളെന്നാണ്. മനുഷ്യബന്ധങ്ങളെ ശക്തിപ്പെടുത്തുന്നതിൽ എവിടെയെല്ലാം ശൈഥില്യമുണ്ടാകുന്നുവോ ആ ശൈഥില്യമെല്ലാംമാറ്റി മനുഷ്യബന്ധങ്ങളെ ശക്തിപ്പെടുത്തുകയാണ് യഥാർത്ഥത്തിൽ സംസ്കാരത്തിന്റെ സൃഷ്ടാക്കളായ ഈ കലാകാരൻമാർ ചെയ്യുന്നത്. ആ കലാമനസ്സുള്ള കലാകാരനായ നമ്മുടെ മന്ത്രിയുടെ മുമ്പിൽ സാമൂഹ്യസുരക്ഷയും സാമൂഹ്യക്ഷേമവും ഉറപ്പുവരുത്താൻ കടമപ്പെട്ട ഒരു ഭരണകൂടമാണ് ഇന്ന് കേരളം ഭരിക്കുന്നതെന്ന് കാണാൻ കഴിയും. കഴിഞ്ഞ മൂന്നുവർഷക്കാലംകൊണ്ട് അതിനുവേണ്ട ചില പരിപാടികൾക്ക്

അടിത്തറയിടാൻ കഴിഞ്ഞ ഒരു ഗവൺമെന്റാണ്, ഒരു മന്ത്രിയാണ് ഈ വകുപ്പ് കൈകാര്യം ചെയ്യുന്നത്. കുട്ടികളെ ഓമനിക്കണം, സ്ത്രീകളെ ബഹുമാനിക്കണം, പ്രായമായവരെ സംരക്ഷിക്കണം, ഒരു ചിറകുണ്ടെങ്കിൽ ഒരു പക്ഷിക്ക് പറക്കുവാൻ കഴിയില്ല എന്നിങ്ങനെയുള്ള പ്രവചനങ്ങൾ നടത്തിയത് സ്വാമി വിവേകാനന്ദനാണ്. ഒരു ചിറകുണ്ടെങ്കിൽ ഒരു പക്ഷിക്ക് പറക്കാൻ കഴിയില്ലെന്ന് സ്ത്രീകളുടെ വിദ്യാഭ്യാസം നിർബന്ധമാക്കുന്നതിനുവേണ്ടി സ്വാമി വിവേകാനന്ദൻ പറഞ്ഞതാണ്. കുടുംബശ്രീ രാജ്യത്തിന്റെ മുഴുവൻ ശ്രദ്ധ പിടിച്ചുപറ്റിയ ഒരു പ്രസ്ഥാനമായി മാറിയിരിക്കുകയാണ്. പുതുതായി അധികാരം ഏറ്റെടുത്ത നമ്മുടെ പ്രധാനമന്ത്രി കേരളത്തിന്റെ കുടുംബശ്രീ മാതൃക രാജ്യത്തുടനീളം അംഗീകരിക്കണമെന്ന് പ്രഖ്യാപിക്കുകയുണ്ടായി. സ്ത്രീശാക്തീകരണത്തിന് ഏറ്റവും ശക്തമായ അടിത്തറയിട്ട കുടുംബശ്രീയുടെ പ്രവർത്തനങ്ങളെ നമ്മുടെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ എത്രമാത്രം ബന്ധിപ്പിക്കുവാൻ കഴിഞ്ഞുവെന്നതിനെ സംബന്ധിച്ച് ഒരു പഠനം ആവശ്യമാണെന്ന് ചൂണ്ടിക്കാണിക്കുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. മനുഷ്യനിൽ സ്വാർത്ഥത വളരുകയാണ്. അത് എല്ലാവരും പ്രസംഗിക്കുകയും പറയുകയുമൊക്കെ ചെയ്യുന്ന ഒരുകാര്യമാണ്. കുട്ടികൾക്കും സ്ത്രീകൾക്കുമെതിരായ അക്രമങ്ങൾ, ലൈംഗികമായ ചൂഷണങ്ങൾ, വലിച്ചെറിയപ്പെടുന്ന വാർദ്ധക്യം, ബാലവേല എന്നിവയൊക്കെ ഒരു സ്ഥലത്തും നിലനിർത്തിയിട്ടില്ല. സാർവ്വത്രികമായി ബാലവേലയൊക്കെ ഉൾക്കൊള്ളുന്ന ഒരു സമൂഹത്തിലാണ് ഭരണകൂടവും നമ്മളുമെല്ലാം മുന്നോട്ടുപോകുന്നത്. ഇതിൽനിന്നെല്ലാം കേരളത്തെ മോചിപ്പിക്കുന്ന ഒരു സംസ്ഥാനമാക്കി മാറ്റാൻ അടിത്തറ പാകിയ പ്രവർത്തനങ്ങളുമായി മുന്നോട്ട്

കൊണ്ടുപോകുന്ന ഒരു മന്ത്രിയാണെന്ന് പറയാൻ ഞങ്ങൾക്കൊക്കെ സന്തോഷവും അഭിമാനവുമുണ്ട്.

എല്ലാ വീടുകളിലും ഓർമ്മക്കുറവുള്ള വൃദ്ധജനങ്ങളുണ്ട്. അവർക്കെന്താണ് ചെയ്യാൻ സാധിക്കുന്നത്? പ്രായമായവർ ജോലിക്കുപോയാൽ വീടുകളിൽ ഓർമ്മയില്ലാത്ത വൃദ്ധജനങ്ങൾ മാത്രമാണ് കാണുന്നത്. ഇങ്ങനെ ഓർമ്മക്കുറവുള്ള രണ്ടു ലക്ഷത്തോളം വൃദ്ധജനങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. അവർക്ക് ഓർമ്മയില്ല, സംസാരിക്കാൻ നിവൃത്തിയില്ല, ഒന്നു കണ്ടാലും മനസ്സിലാകാത്ത വൃദ്ധജനങ്ങളെ പരിചരിക്കുവാൻ നിരവധി പദ്ധതികൾ ആരംഭിച്ചെങ്കിലും ഒന്നും വിജയിച്ചില്ല. ഇവരെ സഹായിക്കുവാനും പരിചരിക്കുവാനുംവേണ്ടി ഒരു പ്രത്യേക സംവിധാനമായ ഒരു കോർഗ്രൂപ്പ് ഉണ്ടാക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. നാഷണൽ ലിറ്ററസി മിഷന്റെ ഭാഗമായി കർണ്ണാടകയിൽ ചെന്നപ്പോൾ അവിടെ ലിറ്ററസി വളർത്തുവാൻ 10, 11, 12 ക്ലാസ്സുകളിലെ കുട്ടികൾക്കുവേണ്ടി each one, teach two എന്ന പാഠ്യപദ്ധതി ആരംഭിച്ചിരിക്കുകയാണ്. ഇതിന് കുട്ടികൾക്ക് അഞ്ചു മാർക്ക് ഇൻസെന്റീവും കൊടുക്കുന്നുണ്ട്. അവിടെയുള്ള ഓരോ വിദ്യാർത്ഥിക്കും ലിറ്ററസിയെ സംബന്ധിച്ചുള്ള പാഠ്യവിഷയങ്ങൾ കൊടുക്കുകയും അവർ വീട്ടിലുള്ള അപ്പൂപ്പനെയും അമ്മൂമ്മയെയും അച്ഛനെയും അമ്മയെയും പഠിപ്പിക്കുകയും ചെയ്യുന്നു. കർണ്ണാടകം ലിറ്ററസിയുടെ കാര്യത്തിൽ കേരളത്തോടൊപ്പം എത്തിയിട്ടുണ്ട്. കോളേജിലേയും സ്കൂളുകളിലേയും കുട്ടികൾ അവരുടെയും അയൽപക്കത്തെയും വീടുകളിൽ ചെന്ന് each one, teach two രീതിയിൽ പഠിപ്പിക്കുന്നതുമൂലം വീടുകളിലുള്ള എല്ലാവർക്കും

അറിവും വിദ്യാർത്ഥികൾക്ക് മാർക്കും കിട്ടുന്നു. എൻ.സി.സി. പോലുള്ള സംവിധാനങ്ങൾ കേരളത്തിലുണ്ട്. വൃദ്ധജനങ്ങളെ പരിചരിക്കുവാനുള്ള ഒരു കോർഗ്രൂപ്പ് നമ്മുടെ സംസ്ഥാനത്തുണ്ടാകണമെന്ന് അങ്ങയോട് വിനീതമായി അഭ്യർത്ഥിക്കുകയാണ്. അതുപോലെ ദുർഗുണല പരിഹാര പാഠശാലയിൽ ചെറിയ തെറ്റുകൾ ചെയ്ത എത്ര കുട്ടികളെയാണ് ശിക്ഷിക്കുന്നത്? ഇവിടെ യെത്തുന്ന കുട്ടികളെ പരിചരിക്കാനും ഗുണദോഷിക്കാനും പ്രൊബേഷണർ മാരുണ്ട്. ഇവർക്കുവേണ്ടി എന്തെങ്കിലും ചെയ്യാൻ നമുക്ക് സാധി ക്കുന്നുണ്ടോ? ദുർഗുണ പരിഹാര പഠശാലയിലേക്ക് പോകുന്ന 18-ഉം 21-ഉം വയസ്സുള്ള കുട്ടികൾ ക്രിമിനലുകളായി മാറുകയാണ് ചെയ്യുന്നത്. ഇങ്ങനെ പതിനായിരക്കണക്കിന് വരുന്ന കുട്ടികളുടെ ജീവിതം ക്രിമിനലുകളുടെ കയ്യിൽ നിന്നും രക്ഷിക്കാൻ പ്രത്യേകമായ ഒരു സംവിധാന മുണ്ടാക്കണം. ശ്രീ. മമ്മൂട്ടി നായകനായി അഭിനയിച്ച 'മുദ്ര' എന്ന സിനിമ യിൽ ഇതുപോലെ ചെറിയ കുറ്റം ചെയ്തുപോകുന്ന കുട്ടികളെ രക്ഷിക്കുക യാണ് മമ്മൂട്ടി ചെയ്യുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യ ത്തിൽ 'മുദ്ര' - യിലെ മമ്മൂട്ടിയെ പോലെ ആകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്. സ്ത്രീ സംബന്ധമായ നിരവധി പ്രശ്നങ്ങൾ ഈ രാജ്യത്ത് ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഹിജഡകളുടെ വമ്പിച്ച മുന്നേറ്റം സംസ്ഥാനത്തുമാത്രമല്ല, രാജ്യത്തുമാത്രമല്ല, ലോകവ്യാപകായി നടന്നു കൊണ്ടിരിക്കുകയാണ്. അപ്പോൾ സ്ത്രീസംബന്ധിയായ വിഷയങ്ങളെക്കുറിച്ച് പഠിക്കുന്നതിനും ഗവേഷണം നടത്തുന്നതിനും പരിഹാര നിർദ്ദേശങ്ങൾ ഉണ്ടാക്കുന്നതിനും പ്രത്യേകമായ പഠനകേന്ദ്രങ്ങളുണ്ടാകണം. പലതിനും മാതൃകയായിട്ടുള്ള നമ്മുടെ കേരളം, നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകുന്ന

ജെൻഡർ സംബന്ധമായ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിനാവശ്യമായ പഠനകേന്ദ്രം ആരംഭിക്കുന്നതിനെക്കുറിച്ചുകൂടി ആലോചിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. പാലുല്പാദനത്തിൽ സ്വയംപര്യാപ്തതയിലേക്ക് നമ്മുടെ സംസ്ഥാനം നീങ്ങിക്കൊണ്ടിരിക്കുന്ന കാര്യം പ്രതിപക്ഷവും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. രണ്ടര ലക്ഷം ലിറ്റർ പാലിന്റെ കുറവുമാത്രമാണ് ഇപ്പോഴുള്ളത്. ഇപ്പോൾ കേരളത്തിലുള്ളത് ശരാശരി 2000 ലിറ്റർ ലാക്ടേഷൻ പീരീഡ് നൽകുന്ന പശുക്കൾമാത്രമാണ്. ഇത് 3000 ലിറ്റർ ആക്കുന്നതിനുവേണ്ടി കെ.എൽ.ഡി.ബി.യുമായി സഹകരിച്ച് അത്യുല്പാദനശേഷിയുള്ള പശുക്കൾ ഉണ്ടാകത്തക്കനിലയിൽ ബ്രീഡിംഗ് പോളിസിയിൽ എങ്ങനെ മാറ്റം വരുത്താൻ കഴിയുമെന്നതിനെ സംബന്ധിച്ച് ഗൗരവമായി ചിന്തിക്കണം. കേരളത്തിൽ 20 ലക്ഷം ഹെക്ടർ നെൽകൃഷിയുണ്ടായിരുന്നു കേരളത്തിന്റെ ഗ്രാമീണ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലാണെന്ന് കരുതാവുന്നത് കാലിവളർത്തലും കന്നുകാലികളും ക്ഷീരകർഷകരും മാത്രമേയുള്ളു. അവരെക്കൂടി സംരക്ഷിക്കാൻ കഴിഞ്ഞില്ലെങ്കിൽ കാർഷിക മേഖലയും നമുക്ക് നഷ്ടപ്പെടുന്നതാണ്. പാലുല്പാദനം 10 ലിറ്റർ ആക്കുന്നതിനുവേണ്ടി നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡുമായി സഹകരിച്ചുകൊണ്ട് നല്ലയിനം അത്യുല്പാദന ശേഷിയുള്ള പശുക്കളെ കർഷകർക്ക് നൽകുവാൻ വേണ്ടിയുള്ള സമയബന്ധിത പരിപാടി പ്രഖ്യാപിക്കണമെന്ന് ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുകയാണ്. ക്ഷീര കർഷകരാണ് ഇന്ന് കേരളത്തിലെ യഥാർത്ഥ കർഷകർ. മൃഗസംരക്ഷണ രംഗത്ത് പാലുല്പ്പാദിപ്പിക്കുന്ന പരമ്പരാഗത കൃഷിക്കാർക്ക് നൽകുന്ന തുച്ഛമായ സബ്സിഡിയാണ് നൽകുന്നത്. തൊട്ടടുത്ത സംസ്ഥാനമായ കർണ്ണാടകയിൽ ക്ഷീര

കർഷകർക്ക് നൽകുന്ന സബ്സിഡി ഒരു ലിറ്റർ പാലിന് നാലു രൂപയാണ്. അതിർത്തി കഴിഞ്ഞാൽ ഒരു ലിറ്റർ പാലിന് നാലു രൂപ സബ്സിഡി നൽകുന്നു. ഇവിടെ സ്വയംപര്യാപ്തത നേടാനായി പ്രവർത്തിക്കുന്നത് കാർഷിക മേഖലമാത്രമാണ്. അതുകൊണ്ട് സബ്സിഡി ഒരു രൂപയെന്നു ള്ളത് കർണ്ണാടക ഗവൺമെന്റ് നൽകുന്നതുപോലെ നാലു രൂപയാക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ഗൗരവമായി ആലോചിക്കണം. പാൽ വില വർദ്ധിപ്പിക്കാൻ ഇനി കഴിയില്ല. അവർക്ക് നൽകുന്ന പെൻഷനെക്കുറിച്ച് ആലോചിക്കേണ്ടതാണ്. അവർ വിറ്റ് നൽകുന്ന പാലിൽ നിന്ന് കിട്ടുന്ന തുക കൊണ്ടാണ് അവർക്ക് പെൻഷൻ നൽകുന്നത്. അത് ഗവൺമെന്റ് വിഹിതമല്ല. ക്ഷീരകർഷകർ പാൽ കൊണ്ടുപോയി സൊസൈറ്റി യിൽ കൊടുത്ത്, ആ പാൽ വിറ്റ് കിട്ടുന്ന പൈസയുടെ ഒരു വിഹിതമെടുത്ത് പെൻഷൻ കൊടുക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് കർഷകർക്ക് കൊടുക്കുന്ന പെൻഷൻ സംസ്ഥാന ഗവൺമെന്റിന്റെ വിഹിതമായിരിക്കണമെ ന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. എന്നാൽ മാത്രമേ അവശേഷിക്കുന്ന ഗ്രാമീണ സമ്പദ്വ്യവസ്ഥയെ നമുക്ക് തകരാതെ കാത്തുസൂക്ഷിക്കാൻ കഴിയുകയുള്ളു. ലക്ഷക്കണക്കിനാളുകളാണ് ഈ മേഖലയിൽ തൊഴി ലെടുക്കുന്നത്. രാത്രിയും പകലുമില്ലാതെ അവർ ജോലി ചെയ്യുകയാണ്. എന്നാൽ അവർക്ക് പെൻഷൻ നൽകുന്നില്ല. ഇവിടെയുള്ള സി.ഐ.റ്റി.യു., ഐ.എൻ.റ്റി.യു.സി., എ.ഐ.റ്റി.യു.സി. തുടങ്ങിയ സംഘടനകൾക്കെല്ലാം ദേശീയ തൊഴിലാളി പ്രസ്ഥാനങ്ങളുണ്ട്. 12 ലക്ഷത്തോളം ലിറ്റർ പാൽ പ്രോസസ് ചെയ്യുന്ന തൊഴിലാളികൾക്ക് പെൻഷൻപോലും കൊടുക്കുന്നില്ല. ജില്ലാ സഹകരണ ബാങ്കിലെ ജീവനക്കാർക്ക് നൽകുന്നതുപോലുള്ള

പെൻഷൻ പദ്ധതി ക്ഷീര കർഷകർക്കും നൽകണമെന്ന് 20–10–2011–ൽ മിൽമ യുടെ മാനേജ്മെന്റ്, ട്രേഡ് യൂണിയനുകളുമായി ഏകകണ്ഠമായി ആലോചിച്ച് ഒരു തീരുമാനമെടുത്ത് ഗവൺമെന്റിന് കൊടുത്തു. അങ്ങനെ പെൻഷൻ കൊടുക്കേണ്ടിവന്നാലും ഗവൺമെന്റിന്റെ കയ്യിൽനിന്നും ഒരു രൂപയും ചെലവാകുകയില്ല. എന്നാൽ ഈ തീരുമാനം ഇതുവരെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. അടിയന്തരമായി ട്രേഡ് യൂണിയൻ നേതാക്കളെയും മാനേജ്മെന്റിനേയും വിളിച്ചു കൂട്ടിയിട്ടാണെങ്കിൽപ്പോലും അത് നടപ്പിലാക്കാൻ ഗവൺമെന്റ് അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പഞ്ചായത്ത്, നിയമനിർമ്മാണ സഭയല്ല. പഞ്ചായത്ത് ജനകീയ സഭയാണ്. പഞ്ചായത്ത് മെമ്പറെ കാണാൻ നിരവധി ആളുകളാണ് വരുന്നത്. നാട്ടിൽ ഒരാവശ്യമുണ്ടായാൽ ജനങ്ങളാദ്യം ബന്ധപ്പെടുന്നത് പഞ്ചായത്തുമെമ്പറെയാണ്. ഒരു വാർഡിൽ ഒരു ആത്മഹത്യയുണ്ടായാൽ ടാക്സി പിടിക്കേണ്ടതും പോലീസിനെ കൊണ്ടുവരേണ്ടതും പോസ്റ്റുമാർട്ടം നടത്തിക്കേണ്ടതും ഈ പഞ്ചായത്ത് മെമ്പറുടെ ഭരണഘടനാപരമായ ഉത്തര വാദിത്തമാണെന്നാണ് ജനങ്ങൾ പറയുന്നത്. ഇവിടെ എം.പി.–മാർക്കും എം. എൽ.എ.–മാർക്കും പെൻഷനുണ്ട്. എന്നാൽ ഏറ്റവും കൂടുതൽ പാവപ്പെട്ട ജനങ്ങളുമായി ദൈനംദിനം ബന്ധപ്പെടുന്ന പഞ്ചായത്ത് മെമ്പർമാർക്ക് പെൻഷനില്ല. അവർക്ക് കൊടുക്കുന്ന ഓണറേറിയം ഒരു ദിവസം ഒരു തൂങ്ങിമരണം വാർഡിലുണ്ടായാൽ അതിനുപോലും തികയുന്നില്ല. പഞ്ചായത്ത് പ്രസിഡന്റിനു കൊടുക്കുന്ന ഓണറേറിയം 5000 രൂപയാണ്. ഇത് വർദ്ധിപ്പിക്കുന്നതിനും പഞ്ചായത്തു മെമ്പർമാർക്ക് പെൻഷൻ നൽകുന്നതിനും വേണ്ടിയുള്ള ഒരു തീരുമാനമുണ്ടാകണം. ഇതെല്ലാം ഒരു ആത്മവിശ്വാ

സത്തിന്റെയും ജനാധിപത്യബോധം അവരിൽ കൂടുതൽ ഊട്ടി ഉറപ്പിക്കുന്നതിന്റെയും സേവനത്തിന്റെ ഏറ്റവും കൂടുതൽ മേഖലകൾ തുറന്നു കൊടുക്കുന്നതിന്റെയും ഏറ്റവും വലിയ ഒരു നടപടിയായി അംഗീകരിക്കുമെന്നതിൽ സംശയമില്ല. ഒരു കാര്യം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്.

<u>ശ്രീ. എസ്. രാജേന്ദ്രൻ:</u> സർ, പറഞ്ഞുവന്നത് വളരെ നല്ല കാര്യമാണ്. എക്സ് മെമ്പർമാരുടെയും പ്രസിഡന്റുമാരുടെയും കാര്യം കൂടി ഈ അവസരത്തിൽ ഓർക്കുന്നത് നല്ലതല്ലേ.

<u>ശ്രീ. പാലോട് രവി</u>: സർ, എല്ലാത്തിനും മുൻകാല പ്രാബല്യം ഉണ്ടാകുമല്ലോ. നിലവിലുള്ള പഞ്ചായത്ത് മെമ്പർമാർക്ക് ആദ്യം കൊടുക്കേണ്ടത് അത്യാവശ്യമാണ്. അതെല്ലാവരും അംഗീകരിക്കുന്ന കാര്യമാണ്. രണ്ടാമതൊരു കാര്യം പഞ്ചായത്തുകൾ നിയമസഭ പാസ്സാക്കിക്കൊടുക്കുന്ന വിഹിതം താഴെത്തട്ടിലുള്ളവർക്ക് നൽകി പദ്ധതി നടപ്പിലാക്കിയാൽ മാത്രം മതിയോ; ഒരു പഞ്ചായത്തിൽ ഏതെല്ലാം സ്ഥാപനങ്ങളുണ്ടാകണം; പഞ്ചായത്ത് എങ്ങനെ പ്രവർത്തിക്കണം......... എത്രയോ നല്ല കാര്യങ്ങൾക്ക് തുടക്കം കുറിച്ച ആളാണ് പഞ്ചായത്ത് വകുപ്പുമന്ത്രി. കേരളത്തിൽ മോഡൽ പഞ്ചായത്തുകളുണ്ടാകണം. ഇവിടെ പല കാര്യങ്ങൾക്കും തുടക്കം കുറിച്ചതുപോലെ– ശുചിത്വത്തിന്റെയും പൊതുശ്മശാനത്തിന്റെയും കാര്യത്തിൽ, ഓരോ സൗഹൃദങ്ങളുണ്ടാക്കുന്ന കാര്യത്തിൽ,......... നേരത്തെ ശ്രീ. മുല്ലക്കര രത്നാകരൻ ചൂണ്ടിക്കാണിച്ചതുപോലെ മദ്യ വിമുക്ത ഗ്രാമം, ലഹരി വിമുക്ത ഗ്രാമം എന്നിങ്ങനെ ഓരോ മേഖലയായി പ്രഖ്യാപിച്ചുകൊണ്ട്.......... കേരളത്തിൽ മാതൃകാ ഗ്രാമങ്ങൾ, മാതൃകാ പഞ്ചായത്തുകൾ ഉണ്ടാകണം. അങ്ങനെ മാതൃകാ പഞ്ചായത്തുകൾ കേരളത്തിലുണ്ടാകുന്നതിന് ഒരു ജില്ല

യിൽ 10 പഞ്ചായത്ത് എന്ന രീതിയിൽ 14 ജില്ലകളിലുംകൂടി 100-150 പഞ്ചായത്തുകളെ മാതൃകാ ഗ്രാമങ്ങളായി കണ്ടുകൊണ്ട് ഉദ്യോഗസ്ഥരുടെ പൂർണ്ണമായ നേതൃത്വത്തിൽ എം.എൽ.എ.–മാരുടേയും എം.പി.–മാരുടേയും ജനങ്ങളുടേയും മറ്റുള്ള എല്ലാ സംഘടനകളുടേയും സഹകരണത്തോടെ പകുതിയോളം പഞ്ചായത്തുകളെ മാതൃകാ പഞ്ചായത്തുകളാക്കുന്നതിനും ഈ മാതൃകാ പഞ്ചായത്തുകളിൽ നിർബന്ധമായും സാക്ഷരത, കുടിവെള്ളം, ശുചിത്വം, പൊതുശ്മശാനം, സ്ത്രീ ശാക്തീകരണം, വൃദ്ധസദനങ്ങൾ തുടങ്ങിയ നിരവധി പരിപാടികൾ ഉൾപ്പെടുത്തി ഈ രാജ്യത്തിനുതന്നെ മാതൃക കാണിച്ചുകൊടുക്കാൻ കുടുംബശ്രീ ഉൾപ്പെടെയുള്ള സ്വാശ്രയ ഗ്രൂപ്പുകളെയും എൻ.സി.സി. പോലെയുള്ള സന്നദ്ധ സംഘടനകളെയും വിശ്വാസത്തിലെടുത്തുകൊണ്ട് നിശ്ചയമായും ആ പദ്ധതികൾ നടപ്പിലാക്കാൻ തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കേരളത്തെ സംബന്ധിച്ചിടത്തോളം എല്ലാ ഗ്രാമങ്ങളും നഗരവത്ക്കരണത്തിന്റെ പിടിയിലാണ്. ഒരു നഗരത്തിലേയ്ക്ക് നമുക്കെന്തെങ്കിലും ഫീഡ് ചെയ്യാമെന്നുള്ള രീതിയിലേയ്ക്ക് കാര്യങ്ങൾ ചെയ്യണം. അതുകൊണ്ട് പഞ്ചായത്തുകളുടെയും പഞ്ചായത്തോഫീസുകളുടെയും പ്രവർത്തനത്തെ സംബന്ധിച്ചും പഞ്ചായത്തിൽ നടക്കുന്ന സമ്പർക്ക പരിപാടികളെ സംബന്ധിച്ചും വ്യക്തമായ നിർദ്ദേശമുണ്ടാകണമെന്നഭ്യർത്ഥിക്കുകയാണ്. ഒരു കാര്യംകൂടി, നിലവിലുള്ള പി.ഡബ്ല്യൂ.ഡി. റേറ്റിന്റെ 15 ശതമാനം വർദ്ധിപ്പിച്ച് എൽ.എസ്.ജി.ഡി. കൊടുത്തിരിക്കുന്ന പദ്ധതികൾ റിവൈസ് ചെയ്ത് കൊടുക്കണമെന്നുപറഞ്ഞുകൊണ്ടുള്ള ഒരു നിർദ്ദേശം വന്നതിന്റെ ഫലമായി 15% റിവൈസ് ചെയ്ത് മുകൾത്തട്ടിലേയ്ക്ക് വിട്ടിട്ടുണ്ട്. ജൂൺ മാസമായി, ഇതുവരെയും ചീഫ്

എഞ്ചിനീയറുടെ ഭാഗത്തുനിന്ന് നിർദ്ദേശമൊന്നും കിട്ടിയിട്ടില്ല. ഡി.പി.സി. കൂടി പദ്ധതികളംഗീകരിച്ചു. പദ്ധതികൾ പഞ്ചായത്തുകളിൽ വന്നു. പക്ഷേ പഞ്ചായത്തിൽ പദ്ധതികൾ വന്നപ്പോൾ പി.ഡബ്ല്യൂ.ഡി.-യിൽ ചെയ്യുന്നതു പോലെ 15% റേറ്റ് റിവൈസ് ചെയ്ത് ആയിരിക്കണമെന്നു പറഞ്ഞു. ഒന്നര ക്കോടിയോളം രൂപയുടെ വർക്കുകൾ പഞ്ചായത്തുകൾ റിവൈസ് ചെയ്ത് മുകളിലോട്ടയച്ചു. പക്ഷെ ഇത് ടെണ്ടർ ചെയ്യണമെങ്കിൽ മുകളിൽനിന്നുള്ള അംഗീകാരം വേണം. ഇത് സംബന്ധിച്ച് വളരെ ഗൗരവതരമായ നടപടി സ്വീകരിക്കണം എന്നുമാത്രം അഭ്യർത്ഥിക്കുന്നു. ബഹുമാന്യനായ കെ. സി. ജോസഫ് കൈകാര്യം ചെയ്യുന്ന, തൊഴിലുറപ്പ് പദ്ധതിയെ സംബന്ധിച്ച്, 'പത്ത് ലിറ്റർ പാലളക്കുകയോ രണ്ട് പശുക്കളെ വളർത്തുകയോ ചെയ്യുന്ന വരെ തൊഴിലുറപ്പ് പദ്ധതിയിൽ അംഗങ്ങളായി ഉൾപ്പെടുത്തണമെന്നുള്ളത്' അപ്പുറത്തും ഇപ്പുറത്തുമിരിക്കുന്നവർ ചൂണ്ടിക്കാണിച്ച ഒരു കാര്യമാണ്. ഒന്നുകിൽ പത്ത് ലിറ്റർ പാലളക്കണം. അല്ലെങ്കിൽ 2 പശുക്കളെ വളർത്തുന്ന വരെകൂടി തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമാക്കി മാറ്റുമെന്ന് ഈ നിയമസഭ യിൽ ചോദ്യങ്ങൾക്ക് മറുപടിയായി അങ്ങ് പറഞ്ഞു. ഈ സംസ്ഥാനം ഏറ്റവും കൂടുതൽ രക്ഷപ്പെടാൻ പോകുന്നത് ആ ഒരു കാര്യത്തിലാണ്. അങ്ങെടുത്ത തീരുമാനം, സംസ്ഥാന ഗവൺമെന്റെടുത്ത തീരുമാനം ഡൽഹിയിൽപോയി ഏത് രീതിയിലും അംഗീകരിപ്പിച്ചെടുത്താൽ കേരള ത്തിലെ ക്ഷീര കർഷകരുടെ മേഖല സമ്പന്നമാകും. ശ്രീ. മുല്ലക്കര രത്നാകരൻ പറഞ്ഞതുപോലെ ഇങ്ങനെയൊരു തീരുമാനമെടുക്കുന്നത് ബി. പി.എൽ. പട്ടികയിൽപ്പെട്ട ക്ഷീര കർഷകർക്ക് വലിയ ആശ്വാസകരമായിത്തീ രുമെന്ന് പറഞ്ഞുകൊണ്ട് കഴിഞ്ഞ മൂന്നുവർഷക്കാലമായി ഈ രണ്ട് മേഖല

യിലും വെളിച്ചം വിതറിയ രണ്ട് മന്ത്രിമാരും അവതരിപ്പിച്ചിരിക്കുന്ന ഈ ധനാഭ്യർത്ഥനകളെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുന്നു.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തമായി എതിർക്കുകയാണ്. നേരത്തെ ഇവിടെ പലരും ചൂണ്ടിക്കാണിച്ചതു പോലെ കേരളം വിവിധ മേഖലകളിൽ ലോകത്തിന് മാതൃകയാണ്. ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ വ്യത്യസ്തമായ രീതിയിൽ വളർന്ന് ലോകത്തിന് മാതൃകയായതുപോലെ കേരളം അധികാര വികേന്ദ്രീകരണത്തിൽ ലോകത്തിന് മാതൃകയാണ്. ഇതിനോടകം നിരവധി പ്രസിദ്ധീകരണങ്ങൾ ഈ വിഷയത്തിൽ പല പ്രധാനപ്പെട്ട മാസികകളിലും വന്നിട്ടുണ്ടെന്ന് നിങ്ങൾക്കെല്ലാം അറിയാം. അധികാര വികേന്ദ്രീകരണത്തെക്കുറിച്ച് ഇ.പി. ഡബ്ല്യൂ.-വിൽ വന്ന ഡോ. തോമസ് ഐസക്-ന്റെ ഒരു ലേഖനത്തിൽ ലോകത്തിൽ ഈ വിഷയത്തെക്കുറിച്ച് നിരവധി പഠനങ്ങൾ നടന്നതിനെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. ഒരു പ്രാവശ്യമെങ്കിലും നമ്മൾ വായിക്കേണ്ട ഒന്നാണത്. വളരെ ദുഃഖകരമായി പറയട്ടെ, അധികാര വികേന്ദ്രീകരണത്തിൽ ലോകത്തിന് മാതൃകയായി നിൽക്കുന്ന കേരളം കഴിഞ്ഞ മൂന്നുവർഷക്കാലമായി പുറകോട്ട് പോയ്ക്കൊണ്ടിരിക്കുകയാണ്. വസ്തുതാപരമായി അത് സ്ഥാപിക്കാനാണ് ശ്രമിക്കുന്നത്. ലോകത്തിന് മാതൃകയായ കേരളം അധികാര വികേന്ദ്രീകരണത്തിൽ കഴിഞ്ഞ മൂന്നുവർഷങ്ങളായി ബഹുദൂരം പുറകോട്ട് പോയ്ക്കൊണ്ടിരിക്കുകയാണ്. അത് വളരെ ലളിതമായ വിശകലനത്തിലൂടെ ത്തന്നെ നമുക്ക് മനസ്സിലാകും. അധികാര വികേന്ദ്രീകരണത്തിന്റെ ദാർശനികതലംതന്നെ നമുക്ക് നഷ്ടപ്പെട്ടുകഴിഞ്ഞു. യു.ഡി.എഫ്. ഗവൺമെന്റിന്റെ കഴിഞ്ഞ മൂന്നുവർഷക്കാലത്തെ അധികാര വികേന്ദ്രീകരണത്തിലുള്ള

പരിഷ്കാരങ്ങളുടെ ദിശാബോധമില്ലായ്മയാണ് ഈ ദാർശനിക തകർച്ചയ്ക്ക് വഴിയൊരുക്കിയത്. എന്തൊക്കെയോ കുറെ കാര്യങ്ങൾ താഴെ നടക്കുന്നുണ്ട് എന്നുള്ളത് സത്യമാണ്. അതാണ് എന്റെ പ്രിയ യു.ഡി.എഫ്. സുഹൃത്തുക്കൾ പഞ്ചായത്തിൽ നടക്കുന്ന ചില കാര്യങ്ങളെക്കുറിച്ചെല്ലാം സൂചിപ്പിച്ചത്. ഒരു പ്രോജക്ട് ഒറ്റയ്ക്കെടുക്കുമ്പോൾ അതിൽ ചിലത് നല്ലതുണ്ടാകാം. ഇല്ലായെന്ന് പറയുന്നില്ല. അതുകൊണ്ട് എന്തൊക്കെയോ ചില കാര്യങ്ങൾ നടക്കുന്നു എന്നതിനപ്പുറം അധികാര വികേന്ദ്രീകരണം എങ്ങനെ മുന്നോട്ട് പോകുന്നുവെന്ന് അതിന്റെ ദാർശനികമായ പശ്ചാത്തലത്തിൽനിന്നുകൊണ്ട് പരിശോധന നടത്തുമ്പോഴാണ് നമ്മൾ പുറകോട്ടാണ് പോകുന്നത് എന്ന് തിരിച്ചറിയുന്നത്. ഇങ്ങനെയുള്ള പുറകോട്ട് പോക്ക് ചരിത്രത്തിൽ രേഖപ്പെടുത്താതിരിക്കാൻ അടിയന്തരമായി ബഹുമാനപ്പെട്ട മന്ത്രിമാർ ശ്രദ്ധിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്. അധികാര വികേന്ദ്രീകരണമെന്നാൽ നിലവിലുള്ള ഭരണകൂടത്തിന്റെ ജനാധിപത്യവത്ക്കരണമാണ്. കേന്ദ്ര സംസ്ഥാന ഭരണകൂടത്തേക്കാൾ ജനാധിപത്യവത്കൃതമായ ഒരു ഭരണകൂടം താഴെത്തട്ടിലുണ്ടാകണമെന്നതിനെയാണ് ഭരണകൂടത്തിന്റെ ജനാധിപത്യവത്ക്കരണം എന്നുപറയുന്നത്. അപ്പോൾ താഴെത്തട്ടിൽ കൂടുതൽ ജനാധിപത്യവത്കൃത ഭരണകൂടമുണ്ടാക്കുക എന്നുള്ളതാണ് അധികാര വികേന്ദ്രീകരണത്തിന്റെ ലക്ഷ്യം. പക്ഷെ 73, 74 ഭരണഘടനാ ഭേദഗതിയിലൂടെ കേവലമായ രാഷ്ട്രീയാധികാര വികേന്ദ്രീകരണം മാത്രമാണ് വിഭാവന ചെയ്തത്. അതിനെ പൊളിറ്റിക്കൽ ഡീസെൻട്രലൈസേഷൻ എന്നു പറയുന്നു. അത്തരത്തിൽ ഒരു രാഷ്ട്രീയാധികാര വികേന്ദ്രീകരണത്തിലൂടെ താഴെത്തട്ടിൽ കൂടുതൽ സർഗ്ഗാത്മകമായ ജനാധിപത്യവത്കൃത ഭരണകൂടമു

ണ്ടാക്കാൻ കഴിയില്ലായെന്ന് തിരിച്ചറിഞ്ഞത് കേരളമാണ്. അതുകൊണ്ടാണ് കേരളം ഈ മേഖലയിൽ വ്യത്യസ്തത പുലർത്തുന്നത്. താഴെത്തട്ടിൽ ഏറ്റവും ജനാധിപത്യവത്കൃത ഭരണകൂടം സൃഷ്ടിക്കപ്പെടണമെങ്കിൽ പൊളിറ്റിക്കൽ ഡീസെൻട്രലൈസേഷനോടൊപ്പം, അധികാര വികേന്ദ്രീക രണത്തോടൊപ്പം മൂന്നു ഘടകങ്ങൾ കൂടി വേണമെന്ന് കണ്ടെത്തിയതും തീരുമാനിച്ചതും കേരളത്തിലാണ്. ആ മൂന്ന് ഘടകങ്ങൾ– ആസൂത്രണ വികേന്ദ്രീകരണം, സമ്പത്തിന്റെ വികേന്ദ്രീകരണം, ഭരണപരമായ വികേന്ദ്രീക രണം എന്നിവയാണ്. അപ്പോൾ ഈ നാല് ഘടകങ്ങൾ ചേർന്നാലേ 73, 74 ഭര ണഘടനാ ഭേദഗതിയിൽ വിഭാവന ചെയ്ത ജനാധിപത്യവത്കൃത ഭരണകൂടം താഴെത്തട്ടിലുണ്ടാകൂ എന്ന് മനസ്സിലാക്കിയ ലോകത്തെ ഏക പ്രദേശം കേരള മാണ്. അതിലൊന്ന് പൊളിറ്റിക്കൽ ഡീസെൻട്രലൈസേഷൻ, രണ്ട് അഡ്മിനി സ്ട്രേറ്റീവ് ഡീസെൻട്രലൈസേഷൻ മൂന്ന് ഡീസെൻട്രലൈസേഷൻ ഓഫ് പ്ലാനിംഗ്, നാല് ഡീസെൻട്രലൈസേഷൻ ഓഫ് ഫിനാൻസ്– ഈ നാല് ഘട കങ്ങളും ചേർന്നതാണ് കേരളത്തിന്റെ ജനകീയാസൂത്രണം. ഈ അർത്ഥ ത്തിൽ താഴെത്തട്ടിൽ ഭരണകൂടമുണ്ടാക്കുവാൻ രണ്ടാമത്തെ പ്രധാനപ്പെട്ട ഘടകം ആസൂത്രണത്തിന്റെ വികേന്ദ്രീകരണമാണ്. അവിടെയാണ് ബഹുമാ നപ്പെട്ട മന്ത്രി ശ്രദ്ധിക്കേണ്ടത്. കേന്ദ്രീകൃത ആസൂത്രണ രീതിശാസ്ത്രമല്ല വികേന്ദ്രീകൃത ആസൂത്രണത്തിൽ വേണ്ടത്. ഈ അടിസ്ഥാനപരമായ പോയിന്റിലാണ് ഞാൻ പറഞ്ഞ ദാർശനിക പ്രശ്നം വരുന്നത്. ആസൂത്രണ ത്തിൽ ജനപങ്കാളിത്തം വർദ്ധിപ്പിച്ച് ഡെമോക്രാറ്റിക് ഡീസെൻട്രലൈസ്ഡ് പ്ലാനിംഗ് പ്രോസസ്സുണ്ടാക്കുവാനും ബ്യൂറോക്രാറ്റിക് സെൻട്രലൈസ്ഡ് പ്ലാനിംഗ് പ്രോസസ്സ് ഇല്ലാതാക്കുവാനുമുള്ള ശ്രമമാണ് ഇവിടെ നടക്കേണ്ടത്.

പക്ഷേ ഇന്ന് യു.ഡി.എഫ്. സർക്കാരിന്റെ ചില പരിഷ്ക്കാരങ്ങളിലൂടെ... ഓരോന്നായി എടുത്തുപറയാൻ സമയമില്ലാത്തതുകൊണ്ട് പറയുന്നില്ല. ഇവിടെ കഴിഞ്ഞ 10-12 വർഷങ്ങളായി ഡെമോക്രാറ്റിക് ഡീസെൻട്രലൈസ്ഡ് പ്ലാനിംഗ് പ്രോസസ്സിനെ പരിഷ്ക്കാരങ്ങളിലൂടെ സെൻട്രലൈസ്ഡ് ആന്റ് ബ്യൂറോക്രാറ്റിക് പ്ലാനിംഗ് പ്രോസസ്സാക്കി മാറ്റി. ഇവിടെയാണ് കേരളം മറ്റൊരുതരത്തിൽ ലോകത്ത് ശ്രദ്ധിക്കപ്പെടാൻ പോകുന്നത്.

ഡീസെൻട്രലൈസേഷന് ലോകത്ത് മാതൃകയായ രാജ്യം അതിന്റെ ദർശനത്തിൽ ഉറച്ചുനിന്നുകൊണ്ട് ഡീസെൻട്രലൈസേഷനെ മുന്നോട്ടുകൊണ്ടുപോകുന്നതിനുപകരം യഥാർത്ഥത്തിൽ അതിന്റെ അടിസ്ഥാനപരമായ ദർശനത്തിൽ നിന്ന് വ്യതിചലിച്ച് ഡീസെൻട്രലൈസ്ഡ് പ്ലാനിംഗിനെ സെൻട്രലൈസ്ഡ് പ്ലാനിംഗാക്കി, ബ്യൂറോക്രാറ്റിക് ആക്കി മാറ്റിയെന്നുള്ള വിഷയം നിയമസഭ ചർച്ച ചെയ്യണം. ലോകത്ത് ഏറ്റവും മുന്നിൽ നിൽക്കുന്നൊരു പ്രദേശമാണ് കേരളം. ഇങ്ങനെ ഒരു മാറ്റം കേരളത്തിൽ നടന്നപ്പോൾ, അതിന്റെ ദർശനം മനസ്സിലാക്കാത്ത ചില പഞ്ചായത്തുകൾ ചിലപ്പോൾ സന്തോഷത്തോടെ ഈ മാറ്റം നല്ലതാണെന്ന് പറയാം. ഇങ്ങനെ പറയാനുള്ള കാരണം, ഇതിന് മുമ്പ് ഞാൻ ഒരു ചോദ്യം ബഹുമാനപ്പെട്ട പഞ്ചായത്ത് വകുപ്പുമന്ത്രിയോട് ചോദിച്ചപ്പോൾ പഞ്ചായത്ത് പ്രസിഡന്റുമാരെയെല്ലാം വിളിച്ച് ചോദ്യം ചോദിച്ച് അതിൽ നിന്ന് കിട്ടിയ ഉത്തരം കൊണ്ടാണ് ഈ മാറ്റമുണ്ടാക്കിയത് എന്ന് പറയുകയുണ്ടായി. അങ്ങനെ വരുമ്പോൾ ചിലപ്പോൾ അത് ശരിയാണെന്ന ഒരു തോന്നലുണ്ടാകാം. ഡീ–സെൻട്രലൈസ്ഡ് പ്ലാനിംഗിന്റെ സങ്കീർണ്ണതയും സുതാര്യതയും സെൻട്രലൈസ്ഡ് പ്ലാനിംഗിൽ

ഇല്ല. അതുകൊണ്ട് അവനവന് തോന്നുന്നത് എളുപ്പത്തിൽ നടത്താമെന്ന്, നടത്തിക്കാമെന്ന് തോന്നാം. പക്ഷേ നഷ്ടപ്പെടുന്നത് വികേന്ദ്രീകൃതാസൂത്രണത്തിന്റെ മൗലിക തത്വങ്ങളാണ്. ഇതോടെ കേരളം വികേന്ദ്രീകൃതാസൂത്രണത്തിന്റെ ചാമ്പ്യൻ എന്ന സ്ഥാനത്തുനിന്ന് പോകാൻ പോകുകയാണ്. ഇത് വളരെ ശ്രദ്ധാപൂർവ്വം കേൾക്കേണ്ട ഒന്നാണ്. നമ്മൾ അതിന്റെ ചാമ്പ്യനായി മുകളിൽ നിൽക്കുകയാണ്. ഈ ദർശനം ഉൾക്കൊണ്ടുകൊണ്ടാണ് ആ ദർശനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചാണ് നിരവധി പഠനങ്ങൾ ലോകത്ത് നടക്കുന്നത്. സെൻട്രലൈസ്ഡ് പ്ലാനിംഗിൽ നിന്ന് ഡീസെൻട്രലൈസ്ഡ് പ്ലാനിംഗ് വരുമ്പോഴുണ്ടാകുന്ന ആ ദാർശനിക തലം നഷ്ടപ്പെട്ടാൽ, ഇവിടെ ചിലതൊക്കെ പഞ്ചായത്തിൽ നടക്കും എന്നത് ശരിയാണ്. പക്ഷേ ആസൂത്രണ വികേന്ദ്രീകരണ നേതൃത്വത്തിൽ നിൽക്കാൻ കേരളത്തിന് കഴിയില്ല എന്ന് നമ്മൾ തിരിച്ചറിയണം എന്നുമാത്രം ചുരുക്കി പറയുകയാണ്. വളരെ പ്രധാനപ്പെട്ട കാര്യം ഇവിടെ ഒന്നുരണ്ടുപേർ സൂചിപ്പിച്ചതാണ്. പ്രാദേശിക ആസൂത്രണത്തിലൂടെ എന്താണ് ഉദ്ദേശിക്കുന്നത്? അതിന്റെ ദർശനം ഞാൻ പറയാം. പ്രാദേശിക ആസൂത്രണത്തിൽ ഞാൻ ഉദ്ദേശിക്കുന്നത് പ്രാദേശിക ഭരണകൂടം പ്രാദേശിക ഉൽപ്പാദന മേഖലയിലിടപ്പെട്ട്, പ്രാദേശിക സമ്പദ്വ്യവസ്ഥയെ വികസിപ്പിച്ച്, തൊഴിലവസരങ്ങൾ വർദ്ധിപ്പിച്ച്, ഭക്ഷണ ലഭ്യത വർദ്ധിപ്പിച്ച്, പാരിസ്ഥിതിക സന്തുലനം നിലനിർത്തി പുഷ്കലമായൊരു പ്രാദേശിക സമ്പദ്വ്യവസ്ഥ സൃഷ്ടിക്കുക എന്നുള്ളതാണ്. ഇതാണ് അതിന്റെ മൗലിക ലക്ഷ്യം. പഞ്ചായത്ത് എന്തെങ്കിലും കാര്യങ്ങൾ ചെയ്തോ; പ്രാദേശിക സമ്പദ്വ്യവസ്ഥയിലിടപെടുന്നത് പ്രാദേശിക ഉൽപ്പാദനമേഖലയിൽ ഇടപെട്ടുകൊണ്ടാണ്. അപ്പോൾ ഉൽപ്പാദനം വർദ്ധിപ്പിക്കുക, പാരിസ്ഥിതിക സന്തുലനം നിലനിർത്തുക അങ്ങനെ പ്രാദേശിക ഉൽപ്പാദന

മേഖലയിൽ ഇടപെട്ടുകൊണ്ട് പ്രാദേശിക സമ്പദ്‌വ്യവസ്ഥയെ വികസിപ്പിച്ച്, പ്രാദേശിക സമ്പദ്‌വ്യവസ്ഥ ശക്തിപ്പെടുത്തുക. അങ്ങനെ ശക്തിപ്പെടുന്ന പ്രാദേശിക സമ്പദ്‌വ്യവസ്ഥയുടെ സമഷ്ടിയിലാണ് ഒരു ജില്ലയുടെ വികസനവും; അങ്ങനെ ജില്ലകളുടെ വികസനത്തിന്റെ സമഷ്ടിയിലാണ് സംസ്ഥാനത്തിന്റെ വികസനവും വരേണ്ടത് എന്നുള്ളതാണ് അതിന്റെ അടിസ്ഥാന തത്വം. ഒരു പഞ്ചായത്തിൽ എന്തെങ്കിലും നടക്കുന്നുണ്ടോ; ഉണ്ടാകാം. പഞ്ചായത്ത് എവിടെ ഇടപെടണം, എന്താണ് അതിന്റെ ദർശനം? പ്രാദേശിക വികസനത്തിന് ഇടപെടേണ്ടത് ഉൽപ്പാദന വ്യവസ്ഥയിൽ തന്നെയാണ്. ഉൽപ്പാദന വ്യവസ്ഥയിൽ ഇടപെടാതെ ഒരു സമ്പദ്‌വ്യവസ്ഥയും ആർക്കും വികസിപ്പിക്കാൻ കഴിയില്ല. അവിടെയാണ് യു.ഡി.എഫ്. സർക്കാരിന്റെ പരിഷ്കാരം വരുന്നത്. 45 ശതമാനം പദ്ധതിവിഹിതം പശ്ചാത്തലമേഖലയിൽ മാറ്റി വയ്ക്കാം. 50 – 55 ശതമാനം മാറ്റി വയ്ക്കാം. ബാക്കി 45 ശതമാനം എല്ലാ മേഖലകളിലും കൂടിയാണ്. ഇത് ഞാൻ നേരത്തെ പറഞ്ഞ മൗലികമായ പ്രാദേശിക വികസനത്തിന്റെ സങ്കൽപ്പത്തിന് കടകവിരുദ്ധമാണ്. അവിടെ റോഡ് നന്നാക്കണമോ എന്നുള്ളത് ഞാൻ വീണ്ടും സമയമെടുത്ത് പറയാം.

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): സർ, ബഹുമാനപ്പെട്ട മെമ്പറുടെ പ്രസംഗം വളരെ ബഹുമാനത്തോടുകൂടി തന്നെ കാണുകയാണ്. ഇന്ന് ഇവിടെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ച മെമ്പർമാർ ആരും തന്നെ രാഷ്ട്രീയം പറഞ്ഞില്ല. എല്ലാവരും വിഷയത്തിൽ ഊന്നി മാത്രമാണ് പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് ഞാൻ രാഷ്ട്രീയം പറയുന്നു എന്നുപറഞ്ഞ് തെറ്റിദ്ധരിക്കരുത്. അങ്ങ് പറഞ്ഞ, അങ്ങ് കൂടി ഉൾപ്പെട്ട അഞ്ച് കൊല്ലം അങ്ങയുടെ കാഴ്ചപ്പാട് അനുസരിച്ച് പ്രവർത്തിച്ചു. എന്നിട്ടും നമുക്കുണ്ടായ അനുഭവമെ

ന്താണ്? ജനങ്ങളുടെ മനസ്സ് എങ്ങോട്ട് പോയി എന്നതിനെപ്പറ്റി ഒന്ന് ചിന്തിക്കണ്ടേ എന്നുമാത്രം സൂചിപ്പിക്കുന്നു.

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, 1997 –ൽ ആരംഭിച്ച അധികാരവികേന്ദ്രീകരണം എന്ന സങ്കൽപ്പം വികസിപ്പിച്ച് കൊണ്ടുവരുമ്പോൾ അതിന്റെ ഉള്ളിലുണ്ടായിരുന്ന കുറവുകളൊക്കെ കുറവുകൾ തന്നെയാണ്. ആ കുറവുകളെ തിരുത്തികൊണ്ട് എങ്ങനെയാണോ വികസിക്കേണ്ടത് ആ രീതിയിൽ വികസിച്ചുപോകണം എന്നുമാത്രമേ ഞാൻ പറഞ്ഞുള്ളു. ആ രീതിയിലല്ല പോകുന്നത് എന്ന വിമർശനമാണ് ഞാൻ മുന്നോട്ടു വയ്ക്കുന്നത്. സ്വാഭാവികമായും ശരി തന്നെയാണ്. അതുകൊണ്ട് സമ്പദ്വ്യവസ്ഥയിൽ എവിടെ ഇടപെടണം, പഞ്ചായത്തിന് ഒരു ദിശാബോധം കൊടുക്കുന്നുണ്ടോ, ഇല്ല എന്ന വിമർശനം ഞാൻ വയ്ക്കുകയാണ്. കാരണം കാർഷിക മേഖലയിൽ പണം നീക്കി വയ്ക്കണമെന്ന നിബന്ധനയില്ല. അപ്പോൾ എവിടെ ഇടപെടണം എന്നാണ് നമ്മൾ പ്രധാനമായും പറയുന്നത്. കാർഷിക മേഖലയിലല്ല. അതുകൊണ്ട് ഉൽപ്പാദനമേഖലയിൽ ഇടപെടണമെന്നാണ് പ്രാദേശിക വികസനത്തിന്റെ അടിത്തറ എന്ന ആശയം എടുത്തുമാറ്റുന്നു. അപ്പോൾ സ്വാഭാവികമായും ഒരു ചോദ്യമുണ്ടാകാം. ശ്രീ. പി.സി. ജോർജ് ചോദിച്ച ചോദ്യത്തിൽനിന്ന് ഞാൻ ഒരു കാര്യവുംകൂടി പറയാം. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ കാലത്ത് 40 ശതമാനം തുക കാർഷിക മേഖലയിൽ, ഉൽപ്പാദന മേഖലയിൽ നീക്കി വയ്ക്കണം എന്നു പറഞ്ഞതിന് ഒരു പിൻവശമുണ്ട്. അത് ഇന്ത്യയിലെ നവ ലിബറൽ സാമ്പത്തിക നയം നടപ്പിലാക്കിക്കൊണ്ടിരിക്കുമ്പോൾ, ആ നവ ലിബറൽ നയം കാർഷിക മേഖലയിലെ സർക്കാരിനോട് സബ്സിഡി കൊടുക്കരുത്, പലതരത്തിലും പിൻവാങ്ങാനാണ് പറയുന്നത്.

അത് സംസ്ഥാന സർക്കാരിനും പിൻവാങ്ങേണ്ടി വരും. പക്ഷേ ലോകബാങ്കിന്റെ ശ്രദ്ധയിൽപ്പെടാത്ത ഒരു ഭരണകൂടമാണ് പഞ്ചായത്ത്. അതുകൊണ്ട് പഞ്ചായത്തിന് ആ നിബന്ധന ബാധകമല്ല. അതുകൊണ്ട് പണം പഞ്ചായത്തിന് കൊടുത്തുകൊണ്ട് പഞ്ചായത്തിനോട് 40 ശതമാനം തുക കാർഷിക മേഖലയിൽ വയ്ക്കാൻ പറയുന്നത് നവ ലിബറൽ നയത്തിലൂടെ കാർഷിക മേഖലയിൽ നിന്ന് പിന്തിരിയുന്ന സർക്കാരിന് ഒരു ബദൽ എന്ന രീതിയിലുമാകാം. ഇതാണ് അതിന്റെ കാഷിക മേഖല. വളരെ അടിസ്ഥാനപരമായ ഒരു തെറ്റാണ് യു.ഡി.എഫ്. സർക്കാർ ഇവിടെ ചെയ്തുകൊണ്ടിരിക്കുന്നത്. അപ്പോൾ സ്വാഭാവികമായും മറ്റൊരു ചോദ്യമുണ്ടാകാം. ഇവിടെ എല്ലാവരും പ്രസംഗിച്ചപ്പോൾ റോഡുകൾ നശിച്ചു കിടക്കുന്നുവെന്ന് പറയുകയുണ്ടായി. ശരിയാണ്. അതിനെ പുനർനിർമ്മിക്കണം. അതിനും വഴിയുണ്ട്. പ്രാദേശിക വികസനത്തിന്റെ മറ്റൊരു രീതിശാസ്ത്രം പ്രയോഗിച്ചാൽ മതിയാകും. ഓരോ പഞ്ചായത്തിനും പശ്ചാത്തല വികസനത്തിലൊരു മാസ്റ്റർ പ്ലാൻ ഉണ്ടാക്കിയാൽ മതി. എന്റെ മണ്ഡലത്തിൽ ഞാൻ പരീക്ഷിച്ചുകൊണ്ടിരിക്കുന്നതാണ്. 'കില' അതിനെ മാതൃകമായി എടുത്ത് കേരളത്തിലെ എല്ലാ മണ്ഡലങ്ങളിലും പതുക്കെ പഠിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന ഒരു കാര്യമാണ്. പഞ്ചായത്തിന് പശ്ചാത്തല വികസനത്തിന് മാസ്റ്റർ പ്ലാൻ ഉണ്ടാകാം. ആ മാസ്റ്റർ പ്ലാൻ ഫെയ്സ്ഡായി നവീകരിക്കാം, അല്ലെങ്കിൽ നടപ്പിലാക്കാൻ ശ്രമിക്കുമ്പോൾ അതിനാവശ്യമായ പണം വിവിധ സോഴ്സുകളിൽ നിന്നും പൂൾ ചെയ്യുക. ഞാൻ ബഹുമാനപ്പെട്ട പഞ്ചായത്ത് വകുപ്പുമന്ത്രിയോട് ഇതിനുമുമ്പ് ഒരു പ്രസംഗത്തിൽ ഇതുസംബന്ധിച്ച് വായുവിൽ ഒരു ഫണൽ വരച്ചുകാണിച്ചതാണ്. വവിധ രൂപത്തിൽ ഫണ്ട് അതിൽ പൂൾ ചെയ്യാം.

പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, സർക്കാരിൽ നിന്ന് കിട്ടുന്ന ഫ്ളഡിന്റെ തുക, എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട് തുടങ്ങിയവ യെല്ലാം കൂടി പൂൾ ചെയ്ത് ഒരു മാസ്റ്റർ പ്ലാൻ എന്ന രീതിയിൽ പശ്ചാത്തല വികസനത്തിനൊരു പ്ലാൻ ഉണ്ടാക്കിക്കഴിഞ്ഞാൽ, അത് ഫെയ്സ്ഡായി നടപ്പാക്കിക്കഴിഞ്ഞാൽ നമ്മുടെ ഗ്രാമത്തിലെ ഗ്രാമീണ റോഡുകളുടെ പ്രശ്നങ്ങളൊക്കെ പരിഹരിക്കാം. പക്ഷേ അത് കാർഷിക മേഖലയുടെ ചെലവിലാകരുത് എന്നുമാത്രമേയുള്ളു. ഞാൻ കൂടുതലായി ദീർഘിപ്പിക്കു ന്നില്ല. ആ വിഷയം വളരെ കൂടുതൽ പറയേണ്ടതാണ്. ക്ഷീരവികസനത്തിന്റെ പരാജയവും ഇവിടെതന്നെയാണ്. ഈ പറയുന്ന അടിസ്ഥാനവികേന്ദ്രീകരണ സങ്കൽപ്പങ്ങളില്ല. ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നം, ഈ സങ്കൽപ്പങ്ങളെല്ലാം കോർത്തിണക്കാൻ പറ്റുന്ന, ഇന്ത്യയിലെ ഏക സ്റ്റാറ്റ്യൂട്ടറി ബോഡിയാണ് ഡി.പി.സി. (സിസ്ട്രിക്ട് പ്ലാനിംഗ് കമ്മിറ്റി). ആ ഡി.പി.സി.യെ നിങ്ങൾ നശിപ്പിച്ചു. ഇന്ത്യയിലെ ഏക സ്റ്റാറ്റ്യൂട്ടറി ബോഡിയാണ്. പ്ലാനിംഗ് കമ്മീഷനും പ്ലാനിംഗ് ബോർഡും സ്റ്റാറ്റ്യൂട്ടറി അല്ല. പക്ഷേ ഡി.പി.സി. സ്റ്റാറ്റ്യൂട്ടറിയാണ്. ആ സ്റ്റാറ്റ്യൂട്ടറി ബോഡി ജനകീയ ബോഡിയായി നിൽക്കണം എന്നുള്ളതാണ് ഡീസെൻട്രലൈസ്ഡ് പ്ലാനിംഗിന്റെ അടിസ്ഥാന സങ്കൽപ്പം. ആ ഡി.പി.സി.-യിൽ പണ്ട് ജനപ്രതിനിധികളുണ്ടായിരുന്നു, ഉദ്യോഗസ്ഥരുണ്ടായിരുന്നു, വിദഗ്ദ്ധരുണ്ടായിരുന്നു അങ്ങനെ എല്ലാവരും ചേർന്ന് പ്രോജക്ടു കളെക്കുറിച്ച് ചർച്ച ചെയ്യുന്ന ഒരു വലിയ വേദിയായിരുന്നു. അതിൽ ഒരുപാട് വർഷങ്ങൾ പ്രവർത്തിച്ച അനുഭവമുള്ള ഒരാളാണ് ഞാൻ.

ശ്രീ. മോൻസ് ജോസഫ്: സർ, നമ്മുടെ സംസ്ഥാനത്ത് ഡി.പി.സി. പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോൾ ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കുന്ന നിരവധി പ്രോജക്ടുകൾ സമയത്ത് അനുവാദം കൊടുക്കാതെ, അനാവശ്യ

മായ കാലതാമസമുണ്ടാക്കി പദ്ധതി പ്രവർത്തനങ്ങൾക്ക് വലിയ താമസം നേരിട്ടിരുന്നു എന്നുള്ള വസ്തുത നമുക്ക് വിസ്മരിക്കാൻ പറ്റുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, വിസ്മരിക്കാൻ പറ്റില്ല. എന്താണെന്ന് വച്ചാൽ, ഞാൻ നേരത്തെ പറഞ്ഞതുപോലെ സെൻട്രലൈസ്ഡ് പ്ലാനിംഗിൽ പദ്ധതി രൂപീകരിക്കാനും വെറ്റ് ചെയ്യാനും അനുവാദം കൊടുക്കാനും എളുപ്പമാണ്. കാരണം ഞാൻ പദ്ധതി രൂപീകരിക്കുന്നു, ഞാൻ തന്നെ വെറ്റ് ചെയ്യുന്നു, ഞാൻ തന്നെ പാസ്സാക്കുന്നു, ഞാൻ തന്നെ നടപ്പാക്കുന്നു. അതാണ് ഇപ്പോൾ പഞ്ചായത്തിൽ നടക്കുന്നത്. ഒരു ദർശനത്തെ തകർത്തിരിക്കുന്നു. ഇത് സെൻട്രലൈസ്ഡ് പ്ലാനിംഗിൽ ഉണ്ട്. ആരാണ് അന്ന് ചെയ്തത്; ഞാൻ, ആരാണ് വെറ്റ് ചെയ്യുന്നത്; ഞാൻ, ആരാണ് നടപ്പിലാക്കുന്നത്; ഞാൻ, ആരാണ് മോണിറ്റർ ചെയ്യുന്നത്; ഞാൻ തന്നെ. ഇതാണ് സെൻട്രലൈസ്ഡ് പ്ലാനിംഗിന്റെ രീതി. അത് വിട്ട് ജനങ്ങൾ എല്ലാം ഇൻവോൾവ് ചെയ്തുകൊണ്ട്, പല തരത്തിലുള്ള ശ്രദ്ധയും ചെലുത്തികൊണ്ട്, പല പദ്ധതികളെയും മുൻകൂട്ടി കാണാൻ പറ്റാത്ത പല പ്രശ്നങ്ങളും പഠിച്ചുകൊണ്ട് പലരുടേയും ശ്രദ്ധ ഒന്നിച്ചുവന്ന് ഒരു പദ്ധതി രൂപീകരിക്കണം, നടപ്പിലാക്കണം എന്നുള്ള സങ്കൽപ്പമാണ്. കുറച്ച് ബുദ്ധിമുട്ടുണ്ട്. ആ ബുദ്ധിമുട്ട് കണ്ടുകൊണ്ട് ഡീസെൻട്രലൈസ്ഡ് പ്ലാനിംഗിനെ സെൻട്രലൈസ്ഡ് പ്ലാനിംഗ് ആക്കരുത് എന്നാണ് ഞാൻ പറയുന്നത്. ഡി.പി.സി. പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ– ഖണ്ഡം 13(1) ഞാൻ വായിക്കാം. 'സംസ്ഥാന സർക്കാരും ആസൂത്രണ ബോർഡും നൽകിയ മാർഗ്ഗനിർദ്ദേശമനുസരിച്ച് തയ്യാറാക്കി സമർപ്പിക്കുന്ന വാർഷിക പദ്ധതി രേഖയ്ക്ക് ഡി.പി.സി. അംഗീകാരം നൽകണം. പ്രോജക്ടുകളുടെ

പരിശോധനയും അംഗീകാരവും ഡി.പി.സി. നൽകേണ്ടതില്ല'. ഇന്നത്തെ ഡി.പി.സി.-യുടെ കഥയാണ് പറയുന്നത്. നടപടിക്രമം പാലിച്ചിട്ടുണ്ടോ എന്ന് മാത്രം നോക്കിയാൽ മതി. എവിടെ കിടക്കുന്നു ഡി.പി.സി.? കഴിഞ്ഞിട്ടില്ല. അങ്ങനെ പ്രാദേശിക പദ്ധതികൾക്ക് പരിശോധന കൃത്യമായി നടത്താൻ കഴിയാത്ത ഒരു ഡി.പി.സി.-ക്ക് എങ്ങനെയാണ് ജില്ലാ പ്ലാൻ ഉണ്ടാക്കാൻ പറ്റുക? ഈ ചോദ്യത്തിന് വളരെ കൃത്യമായി ഉത്തരം പറയണം. ഡീ-സെൻട്രലൈസ്ഡ് പ്ലാനിംഗിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്ന് ജില്ലാ പ്ലാനാണ്. ജില്ലാ പ്ലാൻ സമഗ്രമാകണമെങ്കിൽ പഞ്ചായത്തുകളുടെ പ്ലാനുകൾ പരിശോധിക്കാത്ത ഡി.പി.സി.-ക്ക് എങ്ങനെ കഴിയും. അതാണ് ഞാൻ ചുരുക്കി പറഞ്ഞത് ഡി.പി.സി.-യെ തകർത്തു എന്ന്. സമയമില്ലാത്തതു കാരണം ഞാൻ അതിലേക്ക് കൂടുതൽ കടക്കുന്നില്ല.

പ്രാദേശികാസൂത്രണത്തിന്റെ പ്രഭവ കേന്ദ്രമാണ് ഗ്രാമസഭ. ഗ്രാമസഭയുടെ സർഗ്ഗ ചൈതന്യം തകർന്നു, അധികാര വികേന്ദ്രീകരണത്തിന്റെ മർമ്മം തന്നെ നശിപ്പിക്കപ്പെടുകയാണ്. കാരണം ഗ്രാമസഭ പ്രാദേശികാസൂത്രണത്തിന്റെ കേന്ദ്രം എന്നതിനുപകരം ഗുണഭോക്താക്കളെ കണ്ടെത്തുന്ന സഭ എന്നുമാത്രമായി മാറി. ഇത് അധികാര വികേന്ദ്രീകരണത്തിലെ ഏറ്റവും വലിയ കുറവാണ്. ബഹുമാനപ്പെട്ട പഞ്ചായത്ത് വകുപ്പുമന്ത്രി 'ഗ്രാമയാത്ര' എന്ന പേരിൽ ഒരു യാത്ര നടത്തി. ആ യാത്ര തൃശ്ശൂർ എത്തുന്നതിനായി ഞാൻ കാത്തുനിന്ന ആളാണ്. ഗ്രാമസഭയുടെ സർഗ്ഗ ചൈതന്യം തിരിച്ചെടുക്കാനുള്ള ഏത് ഇടപെടലും എല്ലാവരും സ്വാഗതം ചെയ്തതാണ്. അതിനുവേണ്ടി അങ്ങ് നടത്തിയ യാത്രയെ ഒരുപാട് പ്രതീക്ഷയോടെയാണ് ഞാൻ

കണ്ടത്. ആ യാത്രയ്ക്കുശേഷം രണ്ട് ഗ്രാമസഭകളെങ്കിലും അടുപ്പിച്ച് ചേർന്നില്ലെങ്കിൽ മെമ്പറുടെ അംഗത്വം നഷ്ടപ്പെടും എന്ന നിയമം മാറ്റി അടുപ്പിച്ച് മൂന്ന് തവണ ഗ്രാമസഭ ചേർന്നില്ലെങ്കിൽ മാത്രമേ മെമ്പറുടെ അംഗത്വം നഷ്ടപ്പെടുകയുള്ളൂ എന്നാക്കി മാറ്റി. ഗ്രാമയാത്രക്കുശേഷം ഗ്രാമസഭയുടെ ചൈതന്യം വീണ്ടെടുക്കാൻ ഗ്രാമസഭകൾ രണ്ട് തവണ ചേരണ്ട, മൂന്ന് തവണ ചേർന്നില്ലെങ്കിലും കുഴപ്പമില്ല എന്ന അവസ്ഥയിലേയ്ക്ക് മാറി. രണ്ട് മാസം കൂടുമ്പോൾ ഗ്രാമസഭകൾ ചേർന്നാൽ മാത്രമേ ആസൂത്രണം നടക്കുന്ന സഭയായി ഗ്രാമസഭ മാറുകയുള്ളൂ. അതുപോലെ ഗ്രാമസഭ നിലനിർത്തേണ്ടത് എങ്ങനെ എന്നത് ഉമ്മൻ കമ്മിറ്റി റിപ്പോർട്ട് വളരെ വിശദമായി പറഞ്ഞിട്ടുണ്ട്. വീരപ്പമൊയ്‌ലി അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് കമ്മിറ്റിയും ഗ്രാമസഭകളും വാർഡ് സഭകളും ചേരുന്നതിനെക്കുറിച്ച് വിസ്തരിച്ച് പറഞ്ഞിട്ടുണ്ട്. രണ്ട് കമ്മിറ്റികളും അവരുടെ അഭിപ്രായ വ്യത്യാസങ്ങൾ പ്രകടിപ്പിച്ചിട്ടുണ്ട്. ഗ്രാമസഭ നിലനിർത്തേണ്ട ആവശ്യകതയെക്കുറിച്ച് വിശദമായി പറഞ്ഞിട്ടുണ്ട്. നൈസർഗ്ഗികമായി ഗ്രാമസഭ വളരാനും അതിന്റെ ചലനാത്മകത നിലനിർത്താനും അതിന്റെ കൂട്ടായ്മയും പദ്ധതിയുടെ പരസ്പര പൂരകതയുമാണ് വേണ്ടത്. ഇത് വീരപ്പമൊയ്‌ലി കമ്മിറ്റി റിപ്പോർട്ടിലെ പ്രധാനപ്പെട്ട ആശയമാണ്. ഇവിടെയാണ് ഒരു വാർഡ് നിരന്തരം കുറെ വർഷങ്ങൾ ഒരു സഭയ്ക്കു കീഴിൽ നിലനിൽക്കണമെന്ന് പറയുന്നത്. ആ സമയത്താണ് വാർഡുകളെ വെട്ടിമുറിക്കത്തക്ക രീതിയിലുള്ള റീഫോംസ് വരാൻ പോകുന്നത്. ഇത് ഗ്രാമസഭകളുടെ ചൈതന്യത്തെ തകർക്കുകയും ഗ്രാമസഭകൾ ഇല്ലാതാക്കുകയും ചെയ്യും. ഗ്രാമസഭകളുടെ കൂട്ടായ്മയിലൂടെ ഉണ്ടായ ഇന്നത്തെ പദ്ധതി, ആ പദ്ധതിയിൽ അടുത്ത വാർഡുമായുള്ള പരസ്പര പൂരകത, പഞ്ചായത്തിന്റെ സമഷ്ടി, അതിനുശേഷമുണ്ടാകുന്ന ബ്ലോക്കിലെ വികസനം, ഈ അർത്ഥ

ത്തിൽ ചിന്തകൾ പോകുന്നതിനുപകരം അഞ്ച് വർഷം കൂടുമ്പോൾ വാർഡു കൾ വെട്ടിമുറിക്കുമ്പോൾ ആ വാർഡുകളിലുണ്ടാകുന്ന പുതിയ കൂട്ടായ്മ പഴയ കൂട്ടായ്മയിലൂടെയുണ്ടാക്കിയ പദ്ധതികളെ എങ്ങനെ മുന്നോട്ട് കൊണ്ടുപോകുമെന്ന് എനിക്ക് മനസിലായിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങൾക്ക് അതാത് പ്രദേശത്തിന്റെ തനിമയ്ക്കൊത്ത് പദ്ധതികൾ കൊടുക്കാൻ സ്വാതന്ത്ര്യമുണ്ടാകണം. എന്റെ മണ്ഡലത്തിലെ കൊടകര ബ്ലോക്ക് പഞ്ചായ ത്തിൽ മൂന്ന് പദ്ധതികൾ രൂപീകരിച്ചു. ആ പദ്ധതികൾക്ക് സൂക്ഷ്മതല കോഡ് ഇല്ല എന്നുപറഞ്ഞ് പദ്ധതി നടപ്പിലാക്കാൻ കഴിയില്ല എന്നാണ് പറഞ്ഞത്. അതോടെ സൂക്ഷതല കോഡ് ഉള്ളതിലേയ്ക്ക് പ്രോജക്ട് മാറുകയാണ്. സൂക്ഷ്മതല കോഡ് തരണം എന്നാവശ്യപ്പെട്ട് ഞാൻ മന്ത്രിക്ക് കത്ത് കൊടു ത്തപ്പോൾ സൂക്ഷ്മതല കോഡ് കൊടുക്കണമെന്ന് മന്ത്രി അപ്പോൾതന്നെ ഓർഡറിട്ടു. പക്ഷേ ഇതുവരെ സൂക്ഷ്മതല കോഡ് കൊടകര ബ്ലോക്കിന് കൊടുത്തിട്ടില്ല. സൂക്ഷ്മതല കോഡിലേയ്ക്ക് പ്രോജക്ട് വരണമെന്നതാണ് അവരുടെ സങ്കല്പം. നേരെ തിരിച്ചാണ് വേണ്ടത്. അതുകൊണ്ട് ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ആ പ്രദേശത്തിനാവശ്യമുള്ള പ്രോജക്ടുകൾ ഉണ്ടാക്കാനുള്ള അവകാശം വേണം. അതുപോലെ കൊടകര ബ്ലോക്കിന്റെ വളരെ ബൃഹത്തായ ഒരു പദ്ധതിയാണ് 'തണൽ പദ്ധതി'. സാമൂഹിക സുരക്ഷിതത്വംകൂടി അങ്ങയുടെ വകുപ്പായതുകൊണ്ട് അങ്ങ് ഈ പദ്ധതിയെ ക്കുറിച്ച് ശ്രദ്ധിക്കണമെന്ന് വിനീതമായ ഒരഭ്യർത്ഥനയുണ്ട്. ജാതിമത പരിഗണ നയില്ലാതെ 60 വയസ് കഴിഞ്ഞ ഒരേ ജീവിതപ്രശ്നമനുഭവിക്കുന്ന 25000 പേരടങ്ങുന്ന വലിയൊരു പ്രസ്ഥാനമാണ് എന്റെ മണ്ഡലത്തിലെ തണൽ പദ്ധതി. പദ്ധതി രൂപീകരണ വേളയിൽ സി.ഡി.പി.ഒ. ഈ പദ്ധതി നടപ്പിലാ

ക്കാൻ പറ്റില്ലെന്ന് പറഞ്ഞു. പദ്ധതി നടപ്പിലാക്കാൻ പറ്റില്ലെന്ന് പറയുമ്പോൾ ഭരണകൂടം പദ്ധതി മാറ്റുകയാണ്. അപ്പോൾ ആരാണ് ജയിക്കുന്നത്, ആരാണ് തോൽക്കുന്നത്. ഒരു ഭരണകൂടം നാടിന്റെ മുഴുവൻ ആവശ്യവുമുന്നയിച്ച് ഭാവനാപൂർണ്ണമായ ഒരു പദ്ധതിയുണ്ടാക്കുമ്പോൾ ഒരു ഉദ്യോഗസ്ഥൻ അത് നടപ്പിലാക്കാൻ പറ്റില്ലെന്ന് പറയുന്നു. അതിന്റെ കാരണമെന്താണ്? ആ ഉദ്യോഗസ്ഥനെ കുറ്റം പറയണ്ട. നിലവിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവരെ അത് പറയാൻ പ്രാപ്തരാക്കുകയാണ്. അതുകൊണ്ട് അത്തരത്തിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ മാറണം. അധികാര വികേന്ദ്രീകരണത്തിന്റെ സർഗ്ഗാത്മകത വളരുന്തോറും ഭാവനാ പൂർണ്ണമായ പ്രാദേശിക പദ്ധതികൾ സംസ്ഥാനാ വിഷ്കൃത പദ്ധതിയിൽ സ്വപ്നംപോലും കാണാത്ത പദ്ധതികളുണ്ടാകും. അവയെല്ലാം നടപ്പിലാക്കുവാനുള്ള സ്വാതന്ത്ര്യം അവർക്ക് നൽകണം. അഞ്ച് വർഷത്തെ പദ്ധതി രൂപീകരണം നടന്നില്ല. അധികാര വികേന്ദ്രീകരണം പ്രാദേശിക സാംസ്കാരിക ബോധമായി വികസിച്ച് അത് കൂടുതൽ മാതൃക യാകേണ്ടതാണ്. ഞാൻ പറഞ്ഞതെല്ലാം ചുരുക്കി അഞ്ച് പോയിന്റിൽ അവസാനിപ്പിക്കാം. അധികാര വികേന്ദ്രീകരണത്തിന്റെ ദർശനത്തെ തകർത്തു. ഉല്പാദന മേഖലയെ അവഗണിച്ച് പ്രാദേശിക വികസനത്തിന്റെ ദർശനത്തെ തകർത്തു. ഇന്ത്യയിലെ ഏക സ്റ്റാറ്റ്യൂട്ടറി ബോഡിയായ ഡി.പി.സി യെ നശിപ്പിച്ചു. ഉദ്ഗ്രഥന സാധ്യതകളെ തകർത്തു. ഗ്രാമസഭകളെ തകർത്തു. വാസ്തവത്തിൽ ലോകത്തിന്റെ നെറുകയ്യിൽ നിൽക്കുന്നിടത്തു നിന്ന് പിന്നിലേയ്ക്ക് പോകേണ്ട സാഹചര്യമുണ്ടാക്കിയത് പുനർചിന്തിക്കണം. കേരളത്തിന്റെ അധികാര വികേന്ദ്രീകരണം ജനകീയാസൂത്രണത്തിലൂടെ വന്ന അതേ പശ്ചാത്തലത്തിലേയ്ക്ക് തിരിച്ചുകൊണ്ടുപോകാൻ കൂട്ടായ ശ്രമം നടത്തണം. അതിനുള്ള നടപടികൾ സ്വീകരിക്കാതെ അതിന് വിരുദ്ധമായ

നടപടികൾ സ്വീകരിക്കുന്നതായതുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): സർ, ഇന്ന് ചർച്ച ആരംഭിക്കുമ്പോൾ അങ്ങ് സൂചിപ്പിച്ചതുപോലെ ഇവിടെ വളരെ മികച്ച നിലവാരത്തിലുള്ള ചർച്ച യാണ് നടന്നത്. ഇവിടെ അവതരിപ്പിക്കപ്പെട്ട ഡിമാന്റ് വിഷയങ്ങളിലൊതുങ്ങി നിന്നുകൊണ്ട് വളരെ ഫലപ്രദമായ നിർദ്ദേശങ്ങളും ക്രിയാത്മകമായ വിമർശ നങ്ങളുമുണ്ടായി. വിമർശനങ്ങളെ ഗവൺമെന്റ് പൂർണ്ണമായും ഉൾക്കൊ ള്ളുന്നു. ഇവിടെ സംസാരിച്ചവരാരും ഡിമാന്റ് ചർച്ചയിൽനിന്ന് മാറി സഞ്ചരിച്ചില്ല. ഈ നിയമസഭയിൽ നടന്ന ഏറ്റവും മികച്ച ചർച്ചയാണ് ഇന്ന് കേൾക്കാൻ കഴിഞ്ഞത്. ഈ ചർച്ചയിൽ ഇടപെട്ടുകൊണ്ട് ശ്രീ. എ.കെ. ബാലൻ ഒരു ചോദ്യം ചോദിച്ചിരുന്നു. അത് ഈ ഗവൺമെന്റ് അധികാര ത്തിൽ വന്ന സമയത്ത് ഇടതുപക്ഷം ഉന്നയിച്ച വിഷയമാണ്. തദ്ദേശ സ്വയംഭ രണ സ്ഥാപനങ്ങളുടെ ചുമതല മൂന്ന് മന്ത്രിമാർക്കായതുകൊണ്ട് എന്തോ വലിയ അപകടം സംഭവിച്ചു എന്നാണ് പറയുന്നത്. സത്യസന്ധമായി നിങ്ങൾ വിലയിരുത്തുക. മൂന്ന് വർഷമായി പഞ്ചായത്ത് വകുപ്പുമന്ത്രിയുടെയും നഗരവികസന വകുപ്പുമന്ത്രിയുടെയും ഗ്രാമവികസന വകുപ്പുമന്ത്രിയുടെയും പ്രവർത്തനം കൂട്ടായി പരിശോധിച്ചാൽ കഴിഞ്ഞ അഞ്ച് വർഷം നിങ്ങൾ കൈവരിച്ച നേട്ടങ്ങളെക്കാൾ ഇരട്ടി നേട്ടങ്ങൾ ഈ മൂന്ന് വകുപ്പുകളിലും മൂന്ന് വർഷമായി ഉണ്ടായിട്ടുണ്ട്. ഇത് വസ്തുതാപരമാണ്. ഇത് സംബന്ധിച്ച് പിന്നീട് സംസാരിക്കാം. പഞ്ചായത്തുകളുടെ പഞ്ചവത്സര പദ്ധതിയെക്കുറിച്ച്

പ്രൊഫ. സി. രവീന്ദ്രനാഥ് സംസാരിച്ചു. വാർഷിക പദ്ധതികളുടെ നടത്തിപ്പു മായി ബന്ധപ്പെട്ട പരാതികൾ കണക്കിലെടുത്താണ് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളെപ്പോലെ പഞ്ചായത്തിലും പഞ്ചവത്സര പദ്ധതിയുണ്ടാക്കി യത്. ഈ ജൂലൈ മാസം ആദ്യംതന്നെ 978 പഞ്ചായത്തുകളിൽ 626 പഞ്ചാ യത്തുകളുടെ പ്ലാൻ അംഗീകരിച്ചുകഴിഞ്ഞു. 152 ബ്ലോക്ക് പഞ്ചായത്തുകളിൽ 97 ബ്ളോക്ക് പഞ്ചായത്തുകളുടെ പ്ലാൻ അംഗീകരിച്ചുകഴിഞ്ഞു. ഇതിന് മുമ്പുള്ള അനുഭവം എന്താണ്? ഡിസംബർ മാസമായാലും പ്ലാൻ അംഗീകരി ക്കില്ല. ഫെബ്രുവരി മാസം പ്ലാൻ അംഗികരിച്ച കാലമുണ്ടായിരുന്നു. ഇപ്പോൾ ഏകദേശം 9 മാസമെങ്കിലും പ്ലാൻ നടത്തിപ്പിന് ലഭിക്കുന്നു എന്നതാണ് വലിയ നേട്ടം. പഞ്ചവത്സര പദ്ധതിയായതുകൊണ്ട് ഈ രംഗത്ത് വളരെയേറെ മുന്നോട്ടുപോയി എന്നത് നിങ്ങൾക്ക് നിഷേധിക്കാൻ കഴിയുന്ന കാര്യമല്ല. പ്ലാൻ ഫണ്ട് റിലീസ് ചെയ്യുന്ന കാര്യം നേരത്തെ പറഞ്ഞു. ഇപ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലെ ജനറൽ പർപ്പസ് ഗ്രാന്റും മെയിന്റനൻസ് ഗ്രാന്റും പ്ലാൻ ഫണ്ടിന്റെ മൂന്ന് ഗഡുവും നൽകി കഴിഞ്ഞു. പദ്ധതി അംഗീകരിച്ച പഞ്ചായത്തുകൾക്ക് കാത്തു നിൽക്കേണ്ട ആവശ്യമില്ല. ഇതൊരു അപൂർവമായ സംഭവമാണ്.

പ്രൊഫ. സി. രവീന്ദ്രനാഥ് ദാർശനികമായി സംസാരിച്ചു. എന്നാൽ ഞാൻ പ്രായോഗികമായി സംസാരിക്കുന്നു. അനുഭവങ്ങൾ വിലയിരുത്തി നോക്കുക. കഴിഞ്ഞ 3 കൊല്ലംകൊണ്ട് അധികാര വികേന്ദ്രീകരണം കൂടുതൽ അർത്ഥപൂർണ്ണമായി. പഞ്ചായത്തുകൾക്ക് അധികാരം കൊടുത്തു. കഴിഞ്ഞ

കാലങ്ങളിൽ ടി.എ.ജി. പോലുള്ള ചില സംവിധാനം പഞ്ചായത്തുകളുടെ മുകളിൽ ഉണ്ടായിരുന്നെങ്കിൽ ഈ ഗവൺമെന്റ് അതെടുത്തുമാറ്റി. നിയന്ത്രണങ്ങളില്ല, പൂർണ്ണമായ സ്വാതന്ത്ര്യമുണ്ട്. ദാർശനികമായ സങ്കൽപ്പങ്ങളല്ല, പ്രാദേശികമായ ആവശ്യങ്ങൾ കണക്കിലെടുത്തുകൊണ്ട് പദ്ധതികൾ ആവിഷ്കരിക്കാനും നടപ്പിലാക്കാനും സ്വാതന്ത്ര്യം കൊടുത്തുവെന്നുള്ളതാണ് വലിയ നേട്ടം.

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : സർ, അങ്ങ് പറഞ്ഞത് മനസ്സിലായി. നാലഞ്ച് വർഷം മുമ്പ് ഒരു പഞ്ചായത്തിന്റെ പ്ലാൻ ഡോക്യുമെന്റ് അല്ലെങ്കിൽ പദ്ധതി രേഖയും ഇന്നത്തെ അവരുടെ പദ്ധതി രേഖയും എടുത്തുനോക്കിയാൽ പ്ലാൻ ഡോക്യുമെന്റ് എന്ന രീതിയിൽ വലിയ വ്യത്യാസമില്ലേ; വല്ലാതെ പുറകിലോട്ട് പോയിട്ടില്ലേ എന്നുള്ളതാണ് എന്റെ വിനീതമായ ചോദ്യം.

<u>ശ്രീ. കെ.സി. ജോസഫ്</u> : എന്റെ വിലയിരുത്തലിൽ പുറകിലോട്ട് പോയിട്ടില്ല. ഇവിടെ ചർച്ച ചെയ്ത കാര്യങ്ങളെക്കുറിച്ച് ഞാൻ പറയാം. നേരത്തെ പ്ലാൻ ഉണ്ടാക്കണം. ടി.എ.ജി. മാർ ആഫീസിൽ വരാറില്ല. ടി.എ.ജി. മാരുടെ പിന്നാലെ മെമ്പർമാർ നടക്കുമ്പോൾ ഒരു വിലയിരുത്തലും നടത്താതെ വെറുതെ ഒപ്പിട്ട് കൊടുക്കുകയാണ്. അങ്ങ് പറയുന്ന ടി.എ.ജി. വലിയ സങ്കൽപ്പമാണ്. പക്ഷേ, യാഥാർത്ഥ്യ ബോധമില്ലായിരുന്നു. തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളുടെ മുകളിൽ ചില ഉദ്യോഗസ്ഥന്മാരുടെ നിയന്ത്രണം ഉണ്ടായെങ്കിൽ ഞങ്ങളത് എടുത്തുകളഞ്ഞു. അധികാര വികേന്ദ്രീകരണം പൂർണ്ണമാക്കി. ഇവിടെ ചർച്ച ആരംഭിച്ച ശ്രീ. ജെയിംസ് മാത്യു പാലിന്റെ കാര്യത്തെക്കുറിച്ച് പറഞ്ഞു. അദ്ദേഹം പാലിനെപ്പറ്റി മാത്രം സംസാരിച്ചത് സന്തോഷമുള്ള കാര്യമാണ്. അദ്ദേഹം പറഞ്ഞ നിർദ്ദേശങ്ങൾ വളരെ ഗൗരവമായി കണക്കിലെടുക്കുന്നു. സർക്കാരും പഞ്ചായത്തും നൽകുന്ന

സബ്സിഡികൾ വ്യത്യസ്തമാണെന്ന് ഇവിടെ ചൂണ്ടിക്കാണിച്ചത് പരിശോധിക്കാം. പഞ്ചായത്ത് ഫണ്ടിന്റെ പരിമിതിയാണ് അതിനുകാരണം. ഏതായാലും സർക്കാർ നൽകുന്നതുപോലെ പഞ്ചായത്തും സബ്സിഡി നൽകുവാൻ കഴിയുമോയെന്ന് പരിശോധിക്കാം. ഇവിടെപ്പറഞ്ഞതുപോലെ കുളമ്പുരോഗമുണ്ടായി. കുളമ്പുരോഗത്തിന് ബഡ്ജറ്റിൽ പണം വകയിരുത്തിയിരുന്നില്ല. കുളമ്പുരോഗം പ്രത്യേക സമയത്ത് ഉണ്ടായതാണ്. പണം വകയിരുത്താത്തതുകൊണ്ടാണ് ഉണ്ടായിരുന്ന പണം വകമാറ്റി ചെലവഴിച്ച് ഫണ്ട് കൊടുത്തത്. സഹായിക്കേണ്ട ചുമതല മൃഗസംരക്ഷണ വകുപ്പിനും ക്ഷീരവികസന വകുപ്പിനുമുണ്ട്. പ്രത്യേകമായ പ്ലാൻ ഫണ്ട് ഇല്ലാത്തതുകൊണ്ട് വകമാറ്റി ചെലവഴിച്ചുവെന്നല്ലാതെ തെറ്റായ നടപടിയായി കാണാൻ സാധിക്കില്ല. പാൽ വില കൂടുമ്പോൾ ആനുകൂല്യം ആർക്കാണെന്ന് ശ്രീ. ജെയിംസ് മാത്യു ചോദിച്ചു. പാൽ വില വർദ്ധിക്കുമ്പോൾ മിൽമ തടിച്ചുകൊഴുക്കുന്നുവെന്നും കൃഷിക്കാർ ശോഷിക്കുന്നുവെന്നും ഇവിടെ പലരും പറഞ്ഞു. 5-9-2011-ൽ ആദ്യം പാൽവില 5 രൂപ വർദ്ധിപ്പിച്ചപ്പോൾ 4 രൂപ 20 പൈസ കൃഷിക്കാർക്കും 20 പൈസ പ്രൈമറി സംഘങ്ങൾക്കും 20 പൈസ വിതരണ ഏജൻസികൾക്കും 20 പൈസ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനവിന്റെ എസ്കലേഷൻ ഫണ്ടിലേയ്ക്കും 20 പൈസ മിൽമയ്ക്കും കൊടുത്തു. 14-10-2012-ൽ ലിറ്ററിന് 5 രൂപ പാൽവില കൂട്ടിയപ്പോൾ 4 രൂപ 60 പൈസ കൃഷിക്കാരനും 20 പൈസ സംഘങ്ങൾക്കും 20 പൈസ വിതരണ ഏജൻസിക്കും കൊടുത്തു. മിൽമയ്ക്ക് അന്ന് ഒരുപൈസയും കൊടുത്തില്ല.

ശ്രീ. ജെയിംസ് മാത്യു: സർ, യഥാർത്ഥത്തിൽ സംഭവിക്കുന്നത്, പാലിന്റെ ഗുണനിലവാരത്തിനനുസരിച്ച് ഈ തുക കൃഷിക്കാരന് കിട്ടുന്നില്ലെന്നുള്ളതാണ്. കുറഞ്ഞ ഗുണനിലവാരത്തെ ആരാണ് മേക്-അപ് ചെയ്യു

ന്നത്? മേക്-അപ് ചെയ്യുന്നത് മിൽമയാണ്. എസ്.എൻ.എഫ്.-നും ഫാറ്റിനും അനുസരിച്ച വിലയാണ് കൃഷിക്കാരന് കൊടുക്കുന്നത്. കൃത്യമായ അളവിൽ എസ്.എൻ.എഫ്.-ഉം ഫാറ്റും ഇല്ല, കൃഷിക്കാരന് വില കിട്ടുന്നില്ല. മിൽമ, കുറവുള്ള എസ്.എൻ.എഫ്.-ഉം ഫാറ്റും മേക്ക്-അപ് ചെയ്യുകയാണ്. അതിന്റെ ഭാഗമായി അങ്ങ് ഇവിടെ പറഞ്ഞതുപോലെ, കൃഷിക്കാരന് കിട്ടുന്നു വെന്ന് കണക്കാക്കുന്ന തുക യഥാർത്ഥത്തിൽ മിൽമയ്ക്കാണ് കിട്ടുന്നത്. അതാണ് വ്യക്തമാക്കേണ്ടത്.

ശ്രീ. കെ.സി. ജോസഫ് : ശ്രീ. ജെയിംസ് മാത്യു പറഞ്ഞ ആക്ഷേപം ഗൗരവമായിട്ടെടുക്കാം. ഏതായാലും പാൽ വില സംബന്ധിച്ച് ഈ പരാതി കണക്കിലെടുത്തുകൊണ്ട് ചാർട്ട് പരിശോധിക്കുന്നതാണ്.

ശ്രീ. ഇ.പി. ജയരാജൻ : മിൽമയുടെ വിഷയം ഇതുമാത്രമല്ല. ആകെ സംഭരിക്കുന്നത് 8.5 ലക്ഷം ലിറ്റർ പാലാണ്. 13.5 ലക്ഷം ലിറ്റർ പാലാണ് വിൽക്കുന്നത്. 5.5 ലക്ഷം ലിറ്റർ പാൽ തമിഴ്നാട്ടിൽ നിന്നും പാൽപ്പൊടി കലക്കി പായ്ക്കറ്റായി കൊണ്ടുവന്ന് വിൽക്കുകയാണ്. നിങ്ങൾ വർദ്ധിപ്പിച്ചു കൊടുക്കുന്ന പൈസ ഇതിനും ബാധകമാണ്. അതും ലാഭമായി മിൽമ എടുക്കുകയാണ്. അതുംകൂടി കൃഷിക്കാരന് കൊടുക്കണമെന്നാണ് പറയുന്നത്.

ശ്രീ. കെ.സി. ജോസഫ് : ഇവിടെ കഴിഞ്ഞ 2 വർഷത്തെ പാലിന്റെ ഉൽപ്പാദനം നോക്കാം. 2011 മെയ് മാസത്തിൽ കേരളത്തിൽ പാലിന്റെ ഉൽപ്പാദനം 6.96 ലക്ഷം ലിറ്ററായിലുന്നു. 3 വർഷത്തിനുശേഷം 2014-ൽ ഏതാണ്ട് 10.6 ലക്ഷം ലിറ്റർ പാൽ കേരളത്തിൽ ഉൽപ്പാദിപ്പിച്ചു. പാലുൽപ്പാദനം വർദ്ധിച്ചു. ഈ ഗവൺമെന്റ് ചുമതലയേൽക്കുമ്പോൾ ഒരു ദിവസം 6-7 ലക്ഷം ലിറ്റർ പാൽ കർണ്ണാടക, തമിഴ്നാട് സംസ്ഥാനങ്ങളിൽ

നിന്നും വാങ്ങിയിരുന്നു. ഇന്ന് വാങ്ങുന്നത് 1.5 –2 ലക്ഷം ലിറ്റർ പാൽ മാത്ര മാണ്. പാൽ വിലയിൽ ഗണ്യമായ വർദ്ധനവുണ്ടായി. യാഥാർത്ഥ കാരണം മനസ്സിലാക്കണം. ഉൽപ്പാദന ചെലവുമായി ബന്ധപ്പെട്ട ന്യായമായ വില കിട്ടി യില്ലെങ്കിൽ കേരളത്തിൽ കൃഷിക്കാരനുണ്ടാകില്ല. കേരളത്തിൽ ഇന്ന് കായികാദ്ധ്വാനം ആവശ്യമായ ഒരു ജോലിക്കും മലയാളി തയ്യാറല്ല. അതിന് ബീഹാറുകാരനോ, ബംഗാളിയോ വേണം. രാവിലെ എഴുന്നേറ്റ് കന്നുകാലി ക്കൂട്ടിൽ പോയി ചാണകം വാരി, പശുവിനെ കുളിപ്പിച്ച്, പാൽ കറന്ന് വിൽക്കുന്ന കൃഷിക്കാരന് ന്യായമായ വില കിട്ടിയില്ലെങ്കിൽ ഇന്ന് കേരള സംസ്ഥാനത്ത് ഈ രംഗത്ത് ആരും ഉണ്ടാകില്ല. അതുകൊണ്ട് ഉൽപ്പാദന ചെലവുമായി ബന്ധപ്പെട്ട ന്യായമായ വില കൊടുക്കാൻ നിർബന്ധിതമാണ്. അതുകൊണ്ട് മാത്രമാണ് പാലിന്റെ വില വർദ്ധിപ്പിക്കുന്ന കാര്യം ഗവൺമെന്റ് ആലോചിക്കാൻ നിർബന്ധിതമായത്.

<u>മി. സ്പീക്കർ</u> : ആദ്യം മിനിസ്റ്റർ സംസാരിച്ച് തീർക്കൂ.

<u>ശ്രീ. കെ.സി. ജോസഫ്</u>: സർ, പാലിന്റെ കാര്യത്തിൽ കേരളത്തിൽ, ക്ഷീരവികസന വകുപ്പും മൃഗസംരക്ഷണ വകുപ്പും മിൽമയുമെല്ലാം കൂട്ടായി ആലോചിച്ചുകൊണ്ട് ഈ രംഗത്ത് വലിയ മാറ്റമുണ്ടാക്കാൻ ആത്മാർത്ഥമായി പരിശ്രമിക്കുന്നുണ്ട്. ക്ഷീരകർഷക പെൻഷൻ ഈ സർക്കാർ ഭരണത്തിൽ വരുമ്പോൾ മാസം 300 രൂപയയായിരുന്നു. അത് 500 രൂപയാക്കി വർദ്ധിപ്പിച്ചു. കാലിത്തീറ്റ സബ്സിഡി 6 മാസം കൊടുത്തിരുന്നു. ഒരുലിറ്റർ പാലിന് 40 പൈസ കൊടുത്തിരുന്നത് ഇപ്പോൾ 1 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 12 മാസവും കാലിത്തീറ്റ സബ്സിഡി കൊടുക്കുന്നുണ്ട്. ഗവൺമെന്റിന് സാമ്പത്തികമായ പ്രയാസങ്ങൾ ഉണ്ടെങ്കിലും ചുരുങ്ങിയ കാലംകൊണ്ട് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യാൻ ഗവൺമെന്റ് ആത്മാർത്ഥമായി

പരിശ്രമിക്കുന്നുണ്ട്. തീർച്ചയായും ക്ഷീരമേഖലയിൽ ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കാൻ സാധിക്കണം. അക്കാര്യത്തിൽ പരമാവധി ഗവൺമെന്റ് പരിശ്രമിക്കുന്നുണ്ട്. 12–ാം പഞ്ചവൽസര പദ്ധതി പൂർത്തിയാകുമ്പോഴെങ്കിലും പാലിന്റെ കാര്യത്തിൽ കേരളത്തിന് സ്വയംപര്യാപ്തത ഉണ്ടാകണമെന്നാണ് ഞങ്ങളുടെ ഉദ്ദേശ്യം. ഗ്രാമ–ബ്ലോക്ക്–ജില്ലാ പഞ്ചായത്തുകൾ ക്ഷീര മേഖലയിൽ സബ്സിഡി കൊടുക്കുന്നുണ്ട്, അതിനായി പ്ലാൻ ഫണ്ടിൽ തുക മാറ്റി വയ്ക്കുന്നുണ്ട്. കൂട്ടായ പ്രവർത്തനത്തിലൂടെ ഈ രംഗത്ത് വലിയ മാറ്റമുണ്ടാക്കാൻ സാധിക്കും. ഇവിടെ പറഞ്ഞ കാര്യം കുളമ്പുരോഗം ഉണ്ടായപ്പോഴുള്ള ചില നിയന്ത്രണങ്ങളാണ്. അന്യ സംസ്ഥാനത്തുനിന്നും കന്നുകാലികളെ കൊണ്ടുവരുമ്പോൾ ആ കന്നുകാലികൾ മുഖേന കുളമ്പുരോഗം ബാധിക്കുന്നതായി പരാതിയുണ്ടായതുകൊണ്ടാണ് നിയന്ത്രണം ഏർപ്പെടുത്തിയത്. ഇപ്പോൾ നിയന്ത്രണം പിൻവലിച്ചിട്ടുമുണ്ട്. മറ്റൊരു പ്രശ്നം ഗ്രാവികസനവുമായി ബന്ധപ്പെട്ട കേന്ദ്രപദ്ധതിയുടെ കാര്യമാണ്. ശ്രീ. പാലോട് രവി ഇവിടെപ്പറഞ്ഞ രണ്ട് കാര്യങ്ങളുണ്ട്. 20–10–2011–ൽ കൂടിയ യോഗത്തിലെ ചർച്ചയിൽ സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളിലെ ജീവനക്കാർക്ക് നൽകുന്നതുപോലെ, മിൽമ തൊഴിലാളികൾക്കും പെൻഷൻ അംഗീകരിക്കാമെന്ന് സമ്മതിച്ചിരുന്നുവെന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുകയുണ്ടായി. അത് ഗൗരവമയി പരിശോധിക്കാം. അങ്ങനെയൊരു ഉറപ്പ് നൽകിയിട്ടുണ്ടെങ്കിൽ തീർച്ചയായും എന്താണ് തടസ്സമെന്ന് നോക്കി പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ജോസ് തെറ്റയിൽ: സർ,

മി. സ്പീക്കർ: പ്ലീസ്.. ശ്രീ. ജോസ് തെറ്റയിൽ, ഇനിയും രണ്ടുമന്ത്രിമാർ മറുപടി പറയാനുണ്ട്. മിനിസ്റ്റർ മറുപടി പറയട്ടെ.. പ്ലീസ്.. അങ്ങ് മന്ത്രി

യായിരുന്ന ആളാണ്, നമുക്ക് ധാരാളം കാര്യങ്ങൾ ചോദിക്കാനുണ്ടാകും. ആദ്യം മിനിസ്റ്റർ മറുപടി പറയട്ടെ.

ശ്രീ. കെ. സി. ജോസഫ്: സർ, മിൽമയ്ക്ക് നൽകുന്ന ആനുകൂല്യങ്ങൾ പി.ഡി.പി.പി. (ദി പീപ്പിൾസ് ഡെയറി ഡെവലപ്പ്മെന്റ് പ്രോജക്ട്) പോലുള്ള സംഘങ്ങൾക്ക് കൊടുക്കണമെന്നാണ് അദ്ദേഹത്തിന് പറയാനുള്ളത്. എല്ലാപേർക്കും ഇക്കാര്യത്തിൽ അഭിപ്രായ ഐക്യമുണ്ടെങ്കിൽ അതിന് തടസ്സമില്ല, പക്ഷെ ഈ സഭയിൽ അഭിപ്രായ ഐക്യമുണ്ടാകണം. നിങ്ങളും സമ്മതിക്കണം, നാളെ ഞങ്ങളെ കുറ്റപ്പെടുത്താൻ പാടില്ല. അതുപോലെതന്നെ, ബഹുമാനപ്പെട്ട മുല്ലക്കര രത്നാകരൻ പറഞ്ഞ അഗ്രീ പോലീസിനെക്കുറിച്ച് എനിക്ക് അറിയില്ല, ഏതായാലും അത് പരിശോധിക്കുന്നതാണ്. പാലുൽപ്പാദനത്തിൽ ഒരു ബ്രീഡിംഗ് പോളിസി വേണമെന്ന് ശ്രീ. പാലോട് രവി പറയുകയുണ്ടായി. മൃഗസംരക്ഷണവകുപ്പുമന്ത്രിയുമായി ആലോചിച്ച് അക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ ശ്രമിക്കുന്നതാണ്. ബ്ലോക്കുകളുമായി ബന്ധപ്പെട്ട ഓഫീസുകളുടെ കാര്യത്തിലിപ്പോൾ നിയന്ത്രണങ്ങളുണ്ട്, ഓഫീസുകൾ വെട്ടിച്ചുരുക്കിയിട്ടില്ല. പക്ഷെ പുതിയ ബ്ലോക്ക് പഞ്ചായത്തുകളുണ്ടായപ്പോൾ അതിർത്തികളിൽ മാറ്റം വന്നു. ചില ഓഫീസുകൾക്ക് മാറ്റം സാധിച്ചില്ല. ഏതായാലും പുതിയ ബ്ലോക്കുകളിലും വളരെ വൈകാതെതന്നെ ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ കൊടുത്തുകഴിഞ്ഞിട്ടുണ്ട്, അതിപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലാണ്. തൊഴിലുറപ്പുമായി ബന്ധപ്പെട്ട് ഇവിടെ രാവിലെ ചോദ്യോത്തര വേളയിലും പിന്നീടും ചർച്ചകളുണ്ടായതാണ്. കഴിഞ്ഞ മൂന്നുകൊല്ലക്കാലം ഏറ്റവും മാറ്റമുണ്ടായ മേഖലയാണ് തൊഴിലുറപ്പുമേഖല. തൊഴിലുറപ്പുപദ്ധതിയുമായി ബന്ധപ്പെട്ട് ചെയ്യാൻ കഴിയുന്ന ജോലികളെ സംബന്ധിച്ച് പല വിമർശനങ്ങളു

മുണ്ടായി. പക്ഷെ ഉൽപ്പാദന മേഖലയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഷെഡ്യൂളിൽ ഉൾപ്പെടുത്തണമെന്നുതന്നെയാണ് ഗവൺമെന്റിന്റെ അഭിപ്രായം. ഓരോ സംസ്ഥാനങ്ങളുടെയും പശ്ചാത്തലം പരിശോധിച്ചു വേണം തൊഴിലുറപ്പിന്റെയും കേന്ദ്രാവിഷ്കൃത പദ്ധതിയുടെയും മാനദണ്ഡ ങ്ങൾ തയ്യാറാക്കേണ്ടതെന്ന് മൂന്നുകൊല്ലമായി ഞങ്ങൾ പറയുന്ന കാര്യമാണ്. പക്ഷെ ഇപ്പോഴും വലിയ മാറ്റമുണ്ടായിട്ടില്ല. ഏതായാലും വികസനപരമായ കാര്യങ്ങളുമായി ബന്ധപ്പെട്ട് തൊഴിൽ ചെയ്യാൻ കഴിയുന്ന രീതിയിൽ ആവശ്യമായ മാറ്റങ്ങൾ തൊഴിലുറപ്പ് പദ്ധതിയിലുണ്ടാക്കാൻ കഴിയുന്ന കാര്യത്തിൽ ഗവൺമെന്റിന് വ്യക്തമായ അഭിപ്രായം തന്നെയാണുള്ളത്. തൊഴിലുറപ്പിന്റെ കാര്യത്തിൽ ഞാൻ രാവിലെ പറഞ്ഞു, 2010–2011–ൽ നമ്മൾ ചെലവഴിച്ചത് 701.12 കോടി രൂപയാണെങ്കിൽ 2013–14–ൽ 1740.12 കോടി രൂപ യാണ് ചെലവഴിച്ചിട്ടുള്ളത്. ഏതാണ്ട് ഇരട്ടിയലധികമുള്ള വർദ്ധനവുണ്ടായിട്ടു ണ്ട്. തൊഴിൽ ദിനങ്ങൾ വർദ്ധിച്ചു. 2010–11–ൽ 11.85 ലക്ഷം കുടുംബങ്ങൾക്ക് ജോലി നൽകിയപ്പോൾ 2013–14–ൽ അത് 17 ലക്ഷം കുടുംബങ്ങൾക്കായി വർദ്ധിച്ചു. അതുപോലെതന്നെ, ഇൻഡ്യയിലാദ്യമായി കേരളത്തിൽ തൊഴിലു റപ്പുപദ്ധതിയിൽ 100 ദിവസം പൂർത്തിയാക്കിയ സ്ത്രീകൾക്ക് 2011–12–ൽ 1,000 രൂപ ബോണസായി നൽകുകയുണ്ടായി. ഇൻഡ്യയിൽ കേരളത്തിൽ മാത്രമാണ് തൊഴിൽ സമയം രാവിലെ 8 മണിക്ക് പകരം 9 മണി മുതൽ 5 മണി വരെയാക്കിയത്. മുഖ്യമന്ത്രിയടക്കമുള്ളവർ നടത്തിയ വലിയ ശ്രമങ്ങൾകൊണ്ടാണ് കേന്ദ്ര ഗവൺമെന്റ് കേരളത്തിന്റെ ആവശ്യം പരിഗണിച്ചുകൊണ്ട് തൊഴിൽ സമയത്തിൽ ഒരു മണിക്കൂർ ഇളവ് നൽകുന്ന തിനുള്ള അനുവാദം നൽകിയത്. ഇവിടെ, ഈ പദ്ധതി ആരംഭിച്ച

പ്പോൾത്തന്നെ എല്ലാ പഞ്ചായത്തുകളിലും ബ്ലോക്കുകളിലും ഭാരത് നിർമ്മാൺ രാജീവ് ഗാന്ധി സേവാ കേന്ദ്രങ്ങൾ അനുവദിക്കുകയുണ്ടായി. ഈ ഗവൺമെന്റ് വരുന്നതുവരെ ഒരു പഞ്ചായത്തിലും ഒരു ബ്ലോക്കിലും പ്രസ്തുത കേന്ദ്രങ്ങളൊന്നും ആരംഭിച്ചിരുന്നില്ല. മെറ്റീരിയൽ കമ്പോണന്റിനു വേണ്ടിയുള്ള മാനദണ്ഡങ്ങളുണ്ടാക്കാൻ കഴിയാതെ നീണ്ടുപോയതുകൊണ്ട് ഒരു പഞ്ചായത്തും ഫണ്ട് ചെലവഴിച്ചില്ലെന്നതാണ് കാരണം. ഇപ്പോൾ ഏകദേശം 69 കെട്ടിടങ്ങളുടെ പണി ആരംഭിച്ചുകഴിഞ്ഞു. മിക്കവാറും എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. തൊഴിലുറപ്പ് വേതനത്തിന്റെ കാര്യമിവിടെ പറയുകയുണ്ടായി. വേതനത്തിന്റെ കാര്യത്തിൽ ചില പ്രയാസങ്ങളുണ്ടായി. കാരണം, ഞാൻ രാവിലെ പറഞ്ഞതാണ്, 2013–14–ൽ കേന്ദ്ര ഗവൺമെന്റിൽനിന്ന് ലഭിച്ചത് 1,300 കോടി രൂപയായിരുന്നുവെങ്കിൽ ഈയിനത്തിൽ ചെലവായത് 1,700 കോടി രൂപയാണ്. കേന്ദ്ര ഗവൺമെന്റിൽ നിന്നുള്ള തുകയിൽ നിന്ന് 400 കോടി രൂപ കുറവുവന്നപ്പോൾ ആ സാമ്പത്തിക വർഷം പണം കൊടുക്കുന്നതിന് കുറച്ചു പ്രയാസങ്ങളുണ്ടായി. ആ പ്രയാസം മറികടക്കുന്നതിനുവേണ്ടി ഞങ്ങൾ പഞ്ചായത്തുകളുമായി ബന്ധപ്പെട്ട് പഞ്ചായത്തിന്റെ നോൺ റോഡ് ഫണ്ട് മെയിന്റനൻസ് തുക വകമാറ്റി ചെലവഴിച്ചുകൊണ്ട് കൂലി കൊടുത്തു. ഇനി കുടിശ്ശിക കൊടുക്കാൻ ബാക്കിയില്ല. എം.എൽ.എ.മാരുടെ പഞ്ചായത്തുകളിൽ ഏതിലെങ്കിലും ഇനി കുടിശ്ശിക ബാക്കിയുണ്ടെങ്കിൽ എഴുതിത്തന്നാൽ പരിശോധിക്കുന്നതും കുടശ്ശിക ഉടനെ നൽകാനുള്ള നടപടി സ്വീകരിക്കുന്നതുമാണ്. ഇവിടെ മിനിമം കൂലിയുടെ കാര്യം പറഞ്ഞു. ഈ സർക്കാർ വരുമ്പോൾ കേരളത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ മിനിമം കൂലി

ഒരു തൊഴിലാളിക്ക് 150 രൂപയായിരുന്നു. പിന്നീടത് 180 രൂപയാക്കി. 2014 ഏപ്രിൽ ഒന്നു മുതൽ 212 രൂപയായി വർദ്ധിപ്പിച്ചു. അതേ അവസരത്തിൽ മറ്റ് സംസ്ഥാനങ്ങളിലെല്ലാം മിനിമം കൂലി വളരെ കുറവാണ്. തൊഴിലുറപ്പു പദ്ധതിയിൽ കാർഷിക മേഖലയെ ഉൾപ്പെടുത്തണമെന്ന കാര്യം ബഹുമാന പ്പെട്ട തോമസ് ചാണ്ടി ഉൾപ്പെടെ എല്ലാപേരും പറയുകയുണ്ടായി. വളരെ ന്യായമായ ആവശ്യമാണത്. കാരണം, ഇവിടെയെല്ലാപേരും പറഞ്ഞതു പോലെ തൊഴിലുറപ്പുപദ്ധതി അർത്ഥപൂർണ്ണമാകണമെങ്കിൽ ഉൽപ്പാദന മേഖല യിൽ പങ്കാളിത്തമുണ്ടാകണം. ചെറുകിട നാമമാത്ര കൃഷിക്കാരുടെ കൃഷിയി ടങ്ങളിലും പണിയെടുക്കാനുള്ള അവസരമുണ്ടാകണം. ഇതിന്റെ മാനദണ്ഡ മുണ്ടാക്കുന്നത് സംസ്ഥാന ഗവൺമെന്റല്ല, കേന്ദ്ര ഗവൺമെന്റാണ് എന്ന താണ് ഇതിന് തടസ്സമായി നിൽക്കുന്നത്. തൊഴിലുറപ്പിന്റെ ആക്ട് പ്രകാരം ആവശ്യമായ തൊഴിലുകളുടെ ലിസ്റ്റ് നിശ്ചയിക്കുകയെന്നത് കേന്ദ്ര ഗവൺമെന്റിന്റെ അധികാരപരിധിയിൽപ്പെട്ടതാണ്. ഓരോ സംസ്ഥാന ങ്ങൾക്കും അതിനുള്ള സ്വാതന്ത്ര്യമുണ്ടാകണമെന്ന നമ്മുടെ നിലപാട് നേരത്തെ അറിയിച്ചിട്ടുള്ളതാണ്. ഏതായാലും ആ അനുമതി ഇതുവരെ ലഭിച്ചിട്ടില്ല. ഇവിടെ ഉന്നയിച്ചതുപോലെതന്നെ കേരളത്തിന്റെ ആവശ്യങ്ങൾ കണക്കിലെടുത്തുകൊണ്ട് കേരളത്തിന്റെ ഉൽപ്പാദക മേഖലയായ കാർഷിക മേഖല, ഇറിഗേഷൻ മേഖല തുടങ്ങിയ മേഖലകൾകൂടി തൊഴിലുറപ്പിലൂടെ ആസ്തികൾ ഉണ്ടാക്കാൻ കഴിയുന്ന രീതിയിൽ മാറ്റംവരുത്താൻ സംസ്ഥാന ഗവൺമെന്റ് പരിശ്രമിക്കുന്നുണ്ട്. മറ്റൊരു പ്രധാനപ്പെട്ട വിഷയം, പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന പദ്ധതിയാണ്. ഇവിടെ 2010 വരെ കേരളത്തിലെ 7 ഫെയ്സിൽ റോഡുകൾ ലഭിച്ചു. 7 ഫെയ്സുകളിൽ ലഭിച്ച റോഡുകളിൽ 303

റോഡുകൾ പ്രവൃത്തി ആരംഭിക്കുകപോലും ചെയ്തില്ല. കഴിഞ്ഞ നിയമസഭയിൽ ഞങ്ങൾ അപ്പുറത്തിരിക്കുമ്പോൾ ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് പലപ്രാവശ്യം ഉന്നയിച്ച കാര്യമാണിത്. കാരണം, കേന്ദ്ര ഫണ്ടുകൊണ്ട് നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കുന്നില്ല, കേന്ദ്ര ഫണ്ട് മതിയാകുന്നില്ല. ആരും ടെണ്ടർ എടുക്കുന്നില്ല. അതുകൊണ്ട് ടെണ്ടർ എക്സസ് കൊടുക്കുന്നതിനുവേണ്ടി കേരള ഗവൺമെന്റ് പണം മാറ്റിവയ്ക്കാനാവശ്യപ്പെട്ടെങ്കിലും അന്ന് അതിനുള്ള നടപടി സ്വീകരിച്ചില്ല. പക്ഷെ, ഈ ഗവൺമെന്റ് അതിൽ മാറ്റം വരുത്തി 2010 വരെ ഒന്നുമുതൽ ഏഴ് വരെ ഫെയ്സുകളിൽ മുടങ്ങി കിടന്ന 203 റോഡുകളിൽ ഞങ്ങൾ 42% ടെണ്ടർ എക്സസ് കൊടുത്ത് ടെണ്ടർ വിളിച്ചു, അതിൽ 303 റോഡിൽ 155 റോഡുകൾ പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. അതിനുവേണ്ടി കേരളാ ഗവൺമെന്റ് 115 കോടി രൂപ അധികമായി അനുവദിക്കുകയുണ്ടായി. ബാക്കി റോഡുകൾ സറണ്ടർ ചെയ്തതിനുശേഷം പുതിയതായി നമുക്ക് 95 റോഡുകൾ ലഭിക്കുകയുണ്ടായി. ആ റോഡുകൾക്ക് കേന്ദ്ര ഗവൺമെന്റുതന്നെ 37% എക്സസ് റേറ്റ് അനുവദിച്ചു. സംസ്ഥാന ഗവൺമെന്റ് 63 കോടി രൂപ ഓവർ ഡ്രാഫ്റ്റ് അനുവദിച്ചതുകൊണ്ട് ആ റോഡുകളും ടെണ്ടർ വിളിച്ച് പണി ആരംഭിച്ചിരിക്കുകയാണ്. 2012–13–ൽ 746 കിലോ മീറ്റർ റോഡുകൾ കേന്ദ്ര ഗവൺമെന്റ് അനുവദിച്ചു. ഈ റോഡുകൾക്ക് എസ്.ഒ.ആർ. (ഷെഡ്യൂൾ ഓഫ് റേറ്റ്) ന് മുകളിൽ 20% ടെണ്ടർ എക്സസ് കൊടുത്തുകൊണ്ട് ടെണ്ടർ വിളിച്ചു. അതിലെ 124 റോഡുകൾ പ്രവൃത്തിയാരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. കേന്ദ്രവിഹിതം 227 കോടി രൂപയും സംസ്ഥാന വിഹിതം 38 കോടി രൂപയുമാണ്. ബാക്കി

അവശേഷിക്കുന്ന 370 റോഡുകളിൽ 174 റോഡുകൾ ഒഴികെ 196 റോഡുകൾ വീണ്ടും ടെണ്ടർ വിളിച്ചിട്ടുണ്ട്. അതിന് 35% അധികതുക കേരളം കൊടുത്തിട്ടുണ്ട്.

ശ്രീമതി പി. അയിഷാ പോറ്റി: സർ, എന്റെ മണ്ഡലത്തിലുൾപ്പെട്ട നാലാമത്തെ ഫെയ്സിലുള്ള റോഡ് പി.എം.ജി.എസ്.വൈ. പദ്ധതിയിൽ 2005-ൽ ടെണ്ടർ എടുത്തതാണ്. ഇതുവരെ നടന്നിട്ടില്ല. അതൊന്നു ക്ലോസ് ചെയ്തുതരാനുള്ള നടപടി അങ്ങ് സ്വീകരിക്കുമോ? അതിൽ ഇനി വേറെ ഒരു ഫണ്ടും വകയിരുത്താൻ സാധിക്കില്ല.

ശ്രീ. കെ. സി. ജോസഫ്: സർ, ബഹുമാനപ്പെട്ട മെമ്പർ, ഫോർത്ത് ഫെയ്സിലെ റോഡിന് അനുവാദം ലഭിച്ചത് 2004-2005-ലാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞ കാര്യം ആലോചിക്കാം. ഇവിടെ ഒരു കാര്യം, പി.എം.ജി.എസ്.വൈ. പദ്ധതിയിൽ റോഡുകൾ അനുവദിക്കുന്ന കാര്യത്തിൽ കേരളം വളരെ പുറകിലായിരുന്നു. 2010-ലെ കണക്ക് പരിശോധിക്കുമ്പോൾ ആന്ധ്രാപ്രദേശിന് ലഭിച്ചത് ഏതാണ്ട് 5,500 കോടി രൂപ, കർണ്ണാടകം 3,706 കോടി രൂപ, തമിഴ്നാട് 3,725 കോടി രൂപ കേരളം 813 കോടി രൂപ എന്നിങ്ങനെയാണ്. 2010 വരെയുള്ള കണക്കാണിത്. ലഭ്യമായ റോഡുകളൊന്നും പൂർത്തിയാക്കിയിട്ടില്ല. പീന്നീട് ഘട്ടം വന്നപ്പോൾ കഴിഞ്ഞ ബഡ്ജറ്റിൽ ശ്രീ. പി. ചിദംബരം 50,000 കോടി രൂപ പ്രഖ്യാപിച്ചുവെങ്കിലും കേരളത്തെ ഉൾപ്പെടുത്തിയില്ല. ഞങ്ങൾ കേന്ദ്രഗവൺമെന്റുമായി ബന്ധപ്പെട്ടപ്പോൾ കേന്ദ്രഗവൺമെന്റ് കേരളത്തിന് അനുവദിച്ച ഫണ്ട് ചെലവഴിക്കാതെ കുടിശ്ശികയാണെന്ന് പറഞ്ഞതായാണ് മനസ്സിലായത്.

അനുവദിച്ച ഫണ്ട് ചെലവഴിക്കാതെ പുതിയ റോഡ് നൽകില്ലെന്നുപറഞ്ഞു. അതുകൊണ്ടാണ് വളരെ വേഗത്തിൽ സംസ്ഥാന ഗവണ്മെന്റുതന്നെ ഫണ്ട് മാറ്റിവച്ച് മിക്കവാറുമുള്ള കുടിശ്ശിക റോഡുകളുടെ പ്രവൃത്തികൾ ആരംഭിച്ചു, പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ഇപ്പോൾ കേന്ദ്ര ഗവണ്മെന്റ് രണ്ടാമത്തെ ഫെയ്സിൽ കേരളത്തെ ഉൾപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് നമുക്ക് പുതിയതായി ഏതാണ്ട് 570 കി.മീ. റോഡുകൾ കൂടുതൽ ലഭിക്കാൻ പോകുകയാണ്. അത് എം.എൽ.എ. മാരുമായി ബന്ധപ്പെട്ട് ഡിസ്ട്രക്ട് റൂറൽ പ്ലാൻ തയ്യാറാക്കിയാണ് അംഗീകരിക്കാൻ ഉദ്ദേശിക്കുന്നത്. ഇത്തവണമുതൽ ഈ റോഡുകൾക്ക് സംസ്ഥാന റേറ്റുകൾക്ക് പകരം സി.പി.ഡബ്ലിയു.ഡി. റേറ്റ് അംഗീകരിച്ചിട്ടുണ്ട്. അത് മെച്ചപ്പെട്ട റേറ്റായതുകൊണ്ട് ഇനി കേരള ഗവണ്മെന്റിന്റെ ഫണ്ട് മാറ്റിവയ്ക്കേണ്ടി വരില്ല. കാരണം സി.പി.ഡബ്ലിയു.ഡി. യുടെ റേറ്റ് നല്ലതായതുകൊണ്ട് ആ റേറ്റിൽതന്നെ വർക്ക് ചെയ്യാൻ സാധിക്കും. പി.എം.ജി.എസ്.വൈ. യുടെ റോഡുകളുടെ കാര്യത്തിൽ ഇവിടെ എപ്പോഴും ഉന്നയിക്കുന്ന ആവശ്യം എന്താണ്? ഇന്നിവിടെ നടന്ന ചർച്ചകളിലെല്ലാം പറഞ്ഞത് ഗ്രാമീണ റോഡുകളുടെ ആവശ്യമാണ്. ഗ്രാമീണ റോഡുകൾക്ക് ഏറ്റവും മികച്ച മാർഗ്ഗമാണ് പി.എം.ജി.എസ്.വൈ. ഭാരത് നിർമ്മാൺ യോജന പദ്ധതിയിൽ കേന്ദ്ര ഗവണ്മെന്റ് അനിയന്ത്രിതമായി ഫണ്ട് കൊടുത്തിട്ടും ഫണ്ട് വാങ്ങാൻ നമുക്ക് സാധിച്ചില്ല, ഫണ്ട് ചെലവഴിക്കാൻ സാധിച്ചില്ല. അതിൽനിന്നൊരു മോചനമുണ്ടാക്കാൻ ഞങ്ങൾ ആത്മാർത്ഥമായി പരിശ്രമിക്കുന്നുണ്ട്. ഈ സർക്കാർ ഭരണത്തിലേയ്ക്ക് വരുമ്പോൾ ഇന്ദിര ആവാസ് യോജന പദ്ധതി പ്രകാരം ഒരു വീടിനു കൊടുത്തിരു

ന്നത് പൊതു വിഭാഗത്തിന് 75000 രൂപയും എസ്.സി. വിഭാഗത്തിന് ഒരു ലക്ഷം രൂപയും എസ്.ടി. വിഭാഗത്തിന് 1,25,000 രൂപയുമായിരുന്നു. അത് ഞങ്ങൾ വർദ്ധിപ്പിച്ചു. പൊതുവിഭാഗത്തിനും എസ്.സി. വിഭാഗത്തിനും 2 ലക്ഷം രൂപ യാക്കി. ഇന്ത്യയിൽ ഈ വർദ്ധനവ് വരുത്തിയ ഏക സംസ്ഥാനം കേരളമാണ്.

ശ്രീ കെ. കെ. ജയചന്ദ്രൻ: മണ്ണിനും സിമന്റിനുമൊക്കെ വിലകൂട്ടിയിട്ട് ഇത് കൂട്ടികൊടുത്തിട്ട് ഒരു കാര്യവുമില്ല.

ശ്രീ. കെ. സി. ജോസഫ്: സർ, നിങ്ങൾ ഭരിച്ചപ്പോഴും മണ്ണിന് വിലയുണ്ടായിരുന്നല്ലോ. മണ്ണിന് വിലകൂടിയത് ഇന്നലെയൊന്നുമല്ലല്ലോ. ഇന്ത്യയിൽ കേരളം മാത്രമാണ് ഇന്ദിര ആവാസ് യോജന പദ്ധതിപ്രകാരം പൊതു വിഭാഗത്തിനും എസ്.സി. വിഭാഗത്തിനും 2 ലക്ഷം രൂപ വീതം നൽകുന്നത്. അതിനുവേണ്ടി ആവശ്യമായ യൂണിറ്റ് കോസ്റ്റിന് കേന്ദ്രം നൽകുന്ന യൂണിറ്റ് കോസ്റ്റ് 70,000 രൂപയാണ്. 50000 രൂപ കേരള ഗവണ്മെന്റ് കൊടുക്കും. ബാക്കി തുക പഞ്ചായത്തുകൾ കണ്ടെത്തണം. പഞ്ചായത്തുകളുടെ റസ്പോൺസിബിലിറ്റിയാണിത്. ഗ്രാമ പഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും ജില്ലാ പഞ്ചായത്തും ........ (ബഹളം).......പ്ലാൻ ഫണ്ടുണ്ടല്ലോ. ..............(ബഹളം).......... ഇതൊക്കെയായിട്ടും അവസാനം ചെലവഴിക്കാതെ തുക ബാക്കികിടപ്പുണ്ടല്ലോ. എന്തുകൊണ്ടാണ് അങ്ങനെവരുന്നത്. ഗ്രാമ പഞ്ചായത്തിലും ബ്ലോക്ക് പഞ്ചായത്തിലും പ്രാദേശികമായി ഭവന നിർമ്മാണം പ്രയോറിറ്റി മേഖലയാണ്. അതിന് പണം മാറ്റിവയ്ക്കണം. അത് ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലയാണ്. .......(ബഹളം).......... പ്ലാൻ ഫണ്ട് കൊടുത്താൽ മതി. ഏതായാലും അതുകൊണ്ട് നിർമ്മാണം പൂർത്തിയാകുന്നു. കേരള ഗവണ്മെന്റ്

കൊടുക്കാനുള്ള ഫണ്ട് കൊടുക്കാൻ താമസമുണ്ടായി. അത് എത്രയുംവേഗം കൊടുക്കും. തീർച്ചയായും ആ നിർമ്മാണം പൂർത്തിയാക്കും.

ശ്രീ. എ. കെ. ബാലൻ : സർ, സംസ്ഥാന ഗവണ്മെന്റ് ഒരു ഉപഭോക്താവിന് 50000 രൂപയാണ് കൊടുക്കേണ്ടത്. അത് കൊടുക്കാത്തതുകൊണ്ട് ഇന്ദിര ആവാസ് യോജനപ്രകാരമുള്ള വീടുകളുടെ പണി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. 160 ഓളം കോടി രൂപ കൊടുക്കാൻ ബാക്കിയായിരുന്നു. അത് കൊടുക്കാമെന്നാണ് പറഞ്ഞത്. ഇപ്പോൾ അത് കൊടുക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. കെ. സി. ജോസഫ്: സർ, ഈ സഭാ സമ്മേളനത്തിലെ ബഡ്ജറ്റ് പൂർണ്ണമായും പാസ്സാക്കികഴിയുമ്പോൾ ആ തുക കൊടുക്കാനുള്ള നടപടി സ്വീകരിക്കും. രണ്ടുമൂന്ന് മേഖലകളിലുണ്ടായ ഈ മാറ്റം കേന്ദ്ര പദ്ധതികളുടെ നടത്തിപ്പിൽ കേരളത്തിലുണ്ടായ ശ്രദ്ധേയമായ മുന്നേറ്റത്തെയാണ് ചൂണ്ടിക്കാണിക്കുന്നത്.

ശ്രീ. എം. ചന്ദ്രൻ : സർ, ബ്ലോക്ക് പഞ്ചായത്തുകൾ ഇന്ദിര ആവാസ് യോജനയുടെ ഫണ്ട് വിഹിതംകൊടുക്കാൻ വളരെ വിഷമിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ പ്ലാൻ ഫണ്ടിൽനിന്ന് കുടിവെള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ തീരുമാനിച്ച സന്ദർഭത്തിലാണ് കുടിവെള്ള പദ്ധതികളൊന്നും തന്നെ ബ്ലോക്കുകൾ ഏറ്റെടുക്കാൻ പാടില്ലായെന്ന സർക്കാർ ഉത്തരവ് വരുന്നത്. ആ ഉത്തരവ് റദ്ദാക്കാൻ അങ്ങ് മുൻകൈയെടുക്കുമോ? കാരണം ഗ്രാമീണ കുടിവെള്ള പദ്ധതിക്കാണ് ഇന്ന് ഏറ്റവും കൂടുതൽ പ്രയോറിറ്റി നൽകേണ്ടത്. അതുകൊണ്ട് അതൊന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. കെ. സി. ജോസഫ് : സർ, കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്ന കാര്യത്തിലുണ്ടായ പ്രയാസങ്ങൾ ചില ബ്ലോക്കുകൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. അത് കഴിഞ്ഞ കോ–ഓർഡിനേഷൻ കമ്മിറ്റി ചർച്ച ചെയ്തതാണ്. അതിനുള്ള അനുവാദം കൊടുക്കും. ഇവിടെ ഗ്രാമവികസന വകുപ്പിന്റെ വ്യത്യസ്തമായ പദ്ധതികളിൽ കഴിഞ്ഞ മൂന്നുകൊല്ലക്കാലം ശ്രദ്ധേയമായ മാറ്റങ്ങൾ വരുത്താൻ സാധിച്ചിട്ടുണ്ട്. കഴിഞ്ഞ മൂന്നുകൊല്ലക്കാലം ഗവണ്മെന്റിന്റെ ഇടപെടൽ കൊണ്ടുതന്നെയാണ് ഈ മാറ്റമുണ്ടായത്. അധികമായ ഫണ്ട് വാങ്ങിയെടുക്കാനുള്ള ശ്രമങ്ങളുമായി മുന്നോട്ടുപോകും. തൊഴിലുറപ്പുപദ്ധതിയിൽ പുതിയ ഗവണ്മെന്റിന്റെ കാഴ്ചപ്പാടെനിക്കറിയില്ല. പല സംശയങ്ങളും ആശങ്കകളുമുണ്ട്. അത്തരത്തിലുള്ള ആശങ്കകൾ പരിഹരിക്കാനുള്ള ശ്രമങ്ങൾക്കുവേണ്ടി കൂട്ടായി പ്രവർത്തിക്കാമെന്ന് പറഞ്ഞുകൊണ്ട് ഈ രണ്ട് ധനാഭ്യർത്ഥനകളും പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, ദൈനംദിന ജീവിതവുമായി അഭേദ്യബന്ധം പുലർത്തുന്ന രണ്ട് വകുപ്പുകളാണ് പഞ്ചായത്ത് വകുപ്പും സാമൂഹ്യനീതി വകുപ്പും. ഈ വകുപ്പുകളെ പരമാവധി ജനങ്ങളുമായി ബന്ധപ്പെടുത്തി അവരുടെ യഥാർത്ഥ വികാര വിചാരങ്ങളെ ഉൾക്കൊണ്ടുകൊണ്ട് ആവശ്യമായിട്ടുള്ള മാറ്റങ്ങൾ വരുത്തി ഈ വകുപ്പുകളെ സമ്പുഷ്ടമാക്കാൻ പരമാവധി പരിശ്രമിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെയാണ് അപ്പുറത്തുനിന്നും വിമർശനങ്ങളെക്കാൾ കൂടുതൽ നിർദ്ദേശങ്ങളും ചില ആശങ്കകളും പ്രകടിപ്പിക്കപ്പെട്ടിട്ടുള്ളത്. അത്തരം ആശങ്കകൾക്കൊന്നും സ്ഥാനമില്ല, അത് പൂർണ്ണമായും നമ്മൾ ആഗ്രഹിക്കുന്ന

തുപോലെതന്നെ കൊണ്ടുവരുന്നതിനുവേണ്ടി സാധിക്കും എന്ന് വളരെ ആത്മാർത്ഥമായി പറയാൻ ആഗ്രഹിക്കുകയാണ്. ഞാൻ ആദ്യമായി അവസാനം പ്രസംഗിച്ച പ്രൊഫ. സി. രവീന്ദ്രനാഥിന്റെ ആശങ്കകൾ വച്ചുകൊണ്ട് തുടങ്ങാൻ ആഗ്രഹിക്കുകയാണ്. അദ്ദേഹം വളരെ ദാർശനികമായും ധാരാളം രേഖകളുടെയുമൊക്കെ പിൻബലത്തിൽ കുറേ കാര്യങ്ങൾ പറഞ്ഞു. പക്ഷെ എനിക്ക് പറയാനുള്ളത് അങ്ങ് പറഞ്ഞിട്ടുള്ള ഒരു വിഷയത്തിലും പ്രതിസന്ധിയില്ല. പ്രത്യേകിച്ചും ഡി.പി.സി. യുടെ കാര്യത്തിലായാലും ഗ്രാമസഭകളുടെ കാര്യത്തിലായാലും മൗലികമായി അധികാരം വികേന്ദ്രീകരിച്ച് താഴെത്തട്ടിലേയ്ക്ക് എത്തിക്കുന്ന കാര്യത്തിലായാലും വളരെ സൂക്ഷ്മമായിട്ടാണ് ഈ കാര്യങ്ങളൊക്കെ ചെയ്തിട്ടുള്ളത്. നമ്മൾ മനസ്സിലാക്കാനുള്ളൊരു കാര്യം ഡി.പി.സി. എന്നുപറയുന്നത് ഭരണഘടന ചട്ടമാണ്. അതുകൊണ്ടുതന്നെ ഡി.പി.സി.യിൽ വരുന്ന വിഷയങ്ങൾ, പ്രത്യേകിച്ച് പഞ്ചായത്തിന്റെ കാര്യങ്ങളിൽ ഡി.പി.സി. അംഗീകാരം കൊടുക്കുന്നതിൽനിന്നും അവരെ വിലക്കുന്ന ഒരു ഉത്തരവും സർക്കാർ ഇറക്കിയിട്ടില്ല. മാത്രമല്ല, എല്ലാ പദ്ധതികളും പഞ്ചായത്തുകൾ നടപ്പിലാക്കുന്നത് ഡി.പി.സി. യുടെ അംഗീകാരത്തോടുകൂടി തന്നെയാണ്. ഇതിനുപുറമെ പദ്ധതി അംഗീകാരത്തിനുശേഷം മാത്രമെ അവ പഞ്ചായത്തുകൾ നടപ്പിലാക്കുന്നുള്ളൂ. ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ ക്രോഡീകരിച്ച് ജില്ലാ പദ്ധതി രൂപീകരിക്കുക ഡി.പി.സി. യുടെ ചുമതലയാണ്. അതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ആദ്യമായിട്ടാണ് ജില്ലാ പദ്ധതികൾ ആരംഭിക്കുന്നതിനുവേണ്ടി പ്ലാനിംഗ് ബോർഡ്,..... അതിനാവശ്യമായിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കികഴിഞ്ഞിട്ടുണ്ട്.

